ജനകീയ ആസൂത്രണ പ്രസ്ഥാനം

മാണിക്കൽ ഗ്രാമപഞ്ചായത്ത്

പിരപ്പൻകോട്

# സമഗ്ര വികസന രേഖ

# മാണിക്കൽ പഞ്ചയത്ത് ഭൂപടം





# സമഗ്ര വികസന രേഖ

[1996 നവംബർ 15, 16 തീയതികളിൽ കൂടിയ
പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചത്.
തിരുമാന നമ്പർ 1]
16-11-1996

## Editorial

Managing Editor
*P.Sukumaran Nair*

Editor
*G. Sreedharan Nair*

Members

*Kooruparambil Damodharan*
*G. Rajendran*
*P. chandran*
*M. Mohammed Rasheed*
*S. Prasannan*
*Madhu Vembayam*
*S. Satheesan Nair*
*S. Shibu*
*K. C. Saju*


---


Type Setting - Hard & Soft Computer Center, Venjaramood
Lay Out - Art Villa, Velavoor
Printing - swift offset printers

872046

മാണിക്കൽ ഗ്രാമപഞ്ചായത്ത് ആഫീസ്

പി. സുകുമാരൻ നായർ
പ്രസിഡൻറ്



പ്രിയമുള്ളവരേ,

നമ്മുടെ പഞ്ചായത്തിനെ സംബന്ധിക്കുന്ന ആദ്യത്തെ ആധികാരിക ഗ്രന്ഥം നിങ്ങളുടെ കൈകളിൽ എത്തുകയാണ്. നാം ചർച്ച ചെയ്ത നമ്മുടെ വികസന സമീപനം വളരെ സുവ്യക്തമായി ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. പന്ത്രണ്ട് ഗ്രാമസഭാ ചർച്ചകളും സ്ഥിതിവിവര കണക്കുകളും വിദഗ്ധൻമാരുടേയും സന്നദ്ധപ്രവർത്തകരുടേയും ഗവേഷണ തുല്യമായ പഠനങ്ങളും പഞ്ചായത്ത്കമ്മറ്റിയുടെ ചർച്ചകളും കൂട്ടിച്ചേർക്കലുകളും ഈ റിപ്പോർട്ടിന് ആധാരമാണ്. എല്ലാ ഭേദങ്ങളും ത്യജിച്ച് ഏറ്റവും ചുരുങ്ങിയ സമയംകൊണ്ട് ഈ പുസ്തകം രൂപകൽപന ചെയ്ത പ്രവർത്തകരുടെ ആത്മസമർപ്പണവും ആത്മവീര്യവും നമ്മുടെ മുതൽക്കൂട്ടാണ്. എൻെറ അളവറ്റ നന്ദിരേഖപ്പെടുത്തുന്നു. ഈ സുദിനത്തിൽ വന്നുഭവിച്ച സന്തോഷത്തിൽ ഞാനും പങ്കാളിയാകുന്നു.

സ്നേഹത്തോടെ
നിങ്ങളുടെ
(ഒപ്പ്)
പി. സുകുമാരൻ നായർ

പിരപ്പൻകോട്
25.11.96

## ഈ റിപ്പോർട്ട് രൂപപ്പെടുത്തിയവർ

| | വിഷയം | ചെയർമാൻ | കൺവീനർ |
|---|---|---|---|
| 1. | കൃഷി<br>ജലസേചനം | പി. സുകുമാരൻ നായർ | കെ.സി. സാജു |
| 2. | ഫിഷറീസ്<br>മൃഗപരിപാലനം | എസ്. ബി. ഗിരിജ | ആലിയാട് സുരേന്ദ്രൻ |
| 3. | വിദ്യാഭ്യാസം | ജി. രാജേന്ദ്രൻ | എസ്. സതീശൻ നായർ |
| 4. | ആരോഗ്യം കുടിവെള്ളം<br>പരിസരശുചിത്വം | കുരുപറമ്പിൽ ദാമോദരൻ | എം. ശ്രീകുമർ |
| 5. | വ്യവസായം | എം. എം. സാലി | മധു വെമ്പായം |
| 6. | റോഡുകൾ ഊർജ്ജം | എ.എ. ജവാദ് | ഷിബു എസ്. |
| 7. | ഭവനനിർമ്മാണവും<br>ക്ഷേമപ്രവർത്തനങ്ങളും | പി. ചന്ദ്രൻ | ശ്രീധരൻ നായർ<br>ഹാഷിം |
| 8. | സംസ്കാരം | ജമീലാബീവി | ആർ. ശ്യാംകുമാർ |
| 9. | വനിത | എസ്. റീജ | ഭുവനേന്ദ്രൻ നായർ |
| 10 | സഹകരണമേഖല | കെ. തങ്കപ്പൻ നായർ | കെ. രവീന്ദ്രൻ നായർ |
| 11. | പട്ടികജാതി പട്ടികവർഗ്ഗം | ജി. സുരേന്ദ്രൻ | എൻ. ജയചന്ദ്രൻ |
| 12. | വിഭവസമാഹരണം | എൽ. മഞ്ജു | നൂജുമുദ്ദീൻ |
| 13. | ചരിത്രരചന | | സതീശൻ നായർ |
| 14. | ഇന്നലെകളെത്തേടി | | കെ.സി.സാജു |

| | |
|---|---|
| നാരായണപിള്ള | ആർ. ഭാസ്കരൻ നായർ |
| തങ്കപ്പൻ പിള്ള | പി. കൃഷ്ണൻനായർ |
| വാസുപിള്ള | സി. വി. രുഗ്മിണി |
| പി. ഗോപിനാഥൻ നായർ | ശശിധരൻ |
| ഡോ. എൻ. സുകേശൻ | ഡോ. ഇന്ദുലേഖ |
| കെ. ആർ. കൃഷ്ണൻകുട്ടിനായർ | രാമകൃഷ്ണപിള്ള |
| ജി. രവീന്ദ്രൻ പിള്ള | എസ്, ശശിധരൻ നായർ |
| രാജേന്ദ്രൻ | എസ്. ഗിരീശൻ |
| മൻചു ജെ. ആർ | ഡി. ജോയി |
| എം. ബാലകൃഷ്ണൻ നായർ | അജയഘോഷ് എസ്. എസ്. |
| കെ. മഹേശ്വരൻ | കെ. സതികുമാർ |
| ബേബി സുപ്രഭ | എസ്. ഹരികുമാർ |
| മോഹനൻ | സുദർശനൻ സി. ആർ |
| തപസ്വി | ദിവ്യരാജ് |
| എ. അജിത് കുമാർ | മാധവൻ |
| അപ്പുക്കുട്ടൻപിള്ള | കെ. സനൽകുമാർ |
| വിജയകുമാരി | എസ്. ഹരികുമാർ |
| ആർ മോഹനൻ നായർ | സുമേഷ് എസ്. എസ്, |

# പഞ്ചായത്തിൻെറ മുൻഭരണ സാരഥിമാർ



ശ്രീ. സി. കെ. കുഞ്ഞൻപിള്ള



ശ്രീ. എം എ സലാം



ശ്രീ. എം. സോമശേഖരൻ നായർ



ശ്രീ. ആലിയാട് മാധവൻ പിളള



ശ്രീ. പിരപ്പൻകോട് മുരളി



ശ്രീ. എൻ. എൻ. കുഞ്ഞുകൃഷ്ണപിള്ള



മാണിക്കൽ പഞ്ചായത്തു ഭരണസമിതി



പഞ്ചായത്തു ജീവനക്കാർ

# ഉള്ളടക്കം


| | | | |
|---|---|---|---|
| അദ്ധ്യായം | 1. | – | ആമുഖം |
| | 2. | – | ചരിത്രം |
| | 3. | – | ഇന്നലെകളെത്തേടി |
| | 4. | – | പഠനപര്യടനം |
| | 5. | – | ഭൂപ്രകൃതി |
| | 6. | – | കൃഷി, ജലസേചനം |
| | 7. | – | മൃഗസംരക്ഷണം, മത്സ്യമേഖല |
| | 8. | – | വ്യവസായം |
| | 9. | – | റോഡുകൾ ഊർജ്ജം |
| | 10. | – | ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം |
| | 11. | – | വിദ്യാഭ്യാസം |
| | 12. | – | ഭവനനിർമ്മാണം ക്ഷേമപ്രവർത്തനങ്ങൾ |
| | 13. | – | സംസ്കാരം |
| | 14. | – | വനിത |
| | 15. | – | സഹകരണ മേഖല |
| | 16. | – | പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം |
| | 17. | – | വിഭവസമാഹരണം |
| | 18. | – | ഉപസംഹാരം |



കെ. സോമൻ
ജില്ലാ.പഞ്ചായത്ത്
മെമ്പർ

ജെ. വിമലാദേവി
ബ്ലോക്ക് പഞ്ചായത്ത്
മെമ്പർ





അഡ്വ. എസ്. അനിൽ കുമാർ
ബ്ലോക്ക് പഞ്ചായത്ത്
മെമ്പർ

കൂരുപറമ്പിൽ
ദാമോദരൻ
സ്റ്റാൻറിംഗ് കമ്മിറ്റി
ചെയർമാൻ





ജി. ശ്രീധരൻനായർ
കൺവീനർ
ജനകീയാസൂത്രണസമിതി

എസ്.ബി. ഗിരിജ
വൈസ്പ്രസിഡന്റ്



# ആമുഖം

ഒമ്പതാം പദ്ധതി ജനങ്ങളുടെ പദ്ധതിയെന്ന ചരിത്രദൗത്യം ഏറ്റെടുത്ത കേരളസർക്കാരിന്റേയും സംസ്ഥാന ആസൂത്രണ ബോർഡിന്റേയും സംസ്ഥാന മാർഗ്ഗ നിർദ്ദേശക സമിതിയുടേയും ഹൃദ്യമായ നടപടിയെ സർവ്വാത്മനാ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. വളരെ ചുരുങ്ങിയ സമയംകൊണ്ട് ഒരു സംഘം സന്നദ്ധപ്രവർത്തകർ മാണിക്കൽപഞ്ചായത്ത് ഓഫീസ് കേന്ദ്രമാക്കി തയ്യാറാക്കിയ ഈ റിപ്പോർട്ട് മനസ്സുതുറന്ന ഒരു ചർച്ചയ്ക്കായി സമർപ്പിക്കുന്നു. തലച്ചോറിനേയും ശരീരത്തേയും ബാധിച്ചിട്ടുള്ള എല്ലാം വിഭാഗീയ ചിന്തകൾക്കും വിരാമം കുറിക്കുവാനും പുതിയ ഒരു വികസന സംസ്കാരം ഉദയം ചെയ്യാനും ഈ റിപ്പോർട്ട് സഹായിക്കട്ടെ. ഇന്നിന്റെ സംസ്ക്കാരത്തിന് പ്രതീകമായി വരുംതലമുറ ഈ പുസ്തകം സ്വീകരിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

തലസ്ഥാനനഗരിയിൽ നിന്നും 16 കിലോമീറ്റർവടക്ക് എം. സി. റോഡിൽ കന്യാകുളങ്ങര മുതൽ തൈക്കാട് പാലം വരേയും കിഴക്ക് മറുപുറം നെടുങ്കാണി മലമടക്കുകളും പടിഞ്ഞാറ് വെള്ളാണിക്കൽ പാറമുകൾ കുന്നുകളും തൈക്കാട് പോത്തൻകോട് റോഡിൽ ചെറുവള്ളി തടംമുതൽ നന്നാട്ടുകാവ്വരെയും വ്യാപിച്ചുകിടക്കുന്ന ഏകദേശം 32 കിലോമീറ്റർ ചുറ്റളവിലുള്ള കുന്നിൻ ചരുവുകളും സമതലപ്രദേശങ്ങളും അടങ്ങുന്ന കാർഷികമേഖലയാണ് മാണിക്കൽ ഗ്രാമപഞ്ചായത്ത്.

മാണിക്കൽ. കോലിയക്കോട് വില്ലേജുകളും കൊപ്പം. മാണിക്കൽ ബ്ളോക്ക് ഡിവിഷനുകളും പൂർണ്ണമായി ഈ പഞ്ചായത്തിൽപെടുന്നു.

മാണിക്കൽ ജില്ലാ പഞ്ചായത്ത് ഡിവിഷൻ വാമനപുരം അസംബ്ലി നിയോജകമണ്ഡലം ചിറയൻകോട് പാർലമെന്റ് മണ്ഡലം എന്നിവയുടെ ഭാഗമാണ് ഈ പഞ്ചായത്ത് നെടുമങ്ങാട് താലൂക്കിലും തിരുവനന്തപുരം ജില്ലയിലും പെടുന്ന മാണിക്കൽ പഞ്ചായത്തിൽ 12 വാർഡുകളുണ്ട്. നമ്മുടെ ജനസംഖ്യ 34347 ആണ്. ഇതിൽ 17074 പുരുഷൻമാരും 17273 സ്ത്രീകളുമാണ്. ദാരിദ്രരേഖയ്ക്ക് താഴെയുള്ള 2610 പേരുണ്ട്.

(വിശദമായ ജനസംഖ്യാ വിവരണം ആരോഗ്യം അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്.)

പി. സുകുമാരൻ നായർ പ്രസിഡൻറും എസ്. ബി. ഗിരിജ വൈസ് പ്രസിഡൻറും കുരുപറമ്പിൽ ദാമോദരൻ സ്റ്റാംഡിംഗ് കമ്മിറ്റി ചെയർമാനു മായിട്ടുള്ള ഭരണസമിതിയാണ് ഭരണം നടത്തുന്നത്.

കിഴക്കുഭാഗം പുല്ലമ്പാറ പഞ്ചായത്തും തെക്കുകിഴക്ക് വെമ്പായം പഞ്ചായത്തും തെക്കു് പോത്തൻകോട് പഞ്ചായത്തും പടിഞ്ഞാറ് മംഗലപുരം പഞ്ചായത്തും വടക്കുപടിഞ്ഞാറ് മുദാക്കൽ പഞ്ചായത്തും വടക്ക് നെല്ലനാട് പഞ്ചായത്തും മാണിക്കലിന്റെ അതിർത്തി പഞ്ചായത്തുകളാണ്.

## ഭരണചരിത്രം

### മാണിക്കൽ വില്ലേജ് യൂണിയൻ

16.10.1949 മുതൽ 16.09.53 വരെ – ശ്രീ. കേശവപിള്ള (പ്രസിഡന്റ്)

## മാണിക്കൽ പഞ്ചായത്ത് പ്രസിഡൻറുമാർ

16.09.53 മുതൽ 13.06.58 വരെ - ശ്രീ. സി. കെ. കുഞ്ഞൻപിള്ള
(13.06.58 മുതൽ ഏഴുമാസക്കാലം കമ്മിറ്റിയോഗങ്ങളിൽ പങ്കെടുക്കാത്തതുകൊണ്ട് ശ്രീ. സി.കെ. കുഞ്ഞൻപിള്ളയുടെ മെമ്പർസ്ഥാനം നഷ്ടപ്പെട്ടതായി വിവരം കാണിച്ച് നോട്ടീസയക്കാൻ 25.12.58ൽ കൂടിയ കമ്മിറ്റി തീരുമാനിച്ചു.)
14.12.52 മുതൽ 1964 വരെ - ശ്രീ. എം. എ. സലാം
1964 മുതൽ 21.1.72 വരെ - ശ്രീ. സോമശേഖരൻ നായർ
(1972 ജനുവരി 21 രാവിലെ 9 മണിക്ക് ശ്രീ. സോമശേഖരൻ നായർ നിര്യാതനായി.)

| | | |
|---|---|---|
| 21.01.72 മുതൽ 13.03.72 വരെ | - | ശ്രീ. സുലൈമാൻ പിള്ള (ആക്ടിംഗ്) |
| 13.03.72 മിതൽ 01.10.79 വരെ | - | ശ്രീ. ആലിയാട് ജി. മാധവൻ പിള്ള |
| 01.10.79 മുതൽ 30.09.84 വരെ | - | ശ്രീ. പിരപ്പൻകോട് മുരളി. |
| 01.10.84 മുതൽ 10.07.88 വരെ | - | സ്പെഷ്യൽ ആഫീസർ |
| 10.07.88 മുതൽ 04.10.95 വരെ | - | ശ്രീ. എൻ.എൻ. കുഞ്ഞ്കൃഷ്ണപിള്ള |
| 04.10.95 മുതൽ | - | ശ്രീ. പി. സുകുമാരൻ നായർ (തുടരുന്നു) |

മാണിക്കൽ ഗ്രാമപഞ്ചായത്ത് കേരള സർക്കാരിൻെറ നിർദ്ദേശങ്ങളെ ആധാരമാക്കി ജനകീയാസൂത്രണപ്രസ്ഥാനം കെട്ടിപ്പെടുക്കുന്നതിലും പ്രവർത്തകരുടേയും പഞ്ചായത്ത് മെമ്പമാരുടേയുംസമന്വയ പ്രവർത്തനങ്ങളിലൂടെ സ്തുത്യർഹമായ പങ്കുവഹിച്ചു.

കിളിമാനൂരിൽ നടന്ന ജില്ലാതല പരിശീലകരുടെക്യാമ്പിൽ മാണിക്കൽപഞ്ചായത്തിൽ നിന്നും പ്രസിഡൻ്റുൾപ്പെടെ മെമ്പർമാരും ആറ് സന്നദ്ധപ്രവർത്തകരും പരിശീലനം നേടി. തുടർന്ന് പിരപ്പൻകോട് ശ്രീകൃഷ്ണ. സദ്യാലയത്തിൽ ചേർന്ന പഞ്ചായത്ത് ശിൽപശാലയിൽവച്ച് പത്തൊൻപത് പ്രവർത്തകരെ എൽ. ആർ. പി. മാരായി പരിശീലനം കൊടുക്കുകയും ഗ്രാമസഭാപ്രവർത്തനത്തേക്കുറിച്ച് ആലോചിക്കുകയും ചെയ്തു. പന്ത്രണ്ടു ദിവസങ്ങളിലായി പന്ത്രണ്ടുഗ്രാമസഭകൾ ചേർന്നു. എല്ലാഗ്രാമസഭയിലും പ്രസിഡൻറ് മെമ്പർമാർ ഡി. ആർ. പി. മാർ എന്നിവർ പങ്കെടുത്തു. ഗ്രാമസഭകൾനാലു ഗ്രൂപ്പുകളായിതിരിഞ്ഞ് പന്ത്രണ്ടു വിഷയങ്ങളിൻമേൽ ചർച്ചനടത്തി അഭിപ്രായങ്ങൾ സ്വരൂപിച്ചു.

ഡി. ആർ. പി. മാരുടെ ബ്ളോക്ക് കൺവീനറായി കെ. രവീന്ദ്രൻനായർചുമതലപ്പെട്ടതിനെതുടർന്ന് പഞ്ചായത്ത് കൺവീനറായി 23.10.96ന് ജി. ശ്രീധരൻനായരെ തീരുമാനിച്ചു. പ്ളാനിംഗ് ബോർഡ്സ്പെഷ്യൽ സെല്ലിലെ ശ്രീ. എൻ. ജഗജീവൻ്റെ വിദഗ്ദ്ധോപദേശത്തിൽ വളരെ ചിട്ടയായ രണ്ടാംഘട്ട പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ആവിഷ്കരിച്ചു

ഒക്ടോബർ 27 മുതൽ 29 വരെ അരിപ്പ ഫോറസ്റ്റ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന രണ്ടാംഘട്ട ജില്ലാതല പരിശീലനത്തിൽ പത്ത് സന്നദ്ധ പ്രവർത്തകരും പഞ്ചായത്തിലെ പ്രധാന ഉദ്യോഗസ്ഥൻമാരും പഞ്ചായത്ത് മെമ്പർമാരും പരിശീലനം നേടി. 29-ാം തീയതി അരിപ്പയിൽ കൂടിയ ആസൂത്രണസമിതിയോഗം രണ്ടാം ഘട്ടപ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുകയും വാമനപുരം ബ്ളോക്ക്തല വികസനസെമിനാറിൻെറ ഉത്ഘാടനം ഏറ്റെടുക്കാൻ സന്നദ്ധമാകുകയും ചയ്തു.

### പ്രധാന പ്രവർത്തനങ്ങൾ

| | | |
|---|---|---|
| ഒക്ടോബർ | 25 | ശ്രീ. എൻ. ജഗജീവനുമായി ചർച്ച |
| ഒക്ടോബർ | 30 | ദ്വതീയവിവരശേകരണത്തിനുള്ള ഫാറങ്ങൾ ഓഫീസുകളിലെത്തിക്കുന്നു. |
| ഒക്ടോബർ | 31 | 10 മണിക്ക് പഞ്ചായത്തിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ യോഗം. 2 മണിക്ക് പഞ്ചായത്ത് മെമ്പർമാർ ഡി.ആർ. പി. മാർ എൽ. ആർ. പി. മാർ.ഗ്രാമസഭാ ഗ്രൂപ്പ് കൺവീനറൻമാർ എന്നിവരുടെ യോഗം |




ദ്വിതീയവിവര ശേഖരണം പഞ്ചായത്ത്തല ഉദ്ഘാടനം 4-11-96 ൽ കൃഷിഭവനിൽ ഗ്രാമപഞ്ചായത്തു പ്രസിഡൻറ് പി. സുകുമാരൻ നായർ നിർവ്വഹിക്കുന്നു.



ചരിത്ര രചന - ശ്രീ. ചിറയിൽ കെ. സുകുമാരൻ നായരെ ഇൻറർവ്യൂ ചെയ്യുന്നു.



വികസന റിപ്പോർട്ട് പൊതുവായന ചർച്ച

പൊതുചർച്ച പുരോഗമിക്കുന്നു.





വികസന റിപ്പോർട്ടിന്റെ കൈയ്യെഴുത്തു പ്രതി കൺവീനറിൽനിന്നും പഞ്ചായത്ത് പ്രസിഡന്റ് ഏറ്റുവാങ്ങുന്നു.



റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുന്നു.



വിദ്യാഭ്യാസ റിപ്പോർട്ട് രൂപപ്പെടുത്തുന്നു.



അവസാന മിനുക്കുപണി

എഡിറ്റിംഗ്

# പുനരർപ്പണ ദിനം

നവംബർ
**1**



കുതിരക്കുളത്ത്
പഞ്ചായത്തുതല
ഉദ്ഘാടനം



ഗ്രാമ
സഭയിൽ
നിന്ന്......

| | | |
|---|---|---|
| നവംബർ | 1 | പുനരർപ്പണദിനം (പഞ്ചായത്തിലെ എല്ലാവാർഡിലും കുറഞ്ഞത് ഒരു നിർണായക പ്രവർത്തനം ആരംഭിക്കുന്നു.) |
| നവംബർ | 2 | പഞ്ചായത്ത് എൽ. ആർ. പി. ശിൽപശാല (പിരപ്പൻകോട്) |
| നവംബർ | 3 | ഗ്രാമസഭാറിപ്പോർട്ടുകളുടെക്രോഡീകരണം |
| നവംബർ | 4 | ദ്വിതീയവിവര ശേഖരണം ആരംഭിക്കുന്നു. (16 കേന്ദ്രങ്ങളിൽ ഔപചാരികമായ ഉത്ഘാടനം.) |
| നവംബർ | 5 | ദ്വിതീയവിവര ശേഖരണം പൂർത്തിയാക്കുന്നു. |
| നവംബർ | 6 | ആസൂത്രണ സമിതിയോഗം. |
| നവംബർ | 7 | പഠനപര്യടനം (രണ്ടുടീം പഞ്ചായത്തിൽ പര്യടനം നടത്തി) |
| നവംബർ | 8 | മുത്തഛൻമാരെ ആദരിക്കൽ വാർഡുകൾ തോറും. |
| നവംബർ | 9 | ഇന്നലെകളെ തേടി (പ്രഗൽഭൻമാർ ഇന്നലെകളെക്കുറിച്ചു സംസാരിക്കുന്നു. |
| നവംബർ | 10 | വിവിധ ഗ്രൂപ്പുകൾ റിപ്പോർട്ടിനു വേണ്ടിയുള്ള പ്രാഥമിക ചർച്ച |
| നവംബർ | 11 | |
| നവംബർ | 12 | വികസന റിപ്പോർട്ട് രൂപപ്പെടുന്നു. |
| നവംബർ | 13 | |
| നവംബർ | 14 | റിപ്പോർട്ട് പൊതുവായന ചർച്ച . |
| നവംബർ | 15 | റിപ്പോർട്ട് വായന ചർച്ച. 12 മണിക്ക് പഞ്ചായത്ത് കമ്മിറ്റി റിപ്പോർട്ട് ചർച്ച. |
| നവംബർ | 16 | പഞ്ചായത്ത് കമ്മിറ്റി (തുടർച്ച) റിപ്പോർട്ട് അംഗീകരിചു. |
| നവംബർ | 17 | |
| നവംബർ | 18 | എഡിറ്റിംഗ് |
| നവംബർ | 19 | ടൈപ്പ് സെറ്റിംഗ് |
| നവംബർ | 20 | ലേഔട്ട് |

പഞ്ചായത്തിന്റെ ചരിത്രം സാംസ്ക്കാരിക പൈതൃകം എന്നിവ അന്വേഷിച്ചുള്ളപ്രവർത്തനങ്ങൾ നടന്നു.പഴയതലമുറയിൽപെട്ട ഇരുപത്തിരണ്ടുപേരെ ഇൻറർവ്യൂ ചെയ്തു. അനുഭവങ്ങളും അറിവുകളും പലരിൽ നിന്നും ശേഖരിച്ചു. ചരിത്രരേഖകളും അവശിഷ്ടങ്ങളും ലഭിച്ചു. ഈ പഞ്ചായത്തുകുരായ ഇൻഡ്യയിൽ അറിയപ്പെടുന്ന നമ്മുടെ അഭിമാനങ്ങൾ ഇന്നലെകൾ അനാവരണം ചെയ്തു. മുത്തഛൻമാരും യുവാക്കളും സംഗമിക്കുന്ന സന്ധ്യകൾ.

## സർക്കാർ – അർദ്ധസർക്കാർ സ്ഥാപനങ്ങൾ

### ആലിയാട് വാർഡ്

1. ക്ഷീരവ്യവസായ സഹകരണസംഘം
2. വെള്ളാണിക്കൽ എൽ. പി. എസ്.
3. വള്ളാണിക്കൽ ആയുർവേദ ഡിസ്പെൻസറി
4. അംഗൻവാടി, വെള്ളാണിക്കൽ.
5. അംഗൻവാടി, മാവുനിൽക്കുന്നവിള.
6. സാംസ്ക്കാരിക നിലയം

### മുളയം വാർഡ്

7. സബ് പോസ്റ്റോഫീസ്
8. ഊർജ്ജിത കന്നുകാലി കേന്ദ്രം
9. പൊങ്ങുവിള അംഗനവാടി
10. ആലിയാട് അംഗനവാടി
11. മുളയം അംഗൻവാടി

### കുന്നിട വാർഡ്

12. യു. പി. എസ. പാറയ്ക്കൽ
13. തങ്കമല അംഗൻവാടി
14. പുത്തയം, അംഗൻവാടി

<u>വേളാവൂർ വാർഡ്</u>

15. വി. ഇ. ഒ ആഫീസ്
16. മൃഗാശുപത്രി
17. ഡി. കെ. എസ്. അംഗൻവാടി
18. വട്ടവിള അംഗൻവാടി
19. തൈയ്ക്കാട് അംഗൻവാടി
20. കിണറ്റുമുക്ക് അംഗൻവാടി
21. ഹരിജൻ സർവ്വീസ് സഹകരണസംഘം
22. വേളാവൂർ മാർക്കറ്റിംഗ് & പ്രോസസിംഗ് യൂണിറ്റ്

<u>പിരപ്പൻകോട് വാർഡ്</u>

23. ഹയർ സെക്കൻററി സ്കൂൾ
24. പിരപ്പൻകോട് എൽ.പി. എസ്.
25. കൃഷിഭവൻ
26. മാണിക്കൽ വില്ലേജ് ആഫീസ്
27. പഞ്ചായത്ത് ആഫീസ്
28. ദേവസ്വം ബോർഡ് സബ് ഗ്രൂപ്പ് ആഫീസ്
29. ഇലക്ട്രിസിറ്റി സബ് ആഫീസ്
30. പിരപ്പൻകോട് അംഗൻവാടി
30 മാണിക്കൽസർവ്വീസ് സഹകരണ സംഘം
31. പോസ്റ്റ് ഓഫീസ്
32. പാലവിള അംഗൻവാടി
33. യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ
34. പഞ്ചായത്ത് ലൈബ്രറി
35. ഈറ്റവിതരണ ഡിപ്പോ. തൈക്കാട്

<u>കുതിരകുളം</u>

36. കുതിരകുളം പോസ്റ്റ് ആഫീസ്
37. മൊട്ടക്കാവ് അംഗൻവാടി
38. ശിശുവിഹാർ
39. മങ്കുഴി അംഗൻവാടി
40. വാദ്യാരുകോണം അംഗൻവാടി

<u>ഇടത്തറ</u>

41. തലയിൽ അംഗൻവാടി
42. നെടുംകാണി അംഗൻവാടി
43. ഈന്തിക്കാട് അംഗൻവാടി
44. മദപുരം അംഗൻവാടി

<u>കൊപ്പം</u>

45. അംഗൻവാടി കൊപ്പം
46.. വി. ഇ. ഒ. ഓഫീസ്
47. തലയിൽ എൽ.പി.എസ്.

<u>വെമ്പായം</u>

48. കന്യകുളങ്ങര ഹോസ്പിറ്റൽ
49. ഗവ; ഗേൾസ് ഹൈസ്കൂൾ
50. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
51. അംഗൻവാടി മേനാംകോട്ടുകോണം
52. ചേമ്പന്നൂർ അംഗനവാടി
53. ചിറ്റൂർകോണം അംഗൻവാടി
54. സബ് പോസ്റ്റ് ഓഫീസ്

<u>പ്ളാക്കീഴ്</u>

55. പഞ്ചായത്ത് നഴ്സറി
56. അണ്ണൽ അംഗൻവാടി
57. പ്ളാക്കീഴ് അംഗൻവാടി
58. കൊപ്പം എൽ.പി.എസ്.
59. കൈതേക്കോണം അംഗൻവാടി
60. കള്ളിക്കാട് അംഗൻവാടി

<u>തീപ്പുകൽ</u>

61. പൂലന്തറ അംഗൻവാടി
62. കഞ്ഞാംപാറ അംഗൻവാടി
63. ടെലിഫോൺ എക്സ്ചേഞ്ച് പോത്തൻകോട്

<u>കോലിയക്കോട്</u>

66. കോലിയക്കോട് യു.പി.എസ്.
67. പോസ്റ്റ് ഓഫീസ്
68. കോലിയക്കോട് വില്ലേജ് ഓഫീസ്
69. ക്ഷീരവ്യവസായ സഹകരണസംഘം
70. ഊർജ്ജ കന്നുകാലികേന്ദ്രം
71. മൺവിളമുകൾ അംഗനവാടി
72. കോലിയക്കോട്. അംഗൻവാഡി
73. കോലിയക്കോട് കൺസ്യൂമർ സൊസൈറ്റി.

# ചരിത്രം

നെടുമങ്ങാട് താലൂക്കിൽ മലകളാൽ ചുറ്റപ്പെട്ട് മനോഹരമായ പ്രദേശമാണ് മാണിക്കൽ പഞ്ചായത്ത്. ഈ പഞ്ചായത്തിനെ കിഴക്കെന്നും പടിഞ്ഞാറെന്നും രണ്ടായിവിഭജിച്ചുകൊണ്ട് എം. സി. റോഡ് കടന്നുപോകുന്നു. 1940 കളിൽ കിഴക്കുഭാഗത്തെ മലകൾ നിബിഡവനങ്ങളായിരുന്നു. കിഴക്കുഭാഗത്തെ വെള്ളാണിക്കൽ മലകളും ഇക്കാലത്തു വനങ്ങളായിരുന്നു. മുയൽ, കാട്ടുപന്നി, മുള്ളൻപന്നി, കുറുനരി തുടങ്ങിയ വന്യമൃഗങ്ങൾ ഈ വനങ്ങളിൽ സുലഭമായിരുന്നു. ഇക്കാലത്ത് കന്യകുളങ്ങരയിൽ പ്രവർത്തിച്ചിരുന്ന ഫോറസ്റ്റ് ഓഫീസാണ് പിൽക്കാലത്ത് കന്യാകുളങ്ങര സർക്കാർ ആശുപത്രിയായി മാറിയത്. പഞ്ചായത്തിലുടനീളം കാണപ്പെടുന്ന കുന്നുകളിൽ കനാടുകളും താഴ്വാരങ്ങളിൽ കൃഷിയിടങ്ങളുമായിരുന്നു. ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന പ്രധാന നദിയാണ് വേളാവൂർ ആറ്. ഇത് വാമനപുരം നദിയുടെ ഒരു പോഷകനദിയാണ്.

പഞ്ചായത്തിന് പ്രൗഢമായ ഒരു ഭൂതകാലമാണുള്ളത്. സ്വാതന്ത്ര്യത്തിനു മുമ്പ് പഞ്ചായത്തിൽ സംഘടിതമായൊരു ദേശീയ പ്രസ്ഥാനമുണ്ടായിരുന്നില്ല. എന്നാലും സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ പങ്കെടുത്ത പല പ്രമുഖരും പഞ്ചായത്തിലുണ്ടായിരുന്നു. കല്ലറ-പാങ്ങോട് സമരത്തിൽ പങ്കെടുത്ത് മർദ്ദനമേറ്റ് പിൽക്കാലത്ത് ക്ഷയരോഗംമൂലം മരണമടഞ്ഞ വെമ്പായത്തുകാരനായ തേവലക്കാട്ടിൽ കുഞ്ഞുകൃഷ്ണപ്പണിക്കർ ഇവരിൽ പ്രമുഖനാണ്. എന്തുകൊണ്ടും പഞ്ചായത്തിലെ ആദ്യത്തെ പൊതുപ്രവർത്തകനെന്നും സാംസ്കാരിക പ്രവർത്തനങ്ങളുടെ സംഘാടകനെന്നും വിശേഷിപ്പിക്കാവുന്ന റ്റി. ആർ. ത്രിവിക്രമൻ പിള്ള 1936-ൽ ഗാന്ധിജിയെ പിരപ്പൻകോടിനു സമീപമുള്ള കോട്ടപ്പുറത്തുകൊണ്ടുവന്നു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രവർത്തകനും മരണം വരെ ഗാന്ധിയനുമായിരുന്ന കെ. എൻ. നായരാണ് പഞ്ചായത്തിലെ മറ്റൊരു സ്വാതന്ത്ര്യസമര സേനാനി. സചിവോത്തമ ഷഷ്ടിപൂർത്തി സ്മാരക സ്കൂളിലെ (ഇന്നത്തെ തിരുവനന്തപുരം സെന്റ് മേരീസ് സ്കൂൾ) സ്റ്റുഡൻസ് കോൺഗ്രസ് യൂണിറ്റ് പ്രസിഡൻറായിരുന്ന ചിറയിൽ കെ. സുകുമാരൻ നായർ ദേശീയ പ്രസ്ഥാനത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് 1946-ൽ കോലിയക്കോട്ടുനിന്നും വേളാവൂരേക്ക് ജാഥ സംഘടിപ്പിക്കുകയും വിദേശ വസ്ത്രങ്ങൾ ബഹിഷ്ക്കരിക്കുകയും ചെയ്തു ഈ ജാഥയ്ക്ക് നേതൃത്വം നൽകിയവരിൽ കെ. ഷാഹുൽഹമീദും ഉണ്ടായിരുന്നു.

സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ ഉണ്ടായിരുന്ന പ്രബുദ്ധമായ രാഷ്ട്രീയ പശ്ചാത്തലം വില്ലേജ് യൂണിയൻ രൂപീകരിക്കുന്നതിന് കളമൊരുക്കി. കരം തീരുവയുള്ളവരെ മെമ്പറന്മാരായി തഹസിൽ മജിസ്ട്രേട്ട് നിയമിക്കുകയായിരുന്നു പതിവ്. ശ്രീമതി. ഓമനകുഞ്ഞമ്മ ആയിരുന്നു അന്നത്തെ തഹസിൽ മജിസ്ട്രേട്ട് ശ്രീ. കേശവപിള്ള ആയിരുന്നു ആദ്യത്തെ വില്ലേജ് യൂണിയന്റെ പ്രസിഡന്റ്. വില്ലേജ് യൂണിയന്റെ പ്രവർത്തനം 1952 പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ ഒരു പരിധിവരെ സഹായിച്ചു. സി. കെ. കുഞ്ഞൻപിള്ളയായിരുന്നു ആദ്യത്തെ. പഞ്ചായത്ത് പ്രസിഡന്റ്.

പഞ്ചായത്തിന് നൂറ്റണ്ടിലധികം പഴക്കമുള്ള ഒരു വിദ്യാഭ്യാസ ചരിത്രമാണുള്ളത്. 1880കളിൽ സ്ഥാപിക്കപ്പെട്ട പിരപ്പൻകോട് എൽ.പി.എസ് ആണ് പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പഞ്ചായത്തിലുടനീളം കുടിപ്പള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നു. പാറയ്ക്കൽ രാമക്കുറുപ്പ്ഹരിജനങ്ങൾക്കുവേണ്ടി നടത്തിയിരുന്ന കുടിപ്പള്ളിക്കൂടത്തിന്റെ തുടർച്ചയെന്നോണമാണ് പാറയ്ക്കൽ യു.പി.എസ്. ആരംഭിച്ചത്. 1951ൽ ആരംഭിച്ച തലയിൽ എൽ.പി. എസ്. പഞ്ചായത്തിന്റെ കിഴക്കൻമേഖലയിലെ ഏക സ്കൂളാണ്. ശ്രീമതി. ജസ്സിറ്റീച്ചർ ആയിരുന്നു ആദ്യത്തെ ഹെഡ്മിസ്ട്രസ്. കൊല്ലവർഷം 1100 ഇടവം 5-ാം തീയതിയാണ് കോലിയക്കോട് സ്കൂൾ ആരംഭിച്ചത്. വിലയ്ക്കുവാങ്ങിയ 17 സെന്റ് പുരയിടവും പുതുവലായികിട്ടിയ 8സെന്റ് സ്ഥലവുമുൾപ്പെടെ 25 സെന്റ് സ്ഥലത്താണ് കെട്ടിടം പണികഴിപ്പിച്ചത്. സ്കൂളിന്റെ സ്ഥാപകനും മാനേജരും പിൽക്കാലത്ത്ഹെഡ്മാസ്റ്ററുമായിരുന്ന എ. അയ്യപ്പൻപിള്ള കൊല്ലവർഷം 1123 ചിങ്ങത്തിൽ ഒരു ചക്രം പ്രതിഫലം വാങ്ങി സ്കൂൾ തിരുവിതാംകൂർ ഗവൺമെന്റിന് വിട്ടുകൊടുത്തു. കൊല്ലവർഷം 1123-ലാണ് വെള്ളാണിക്കൽ ഗവൺമെന്റ് സ്കൂൾ ആരംഭിക്കുന്നത്. പഞ്ചായത്തിലെ മറ്റൊരു സ്കൂളായ കൊപ്പം സ്കൂൾ ഒരു പെൺപള്ളിക്കൂടമായാണാരംഭിച്ചത്.

മാണിക്കൽപഞ്ചായത്തിലെ പ്രധാനസ്കൂളായ പിരപ്പൻകോട് എച്ച്.എസ്.എസ് ഒറ്റമുറിയിൽ പ്രിപ്പറേറ്ററി ക്ളാസ്സുമാത്രമുള്ള ഒരു സ്കൂളായി കൊല്ലവർഷം 1115 ഇടവമാസം 15-ാം തീയതി ആരംഭിച്ചു. കന്യാകുളങ്ങര ഹൈസ്കൂൾ വിഭജിക്കപ്പെട്ടപ്പോൾ 1984ൽ രൂപംകൊണ്ട ഹൈസ്കൂളാണ് കന്യാകുളങ്ങര ഗേൾസ് ഹൈസ്കൂൾ.

1912ൽ ഒരു പ്രൈമറി സ്കൂളായി രൂപംകൊണ്ട ഇന്നത്തെ കന്യാകുളങ്ങര ബോയ്സ് ഹൈസ്കൂൾ ആദ്യകാലത്ത് മാണിക്കൽ പകുതിയിൽ തൊഴുത്തുംകര മുറിയിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും പിൽക്കാലത്ത് വെമ്പായം പഞ്ചായത്ത് രൂപംകൊണ്ടപ്പോൾ വെമ്പായം പഞ്ചായത്തിലായി.

ഈ നൂറ്റാണ്ടിന്റെ ആദ്യകാലം മുതൽതന്നെ വിദ്യാഭ്യാസപരമായ ഒരു മുന്നേറ്റം പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഈ മുന്നേറ്റം പിൽക്കാലത്ത് ഇടതുപക്ഷ പ്രസ്ഥാനങ്ങളുടേയും മറ്റ് സാംസ്കാരിക പ്രവർത്തനങ്ങളുടേയും വളർച്ചയ്ക്ക് കാരണമായി. സ്ത്രീകൾക്കും ഹരിജനങ്ങൾക്കും വിദ്യാഭ്യാസ സൗകര്യം കുറവായ കാലഘട്ടത്തിലാണ് കൊപ്പത്തിൽ പെൺപള്ളിക്കൂടവും പാറയ്ക്കലിൽ ഹരിജനങ്ങൾക്കായി കുടിപ്പള്ളിക്കൂടവും ഉണ്ടായിരുന്നുവെന്നത് അന്നത്തെ സാംസ്കാരികമായ വളർച്ചയെ കാണിക്കുന്നു.

## പിരപ്പൻകോട് ഹൈസ്കൂളിന്റെ ചരിത്രം

മുളപ്പുഴമൺ മഠത്തിലെ കെ. എൻ. പണ്ടാരത്തിലാണ് ഈ സ്കൂളിന്റെ സ്ഥാപകൻ. കാവിയാട് ആർ.കുഞ്ഞൻ പണിക്കർ അദ്ദേഹത്തിന്റെ വക മൂന്ന് മുറികൾ വാടകകൂടാതെ സ്കൂളിനുവേണ്ടി വിട്ടുകൊടുത്തു. (ഈ കെട്ടിടത്തിലാണ് ഇപ്പോൾ കാവിയാട് ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തിക്കുന്നത്) 1945–ൽ തേർഡ് ഫോറം തുടങ്ങിയപ്പോൾ ഇന്ന് സ്കൂൾ സ്ഥിതിചെയ്യുന്ന കുന്നിൻമുകളിലേക്ക് സ്കൂളിനെ മാറ്റി സ്ഥാപിച്ചു. ശ്രീമതി. സരസ്വതി അമ്മാൾ ആയിരുന്നു ഈ സ്കൂളിന്റെ ഹെഡ്മിസ്ട്രസ്. 1949ൽ പൂർണ്ണ ഹൈസ്കൂളായി രൂപം പ്രാപിച്ചു. 2–6–1958 ൽ സകൂൾ പൂർണ്ണമായും ഒരു സർക്കാർ സ്കൂളായി മാറി. ഇന്നത്തെ ഇരുനിലകെട്ടിടത്തിന്റെ പണി 1962–ലാണ് ആരംഭിച്ചത്. ഇതിന്റെ ഉൽഘാടനവും സ്കൂളിന്റെ 25–ാം വാർഷികവും 1965–ൽ നടന്നു.

## ഹൈസ്കൂൾ സമരം

മാണിക്കൽ പഞ്ചായത്തിന്റെ സമരങ്ങളുടെ ചരിത്രത്തിൽ ഉജ്ജ്വലമായ ഒരു സ്ഥാനമാണ് പിരപ്പൻകോട് ഹൈസ്കൂൾ സമരത്തിനുള്ളത്. 1951–ൽ നാട്ടുകാരും മാനേജുമെന്റും തമ്മിലുണ്ടായ ചില അഭിപ്രായവ്യത്യാസങ്ങളെ തുടർന്ന് സ്കൂളിനു മുന്നിൽ സമരങ്ങളും സത്യാഗ്രഹങ്ങളും ഉപരോധങ്ങളും നടന്നു. സമരങ്ങൾക്ക് നേതൃത്വം വഹിച്ച ഹൈസ്കൂൾ ആക്ഷൻകമ്മിറ്റിയുടെ പ്രസിഡന്റ് പിരപ്പൻകകോട് ശ്രീധരൻ നായരായിരുന്നു. 20–2–1952–ൽ സ്കൂൾ പൂട്ടി മാനേജർ സ്ഥലം വിട്ടു. സ്കൂൾ തുറക്കുന്നതിനുവേണ്ടി നാട്ടുകാർ 101 പേരുള്ള ഒരു ആക്ഷൻ കമ്മിറ്റി രൂപീകരിച്ചു. ആക്ഷൻ കമ്മിറ്റിയുടെ ശ്രമഫലമായി പിരപ്പൻകോട് ഹൈസ്കൂളിലെ VI[th] ഫോറം വിദ്യാർഥികൾക്ക് റ്റി സി കൂടാതെതന്നെ നെടുമങ്ങാട് എച്. എസ്.–ൽ
ചേർന്ന് പടിക്കാമെന്ന് ഗവൺമെന്റ് ഓർഡർ നൽകി. 3–3–1952 സർക്കാർ നേരിട്ടു നടത്തുന്ന ഒരു സ്കൂളായി വീണ്ടും പ്രവർത്തനം തുടങ്ങി. സ്കൂളിന്റെ വിലയായി 15000 രൂപ നാട്ടുകാർ ട്രഷറിയിൽ അടയ്ക്കുന്നമുറയ്ക്ക് സ്കൂൾ ഗവൺമെന്റ് സ്കൂളായി പ്രഖ്യാപിക്കുമെന്നും അതുവരെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് മാനേജ് ചെയ്യുന്ന ഒരു പ്രൈവറ്റ് സ്കൂൾ പോലെ നടത്താമെന്നും സർക്കാർ അറിയിച്ചു. ആക്ഷൻ കമ്മിറ്റി പ്രസിഡന്റ് വി. ശ്രീധരൻ നായർ സെക്രട്ടറി ഇ. മാധവൻപിള്ള ഖജാൻജി ആർ. കുഞ്ഞൻപണിക്കർ എന്നിവരുടെ നേതൃത്വത്തിൽ നാട്ടുകാർ 15000 രൂപ ട്രഷറിയിൽ അടച്ചു. 2–6–58–ൽ ശ്രീകൃഷ്ണവിലാസം ഹൈസ്കൂൾ ഗവൺമെന്റ് ഹൈസ്കൂൾ പിരപ്പൻകോട് ആയി മാറി തുടർന്ന് ഹയർ സെക്കൻററി സ്കൂളായും മാറി.

# സാംസ്കാരിക രംഗം

1950കൾ സാംസ്കാരികമായി മാണിക്കൽ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സുവർണ്ണകാലഘട്ടമായിരുന്നു. പഞ്ചായത്തിലെ പടിഞ്ഞാറൻ മേഖലകളിലാണ് സാംസ്കാരിക പ്രവർത്തനങ്ങൾ പ്രധാനമായും കേന്ദ്രീകരിച്ചിരുന്നത്. 1945–ൽ കോലിയക്കോട് കേന്ദ്രീകരിച്ച് ആരംഭിച്ച സരസ്വതീമന്ദിരം ഗ്രന്ഥശാലയായിരുന്നു പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാല. വി. ദാമോദരൻപിള്ള, പരമേശ്വരൻപിള്ള, ഇലിപ്പറ മാധവൻപിള്ള, വലിയവിള നാരായണ ശാസ്ത്രികൾ, ചിറയിൽ ചന്ദ്രശേഖര ശാസ്ത്രികൾ, കടമ്പാട്ട് കുഞ്ഞികൃഷ്ണപിള്ള ശാസ്ത്രികൾ, കോലിയക്കോട് എൽ. .പി. എസ്. ഹെഡ്മാസ്റ്റർ അയ്യപ്പൻപിള്ള തുടങ്ങിയവരായിരുന്നു ആദ്യകാല സാരഥികൾ. പലപ്പോഴും ലൈബ്രറിയുടെ പ്രവർത്തനം നിലച്ചുപോയി. 1983–ൽ കേരളാ ശാസ്ത്രസാഹിത്യ പരിഷത്ത് ലൈബ്രറി പുനരുദ്ധരിച്ചു. 1951 മേയ് 31 വില്ലേജ് യൂണിയൻ പ്രവർത്തിച്ചുവരുന്നകാലത്താണ് പിരപ്പൻകോട് ഒരുറൂറൽ ലൈബ്രറി സ്ഥാപിക്കപ്പെട്ടത്. മാമ്പഴമാം ലൈബ്രറിക്കുവേണ്ടി 5 സെൻറ് സ്ഥലം സംഭാവന ചെയ്തു. മുണ്ടപ്ലാമൂട്ടിൽ രാഘവൻപിള്ളയുടെ നേതൃത്വത്തിൽ തടിമുറിച്ചുകൊണ്ടുവന്നായിരുന്നു അ



പഞ്ചായത്ത്
ആഫീസ്
ഉദ്ഘാടനം
ചെയ്തപ്പോൾ
(1968)







പിരപ്പൻകോട് ഹൈസ്കൂൾ ഉദ്ഘാടനം ചെയ്യാൻ
മുഖ്യമന്ത്രി പട്ടംതാണുപിള്ളയെത്തിയപ്പോൾ

ലൈബ്രറിക്കുവേണ്ടി കെട്ടിടം നിർമ്മിച്ചത്. സോമശേഖരൻനായർ പഞ്ചായത്ത് പ്രസിഡൻറ് ആയിരിക്കുമ്പോൾ കെട്ടിയ കെട്ടിടത്തിലാണ് ഇപ്പോൾ ലൈബ്രറി പ്രവർത്തിക്കുന്നത്.

1960 കളിൽ ആരംഭിച്ച 'നവോദയം ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്ബിന്റെ തുടർച്ചയായാണ് യുഗപ്രഭ ആരംഭിച്ചത്. ശ്രീ. കുഞ്ഞനാശാരി ക്ലബ്ബിനുവേണ്ടി 2½ സെന്റ് സ്ഥലം സംഭാവനചെയ്തിട്ടുണ്ട്. നിന്തൽ രംഗത്തും വളരെയധികം സംഭാവനകൾ ചെയ്തിട്ടുള്ള യുഗപ്രഭാ ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്ബ് 1968-ൽ മൂളയം കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ചു. തുടർന്ന് 1978-ൽ കേരളാ ഗ്രന്ഥശാല അംഗീകരിച്ച ലൈബ്രറിയും നിലവിൽ വന്നു.

1972-ൽ ചിറത്തലയ്ക്കൽ കേന്ദ്രമാക്കി രാജപ്പൻനായർ, കെ.ഗോപി, കേശവപിള്ള തുടങ്ങിയവരുടെ നേതൃത്വത്തിൽ വീടുവീടാന്തരം കയറി പുസ്തകം ശേഖരിച്ച് ആരംഭിച്ച ലൈബ്രറിയാണ് വിജ്ഞാന പോഷിണി.

1972-ൽ ജനുവരി 21-ന് മാണിക്കൽ പഞ്ചായത്ത് പ്രസിഡന്റായിരുന്ന സോമശേഖരൻനായർ അന്തരിച്ചപ്പോൾ അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിന് വേണ്ടി 1974-ൽ പ്രവർത്തനമാരംഭിച്ച ഗ്രന്ഥശാലയാണ് പ്ലാക്കീഴ് സോമശേഖരൻനായർ മെമ്മോറിയൽ ലൈബ്രറി.

1951-ൽ പിരപ്പൻകോട് ക്ഷേത്രത്തോടനുബന്ധിച്ച് അയിത്തം നിലനിന്നിരുന്ന കാലത്താണ് പുന്നപുരം പരമേശ്വരൻനായരുടെ നേതൃത്വത്തിൽ പിരപ്പൻകോട് അമ്പലക്കുളം കേന്ദ്രമാക്കി ഡോൾഫിൻ ക്ലബ്ബ് പ്രവർത്തനമാരംഭിച്ചത്. ഇത് ഈ പ്രദേശത്തെ നിന്തൽ മത്സരങ്ങൾക്ക് തുടക്കം കുറിച്ചു. ഇതിന്റെ ചുവടുപിടിച്ച് സംസ്ഥാനദേശീയ തലങ്ങളിൽ നിന്തൽ ക്ലബ്ബുകൾ ഉണ്ടാവുകയും പിരപ്പൻകോട് നിന്തൽ രംഗത്ത് പ്രശസ്തി നേടുകയും ചെയ്തു. പുന്നപുരം കേശവൻനായർ പുന്നപുരം രാമകൃഷ്ണൻനായർ എന്നിവർ ഈ രംഗത്ത് സംഭാവന നൽകിയവരാണ്. 1964 സ്ഥാപിക്കപ്പെട്ട ഭാരത് ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബും സ്പോർട്ട്സ് രംഗത്ത് വളരെയധികം സംഭാവന നൽകിയിട്ടുണ്ട്.

1950-51 കളിലാരംഭിച്ച യുവജനസമാജം (YMA) പിരപ്പൻകോടിന്റെ സാംസ്കാരികമണ്ഡലത്തെ ഇളക്കിമറിച്ചു. പിരപ്പൻകോട് ശ്രീധരൻനായർ, കിഴക്കനത്ത് മാധവൻനായർ, കട്ടയ്ക്കാലിൽ ദാമോധരൻനായർ എന്നിവർ ഈ സംഘടനയ്ക്ക് നേതൃത്വം കൊടുത്തു.

കോലിയക്കോട് കേന്ദ്രമാക്കി 1951-ൽ യംഗ്സ്റ്റേഴ്സ് ക്ലബ്ബ് പ്രവർത്തനമാരംഭിച്ചു. ചിറയിൽ കെ.സുകുമാരൻനായർ, എൻ. വേലപ്പൻനായർ എന്നിവരായിരുന്നു അതിന്റെ സാരഥികൾ. അതിന്ശേഷം 1954-ൽ യുവജനസമാജം 1964-ൽ കുട്ടികളുടെ സംഘടനയായ നവോദയ എന്നിവ സാംസ്ക്കാരിക രംഗത്ത് പുതിയ ഉണർവ് പകർന്ന സംഘടനകളാണ് ഈകാലഘട്ടത്തിൽ എൻ.നാരായണൻനായരുടെ നേതൃത്വത്തിൽ സേവാസമിതി എന്നൊരു സംഘടനയും ഇവിടെ പ്രവർത്തിച്ചു.

1955-57 കാലഘട്ടത്തിൽ പിരപ്പൻകോട് സാംസ്ക്കാരിക രംഗത്ത് ഗണ്യമായ സംഭാവന നൽകിയിരുന്ന ഒരു സംഘടനയായിരുന്നു സ്റ്റാലിൻ ക്ലബ്ബ്. എ.ഷാഹുൽഹമീദ്, പിരപ്പൻകോട് മുരളി തുടങ്ങിയവരായിരുന്നു ഇതിന്റെ സാരഥികൾ .

1958-ൽ ആരംഭിച്ച മറ്റൊരു സാംസ്ക്കാരിക സംഘടനയാണ് ചങ്ങമ്പുഴ ക്ലബ്ബ്. ചങ്ങമ്പുഴ രോഗബാധിതനായി കിടക്കുമ്പോൾ ചികിത്സയ്ക്കുവേണ്ടി അദ്ദേഹത്തിന് സംഭാവന ചെയ്ത ചരിത്രം ഈ ക്ലബ്ബിനുണ്ട്. പിരപ്പൻകോട് മുരളി ഇതിൻെറ പ്രവർത്തകനായിരുന്നു.

1958-ൽ സ്റ്റാലിൻ ക്ലബ്ബിനു ബദലായിരൂപംകൊണ്ട സംഘടനയായിരുന്നു പിരപ്പൻകോട് പീപ്പിൾസ് ക്ലബ്ബ്. ഈ കാലയളവി ൽത്തന്നെ മുണ്ടയ്ക്കൽവാരം കർഷകസംഘം ആ പ്രദേശത്തെ എല്ലാ സാമൂഹിക സാംസ്ക്കാരിക പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്നു. ഇതിന്റെ പ്രസിഡന്റ് കുന്നിൽ പരമേശ്വരൻനായരും സെക്രട്ടറി പാലൂർ നീലകണ്ഠപിള്ളയുമായിരുന്നു.

1969-ൽ വേളാവൂർ കേന്ദ്രമാക്കി ആരംഭിച്ച ദേവികലാസമിതി-കാർഷികരംഗത്ത് വളരെയധികം സംഭാവനചെയ്ത സംഘടനയാണ്. പി.ശേഷയ്യർ, പി.ഗോപിനാഥൻനായർ, ജി. ശ്രീധരൻനായർ, ആർ.കരുണാകരൻനായർ എം. ഗോപിനാഥൻനായർ, എസ്.നീലകണ്ഠപിള്ള എന്നിവർ ഈ സംഘടനയ്ക്ക് നേതൃത്വം കൊടുത്തു. കനകക്കുന്നുകൊട്ടാരത്തിൽ സംഘടിപ്പിച്ച പുഷ്പഫലപ്രദർശനത്തിൽ 1973,74,75 വർഷങ്ങളിൽ ഈ സംഘടന സമ്മാനം നേടി.

1983-ൽ രൂപീകരിച്ച കേരളാ ശാസ്ത്രസാഹിത്യപരിഷത് കോലിയക്കോട് യൂണിറ്റ് സാംസ്കാരികരംഗത്തും വിദ്യാഭ്യാസരംഗത്തും വളരെയധികം സംഭാവനകൾ നൽകി. പതിനഞ്ചുവർഷത്തിലധികം പ്രവർത്തനരഹിതമായിരുന്ന സരസ്വതിമന്ദിരം ഗ്രന്ഥശാല പുനരുദ്ധരിച്ചതും കോലിയക്കോട് സ്കൂൾ കാംമ്പൗണ്ടിലും റോഡിലും മരങ്ങൾ വെച്ചുപിടിപ്പിച്ചതും പരിഷത്താണ്. ഓണംകരോൾ അക്ഷരവേദി തുടങ്ങി കേരളമുടനീളം അറിയപ്പെടുന്ന പരിപാടികൾക്ക് തുടക്കംകുറിച്ചതാണ് മറ്റൊരു സംഭാവന.

1985-ൽ കാട്മണ്ഡുവിൽ നടന്ന സാഫ് ഗെയിംസിൽ സ്വർണ്ണമെഡൽ നേടിയ അർ. ജയകുമാർ നമ്മുടെ പഞ്ചായത്തിലെ എണ്ണപ്പെട്ട കായികതാരമാണ്. ഇദ്ദേഹം 1982-ൽ നടന്ന ഡൽഹി ഏഷ്യാഡിൽ പങ്കെടുത്തു.

ഈവിധ സാംസ്ക്കാരിക പ്രവർത്തനങ്ങളെ കൊണ്ട് ചൂടുപിടിച്ചിരുന്ന ഈ മണ്ണിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് വേരോട്ടമുണ്ടാകാൻ അൽപം പോലും പ്രയാസമുണ്ടായിരുന്നില്ല. വെള്ളനാട് പി. കേശവൻനായരുടെ നേതൃത്വത്തിൽ 1935-37 കാലഘട്ടത്തിൽ പിരപ്പൻകോട് കേന്ദ്രമാക്കി ആദ്യത്തെ കമ്മ്യൂണിസ്റ്റ്പർട്ടി സെൽ രൂപംകൊണ്ടു. തെക്കത്ത് ഗോപാലപിള്ള. കരുണാകരപിള്ള എന്നിവരാണ് ആദ്യകാല കമ്മ്യൂണിസ്റ്റുപാർട്ടി പ്രവർത്തകർ. ഇവരുടെ വസതിയായ തെക്കത്തുവീട് പഞ്ചായത്തിലെ ആദ്യത്തെ രണ്ടുനില കെട്ടിടമെന്നതുമാത്രമല്ല പൊതുപ്രവർത്തകരുടെ കേന്ദ്രവുമായിരുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗം ഇങ്ങനെ സാംസ്ക്കാരികപ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്നപ്പോൾ കിഴക്കുഭാഗം സമര കേന്ദ്രമായിരുന്നു. ദേശീയ പ്രസ്ഥാനത്തോടും സമരത്തോടുമനുബന്ധിച്ച് പട്ടംതാണുപിള്ള, പൊന്നറ ശ്രീധർ തുടങ്ങിയവർക്ക് ഈ പ്രദേശങ്ങളിൽ ഒളിസങ്കേതം ഒരുക്കിയിരുന്നു. 1951-ലെ പിരപ്പൻകോട് ഹൈസ്കൂൾ സമരം നടക്കുമ്പോൾതന്നെ കന്യാകുളങ്ങര ഫോറസ്റ്റ്റെയിൻഞ്ചാഫീസ് ഗ്രൗണ്ടിലുണ്ടായ വിദ്യാർത്ഥിമർദ്ദനവും തുടർന്നുണ്ടായ സംഭവവികാസങ്ങളും ബഹുജനപ്രക്ഷോഭങ്ങൾക്കും അവകാശസമരങ്ങൾക്കും ആക്കംകൂട്ടി. വെമ്പായം തലയിൽ പ്രദേശങ്ങളിൽ തൊഴിലാളി കർഷകതൊഴിലാളി പ്രസ്ഥാനങ്ങളുടെ ആവിർഭാവമുണ്ടായി. 1953-ൽ രൂപീകൃതാമയ തോട്ടം തൊഴിലാളിയൂണിയനും അതോടൊപ്പം വള്ളിയറുപ്പൻകാട്
തോട്ടത്തിലുണ്ടായ തൊഴിലാളി സമരവും തോട്ടം തൊഴിലാളി യൂണിയനുകൾക്ക് പ്രേരണ നൽകി. അതേവർഷം തന്നെ വെമ്പായം കേന്ദ്രമാക്കി രൂപീകരിച്ച വിവിധ തൊഴിലാളി യൂണിയൻ ബീഡിത്തൊഴിലാളി യൂണിയൻ തുടങ്ങിയവ ഈ പ്രദേശത്തെ തൊഴിലാളികളെ സംഘടനാ ബോധമുള്ളവരാക്കിത്തീർത്തു. ഇന്നത്തെ ഇടത്തറ, കൊപ്പം വാർഡുകളിലെ നൂറേക്കർ എൺപത്തേട്ടേക്കർ തുടങ്ങിയ ദൂരപ്രദേശങ്ങളിൽ 1950കളിൽ നടന്ന കർഷക കുടിയാൻ സമരങ്ങളും സംഘട്ടനങ്ങളും 1957-71 വരെയുള്ളവിവധ ഭൂപരിഷ്ക്കരണ നിയമങ്ങളും ഈ ഭൂവിഭാഗം കർഷകർക്കും കുടിയാൻമാർക്കും സ്വന്തമാക്കാൻ വഴിതെളിച്ചു. പലയാതനകളുമനുഭവിക്കേണ്ടിവന്നുവെങ്കിലും സമരങ്ങളെല്ലാം വൻവിജയങ്ങളായിരുന്നു. അന്യായമായ ചന്തപ്പിരിവിനെതിരെയുണ്ടായ കന്യാകുളങ്ങര ചന്തസമരം ഇതിനുദാഹരണമാണ്. 1957-ൽ വെമ്പായത്ത് വെയിറ്റിംഗ് ഷെഡ്ഡിനുവേണ്ടി നടന്നബഹുജനപ്രക്ഷോഭത്തിന്റെ ഫലമായി ഒരു സ്വകാര്യവ്യക്തിയുടെ കയ്യിൽനിന്നും അക്വയർ ചെയ്തെടുത്ത 4½ സെൻറ് സ്ഥലത്താണ് ഇന്നത്തെ K.S.R.T.C ബസ്സ്റ്റേഷൻ നിൽക്കുന്നത്. പൂർണ്ണമായി ജനപങ്കാളിത്തത്താൽ മാത്രമാണ് ഈ ബസ്സ്റ്റേഷൻ നിർമ്മിച്ചത്.

മാണിക്കൽ പഞ്ചായത്തിന്റെ സാംസ്ക്കാരികരംഗം പരിശോധിക്കുമ്പോൾ മനസ്സിലാക്കാവുന്ന പ്രധാന വസ്തുത ഇവിടുത്തെ മതസൗഹാർദ്ദവും ജനങ്ങളുടെ ത്യാഗമനോഭാവവുമാണ്. ചിറയിൽ ശ്രീ. കെ. സുകുമാരൻ നായർ ഒരു എൽ.പി.സ്കൂൾ തുടങ്ങുന്നതിനുവേണ്ടി മിനാറയിൽ സൗജന്യമായി നൽകിയ 4 സെൻറ് സ്ഥലത്താണ് ഇപ്പോഴത്തെ പഞ്ചായത്ത് സ്റ്റേഡിയം സ്ഥിതിചെയ്യുന്നത്. പിരപ്പൻകോട് എച്ച്. എസ്. എസ്. ലേക്കുള്ള വഴിക്കുവേണ്ടി ഒന്നേമുക്കാൽ സെൻറ്സ്ഥലം സൗജന്യമായി നൽകിയത് അദ്ദേഹമാണ്.

പഞ്ചായത്തിലെ വിവിധ സംഘടനകൾ കായിക മൽസരങ്ങൾ സംഘടിപ്പിച്ചിരുന്നു. പാലവിള കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന NSAC സാംസ്ക്കാരികരംഗത്ത് നിസ്തുലമായ സേവനം അനുഷ്ടിക്കുന്ന സംഘടനയാണ്. മുളയത്തു പ്രവർത്തിക്കുന്ന യുഗപ്രഭ മഹിളാരംഗത്തും കുട്ടികളുടെ രംഗത്തും കായികരംഗത്തും സംഭാവന നൽകിവരുന്നു. ഈ സാംസ്ക്കാരിക പാരമ്പര്യം നമുക്ക് നാളെയ്ക്ക് മുതൽകൂട്ടാവുമെന്നതിൽ സംശയമില്ല.

## സാമൂഹികം

20-ാം നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ തികച്ചും യാഥാസ്തിതമായ ഒരു കൂട്ടുകുടുംബ സമ്പ്രദായവും ഫ്യൂഡൽ വ്യവസ്ഥിതിയും ഇവിടെ നിലനിന്നിരുന്നു. അന്നത്തെ സാമൂഹിക ചുറ്റുപാടുകളിലെ അയിത്തവും സവർണ്ണമേധാവിത്വവും ഈ ഗ്രാമത്തിലുമുണ്ടായി. ഭൂസ്വത്തിൽ ഭൂരിഭാഗവും സവർണ്ണരായചുരുക്കം ചില കുടുംബങ്ങളുടെ അധീനതയിലായി. അവർണ്ണരുടെ ജീവിതനിലവാരം വളരെ ശോചനീയവും അവരിൽ ഭൂരിഭാഗവും ഭൂ കുടുംബങ്ങളുടെ ആശ്രിതരുമായിരുന്നു. എന്നാലും ആരോഗ്യകരമായ ബന്ധം ഈ രണ്ടുവിഭാഗങ്ങളും തമ്മിൽ നിലനിന്നിരുന്നു. വിവധ സമുദായങ്ങളിൽ പെട്ടവരെ തമ്മിൽ മൈത്രിയുയും സ്നേഹവും നിലനിന്നുപോന്നിരുന്നു. അതിനുലച്ചിൽ തട്ടിയ യാതൊരു സംഭവവും ഈ പഞ്ചായത്തിലെടുത്തുപറയാനില്ല. ക്ഷേത്രോൽസവങ്ങളിലും മറ്റും വിവിധ മതസ്തരുടെ ആരോഗ്യകരമായ സഹകരണം നിലനിന്നിരുന്നു. വിവാഹം മരണം തുടങ്ങിയ സാമൂഹിക കാര്യങ്ങളിൽ എല്ലാ മതസ്തരും സ്നേഹത്തോടെ പങ്കെടുക്കുന്ന സാഹോദര്യമനോഭാവമാണ് നിലവിലുള്ളത്.

## കല - സാഹിത്യം

കലാ സാംസ്ക്കാരിക രംഗങ്ങളിൽപരമ്പരാഗതമായ വിജ്ഞാനവും താൽപര്യവുമുള്ള ഒരു ജനസമൂഹമാണ് ഈ പഞ്ചായത്തിലുള്ളത്. കേരളീയ പൗരാണിക കലയായ കഥകളിയിൽ നിപുണതയും പ്രവീണ്യവുമുള്ളകലാകാരൻമാരേയും ആസ്വാദകരേയും കൊണ്ട് സമ്പുഷ്ടമാണീ പ്രദേശം. ഈ മികവ് നമ്മുടെ പൈതൃകം തന്നെയാണ്. അയ്യപ്പൻപിള്ള ആശാൻ, മത്തനാട് സുകുമാരൻ നായർ, പള്ളവിള കുഞ്ഞൻപിള്ള, പിരപ്പൻകോട് മാധവനുണ്ണി, എം. ആർ. സുകുമാരൻ നായർതുടങ്ങിയ ദിവംഗതരായനടൻമാരും ജീവിച്ചിരിപ്പുള്ള മറ്റു പ്രശസ്തരായ നടൻമാരും ഈ ഗ്രാമത്തിന്റെ കലാമൂല്യം വർദ്ധിപ്പിക്കുന്നു. അറിയപ്പെടുന്ന ആട്ടകഥാകാരൻമാരും ഈ പ്രദേശത്തുകാരായുണ്ട്. വ്യാഘ്രധ്വജവധംരചിച്ച നടുവിലവീട്ടിൽ കേശവപിള്ള, പ്രതിജ്ഞാകൗടില്യം, നിഷാദാർജ്ജുനീയംഎന്നീ കഥകൾ രചിച്ച പിരപ്പൻകോട് നാരായണപിള്ള തുടങ്ങിയവർ ഇതിൽപ്പെടുന്നു. 1950കളിൽ പിരപ്പൻകോട് YMA അംഗങ്ങൾ വിനോദാർത്ഥം പരിഹാസരൂപേണ അരങ്ങേറിയ രാഷ്ട്രീയഗുണ്ഡോധരവധം (രചന ചിറയിൽ കെ.) എന്ന കഥകളി ആവിഷ്ക്കരണം ഈ രംഗത്ത് ഈ പ്രദേശത്തുള്ളവർക്കുണ്ടായിരുന്ന അവബോധം വിളിച്ചറിയിക്കുന്നു. ദിവംഗതനായ എം. ആർ. സുകുമാരൻനായർ സ്ഥാപിച്ച വള്ളത്തോൾ കഥകളിയോഗം ഇന്നും സ്തുത്യർഹമായ രീതിയിൽ നടന്നുവരുന്നു. നല്ലൊരു കഥകളി ആസ്വാദകവൃന്ദവുമിവിടുണ്ട്. സാഹിത്യകാരനും സാമൂഹികപ്രവർത്തകനുമായിരുന്ന ചിറയിൽ കെ ത്യാഗരാജ എന്ന കഥാസമാഹാരവും പുഷ്പാഞ്ജലി എന്ന ഖണ്ഡകാവ്യവും അനവധി കവിതകളും രചിച്ചിട്ടുണ്ട്. വെമ്പായം മധു, പിരപ്പൻകോട് മുരളി, വലിയ കുന്നിട മധു എന്നിവര സാഹിത്യ രംഗത്ത് തങ്ങളുടേതായ സംഭാവനകൾ നൽകിയവരാണ്.

1965-68 കാലഘട്ടത്തിൽ കോലിയക്കോട്ട് ഒരു കഥകളിസ്കൂൾ നടന്നിരുന്നു. മാത്രമല്ല അറിയപ്പെടുന്ന നർത്തകരും സിനിമാ സംവിധായകരും ഈ ഗ്രാമത്തിലുണ്ട്. വെളാവൂർ രാഘവൻ ഭാഗവതരേപ്പോലെയുള്ള പേരുകേട്ട സംഗീതജ്ഞരും ഈ പഞ്ചായത്തിലുണ്ട്.

മാണിക്കൽപഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ കാണുന്ന പ്രദേശമാണ് ആലിയാട്. മലകളും, പൊയ്കകളും വറ്റാത്ത നീരുറവകളും അപൂർവ്വ സസ്യലതാദികളും കൊണ്ട് അനുഗ്രഹിതമായ പ്രകൃതിയാണിവിടം. ഗുഹാനിവാസ കാലഘട്ടത്തിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും ഇവിടെ കാണാൻ കഴിയും. വേലകൊട്ടിപ്പാടിയിരുന്ന വേലൻമാരും, പാട്ടുംപാടി പണ്ടങ്ങൾ കാഴ്ചവച്ചിരുന്ന പാണൻമാരും, പായും പരമ്പും നെയ്തിരുന്ന പറയൻമാരും പാടത്തുപണിയെടുത്തിരുന്ന കുറവരും, ദ്രാവിടത്തനിമയിൽപ്പെട്ട കാണിക്കാരും, കൽപ്പണിയിലും തച്ചുശാസ്ത്രത്തിലും കരവിരുത്കാട്ടിയിരുന്നആശാരിമാരും, സംസ്കൃതം, തമിഴ് എന്നിവയുടെ ഭാഷാപണ്ഡിതൻമാരും ജ്യോതിഷ-മന്ത്ര-തന്ത്രാദി വിദ്യകളിലെ പ്രമുഖരും, വൈദ്യശാസ്ത്ര വിശാരദൻമാരും ഒക്കെക്കൂടി നിറഞ്ഞുനിന്നിരുന്ന ഒരു പുഷ്ടഭൂമിയായിരുന്നു ആലിൻകാട് എന്ന ആലിയാട് എന്നാണ് പഴമ

പഴമക്കാരിലൂടെയും പഴയകാലരേഖകളിലൂടെയും സഞ്ചരിച്ചാൽ പെരുമാൾ വംശജരായിരുന്ന തദ്ദേശീയവാസികൾ ഇതിന് ബലം നൽകുന്നതാണ് ചരിത്രപ്രസിദ്ധമായ ആലിയാട് ഊരുട്ടുമണ്ഡപം. നാലുകെട്ടും കളരിയും കൊണ്ട് അറിയപ്പെട്ടിരുന്ന കണ്ണമത്തു മഠമാണ് പിൽക്കാലത്ത് അറിയപ്പെടുന്ന കണ്ണാട്വീട്. കോലിയക്കോട് തിപ്പുകൽമുതൽ കല്ലറ മഠംവരെ വ്യാപിച്ചുകിടക്കുന്ന

കണ്ണാട്ടുപെരാമാൾപ്രഭുവിൻെറ ഭൂ പ്രദേശം. എന്നാൽ പെരുമാൾ ഭരണംഅസ്തമിച്ചപ്പോൾ ഈ പ്രദേശം വേണാടിൻെറ ഭാഗമായിത്തീർന്നു. തുടർന്ന് തിരുവിതാംകൂർ ഭരണത്തിൽകീഴിൽവരുന്നതോടൊപ്പം ആലിയാടിനും കാലാനുസൃതമായമാറ്റങ്ങൾ സംഭവിച്ചു. പുലപ്പേടി ശിക്ഷയിൽനിന്നുരക്ഷപ്പെട്ടുവന്ന പുലയരും, കുറവരും ഇവിടങ്ങളിൽ അഭയം കണ്ടു. തുടർന്നുണ്ടായ ഈഴത്തുനാട്ടുകാരുടെ കുടിയേറ്റത്തിൽപ്പെട്ട് ഈഴവരും കടന്നുവന്നു. എന്നാൽ ഏറ്റവുംവലിയ മാറ്റമുളവായത് ഉമയമ്മറാണിയുടെ കാലത്തെ ചില നടപടികളാണ്. എട്ടരയോഗത്തിൽപ്പെട്ട നായൻമാരും, ബ്രാഹ്മണരും എട്ടുവീട്ടുപിള്ളമാരും ഈ പ്രദേശത്തിലെപെരുമാൾമാരുമായി ബന്ധപ്പെട്ട് ഇടംതേടി. സംസ്ക്കാരസമ്പന്നരായ പെരുമാൾ വംശജർ ഇവരെ ഉൾക്കൊള്ളുകയും വൈവാഹിക ബന്ധത്തിനുപോലും അവസരങ്ങൾ നൽകുകയും ചെയ്തു. തുടർന്നുവരുന്ന തലമുറയാണ് ഇന്നുകാണുന്ന കൂട്ടരെന്നാണ് മനസിലാക്കാൻ കഴിയുന്നത്.

പഴയകലകളായ കാക്കാരിശ്ശി, കമ്പടവുകളി, കളരി എന്നിവ ഇവിടെ നിലനിന്നിരുന്നു. വ്യവഹാരങ്ങളിൽ നിപുണൻമാരായിരുന്ന പ്ളാക്കാടനും, വിളയ്ക്കാടനും ഈ നാടിൻെറ വ്യക്തിത്വത്തിൻെറ ഉടമകളാണ്. ശ്രീനാരായണഗുരുവിൻെറ ശിഷ്യഗണത്തിൽപ്പെട്ട കുമാരുപിളളആശാൻ സംസ്കൃതം, തമിഴ് എന്നിഭാഷകളിൽ അപാര പാണ്ഡിത്യമുളള ആളായിരുന്നു. ഇദ്ദേഹം കോടതികളിലും, വില്ലേജുകളിലും ദ്വിഭാഷിയായിരുന്നതിനുള്ള തെളിവുകൾ ഉണ്ട്. എടുത്തുപറയേണ്ട മറ്റൊരു വ്യക്തിയാണ് കുറവസമുദായത്തിൽപ്പെട്ട ഈഞ്ചക്കുഴി ചിന്നൻ വൈദ്യൻ ക്ഷയരോഗത്തിനും, ആസ്മയ്ക്കും ഒറ്റമൂലിപ്രയോഗ ചികൽസ നടത്തിയിരുന്നു. ചുരുക്കത്തിൽ കാലഘട്ടത്തിൻെറ ഉൾത്തുടിപ്പുകൾക്കനുസരിച്ച് സംസ്ക്കരണപ്രക്രിയയിലൂടെ ദേശിയപ്രസ്താനത്തിൽ പങ്കിവർക്കില്ലങ്കിലും ദേശിയധാരയിൽ ഇഴുകിച്ചേർന്ന് ജനവിഭാഗമാണ് ഈ പ്രദേശത്തിൻെറ ഉടമകൾ. ഇന്നുകാണുന്ന സാമൂഹ്യ മാറ്റത്തിൻെറ പൈതൃകം ഒരുപക്ഷേ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് അവകാശപ്പെട്ടതാണ് എന്നുപറഞ്ഞാൽ അധർമ്മമല്ല. ഇത്തരത്തിൽ മാണിക്കൽ പഞ്ചായത്തിന് മാത്രമല്ല സമീപ പഞ്ചായത്തിലെ പ്രദേശങ്ങൾക്കും മാതൃകയായി വർത്തിക്കുന്ന ഒരു പ്രദേശമാണ് ആലിയാട്.

## ആരാധനാലയങ്ങൾ, ചരിത്രസ്മാരകങ്ങൾ ഐതീഹ്യങ്ങൾ

ക്ഷേത്രങ്ങളും ക്രൃസ്ത്യൻ പള്ളികളും മുസ്ളീം പള്ളികളും കാവുകളും അനവധിയുള്ള ഈ പഞ്ചായത്ത് മത സൗഹാർദ്ദത്തിൻെറ കാര്യത്തിൽ അതുല്യമാണ്. മാമ്പഴമഠം , എടയാണത്തുമഠം, പൂവണത്തൂർ മഠം, വേട്ടമ്പള്ളി ഊര് മഠം തുടങ്ങിയ കുടുംബങ്ങളുടെ ഊരാഴ്മ ക്ഷേത്രമായിരുന്ന പിരപ്പൻകോട്ശ്രീകൃഷ്ണ ക്ഷേത്രം പഞ്ചായത്തിലെ ഏറ്റവും വലിയ ആരാധനാലയവും ഇവിടെയാണ്. ക്ഷേത്രത്തിൻെറ ആൽത്തറയിൽ ജയിൽവാസംകഴിഞ്ഞ്മടങ്ങിയ AKG, T.V തോമസ്, M.N ഗോവിന്ദൻ നായർ എന്നിവർക്ക് സ്വീകരണം നൽകപ്പെട്ടിരുന്നു. പഴയകാലത്ത് ഈ ക്ഷേത്രത്തോടനുബന്ധിച്ച് 10 ദിവസവും സദ്യയുണ്ടായിരുന്നു. ഓട്ടൻതുള്ളൽ, ഹരികഥ, കഥകളി, പാഠകം, പള്ളിവേട്ട തുടങ്ങിയ ക്ഷേത്രകലകൾ അവിടെ അവതരിപ്പിച്ചിരുന്നു.

പഞ്ചായത്തിലെ മുസ്ളീം ദേവാലയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് വേളാവൂർ ജമായത്തിൻെറ കീഴിലുള്ള പള്ളിയും വെമ്പായം ജമായത്തിൻെറ കീഴിലുള്ള പള്ളിയുമാണ്. കൂടാതെ ഒരുഡസനിലധികം പള്ളികൾ പഞ്ചായത്തിൻെറപലഭാഗങ്ങളിലായുണ്ട്.

ക്രൃസ്ത്യാനികളുടെ പ്രധാനപള്ളിയായ കോട്ടപ്പുറം പള്ളി 1962–ൽ തുടങ്ങി. ലോറൻസ് അച്ചനായിരുന്നു ഇതിന് മുൻകൈയ്യെടുത്തത്. മഹാത്മാഗാന്ധി കോട്ടപ്പുറത്തുവന്നപ്പോൾ വിശ്രമിച്ച സ്ഥലം പള്ളി കാമ്പൗണ്ടിലാണ്.

പിരപ്പൻകോട് കല്ലുവെട്ടാം കുഴിയിൽ നൂറ്റമ്പത് വർഷത്തിൽപരം പഴക്കമുള്ള ഒരു ശ്മശാനം ഉണ്ടായിരുന്നു.

തലയിൽ ഉദിയംകോടിനു സമീപം പൊളിഞ്ഞനിലംപതിച്ച അവസ്ഥയിൽ കാണുന്ന ചതുർബാഹു മഹാവിഷ്ണുക്ഷേത്രമാണ്കോവിൽവിള ക്ഷേത്രം. കൽത്തൂണിലാണ് ഈ ക്ഷേത്രം പണിഞ്ഞത്. ചുറ്റമ്പലവും തിടപ്പള്ളിയും ഉണ്ടായിരുന്നു. പീഠത്തിൽ വനമാലയും കൗസ്തുഭവുമണിഞ്ഞ മഹാവിഷ്ണുവിനെ പ്രതിഷ്ടിച്ചിരുന്നു. ഉദ്ദേശം നാണൂറ് വർഷത്തെ പഴക്കമുണ്ട്. റവന്യൂ രേഖകൾ പ്രകാരം ക്ഷേത്രവും കുളവുമുൾപ്പെടെ ഒരേക്കർ ഇരുപതുസെൻറ് സ്ഥലം പുറമ്പോക്കാണ്. പിരപ്പൻകോട് ശ്രീകഷ്ണസ്വാമി ക്ഷേത്രത്തിൻെറ മൂലക്ഷേത്രമാണിതെന്ന് പറയപ്പെടുന്നു.

വേളാവൂർ അമ്പലത്തിലെ കുംഭമാസത്തിലെ തൂക്കം ഈ പഞ്ചായത്തിലെ ഏറ്റവും വലിയ ഉൽസവമാണ്. പന്ത്രണ്ടേക്കറോളം വരുന്ന ജൈവവൈവിധ്യമുള്ള അൻപതിൽപരം കാവുകൾ ഈ പഞ്ചായത്തിലുണ്ട്.

തിരുവിതാംകൂർ രാജാവ് ആറ്റിങ്ങൽ രാജകൊട്ടാരത്തിലേക്ക്പോകുമ്പോൾ വശ്രമിച്ചിരുന്നതെന്ന് വിശ്വസിക്കപ്പെടുന്ന ഒരു കല്ലമ്പലം വേളാവൂരിനു സമീപം ഉണ്ട്. രാജഭരണകാലത്തെ അനുസ്മരിപ്പിക്കുന്ന ചുമടുതാങ്ങിയും പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ഉണ്ട്. ഇതിൽ കോലിയക്കോട് കലങ്കിനു സമീപമുണ്ടായിരുന്നഒരു ചുമടുതാങ്ങി ഒരു സാമൂഹ്യവിരുദ്ധൻ അടുത്തകാലത്ത് നശിപ്പിച്ചുകളഞ്ഞു.

പഴക്കം നിർണ്ണയിച്ചിട്ടില്ലാത്ത അനവധി ക്ഷേത്രങ്ങളും ആൽത്തറകളും നമ്മുടെ സമ്പന്നമായ പൈതൃകത്തെ വിളിച്ചറിയിക്കുന്നു.

ആയിരത്തോളം അന്തേവാസികളുള്ള ശാന്തിഗിരി ആശ്രമം ഈ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്.

## ആരോഗ്യം

അൻപതു വർഷങ്ങൾക്കുമുമ്പ് ആയുർവേദത്തിന് പഞ്ചായത്തിൽ നല്ല പ്രചാരമുണ്ടായിരുന്നു. പഞ്ചായത്തിലെ സംസ്കൃത പണ്ഡിതൻമാരായ ആയുർവേദ വൈദ്യൻമാരും വിഷവൈദ്യന്മാരും ഉണ്ടായിരുന്നു. ആരോഗ്യസ്ഥാപനങ്ങളുടെ കാര്യത്തിൽ മറ്റ് പല പഞ്ചായത്തുകളെക്കാളും ചില പ്രത്യേകതകൾ ഈ പഞ്ചായത്തിനുണ്ട്. അതിൽ പ്രധാനം ഇപ്പോഴത്തെ ലോറൻസ്മാർ അപ്രേം തിരുമേനി 1963-ൽ സ്ഥാപിച്ചകുഷ്ടരോഗാശുപത്രിയാണ്. ഇത് കോട്ടപ്പുറത്ത് സ്ഥിതിചെയ്യുന്നു. ഇതുവരെ 1800 ഓളം രോഗികളെ ഈ സ്ഥാപനം ചികിൽസിച്ച് ഭേദമാക്കിയിട്ടുണ്ട്. പൂലന്തറ സ്ഥിതിചെയ്യുന്ന ശാന്തിഗിരി ആശുപത്രി കോംപ്ലക്സ് അലോപ്പതി, ആയുർവേദ, ഹോമിയോ തുടങ്ങിയ ചികിൽസകൾ നൽകുന്നു. എല്ലാം വിഭാഗങ്ങളിലെയും ഡോക്ടർമാർപരസ്പരം ആശയവിനിമയം നടത്തിയാണ് ചികിൽസ വിധിക്കുന്നത്. 1950 കളിൽ സ്ഥാപിക്കപ്പെട്ട കന്യാകുളങ്ങര സർക്കാർ ആശുപത്രിയും വെള്ളാണിക്കൽ ആയുർവേദ ആശുപത്രിയുമാണ് മറ്റ് രണ്ടുസ്ഥാപനങ്ങൾ.

## കായികം

1950 കളിൽ മികച്ച ഒരു കായിക സംസ്ക്കാരം ഈ പഞ്ചായത്തിനുണ്ടായിരുന്നു. കിളിത്തട്ടുകളിയിൽ മൂണ്ടയക്കൽവാരം ടീം പ്രശസ്തമായിരുന്നു. വോളിബോളായിരുന്നു മറ്റൊരു കളി. മുൻ MLA കോലിയക്കോട് കൃഷ്ണൻനായർ ഒരു വോളിബോൾ താരമായിരുന്നു. ഓണത്തോടനുബന്ധിച്ച് വിവിധ സംഘടനകൾതമ്മിലുള്ള മൽസരങ്ങൾ എല്ലാ ഭാഗത്തും നടന്നിരുന്നു. നാടിന്റെ നാനാഭാഗങ്ങളിലും വിശാലമായ കളിസ്ഥലങ്ങളുണ്ടായിരുന്നു. ഇക്കാലത്തുതന്നെ പിരപ്പൻകോട്ടെ നീന്തൽതാരങ്ങൾ ഇൻഡ്യയെങ്ങും അറിയപ്പെട്ടിരുന്നു.

### കാർഷികം

1950-60 കാലഘട്ടങ്ങളിൽ പ്രധാന കൃഷി നെല്ല്, മരച്ചീനി, കശുമാവ്, കുരുമുളക്, ചേന, ചേമ്പ്, കാച്ചിൽ, മധുരക്കിഴങ്ങ് എന്നിവയായിരുന്നു. ഒറ്റമുണ്ടൻ, കുറ്റിച്ചേറാടി, പവിഴച്ചെമ്പാവ്, പൊന്നൻചൂട്ടി, കുറുവ തുടങ്ങിയനെൽവിത്തിനങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു. വേളാവൂർ ആറ് ഈ പഞ്ചായത്തിലെ ഒരു പ്രധാന ജലസ്രോതസ്സാണ്.

### വ്യവസായം

പഞ്ചായത്തിലെ പരമ്പരാഗത വ്യവസായങ്ങൾ ഇഷ്ടിക നിർമ്മാണം ബീഡി നിർമ്മാണം ഇവയായിരുന്നു. അടുത്തകാലത്തായി ഒരു മിനറൽവാട്ടർ ഫാക്ടറി പഞ്ചായത്തിലാരംഭിച്ചിട്ടുണ്ട്. ഒരു വൻ ആയുർവേദ മരുന്നു നിർമ്മാണശാലയും കേരളത്തിലെ ഏറ്റവും വലിയസിദ്ധമരുന്ന് നിർമ്മാണകേന്ദ്രവും ശാന്തിഗിരി ആശ്രമത്തോട് അനുബന്ധിച്ച് പ്രവർത്തിക്കുന്നുണ്ട്.

### വാർത്താവിനിമയം ഗതാഗതം

സ്വാതന്ത്ര്യത്തിനു മുൻപുതന്നെ വാർത്താവിനിമയ രംഗത്ത് പിരപ്പൻകോടിന് ഒരു പ്രത്യേക സ്ഥാനമുണ്ട്. ഈ പ്രദേശങ്ങളിലെ ഏക അഞ്ചലാഫീസ് പിരപ്പൻകോട്ടായിരുന്നു.

കൊല്ലവർഷം 110ലാണ് പോത്തൻകോട്, തയ്ക്കാട് റോഡ് തയ്യാറാവുന്നത്.

മണ്ഡപത്തും വാതുക്കലിന്റെ തലസ്ഥാനമായിരുന്നു പിരപ്പൻകോട്. മണ്ഡപത്തു വാതുക്കലാണ്കാലാന്തരത്തിൽ താലൂക്കായി രൂപാന്തരപ്പെട്ടത്. പിൽക്കാലത്ത്മണ്ഡപത്തും വാതുക്കലുകൾ വിഭജിച്ച്പാർവത്യങ്ങളാക്കിപാർവത്യങ്ങളിൽനിന്ന് വിഭജിച്ചുണ്ടാക്കിയതാണ് മേൽക്കങ്ങാണങ്ങൾ നെടുമങ്ങാടു മണ്ഡപത്തും വാതുക്കലിന്റെ എട്ടാമത്തെ പാർവത്യമാണ് മാണിക്കൽ പകുതികച്ചേരി യായ രൂപാന്തരം പ്രാപിച്ചത്.

## സ്ഥലനാമകഥകൾ

### മാണിക്കൽ

മാണിക്കകല്ല് വിളയുന്ന സ്ഥലം എന്നാണർത്ഥം. പഞ്ചായത്തിന്റെ പല സ്ഥലങ്ങളിലും മാണിക്യ വൈഡൂര്യം തുടങ്ങിയ കല്ലുകൾ സുലഭമാണ്.

### പിരപ്പൻകോട്

സ്വാതിതിരുനാളിന്റെ കാലത്ത് നടുവിലവീട്ടിലെ മൂത്തയാളിനെ നാട്ടു പ്രമാണിയെന്ന നിലയി കേസ്സുകൾക്ക് തീർപ്പുകൽപ്പിക്കാനായി നിയോഗിക്കുകയും പരപ്പനയ്യപ്പൻ എന്ന സ്ഥാനപ്പേര് നൽകുകയ ചെയ്തു. പരപ്പൻഅയ്യപ്പന്റെ കോഡ് എന്നത് പിരപ്പൻകോടായി മാറി.

### കോലിയക്കോട്

കോലിഞ്ചി അഥവാ കോലിയം ധാരാളം ഉള്ള സ്ഥലം.

### തീപ്പുകൽ

നാട്ടിലെ തർക്കങ്ങൾക്ക് തീർപ്പുകൽപ്പിക്കുന്നത് ഒരു കല്ലിന് സമീപമായിരുന്നു. തീർപ്പുകൽ എന്ന് തീപ്പുകലായി.

### വേളാവൂർ

വേളാൻമാർ ധാരാളം ഉണ്ടായിരുന്ന ഊര് അഥവാ ദേശം.

### ആലിയാട്

ആലിൻകാടാണ് ആലിയാടായത്.

ഒരു സമ്പന്ന ഭൂതകാലത്തിന്റെ ഉടമകളാണ് നമ്മൾ. നാടിനുവേണ്ടി വളരെയധികം ത്യാഗം സഹ ത്യാഗാന്ധൻമാരുടെ നാടാണിത്. അവരുടെ ഓർമ്മകൾപോലും നമ്മെ പുളകമണിയിക്കു കാർഷികവ്യവസായ മേഖലകളിൽ ഉൽപാദനം പതിൻമടങ്ങാക്കുന്നതിനും സ്വയം പര്യാപ്ത വികസിതമായ നമ്മുടെ നാടിനെ രൂപപ്പെടുത്തിയെടുക്കുന്നതിനും ഈ പൈതൃകം നമ്മെ സഹായി എന്നാശിക്കാം.

# " ഇന്നലെകളെത്തേടി"

കേരളത്തിനും ഇൻഡ്യയ്ക്കും നിരവധി പ്രഗൽഭൻമാരെ സംഭാവന നൽകിയ ഒരു നാടാണ് മാണിക്കൽ. അറിയപ്പെടുന്ന നിയമപണ്ഡിതനും പൊതുപ്രവർത്തകനുമായ ശ്രീ. പിരപ്പൻകോട് ശ്രീധരൻ നായർ സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിലെ ശ്രദ്ധേയരായ ശ്രീ. തലേക്കുന്നിൽ ബഷീർ Ex. M.P, ശ്രീ. കോലിയക്കോട് കൃഷ്ണൻ നായർ Ex. MLA, ശ്രീ. പിരപ്പൻകോട് മുരളി MLA, ശ്രീ. ആലിയാട് മാധവൻ പിള്ള, കാവിയാട് ദിവാകര പണിക്കർ, മുൻ പഞ്ചായത്തു പ്രസിഡൻറുമാരായ N.N. കുഞ്ഞുകൃഷ്ണപിള്ള M.A. സലാം, സുലൈമാൻ പിള്ള എന്നിവരെ അണിനിരത്തി "ഇന്നലെകളെത്തേടി" എന്ന പരിപാടി സംഘടിപ്പിക്കാൻ ഞങ്ങൾ തീരുമാനിച്ചു.

ഇന്നിൻെറ ചിന്തയും, ഭേദങ്ങളും ഞങ്ങൾ അറിയുന്നു. ഇന്നിൻെറ തുടിപ്പുകൾ പേറുന്ന ഞങ്ങൾക്കറിയണം "ഇന്നലെകളെക്കുറിച്ച്". നമുക്കുവേണ്ടി ശ്രീ. ഗിരീഷ്കുമാർ (KRP) ഇൗനനായകരോട് ചോദ്യങ്ങൾ ചോദിച്ചു. 1996 നവംബർ മാസം 9-ാം തീയതി പിരപ്പൻകോട് L.P.S ൻെറ തിരുമുറ്റത്ത് "ഇന്നലെകൾ" അനാവരണം ചെയ്യപ്പെട്ടു. ക്ഷണിക്കപ്പെട്ടിരുന്നവരിൽ ശ്രീ. പിരപ്പൻകോട് ശ്രീധരൻ നായർ, കോലിയക്കോട് കൃഷ്ണൻ നായർ, ആലിയാട് മാധവൻപിള്ള, എൻ. എൻ. കുഞ്ഞുകൃഷ്ണപിള്ള, എം. എ. സലാം എന്നിവർ പങ്കെടുത്തു. ക്ഷണിക്കപ്പെടാതെ തന്നെ എത്തിച്ചേർന്ന ശ്രീ. ദാമോദരൻ പിള്ള ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൽ പങ്കാളിയാകാനുള്ള ജനതയുടെ വികാരത്തിൻെറ പ്രതീകമാണ്. പഴയതലമുറയിൽപ്പെട്ട നമ്മുടെ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. പി. സുകുമാരൻ നായർ "ഇന്നലെകളെ" ക്കുറിച്ച് സാസാരിച്ചു.

മാണിക്കൽ വില്ലേജ് യൂണിയൻ തുടങ്ങി ഗ്രാമപഞ്ചായത്ത്‌വരെയുള്ള ഭരണചരിത്രം സാമൂഹ്യനീതിക്കായി ഇവിടെ നടന്ന എണ്ണമറ്റ സംഭവങ്ങളും സമരങ്ങളും, കാർഷിക രംഗത്തെ പ്രശ്നങ്ങൾ, ഇല്ലങ്ങളുടേയും തറവാടുകളുടേയും, കുടില്കളുടേയും ഇടർച്ചയും ഉയർച്ചയും കലയുടേയും, സ്പോർട്സിൻെറയും സാമൂഹ്യപ്രസ്ഥാനങ്ങളുടേയും വളർച്ച തുടങ്ങി പല വിവരങ്ങൾ "ഇന്നലെയുടെ" തേരാളികൾ പങ്കുവച്ചു.

മാനേജ്മെൻറ് സ്കൂൾ സ്ഥാപിക്കുന്നതും ഹൈസ്കൂൾ ആകുന്നതും സർക്കാർ ഏറ്റെടുക്കുന്നതുമായ പിരപ്പൻകോട് ഹൈസ്കൂളിൽ നടന്ന സംഭവപരമ്പരകൾ മാണിക്കലിൽ പുരോഗമന സാമൂഹ്യ പ്രസ്ഥാനത്തിന് അടിസ്ഥാനശിലയിട്ടു എന്നത് അവിതർക്കിതമാണ്. അവിടെനിന്നും ഉയർന്നുവന്നവരാണ് കർഷകപ്രസ്ഥാനം തുടങ്ങി പലതിനും പിന്നീട് നേതൃത്വം നൽകിയത്.

ദേശിയ പ്രസ്ഥാനത്തിൽ നമ്മുടെ പങ്കിനെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ "ഇന്നലെകളിൽ" നിന്നും ലഭിച്ചില്ല. ചരിത്രാന്വേഷണത്തിൽ സ്വാതന്ത്ര്യസമരഗാഥയ്ക്ക് നമ്മുടെ മണ്ണിൽ ഉണ്ടായിരുന്ന അമൂല്യസ്ഥാനം കണ്ടെത്താൻ ഒരു പ്രയാസവുമുണ്ടായില്ല. ഇവിടെ ശ്രദ്ധേയമാകുന്നത് ദേശീയപ്രസ്ഥാനത്തിൽ നേതൃത്വപരമായ പങ്കുണ്ടായിരുന്നവർ പിന്നീട് നമ്മുടെ സാമൂഹ്യ പ്രസ്ഥാനത്തിൽ പങ്കാളികളായില്ല എന്നാണ്. പിരപ്പൻകോട് ഹൈസ്കൂൾ സമരവുമായി ബന്ധപ്പെട്ട്വന്നവരിലൂടെയാണ് നമ്മുടെ സാമൂഹ്യ സാംസ്കാരിക രംഗം ഉയർന്നു വന്നത്.

"ഇന്നലെകളെത്തേടി" പരിപാടിയോടൊപ്പം സംഘടിപ്പിച്ച മുത്തച്ഛൻമാരെ ആദരിക്കൽ പരിപാടി എല്ലാവാർഡിലും നവംബർ 8ന് നടന്നു. ഈ രണ്ടുപരിപാടികളിൽ നിന്നും ലഭിച്ച വിവരങ്ങളും ദേശിയ പ്രസ്ഥാന പങ്കാളിത്തവും എല്ലാം തന്നെ ചരിത്രം അദ്ധ്യായത്തിൽ വിശദമായി സൂചിപ്പിച്ചിട്ടുണ്ട്.



ഇന്നലെകളെത്തേടി





ഇന്നലെകളെപ്പറ്റി
നേതാക്കൾ
സംസാരിക്കുന്നു.

# പഠന പര്യടനം (TRANSECT WALK)

നവംബർ 7 ലോകോത്തര ശാസ്ത്രകാരനായ സി. വി. രാമൻെറ ജൻമദിനം നമ്മു പഞ്ചായത്തിലെ പഠന പര്യടനത്തിന് നിശ്ചയിച്ച ദിവസം അന്നായിരുന്നു. കിഴക്ക കുന്നിൻമണ്ടയിൽനിന്നും പടിഞ്ഞാറൻ മലമുകളിൽ നിന്നും രാവിലെ 8 മണിക്ക് പര്യടനയാത്ര ആരംഭിക്കാ പാകത്തിൽ 2 ടീമുകൾ പഞ്ചായത്ത് ഓഫീസിൽനിന്നും വാഹനങ്ങളിൽ യഥാക്രമം നെടുംകാണി വെള്ളാണിക്കൽ സ്ഥലങ്ങളിൽ എത്തിച്ചേർന്നു. വെള്ളാണിക്കൽ യാത്രയാരംഭിച്ച സംഘാംഗങ്ങൾ 3.40നു നെടുംകാണിയിൽ തുടങ്ങിയ യാത്രയിലെ അംഗങ്ങൾ4.25 നും പഞ്ചായത്ത് ഓഫീസിൽ എത്തിച്ചേർന്നു.

പുതിയൊരു സമീപനവുമായി കടന്നുപോയ വഴികളിലൂടെ വീണ്ടും നടന്നുവന്നപ്പോൾ ഒരുപാ കാര്യങ്ങൾ മനസ്സിലാക്കാനും പുതിയകണ്ടെത്തലുകൾ തിട്ടപ്പെടുത്താനും അവസരം ലഭിച്ചു. നമുക്ക നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സസ്യലതാതികൾ, വൃക്ഷങ്ങൾ, ഔഷധങ്ങൾ, മണ്ണ്, നീരുറവകൾ പഴമയുടേയു തനിമയുടേയും അവശിഷ്ടങ്ങൾ വയലേലകൾ എല്ലാം. ഈ വികസനരേഖ തയ്യാറാക്കുവാനും ഒരു സമന്വയ സംസ്കരണത്തിന് അടിത്തറയിടാനും ഈ യാത്ര കാരണമായി.

## ഈ ചിത്രസന്ധിയിലെ അനുഭവങ്ങൾ അറിഞ്ഞവർ

| | കിഴക്കൻ മേഖല | | പടിഞ്ഞാറൻ മേഖല |
|---|---|---|---|
| 1. | മധു വെമ്പായം | 1. | പി. ചന്ദ്രൻ |
| 2. | ചന്ദ്രശേഖര പിള്ള | 2. | ജി. ശ്രീധരൻ നായർ |
| 3. | എം. ബാലകൃഷ്ണൻ നായർ | 3. | പി. സുരേന്ദ്രൻ നായർ |
| 4. | ആർ. രാമകൃഷ്ണപിള്ള | 4. | എൻ. ജയചന്ദ്രൻ |
| 5. | ആർ. വിജയൻ നായർ | 5. | കെ. ആർ. കൃഷ്ണൻകുട്ടിനായർ |
| 6. | വിജയകുമാർ | 6. | കെ. രവീന്ദ്രൻ നായർ |
| 7. | ശശിധരൻ | 7. | ജി.രാജേന്ദ്രൻ |
| 8. | ദിവാകരൻ നായർ | 8. | ജി. സുരേന്ദ്രൻ |
| 9. | എ.എ. ബഷീർ | 9. | എൻ. മഞ്ജു |
| 10. | എം. ശ്രീകുമാർ | 10. | 10. എസ്. റീജ |
| 11. | കെ. മഹേശ്വരൻ | 11. | ജി. രവീന്ദ്രൻ പിള്ള |
| 12. | ഹാഷിം | 12. | ഹരിലാൽ |
| 13. | ഷിബു | 13. | ഗോപിനാഥൻ നായർ |
| 14. | സുജുമുദ്ദീൻ | 14. | വിജയൻ |
| 15. | കെ. സി. സാജു | | |

### നിഗമനങ്ങൾ

* കുന്നിൻ മണ്ടകളിലും ചരിവുകളിലും റബ്ബർ കൃഷി വ്യാപകം.
* ഫലപ്രദമായി മണ്ണൊലിപ്പു നിവാരണ മാർഗ്ഗങ്ങൾ ഇല്ല.
* നെൽപ്പാടങ്ങൾ നികത്തുന്നു.
* ഏലാകളിൽ മരച്ചീനി, വാഴ, ഇടവിള കൃഷികൾ വ്യാപിക്കുന്നു.
* പുരയിടങ്ങളിൽ മിശ്രകൃഷി നന്നേ കുറവ്.
* നീരുറവകൾ സംരക്ഷിക്കപ്പെടുന്നില്ല.



1. മാണിക്കൽ പഞ്ചായത്ത് ആഫീസ്
2. മാണിക്കൽ ഏല
3. കടുവം തലയ്ക്കൽ
4. കുഞ്ചിക്കുഴി
5. കല്ലിടാന്തിക്കുഴി
6. മടത്തിൽവിള
7. ഇടപ്പൻകോട്
8. നെല്ലിവിള
9. മൊട്ടക്കാവ്
10. കരിക്കകം
11. മുളംകുഴി
12. തലയൽ
13. പുത്തൻകോണം
14. വേടത്തികുന്ന്
15. നെടുമകാണിപ്പള്ളി

---



1. വെള്ളാണിക്കൽ ജംഗ്ഷൻ
2. വെള്ളാണിക്കൽകുന്ന്
3. കല്ലുവരമ്പ് ഏല
4. ഉച്ചിക്കുന്ന്
5. പറയരുകോണം ഏല
6. നീർക്കോട്ടുകോണം
7. അരിപ്ര പൊയ്ക
8. പുത്തയം
9. പുത്തയം ഏല
10. പാളയം കെട്ട്
11. കുരോട്ടുകോണം
12. ഉല്ലാസ്നഗർ
13. വൈദ്യൻകാവ് ഏല
14. കല്ലമ്പലം
15. മുത്തലക്കോട് ഏല
16. അമ്പനാട്ട് ഏല
17. വട്ടവിള
18. പ്ലാവിള
20. കൈതറ
23. പിരപ്പൻകോട്

തോട്ടങ്ങളും, കൈത്തോടുകളും പരിരക്ഷിക്കപ്പെടുന്നില്ല.

- കുന്നിൻ പ്രദേശങ്ങളിൽ കിണറുകളിൽ വെള്ളമില്ല.
- വേടത്തിക്കുന്ന്, പുത്തൻകോണം പ്രദേശത്തെ കിണറുകളുടെ അടിഭാഗം കളിമണ്ണ്.
- പണപ്രദേശങ്ങളിൽ തെങ്ങുകൃഷി ഉണ്ട്.
- പരമ്പരാഗത കൃഷിരീതികൾ അവസാനിച്ചിരിക്കുന്നു.
- തെങ്ങുകൾക്ക് രോഗബാധ വ്യാപകം.


**HARD & SOFT COMPUTER CENTRE**

Opp. SBT, Venjaramood

Trivandrum-695607

✆ 873145 (R)

*THE RIGHT PLACE TO STEP IN FOR:*

*Job works and computerisation of documents*

*Laser Printing*

*Computerised type setting*

*Computer consultancy & Advanced high level training and Gulf Package*

# ഭൂപ്രകൃതി

കേരളത്തിന്റെ തനതു ഭൂവിഭാഗത്തോട് തൊട്ടടുത്തു നിൽക്കുന്ന മാണിക്കൽ പഞ്ചായത്തിന്റെ ഭൂപ്രകൃതിയെ പ്രധാനമായും ആറായി തരം തിരിക്കാം.

1. വലിയകുന്നുകൾ
2. കുത്തനെയുള്ള ചരിവുകൾ
3. ചെറിയ കുന്നിൻ പ്രദേശങ്ങളിലെ നിരന്ന ഭൂമി
4. ചെറിയ ചരിവുകൾ
5. താഴ്‌വരകൾ
6. ഏലാപ്രദേശങ്ങൾ

## 1. വലിയകുന്നുകൾ

കുന്നിൻ പ്രദേശങ്ങളാൽ ചുറ്റപ്പെട്ട ഒരു പഞ്ചായത്താണ് നമ്മുടേത്. ഒരു കാലത്ത് കശുമാവ് കൃഷി പ്രധാനപ്പെട്ടതായിരുന്നെങ്കിൽ ഇന്നതിന്റെ സ്ഥാനത്ത് ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്യപ്പെട്ട റബ്ബറാണ്. ജലദൗർലഭ്യം വളരെ അനുഭവപ്പെടുന്നഈ കുന്നിൻപ്രദേശങ്ങളിൽ മഴക്കാലത്തുണ്ടാകുന്നമണ്ണൊലിപ്പ് ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങളുയർത്തുന്നു.

വെള്ളാണിക്കൽ, പാറമുകൾ, വേടത്തിക്കുന്ന്, നൂറേക്കർ എന്നിവയാണ് മാണിക്കൽ പഞ്ചായത്തിലെ പ്രധാനപ്പെട്ട കുന്നുകൾ. ഇതിലേറ്റവും വലിയ കുന്ന് പാറമുകളാണ്. അഞ്ചുമാസത്തോളം ഇവിടെ ജലദൗർബല്യം അനുഭവപ്പെടുന്നു.

## 2. കുത്തനെയുള്ള ചരിവുകൾ

ജനവാസം കുറവായ ഈ മേഖലയിലെ പ്രധാന കൃഷി റബ്ബറാണ്. എന്നാൽ കുത്തനെചരിവുള്ള മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് വേടത്തിക്കുന്നിന്റെ ചരിവുകളിൽ താരതമ്യേന ജനവാസം കൂടുതലാണെന്നു മാത്രമല്ലമിശ്രവിള കൃഷി ചെയ്തുവരുന്നു. മഴക്കാലത്തുണ്ടാകുന്ന മണ്ണൊലിപ്പ് മണ്ണിന്റെ ഫലപുഷ്ടതയെ നശിപ്പിക്കുന്നു.

## 3. ചെറിയ കുന്നിൻ പ്രദേശങ്ങളിലെ നിരന്ന ഭൂമി

മാണിക്കൽ പഞ്ചായത്തിലെ പ്രധാനപ്പെട്ട ജംഗ്ഷനുകൾ ഇത്തരം പ്രദേശങ്ങളാണ്. പിരപ്പൻകോട്, കുതിരകുളം, മദപുരം, കോലിയക്കോട്, തുടങ്ങിയ പ്രദേശങ്ങൾ ചെറിയകുന്നിൻ പ്രദേശങ്ങളിലെ നിരന്ന ഭൂമിയിലാണ്. പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ മിക്കവയും സ്ഥിതിചെയ്യുന്നതിവിടെയാണ്. ജനവാസം കൂടുതലാണീമേഖലയിൽ. വർഷത്തിൽ എട്ടുമാസംമാത്രമാണ് ഇവിടെ കിണറുകളിൽ ജലം ലഭിക്കുന്നത്.

## 4. ചെറിയ ചരിവുകൾ

പഞ്ചായത്തിലെ ചിറ്ററിക്കോണം, തയ്ക്കാട്, പാലവിള, കൊപ്പം പാറയ്ക്കൽ, മൂളയം, തുടങ്ങിയ ചെറിയ ചരിവുപ്രദേശങ്ങളിൽ റബ്ബർ, മരച്ചീനി ഇവ കൃഷിചെയ്യുന്നു. കരിക്കോത്തിൽ, പുല്ലമ്പാറ, നന്നാട്ടുകാവ്, തീപ്പുകൽ, കൃഷിയോഗ്യമല്ലാത്ത പാറക്കൂട്ടങ്ങളിൽഅധികവും ഈ പ്രദേശങ്ങളിലാണ് കാണുന്നത്.

## 5. താഴ്‌വാരങ്ങൾ

തെങ്ങ്, മാവ്, പ്ലാവ്, ഇവ ധാരാളമുണ്ടായിരുന്ന താഴ്‌വരകളിൽ റബ്ബർ കൃഷി പ്രധാനപ്പെട്ട ഒന്നായി മാറിക്കൊണ്ടിരിക്കുന്നു. തെങ്ങിൻതോപ്പുകൾ അധികവും ഈ പ്രദേശങ്ങളിലാണ്.

പഞ്ചായത്തിലെ പ്രധാന താഴ്‌വാരങ്ങൾ കൈതറ, ചെമ്പിൽകുഴി, കുന്നിട, കോട്ടത്തിൽ നന്നാട്ടുകാവ്, പൊയ്ക എന്നിവയാണ് ചില ഉദാഹരണങ്ങൾ. മിശ്രകൃഷി ആകെ കാണുന്നതു ഈ പ്രദേശങ്ങളിലാണ്.

## 6. ഏലാ പ്രദേശങ്ങൾ

(വിശദമായി നെൽകൃഷിയിൽ സൂചിപ്പിക്കുന്നു.)

## ജലസമ്പത്ത്

കിഴക്കൻ മലയടിവാരത്തിൽ നിന്നും ആരംഭിക്കുന്ന നീരൊഴുക്കുകൾചെറുതോടുകൾ വഴിതെക്കുകിഴക്കേമൂലയിൽ വെമ്പായത്തുതുടങ്ങി വിളയ്ക്കാട് കടന്നുപോകുന്ന പ്രധാന തോട്ടിൽ എത്തിച്ചേരുന്നു. ഉദിയൻകോട്, തലയൽ, കടുമ്പൂര്, കുതിരകുളം വടക്കതിൽ എത്തുന്ന തോടു പിരപ്പൻകോട് മാണിയ്ക്കൽ തൈക്കാട് വഴി മൂന്നാറ്റുമുക്കിൽ എത്തുന്ന വലിയ തോടും, കൊഞ്ചിറ തുടങ്ങി കാവിയാട് എത്തുന്നതോടും പുല്ലുക്കേക്കോണം, മത്തനാട്, ചെറുകോണം തോടു മുക്കമ്പാലത്തോടും അനേകം കൈവഴികൾകൊണ്ട് ജലസമ്പുഷ്ടമാണ്. മാണിയ്ക്കലിൽ ഇപ്പോൾ ജലസമ്പത്ത്കുറഞ്ഞുവരുന്നു.

വേനലിൽ ജലം നഷ്ടപ്പെടുന്നവയാണ് മിക്കവാറും തോടുകൾ. കിഴക്കുനിന്നും പടിഞ്ഞാറോട്ടൊഴുകുന്നവയാണ് മിക്കവയെങ്കിലുംപ്രധാന തോട്ടിൽ എത്തിച്ചേരുന്നതിനുവേണ്ടിചിലവ വടക്കുനിന്നും തെക്കോട്ടും മറ്റുചിലത് തെക്കുനിന്നും വടക്കോട്ടും ഒഴുകുന്നു. ഇത്തരം തോടുകളും കൈത്തോടുകളും അധികവും നിരന്ന പ്രദേശങ്ങളിൽ കൂടിയാണ് കടന്നുപോകുന്നത്.

## മൺതരങ്ങൾ

പൊളക്കല്ല്, ചരൽമണ്ണ്, മണൽകലർന്ന ചരൽ, മണ്ണ്, ചുണ്ണാമ്പുകലർന്ന മണ്ണ്, കാരിയം കലർന്ന മണ്ണ്,ഈയ്യക്കല്ല്, വെട്ടുകൽനിറഞ്ഞമണ്ണ്, തുടങ്ങിയവയാണ് നമ്മുടെ പഞ്ചായത്തിലെ മൺതരങ്ങൾ.

വെള്ളാണിക്കൽ, മൊട്ടക്കാവ്, ഗ്രാമങ്ങളിൽ രണ്ടുമീറ്റർ താഴ്ചയിൽ പോളക്കല്ല് മണ്ണുണ്ട് ഇത് റബ്ബറിന് അനുകൂലമാണ്. പഞ്ചായത്തിൽ അധികവും ചരൽ കലർന്ന മണ്ണാണ് കാണുന്നത് ഇത് എല്ലാത്തരം കൃഷിക്കും യോജിച്ചതാണ്. വേളാവൂർ, പിരപ്പൻകോട്, വാർഡുകളിൽ മണൽ കലർന്ന ചരൽ മണ്ണുണ്ട്. ഇത് എല്ലാ കൃഷിക്കും വളരെ യോജിച്ചതാണ്. വാദ്ധ്യാരുകോണം പച്ചക്കാട് ഭാഗങ്ങളിൽചുണ്ണാമ്പു കലർന്ന മണ്ണ് കാണാൻ കഴിയും. ഉപ്പനച്ചം പൊയ്കയുടെ കിഴക്കുഭാഗത്ത് 500 ച.മീ ഭാഗത്ത് കാരിയം കലർന്ന മണ്ണു കണ്ടുവരുന്നു. ഇവിടെ ഈയക്കല്ലു ഉണ്ട്. കല്ലുവെട്ടാൻകുഴി ഭാഗം വെട്ടുകൽ നിറഞ്ഞ സ്ഥലമാണ്. കാഞ്ഞാംപാറ, കിടുകിടുക്കാ പാറ, നെടുമ്പാറ മുകൾ, തണ്ണിക്കര, പേരാത്ത്മുകൾ തുടങ്ങിയ സ്ഥലങ്ങൾപാറപ്രദേശങ്ങളാണെങ്കിലും റബ്ബർ, കശുമാവ്, എന്നിവ ധാരാളമായി ഈ സ്ഥലങ്ങളിൽ ഉണ്ട്.

# കൃഷിയും ജലസേചനവും

## കാർഷികരംഗം

### മഴയുടെ അവസ്ഥ

നമ്മുടെ പഞ്ചായത്തിൽ 90% കൃഷിയും മഴയെ ആശ്രയിച്ചാണ് നടത്തുന്നത്. പ്രധാനമായും തെക്കുപടിഞ്ഞാറൻ മൺസൂൺകാറ്റും വടക്കുകിഴക്കൻ മൺസൂൺ കാറ്റും. അതായത് ഇടവപ്പാതിയും തുലാവർഷവും 15 വർഷങ്ങൾക്കുമുൻപ് കൃത്യമായി ഇടവം 15-ന് തന്നെ കാലവർഷവും തുലാം 10നു താഴെ തുലാവർഷവും കിട്ടിയിരുന്നു. അതുകൊണ്ട് കർഷകർക്ക് നിശ്ചിതദിവസംതന്നെ കൃഷിആരംഭിക്കാൻ കഴിഞ്ഞിരുന്നു. മേടമാസം പത്താം ഉദയം കർഷകനെസംബന്ധിച്ച് പ്രത്യേകത ഉള്ള ദിവസമാണ്. കാരണം മിക്കവാറും നടീൽ വസ്തുക്കൾ പാകിമുളപ്പിക്കാൻ പറ്റിയദിവസം എന്നാണ് ധാരണ. അന്നേദിവസം ധാരാളം മഴ ലഭിക്കുന്നു. ഇപ്പോൾ കാലാവസ്ഥയിൽ ഉണ്ടായവ്യതിയാനം കൃഷിയെ ആകെ തകിടം മറിച്ചിരിക്കുന്നു. ഇടവപ്പാതിപോയി കർക്കടകത്തിൽ എത്തിയിരിക്കുകയാണ് കാലവർഷം. തുലാവർഷവും വൃശ്ചികത്തിൽ ഒന്നോ രണ്ടോ മഴയോടുകൂടി അവസാനിക്കുന്നു. ഇങ്ങനെ കാലവർഷത്തിൽ വരുന്നമാറ്റം മുളച്ചുകിട്ടുന്ന നടീൽവസ്തുക്കൾ യഥാസമയം കൃഷിചെയ്യാൻ സാധിക്കാത്ത അവസ്ഥയിൽ ആകുന്നു. മുൻകാലത്ത് തുലാവർഷം നിമിത്തം ദീപാവലിസ്നാനംപോലും വെള്ളപ്പൊക്കത്തിൽ ആഹ്ളാദപൂർവ്വം കൊണ്ടാടിയിരുന്നു. ഇപ്പോൾ മഴയിൽ ഉണ്ടാകുന്ന വ്യതിയാനം കണക്കിലെടുത്ത് കർഷകരെ കൃഷിപ്പണി പരിശീലിപ്പിക്കാൻ കൃഷിഭവനും മറ്റും മുന്നോട്ടുവന്നാൽ മാത്രമേ കാർഷികരംഗം അഭിവൃദ്ധിപ്പെടുകയും തദ്വാര ഭക്ഷ്യപ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്യുകയുള്ളു.

### കാർഷികസ്ഥാപനങ്ങൾ

മാണിക്കൽ കൃഷിഭവനാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട കാർഷിക സ്ഥാപനം. 1987മുതൽ ഈ പഞ്ചായത്തിൽ മാത്രമായി ഈ ആഫീസ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. കൃഷിഭവന്റെ പ്രവർത്തനം ജനകീയവൽക്കരിക്കേണ്ടതും വ്യാപകമാക്കേണ്ടതും ആവശ്യമാണ്. കൃഷിഭവൻമുഖാന്തിരമുള്ള സേവനങ്ങളേയും പ്രവർത്തനങ്ങളേയും സംബന്ധിച്ച് കർഷകർ ബോധവാൻമാരാകേണ്ടതുണ്ട്. കുതിരകുളം വാട്ടർഷെഡ്ഡ്പോലുള്ള പദ്ധതികളിൽ കൃഷിഭവന്റെ മേൽക്കോയ്മ സ്ഥാപിച്ചെടുക്കാനും കഴിഞ്ഞിട്ടില്ല. വേളാവൂർ വാട്ടർഷെഡ് പ്രോജക്റ്റിൽ ഈ കുറവ് നികത്തുവാൻ കഴിയണം. നിലവിലുള്ള കൃഷിഭവൻ ഉദ്യോഗസ്ഥരുടെ സേവനതൽപരത പ്രയോജനപ്പെടുത്തുവാൻ നമ്മുടെകർഷകർക്ക് കഴിയണം.

കേരസമിതി, നെല്ലുൽപാദകസംഘങ്ങൾ, പാടശേഖരകമ്മിറ്റികൾ, റബ്ബർഉൽപാദകസംഘങ്ങൾ എന്നിവയാണ് പഞ്ചായത്തിലെ മറ്റ് കർഷകസംഘങ്ങൾ. ഇതിൽ കേരസമിതിയാണ് ചെറിയതോതിലെങ്കിലും പ്രവർത്തിക്കുന്നത്.

### വായ്പാസൗകര്യങ്ങൾ

മാണിക്കൽസഹകരണ ബാങ്ക് യൂണിയൻബാങ്ക്-ഓഫ് ഇൻഡ്യ പിരപ്പൻകോട്, പാലോട് കാർഷികവികസന ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, വെമ്പായം എന്നിവയാണ് പഞ്ചായത്തിലെ കർഷകർക്ക് കാർഷിക വായ്പ ലഭിക്കുന്ന സ്ഥാപനങ്ങൾ. കാർഷിക വായ്പ പലപ്പോഴും കാർഷികേതര ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചുകാണുന്നത്. കാലാവസ്ഥയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ പ്രകൃതിക്ഷോഭം ഇവമൂലം നട്ടം തിരിയുന്ന കർഷകർ യഥാസമയം വായ്പാസൗകര്യം ലഭ്യമായാൽ വളരെ സഹായകമായിരിക്കും. കൃഷി ഇറക്കുന്നതിന് സാമ്പത്തികമായി സഹായിക്കുന്നതരത്തിൽ വായ്പാസംവിധാനം പുനർക്രമീകരിക്കപ്പെടേണ്ടതുണ്ട്. മാണിക്കൽ സർവ്വീസ് സഹകരണ ബാങ്കിന് ഈ പഞ്ചായത്തിലെ മുഴുവൻ കർഷകരേയും യഥാസമയം വായ്പനൽകി സഹായിക്കാൻ കഴിയുന്നില്ല. പാലോട് കാർഷികവികസന ബാങ്കിലെ നടപടിക്രമങ്ങൾ കർഷകരെ വല്ലാതെ ബുദ്ധിമുട്ടിപ്പിക്കുന്നു.

നാഷണലൈസ്ഡ് ബാങ്കുകളിൽ യൂണിയൻ ബാങ്ക് ഈ രംഗത്ത് ചില പ്രവർത്തനങ്ങൾ നടത്തുന്നു പഞ്ചായത്തിലെ ആറു വാർഡുകൾ ഉൾപ്പെടുന്ന പ്രദേശത്തെ ബാങ്കാണ് S.B.T. ഇവരുടെ പ്രവർത്ത തീരെ അപര്യാപ്തമാണ്. കാർഷികവായ്പയ്ക്കുള്ള പലിശനിരക്ക് കുറയ്ക്കുകയും വായ്പാമാർഗ്ഗങ്ങ ലളിതമാക്കുകയും പ്രകൃതിക്ഷോഭം തുടങ്ങിയ കാരണങ്ങളാൽ വിളനാശം സംഭവിച്ചാൽ വായ്പാ നടപ്പിലാക്കുകയും ചെയ്യണം.

## അവലോകനം

കുന്നുകളും ചരിവുകളും സമതലങ്ങളും വയലേലകളും അടങ്ങുന്ന സമൃദ്ധമായ കൃഷിഭൂമിയാ മാണിക്കൽ പഞ്ചായത്ത്. റിക്കാർഡുകൾ പ്രകാരം 8713.38 ഹെക്ടർ പുരയിടവും 413.66 ഹെക് നിലങ്ങളും ഈ പഞ്ചായത്തിൽപ്പെടുന്നു. പക്ഷേ നമ്മുടെ പരിസ്ഥിതിക്കുതന്നെ ഭീഷണിയായി നിലങ്ങ കരപ്രദേശമാക്കുന്നു. നീരുറവകൾ കാണാതാകുന്നു. കൃഷിയിറക്കുവാൻ കഴിയുന്ന തരിശ്ഭൂമി ഇ പഞ്ചായത്തിൽ തുലോം കുറവാണ്. ഏകദേശം 8.06 ഹെക്ടർ എന്നിരുന്നാലും പലപലകാരണങ്ങളാൽ പ അവസരങ്ങളിൽ കൃഷിനിലങ്ങൾ ജന്മികൾ തരിശ് ഇട്ടിരുന്നതായി പിന്നോട്ടുനോക്കുമ്പോൾ കാണുവാ കഴിയും. കുടുംബ പ്രശ്നങ്ങൾ, അധികാര തർക്കങ്ങൾ വെള്ളക്കെട്ട് എന്നിവ കാരണങ്ങളാണ്.

ആലുമാനൂർ, മൂളയം, നാൽപ്പത്തൊമ്പറ, മത്തനാട്, പൊന്നമ്പി, വാവുക്കോണം എന്നിവിടങ്ങളി വെള്ളക്കെട്ട് പ്രശ്നങ്ങൾ ഉണ്ട്. ബണ്ട്മറിഞ്ഞതിന്റെ ഭാഗമായി മൂന്ന് വർഷത്തോളം താമരഭാ ഏലായിൽ നെൽകൃഷിക്ക് കാര്യമായ തടസം ഉണ്ടായിരുന്നു.

കൃഷിയിടത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാലും കൃഷിയിനത്തിലും രീതിയി വളരെ മാറ്റങ്ങൾ വന്നിട്ടുണ്ട്. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ നമ്മുടെ പഞ്ചായത്തിൽ റബ്ബ കർഷകരുടെ എണ്ണത്തിൽ വന്നിട്ടുള്ള വർദ്ധനവ് ശ്രദ്ധാർഹമാണ്. ഈ മാറ്റം നമ്മുടെ നാണ്യവിളക സാരമായി ബാധിച്ചിട്ടുണ്ട്. കശുമാവ്, മാവ്, പ്ലാവ് അടയ്ക്ക തുടങ്ങിയവ നാമാവശേഷമാ മാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണുന്നത്. നൂറ്റാണ്ടിന്റെ മഹത്വം ഉണ്ടായിരുന്ന പുളിമരങ്ങ എങ്ങോപോയിമറഞ്ഞു. നിത്യാവശ്യത്തിന് പുളിവാങ്ങാൻ നമുക്ക് അന്യസംസ്ഥാനങ്ങ ആശ്രയിക്കേണ്ടിവരുന്നു. ഇഞ്ചി, മഞ്ഞൾ, ചേമ്പ്, ചേന, ചെറുകിഴങ്ങ്, നനകിഴങ്ങ്, മിക്കിഴങ്ങ്, നൂറ കാച്ചിൽ, മധുരക്കിഴങ്ങ് കൂവ, മലങ്കൂവ, കോലിഞ്ചി, കച്ചോലം, ചിറ്റരത്ത, ചണ്ണ എന്നിവ ഇടവിളയാ കർഷകർ വ്യാപകമായി കൃഷിചെയ്തിരുന്നു. പുരയിടങ്ങൾ റബ്ബർതോട്ടങ്ങളായപ്പോൾ ഇടവിളക പൂർണമായും നശിച്ചു. ഇവയ്ക്കുപുറമേ കാണം, പയർ, ഉഴുന്ന്, എള്ള്, കൂവരക്, ചോളം, ഇറു എന്നിവയും വേരറ്റുപോയി. ഔഷധങ്ങളായ ആവണക്ക്, ഉമ്മം, ആര്യവേപ്പ്, അത്തി, ഇത്തി, ആല്, അര പൂവണം ഇവയും നാട്ടിൽ നിന്നും എന്നെന്നേയ്ക്കുമായി അപ്രത്യക്ഷമായി. വിളക്കെണ്ണയാ ഔഷധമായും ഉപയോഗിച്ചിരുന്ന പുന്ന, മരോട്ടി, ഓടൽ, കരിഞ്ഞോട്ട എന്നിവയ്ക്ക് വംശനാശം സംഭവി ചികിൽസയ്ക്കും വിറ്റാമിനായും ഉപയോഗിച്ചിരുന്ന നെല്ലി, കാഞ്ഞിരം, താന്നി, കാര, തഴുതാമ, തറുതാ ചക്കരക്കൊല്ലി, വള്ളിപ്പാല, ഹേമപ്പച്ച, അമ്പഴം, ശതാവരി മുതലായവയും നാട്ടിൽനിന്ന് അപ്രത്യക്ഷമാ സുഗന്ധവ്യഞ്ജനവിളകളായ കുരുമുളക്, ജാതി, ഗ്രാമ്പു, തിപ്പലി എന്നിവയ്ക്ക് ഇടമില്ലാതെയായി.

കൃഷിയിടങ്ങളിൽ 1920H റബ്ബർതോട്ടങ്ങളും 800H തെങ്ങിൻതോപ്പുകളും 413H പാടശേഖരങ്ങ റിക്കാർഡുകൾ പ്രകാരം കണക്ക് കാണിക്കുന്നു. പക്ഷേ നെൽകൃഷി 150H തായെയായി ചുരു പാടശേഖരങ്ങളിൽ മരച്ചീനി, വാഴ എന്നികൃഷികൾ വ്യാപകമായിവരുന്നു. കുന്നിട, വെമ്പാ കോലിയക്കോട്, ഏലാകളിൽ മലക്കറികൃഷി ലാഭകരമായി നടക്കുന്നു. പയർ, ഉഴുന്ന് എന്നിവ രണ്ട വിളക്കാലത്ത് പിരപ്പൻകോട് മാണിക്കൽ തീപ്പുകൽ എന്നിവിടങ്ങളിൽ കൃഷിയിറക്കുന്നു. കുന്നി കോലിയക്കോട്, വാദ്ധ്യാരുകോണം എന്നിവിടങ്ങളിലെ പുരയിടങ്ങളിൽ മലക്കറികൃഷി ലാഭകരമാ നടക്കുന്നുണ്ട്. കുതിരകുളം വാട്ടർഷെഡ് ഏറിയാൽ ഒരു കർഷകന് മലക്കറികൃഷിക്ക് 100 രൂ സബ്സിഡിയായി (വിത്ത് 20 രൂപ വളം 40, സ്പ്രെയർ 40 രൂപ) നൽകുന്നുണ്ട്.

## ഭൂമിയുടെ വിനിയോഗം

| ഇനം | വിസ്തീർണ്ണം |
|---:|---|
| നിലം | 413.66 H |
| പുരയിടം | 2713.38 H |
| പുറമ്പോക്ക് | 142.54 H |
| കൃഷിയോഗ്യമായ തരിശ് | 8.06 H |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 44.73 H |
| ആകെ | 3321.97 H |



കൃഷിഭവനിലെ ചർച്ചകൾ



കാർഷികറിപ്പോർട്ട് തയ്യാ.റാക്കുന്നു.

## തെങ്ങ്കൃഷി സംബന്ധിച്ച വിവിരങ്ങൾ

| വിസ്തീർണ്ണം | കായ്ക്കുന്നത് | കായ്ക്കാത്തത് | രോഗംബാധിച്ച |
|---|---|---|---|
| 800 | 65650 | 170743 | 10339 |

## വിളവിസ്തീർണ്ണവും ഉൽപാദനവും

| വിള | വിസ്തീർണണം (H) | മൊത്തം ഉൽപാദനം(ടൺ) | ഉത്പാദനക്ഷമത (ടൺ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 260 | 988 | 3.8 |
| രണ്ടാംവിള | 260 | 897 | 3.45 |
| മൂന്നാംവിള | 5 | 12.5 | 2.5 |
| പയർ | 20 | 10 | 0.5 |
| എള്ള് | 5 | 0.3 | 0.6 |
| പച്ചക്കറികൾ | 28 | 28 | 0.1 |
| തെങ്ങ് | 800 | 56 | 7000 |
| വാഴ | 270 | 2335.5 | 8.65 |
| മരച്ചീനി | 298 | 596 | 20 |
| കുരുമുളക് | 25 | 75 | 3 |
| പ്ളാവ് | 20 | 24 | 1.2 |
| കശുമാവ് | 50 | 80 | 1.6 |
| മാവ് | 25 | 40 | 1.6 |
| റബ്ബർ | 1155 | 1732.5 | 1.5 |
| കവുങ്ങ് | 25 | 100 | 4 |
| ഇഞ്ചി | 20 | 60 | 3 |
| കൊക്കോ | 10 | 10 | 1 |
| വെറ്റിലക്കൊടി | 10 | 10000കെട്ട് | 100 കെട്ട് (H) |

## റബ്ബർ

ഈ പഞ്ചായത്തിൽ ലാഭകരമായി കൃഷിനടത്തുന്നതും അനേകം കുടുംബങ്ങൾ പുലത്തു
റബ്ബർകൃഷികൊണ്ടാണ് നമ്മുടെ പഞ്ചായത്തിൽ 1H താഴെ ഭൂമിയുള്ള 5250 കുടുംബങ്ങളാണ്
ഇതിൽ ഏറിയകൂറും തുണ്ട് കൃഷിയിടങ്ങളാണ്. വൻകിട റബ്ബർതോട്ടങ്ങളുടെ സ്ഥിതിമാറി ചെ
കർഷകർ അവരുടെ ചെറിയ ഭൂമിയിൽ പോലും നെൽകൃഷി നടത്തുന്നു. തൊഴിൽ പ്രശ്നം, ഉത്
ചെലവിലുള്ള കുറവ് ലാഭം എന്നിവ റബ്ബർകൃഷി സ്വീകരിക്കാൻ കർഷകന് ഉത്തേജനം നൽകുന്നു.
ബോർഡിൻെറ പ്രവർത്തനം നല്ലരീതിയിൽ നടക്കുന്നുവെങ്കിലും ചെറുകിട കർഷകർ ബോർഡ്
ഗുണഭോക്താക്കളല്ല. റബ്ബർബോർഡിൻെറ നിയമങ്ങൾ പലപ്പോഴും കർഷകർ ഒറ്റയടിക്കു സ്വീകര്
വിമുഖത കാട്ടുന്നു. തൈകൾ തമ്മിലുള്ള അകലം മറ്റമരങ്ങൾ മുറിച്ചുമാറ്റൽ തുടങ്ങിയ നിയന്ത്രണ
സംബന്ധിച്ചുള്ള വൈതരണിയാണ്. വൃക്ഷങ്ങളെ നശിപ്പിക്കണം എന്ന ബോർഡിൻെറ നി
പുനപരിശോധിക്കണം. തുണ്ടുതുണ്ടുഭൂമിയുള്ളവരെ റബ്ബർബോർഡ് അംഗീകരിക്കുന്നുമില്ല. ആവ
ഒഴിവാക്കണം. മറ്റുകൃഷയ്ക്കുള്ള മുതൽമുടക്കിനേക്കാൾ ഇത് ലാഭകരമായതിനാൽ കർ
ഗൗരവമായി കാണുകയോ സബ്സിഡിയ്ക്ക് ശ്രമിക്കുകയോ ചെയ്യുന്നില്ല.

ടാപ്പിംഗ് പാൽശേഖരണം, പ്രാഥമിക സംസ്കരണം മുതലായവ കർഷകകുടുംബങ്ങൾ
സ്വമേധയാ നിർവ്വഹിക്കുന്ന രീതിയാണ് വ്യാപകം. റബ്ബർ കർഷകരെ സഹകരണാടിസ്ഥാ
സംഘടിപ്പിച്ച് പാൽ, ഷീറ്റ്, ഒട്ടുകറ എന്നിവ കൂടുതൽ ലാഭത്തിൽ വിൽക്കുന്നതിന് വാർഡ് അടിസ്ഥാ
പഞ്ചായത്തടിസ്ഥാനത്തിലും ഇനിയും സ്ഥാപനങ്ങൾ വരേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ
സംസ്ക്കരണം നടത്തി ഒരു വ്യവസായം തന്നെ നടത്താവുന്നതാണ്. ആയതിലേക്കുള്ള അസംസ്കൃത
ഇവടെ നിന്ന് സുലഭമായി ശേഖരിക്കാൻ കഴിയുന്നതും അതുവഴി കർഷകന് ന്യായവില ഉറപ്പുവരുത്ത
കഴിയുകയും ചെയ്യും.

നമ്മുടെ പഞ്ചായത്തിൽ റബ്ബർ നഴ്സറികളുടെ വൻശേഖരംതന്നെ ഉണ്ട് ഈ രംഗത്ത് വമ്പിച്ച ലാഭം ഉണ്ടാക്കുവാനും കുറേ ആളുകൾക്ക് തൊഴിൽ ലഭിക്കുവാനും സാധ്യതകൾ ഇനിയും ഉണ്ട്.

## തെങ്ങ്

പഞ്ചായത്തിലെ പ്രധാന വിളകളിൽ രണ്ടാംസ്ഥാനത്ത് നിൽക്കുന്നത് നാളികേരകൃഷിയാണ്. ഏകദേശം 800H ലധികം പ്രദേശത്ത് ഈ കൃഷി നടക്കുന്നു. നാടൻ ഇനങ്ങളും സങ്കര ഇനങ്ങളും പറങ്കി ജാപ്പാണൻ ഗൗരിഗാത്രം, മലാക്ക, കൊമാടൻ, മൈക്രോ മുതലായ ഇനങ്ങളും കൃഷിചെയ്തുവരുന്നു. നിലംനികത്തിയതിൽ അധികം ഭാഗവും തെങ്ങുകൃഷിയാണ്. ജലസേചനം തുലോം കുറവായതിനാൽ മഴയാണ് ഈ കൃഷിക്ക് ഏക ആശ്രയം. കാലവർഷത്തിൻെറ ഏറ്റക്കുറച്ചിൽ വിളവിൽ വ്യതിയാനം വരുത്തുന്നു. കേരസമിതിയും കൃഷിഭവനും കിണർ, പമ്പുസെറ്റ് തുടങ്ങിയ ചില ആനുകൂല്യങ്ങൾ കർഷകർക്ക് നൽകുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ മണ്ണിൻെറ ഘടന ഈ കൃഷിക്ക് വളരെ അനുയോജ്യമാണ്. സംസ്ഥാന ശരാശരി 26 ആണെന്നിരിക്കെ നമ്മുടെ പഞ്ചായത്തിൽ പ്രതിവർഷം 30 നാളികേരം ഓരോ തെങ്ങിൽനിന്നും ലഭിക്കുന്നു.

പഞ്ചായത്തിലെ കേരകർഷകർ സംഘടിതർ അല്ലാത്തതിനാൽ ശാസ്ത്രീയമായ കൃഷി രീതികളും കീടനാശിനി പ്രയോഗങ്ങളും ലഭിക്കേണ്ടതുണ്ട്. കേരസമിതി ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്. നാളികേരത്തിൻെറ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്ക് നമ്മുടെ പഞ്ചായത്തിൽ സാധ്യതയുണ്ട്. കൊപ്രാശേഖരണത്തിനും സംസ്ക്കരണത്തിനും സംവിധാനങ്ങൾ ഉണ്ടാക്കിയാൽ കർഷകൻെറ ആദായം വർദ്ധിപ്പിക്കുവാൻ കഴിയും. കാറ്റുവീഴ്ച, ഓലമഞ്ഞളിപ്പ്, മണ്ഡരിയൻ, ചെമ്പൻചെല്ലി എന്നിവയ്ക്ക് ഫലപ്രദമായ പരിഹാരം കണ്ടെത്താൻ കഴിയണം. വേപ്പിൻപിണ്ണാക്കിൻ പ്രയോഗത്തിലൂടെ രോഗശമനം ഉണ്ടായ ചില അനുഭവങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ആ രംഗത്തുളള പരീക്ഷണം തുടരണം വാവുക്കോണം, വിളയ്ക്കാട്, വലിയകുന്നിട, കോലിയക്കോട്, കുതിരകുളം, തലയിൽ എന്നിഭാഗങ്ങളിൽ വ്യാപകമായി തെങ്ങ്രോഗമുണ്ട്. ജൈവനാശം കൂടുതലുള്ള ചെമ്പിൻകുഴി, വയൽവരമ്പുകൾ, ആറ്റുകട്ടയ്ക്കാൽപണപ്രദേശങ്ങൾ എന്നിവിടങ്ങളിൽ സമൃദ്ധിയായി കായ്ഫലം ലഭിക്കുന്നു. ഈ പ്രദേശങ്ങളിൽ രോഗം നന്നെ കുറവാണ്.

കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് ഇന്നു നൽകുന്ന. സഹായം തീരെ അപര്യാപ്തമാണ്. നാളികേരത്തിൽ താങ്ങുവില നിശ്ചയിക്കുകയും സഹകരണസംഘം സ്ഥാപിച്ച് വിപണനം നടത്താൻ ആവശ്യമായ മാർഗ്ഗങ്ങൾ സാദ്ധ്യമാക്കുകയും ആറ്റുവരമ്പ് പുയംപോക്കുകൾ തുടങ്ങിയ സ്ഥലങ്ങളിൽ തെങ്ങുകൃഷി നടത്താൻ സഹകരണസംഘത്തെ അനുവദിക്കുകയും ചെയ്യുന്നത് നാളികേരകൃഷി വ്യാപിപ്പിക്കുന്നതിന് സഹയമായിരിക്കും. മണ്ണിൻെറ ഘടനയും ജൈവാംശവും നിലനിർത്താത്തതിന് ഇടവിളയായി പയർ, വാഴ തുടങ്ങിയ കൃഷി പ്രോത്സസാഹിപ്പിക്കണം.

## നെൽകൃഷി

കൃഷിഭവൻ രേഖകളിൽ 413H ഉണ്ടായിരുന്ന നിലം ക്രമേണ കുറഞ്ഞ് കുറഞ്ഞ് 260 H ആയും പിന്നീട് ഏറ്റവും ഒടുവിൽ 150 H ൽ താഴെയായും എത്തി നിൽക്കുകയാണ്. കൃഷിക്കാരന് കൃഷിയോടുള്ള കൂറ്ഇന്ന് കുറവാണ്. തൊഴിലാളികളുടെ അഭാവം താങ്ങാനാവാത്ത കൂലി കൃഷിചെലവ്, വെള്ളത്തിൻേറയും കീടനാശിനിയുടേയും വിലയിലുളള വർദ്ധനവ് കാലാവസ്ഥയിൽ വന്നുകൊണ്ടിരിക്കുന്ന് അവിചാരിതമായ മാറ്റങ്ങൾ പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ നെൽകൃഷി നശിക്കുന്നതിന് പ്രധാന കാരണങ്ങളായിട്ടുണ്ട്. നെൽകൃഷിക്ക് വന്നുഭവിച്ച ഉത്പാദകചെലവിന് അനുസരിച്ച് ഉൽപ്പന്നത്തിന് വിലയില്ല. നെൽകൃഷി പഴയകാലത്തെ അന്തസിൻെറ പ്രതീകമായിരുന്നു. കൃഷിപ്പണി സംതൃപ്തിയുടെ പര്യായയവുംതൊഴിലാളിയുടെ നിലവാരത്തിൻെറ അളവുകോലുമായിരുന്നു. രണ്ടിൻേയും കാലം കഴിഞ്ഞിരിക്കുന്നു. ജനസംഖ്യ വർദ്ധിച്ചതനുസരിച്ചും കൂട്ടുകുടുംബമില്ലാതായതിനേത്തുടർന്നുംവീടുവയ്ക്കുവാനും മറ്റുമുള്ള സ്ഥലമായി നിലങ്ങൾ മാറി. റിയൽ എസ്റ്റേറ്റ് സംസ്ക്കാരം നിലങ്ങളെ തകർത്തു. ഋതുഭേതങ്ങളിലും കാലാവസ്ഥയിലും വന്ന മാറ്റങ്ങൾ. കൃഷിയുടെ അലകും പിടിയും ആകെ തകർത്തു. കതിർവരുന്ന സമയത്തുള്ള ചിലപ്പോഴത്തെ മഴ പതിരിനുകാരണമാകുന്നത് ഇപ്പോൾ നിത്യസംഭവമാണ്. നമ്മുടെ പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട 8 പാടശേഖരം ഉണ്ട്. കൂടാതെ അനുബന്ധമായ ചില ചെറിയ ഏലാകളും. ഇതിലെ തന്നെയും ചില ഏലാകൾ. പുതിയറോഡുകളും നിലം നികത്തലും നിമിത്തം വിഭജിക്കപ്പെടുന്നു. ആലിയാട്, വൈദ്യൻകാവ്, കോലിയക്കോട്, വലിയകുന്നിട, തിപ്പുകൽ. പിരപ്പൻകോട്, അണ്ണൽ-പ്ളാക്കീഴ്, മാണിക്കൽ, തലയിൽ എന്നിവയാണ് പാടശേഖരം. ഇതിൽ കുന്നിട പാടശേഖരം പൂർണ്ണമായും തീർന്ന നിലയിലാണ്.

ആയുർവേദ ഔഷധങ്ങൾ, ലേഹ്യങ്ങൾ, നിവേദ്യദ്രവ്യം എന്നീ നിലകളിൽ ഉപയോഗിച്ചു വന്നിരുന്ന കദളിവാഴ ഇന്ന് ഒരു അപൂർവ വസ്തുവാണ്. രസകദളി, നാണിപൂവൻ, പ്ളാനെരഞ്ഞി എന്നീ പേരുകളിൽ അറിയപ്പെടുന്ന ഈ ഇനം ജലസേചനസൗകര്യം കുറഞ്ഞ ഇടങ്ങളിൽപോലും സമൃദ്ധമായ വിളതരുന്ന ഒന്നാണ്. രോഗപ്രതിരോധശേഷിയും കൂടുതലാണ്. വർഷങ്ങളുടെ പഴക്കമുള്ള വാഴമുടുകൾ (കന്നിളക്കാത്ത വാഴക്കൂട്ടം) നമ്മുടെ നാട്ടിൽ അനേകമാണ്. മുതൽമുടക്കാതെ കർഷകന് ഇന്നും ആദായം നൽകുന്നു. കൃത്യസമയത്ത് കന്നുകൾ വേർപെടുത്തി വാഴകൃഷിവ്യാപകമാക്കുവാനുള്ള നടപടികൾസ്വീകരിക്കണം. കായ്‌വാഴപ്പഴം, വാഴക്കൂമ്പ്, വാഴത്ത‌ട എന്നിവ ഔഷധങ്ങളും ആഹാരവുമാണ് പഴസംസ്ക്കരണത്തിനും, ചിപ്സ് നിർമ്മാണത്തിനുമുള്ള വ്യവസായിക സാദ്ധ്യതകൾ ഇതിനകത്തുണ്ട് വാഴപോള ഗുണനിലവാരമുള്ള ഫൈബർ ആക്കി രൂപപ്പെടുത്താൻ കഴിയും. കരകൗശല വസ്തുക്കളുടെ നിർമ്മാണവും തൊഴിൽ സാദ്ധ്യതകളും വളരെ ഉണ്ട്. ഹോർട്ടി കൾചർ ഡിപ്പാർട്ടുമെൻറിൻെറ ഓഫീസ് പഞ്ചായത്തിൽ സ്ഥാപിക്കാൻ കഴിയണം.

## വെറ്റിലക്കൊടി

"അഞ്ചുപാത്തിക്കൊടിയുണ്ടെങ്കിൽ അരിവാങ്ങാൻ അയലുതേടേണ്ട."

നമ്മുടെ പഞ്ചായത്തിൽ ഉദ്ദേശം രണ്ടര ഹെക്ടർ പ്രദേശത്ത് വെറ്റിലകൃഷിനടത്തിവരുന്നു ജലസേചനസൗകര്യമുള്ള പ്രദേശങ്ങളിൽ ആദായകരമായി ഈകൃഷി വ്യാപിപ്പിക്കാവുന്നതാണ് നാൽപതുവള്ളിമുതൽ നൂറ്റിയമ്പതു വള്ളിവരെനടുന്ന തവാരണകൾ ഉള്ള പത്തും പതിനഞ്ചും ഇരുപത്തിയഞ്ചുംവരെ പാത്തികൾ ഉള്ള് വെറ്റിലക്കൊടികൾ നമ്മുടെ പഞ്ചായത്തിൻെറ വിവധഭാഗങ്ങളിൽ കാണാൻ കഴിയും. വെറ്റിലയ്ക്ക് സുസ്ഥിരമായ വിലയില്ല. നൂറുവെറ്റിലയടങ്ങുന്ന കെട്ടിന് മൂന്നുരൂപ മുതൽനാൽപതുരൂപവരെ കിട്ടുന്ന അവസരങ്ങളുണ്ട്. അനായാസേന നടത്താവുന്ന ഈ കൃഷിക്ക് രോഗബാധയും കുറവാണ്. നീണ്ടകാലത്തേക്ക് ആദായവും ലഭിക്കുന്നു.

യുവതലമുറയ്ക്ക് ഇതിൻെറ കൃഷിരീതി അന്യംവന്ന അവസ്ഥയാണ്. നമ്മുടെ പഞ്ചായത്തിൽ ഇത് ശ്രദ്ധിക്കണം. കൃഷിരീതികൾ പഠിപ്പിക്കുന്നതിനുള്ള സംവിധാനം വേണം. ഇലപ്പുള്ളി, ദ്രുതവാട്ടം, കുമിൾ എന്നിവയാണ് സാധാരണയായി കൊടിയെ ബാധിക്കുന്ന രോഗങ്ങൾ. ഇതിന് ഫലപ്രദമായ മരുന്ന് കണ്ടെത്തേണ്ടത് അത്യാവശ്യമാണ്.

## കുരുമുളക്

കറുത്തപൊന്ന് എന്നുവിശേഷിപ്പിക്കുന്ന കുരുമുളക് സവിശേഷതയുള്ള ഒരു കൃഷിയാണ്. പാലൻ കൊറ്റനാടൻ, കുതിരവാലി പടപ്പൻ, അട്ടമുറിയൻ, കരിമുണ്ടൻ, പന്നിയൂർ1 എന്നീ ഇനങ്ങൾ നമ്മുടെ പഞ്ചായത്തിൽ കൃഷിചെയ്തുവരുന്നു. വളരെയേറെ വിദേശനാണ്യം നമ്മുടെ രാജ്യത്തിന് നേടിത്തരുന്ന ഈ നാണ്യവിള സുഗന്ധവ്യജ്ഞനറാണി തന്നെയാണ്. എന്നാൽ വേണ്ടത്ര ശ്രദ്ധയും പരിചരണവും ലഭ്യമാകാത്തതിനാൽ നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് ഇതിനുള്ളത്. കർഷകർക്കുള്ള അലംഭാവം വളരെ ശോച്യാവസ്ഥയിലേക്ക്പ്രസ്തുത കൃഷിയെ കൊണ്ടെത്തിച്ചിരിക്കുകയാണ്. റബ്ബർ തോട്ടങ്ങളിൽ നിന്നുള്ള ജൈവാവശിഷ്ടങ്ങളും മറ്റു കീടങ്ങളും ഒരു പരിധിവരെ കുരുമുളകുകൃഷിയെ ക്ഷയിക്കാൻമുഖമാക്കിക്കൊണ്ടിരിക്കുകയാണ്. ജലസേചനസൗകര്യവും സൂര്യപ്രകാശം ധാരാളംലഭിക്കുന്ന കൃഷിസ്ഥലവും ഉപയോഗിക്കുകയാണങ്കിൽആദായം ഇരട്ടികണ്ട് വർദ്ധിപ്പിക്കാവുന്നതാണ്. കുരുമുളക് കർഷകരെ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിച്ച് ശാസ്ത്രീയാടിസ്ഥാനത്തിൽ ഉൽപാദനം നടത്തണം സ്പൈസസ് ബോർഡിൻെറ സഹായത്തോടെ വിവധ ആനുകൂല്യങ്ങൾ കർഷകർക്ക് പ്രദാനം ചെയ്ത് പ്രസ്തുത കൃഷിയിൽ കർഷകന് താൽപര്യം ഉണ്ടാക്കണം.

ദ്രുതവാട്ടം, കുമിൾ തുടങ്ങിയരോഗങ്ങളിൽനിന്ന് കുരുമുളക് ചെടിയെ രക്ഷിക്കുന്നതിന്കർഷകൻമുഖേന നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിദേശങ്ങളിൽ ഏറെ പ്രിയവും വിലകൂടുതലുമുള്ള വെള്ളക്കുരുമുളക് സംസ്ക്കരണം നടത്തുവാനുള്ള പ്രായോഗിക പരിജ്ഞാനംകർഷകരിൽ ഉണ്ടാക്കിയെടുക്കേണ്ടതാണ്.

തായ്‌വൃക്ഷങ്ങളായി എല്ലാത്തരം വൃക്ഷങ്ങളും വിശിഷ്യാ കേരവൃക്ഷവും അടയ്ക്കാമരവും കുരുമുളകുകൃഷി ചെയ്യുന്നതിന് താങ്ങുമരങ്ങളായി ഉപയോഗിക്കാവുന്നതാണ്. ചോലപ്രദേശങ്ങളിൽ (സൂര്യപ്രകാശം കുറഞ്ഞ) പാല എന്ന ഇനം നട്ടുവളർത്തുന്നതിന് വളരെ അനുയോജ്യമാണ്. ജലലഭ്യ

കൂടുതലുള്ള പ്രദേശങ്ങളിൽ ഈ ഇനം കുരുമുളക് ചെടിസമൃദ്ധിയായി വളർന്ന് എല്ലാക്കാലത്തും കായ് ഫലം നൽകുന്നതായി കണ്ടുവരുന്നു. ഇത്തരം പ്രദേശങ്ങളിൽ തായ് ശിഖരങ്ങൾ നട്ടുപിടിപ്പിച്ച് ഏകദേശം 15 അടിപൊക്കംവരെ കുരുമുളകുവള്ളി അനായാസേന നട്ടുവളർത്തി വിളവു വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്. ആയതിനാൽ അത്തരം നടപടികൾ കൃഷി ഉദ്യോഗസ്ഥൻമാർ മുഖേന കർഷകരെക്കൊണ്ട് ഫലവത്തായും സമഗ്രമായും നടപ്പിലാക്കേണ്ടതാണ്. തെങ്ങ്, കമുക്, മുതലായവ താങ്ങു വൃക്ഷങ്ങളിലായി തെരഞ്ഞെടുക്കുമ്പോൾ താങ്ങുവൃക്ഷങ്ങളുടെ ചുവട്ടിൽ നിന്നും ഉദ്ദേശം 1.5 മീറ്റർ അകലത്തിൽ നടീൽ വള്ളികൾ കൃഷിചെയ്യുന്നതിനുള്ളകുഴി എടുത്ത് വള്ളികൾ നടുകയും ചാലുകീറി ആചാലിൽക്കൂടി തറ നിരപ്പിൽ നിന്നും ഒരടിപൊക്കത്തിൽ തലവള്ളികൾ പൊങ്ങിനിൽക്കുംവിധത്തിൽ കെട്ടിനിർത്തുകയും പ്രസ്തുത ചാലുകൾ തവാരണ പിടിച്ച് തിരിച്ചറിയാനുള്ള സൗകര്യം ഉണ്ടാക്കുകയും വേണം.

> ഈ പഞ്ചായത്തിലെ രണ്ടുലക്ഷത്തിലധികം വരുന്ന തെങ്ങുകളെ പ്രയോജനപ്പെടുത്തി ശാസ്ത്രീയമായ കുരുമുളക്കൃഷി വ്യാപിപ്പിക്കണം. അതുവഴി മാണിക്കലിന്റെ കാർഷികാദായം കുറഞ്ഞത് ഒരുകോടിയായി പ്രതിവർഷം വർദ്ധിപ്പിക്കാൻ ഞങ്ങൾ ശുപാർശ ചെയ്യുന്നു.

## ജാതിഗ്രാമ്പു

നീർവാറി പ്രദേശങ്ങളോട് ചേർന്ന് അധികം സൂര്യപ്രകാശം ലഭിക്കാത്തതും എന്നാൽ മിതമായ തോതിൽ സൂര്യപ്രകാശം ലഭിക്കുന്നതുമായ പ്രദേശങ്ങൾ ജാതി-ഗ്രാമ്പു എന്നിവ സമൃദ്ധമായി വളരും. ഇത്തരം പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിൽ ധാരാളം ഉണ്ടെങ്കിലും ജാതിയും-ഗ്രാമ്പും വിരളമായി മാത്രമേ ഇവിടെ കൃഷിചെയ്യുന്നുള്ളൂ.

ജാതിഗ്രാമ്പു കർഷകർ ഇന്നനുഭവിക്കുന്നവിപണിയിലെ വിലമാന്ദ്യവും ഉൽപന്നം സംസ്ക്കരിക്കുന്നതിലെ അജ്ഞതയുമാണ്. ജാതിക്കയും, ജാതിപത്തിരിയും സംസ്ക്കരിക്കുന്നതിന് കൃഷിഭവൻമുഖേന കർഷകർക്ക് അറിവ് നൽകേണ്ടതാണ്. ജലദൗർലഭ്യം കാരണം സമൂലം പട്ടുപോകുന്നതൊഴിച്ചാൽ നമ്മുടെ പ്രദേശങ്ങളിൽ ജാതിക്കയ്ക്കും ഗ്രാമ്പുവിനും രോഗങ്ങൾ ഇല്ല എന്നുതന്നെ പറയാം. വിലയിടിവിന് പ്രധാനകാരണം ഇറക്കുമതിയും സംസ്ക്കരണത്തിലെ അപാകതയുമാണ്. ആയതിനാൽ ഇറക്കുമതി പൂർണ്ണമായുംഒഴിവാക്കുകയും കൃഷികൂടുതൽസ്ഥലങ്ങളിലേക്ക് വ്യാപിപ്പിച്ച് ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുകയും വിളകൾ ശേഖരിച്ച് വിപണനസൗകര്യങ്ങൾ ഒരുക്കേണ്ടതുമാണ്. ജാതിക്കയുടെ തൊണ്ടുപയോഗിച്ച് പലവിധത്തിലുള്ള അച്ചാറുകൾ, വിനാഗിരി തുടങ്ങിയവവ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് കർഷകരെത്തന്നെ ഗുണഭോക്താക്കളാക്കിമാറ്റാവുന്നതാണ്.

## ചെറുപഴവർഗ്ഗങ്ങൾ

പേര, ശീമനെല്ലി, ചെറി, റംമ്പൂത്താൻ, സപ്പോർട്ട, മുന്തിരി, അമ്പഴം, ജാംമ്പ, കാര തുടങ്ങി പലചെറുപഴങ്ങളും നമ്മുടെ വീട്ടുവളപ്പിൽ കൃഷിചെയ്യാവുന്നതാണ്. പുരയിടങ്ങളിൽ തോട്ടങ്ങൾ സൃഷ്ടിക്കാവുന്നതാണ്. ഈ രംഗത്ത് നാം സ്വയം പര്യാപ്തതനേടിയാൽ ചെറുപഴങ്ങൾക്കുംമറ്റും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരികയില്ല. ഒട്ടുപേര കൃഷിക്കാരന് വൻ ആദായം നൽകുന്ന ഒരിനമാണ്. ശീമനെല്ലി, ജാംമ്പ, കാര, ചെറി ഇവ അച്ചാറുകൾക്ക് ഏറെ അനുയോജ്യമാണ്. നമ്മുടെ പഞ്ചായത്തിലെ മഹിളാ സംഘങ്ങൾവഴി മഹിളകൾക്ക് അച്ചാർ നിർമ്മാണത്തിന് പരിശീലനം നൽകുകയും വിപണി കണ്ടെത്താൻ പഞ്ചായത്ത് ശ്രദ്ധചെലുത്തുകയും വേണം. അതുവഴി മാണിക്കൽ പഞ്ചായത്തിന്റെ വ്യാവസായികരംഗത്ത് മാറ്റം വരുത്തുവാനും സഹായിക്കുന്നതാണ്.

## പൂകൃഷി

ഒഴിവുവേളകൾ ആഹ്ളാദകരമാക്കുവാനും അതുവഴി കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുവാനും പൂവ്കൃഷി ഏറെ പ്രയോജനകരമാണ്. വീട്ടമ്മമാരായ സ്ത്രീകൾക്ക്പച്ചക്കറികൃഷിയോടൊപ്പം ഇത് അനായാസേന നടത്താൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ കൃഷിയെന്ന നിലയിൽ പൂകൃഷിയുടെ സാധ്യതകൾ ഇനിയും ചൂഷണം ചെയ്യപ്പെട്ടിട്ടില്ല.

കുറ്റിമുല്ല നമുക്കനുയോജ്യമായ ഒന്നാണ്. വീട്ടുവളപ്പിലും മറ്റ്കരപ്രദേശങ്ങളിലും കുറ്റിമുല്ല വച്ചുപിടിപ്പിക്കാം. നമ്മുടെ പഞ്ചായത്തിലെ കുളങ്ങളിലും ചിറകളിലും താമരകൃഷിനടത്താൻ സന്നദ്ധസംഘടനകൾക്കോ കുടുംബങ്ങളടങ്ങുന്ന സമിതികൾക്കോഅവസരം നൽകിയാൽ ആദായം ലഭിക്കു മാത്രമല്ല നമ്മുടെ മൽസ്യ സമ്പത്ത് വർദ്ധിക്കുകകൂടി ചെയ്യും. ചൂളക്കുഴികൾ, വെള്ളക്കെട്ടുപ്രദേശങ്ങൾ എന്നിവിടങ്ങൾ താമരയ്ക്കും ആമ്പലിനും അനുയോജ്യമാണ്. എന്ന് വളരെ പരീക്ഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഓർക്കിടിന്റെ സാധ്യതകൾ നമുക്കിനിയും പ്രയോജനപ്പെടുത്താൻ കഴിയണം.

നമ്മുടെ നാട്ടിൽ സുലഭമായിരുന്ന കാട്ടുജമന്തി, മുല്ല, പിച്ചി, ആറുമാസപ്പൂവ്, തുമ്പ വാടാമുല്ല കൊടമുല്ല, ചെമ്പകം, കാട്ടുതെച്ചി, ഇവ കാണാതായ്ക്കൊണ്ടിരിക്കുകയാണ്. ഷോക്കെയിസ് സംസ്കാര പ്രൗഢമായ നമ്മുടെ ഗാർഹിക വസന്തത്തെ തകർത്തിരിക്കുന്നു. അത്തപ്പൂക്കളത്തിന് പൂവ്തേടുന്ന കുട്ടികളും പൂക്കളും അന്യം നിൽക്കുന്ന അവസ്ഥഒഴിവാക്കപ്പെടണം. തമിഴ്നാട് തുടങ്ങിയ അയൽസംസ്ഥാനങ്ങളുടെ പൂവ്മാർക്കറ്റ് കേരളമാണന്നത് വിരോധാഭാസമാണ്.

പൂവ്കൃഷി വാണിജ്യാടിസ്ഥാനത്തിൽ പ്രാൽസാഹിപ്പിക്കുകയും പൂവും പൂവുൽപന്നങ്ങളും ശേഖരിച്ച് വിപണനം നടത്തുന്നതിന സംവിധാനങ്ങളൊരുക്കുകയും വേണം.

## സെറീകൾച്ചർ

നമ്മുടെ പഞ്ചായത്തിൽ കൊപ്പം കുതിരകുളം ഭാഗത്ത് മൾബറിചെടിനട്ട് ഈ കൃഷിചെയ്യുന്നുണ്ട്.ചില കൃഷിക്കാർക്കെങ്കിലും ഈ രംഗത്ത് താൽപര്യമുണ്ട്. കേന്ദ്രഗവൺമെന്റിൽനിന്നു സിൽക്ക് ബോർഡിൽനിന്നുംസബ്സിഡി തുടങ്ങിയ ധാരാളം ആനുകൂല്യങ്ങൾ ഉണ്ട്. ഇതിനെക്കുറിച്ച് കർഷകരെ ബോധവാൻമാരാക്കുന്നതിനും കൃഷിരീതികൾ പഠിപ്പിക്കുവാനും സെറിഫെഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനം നമ്മുടെ പഞ്ചായത്ത് പ്രയോജനപ്പെടുത്തണം.

മരച്ചീനിയില ഉപയോഗപ്പെടുത്തി പട്ടുനൂൽ ഉൽപാദിപ്പിക്കുന്ന രീതിക്ക് (എറീകൾച്ചർ) നമ്മുടെ പഞ്ചായത്തിൽ സാധ്യതയുണ്ട്.

## ഇഞ്ചി

നമ്മുടെ മണ്ണിൽനിന്നും മറഞ്ഞുകൊണ്ടിരിക്കുന്ന ഒന്നാണ് ഇഞ്ചി. സാധാരണയായി പുളിതുടങ്ങിയ മരങ്ങളുടെ ചോല പ്രദേശങ്ങളിലാണ് ഈ കൃഷി പരമ്പരാഗതമായി ചെയ്തുവരുന്നത്. പുളിമരങ്ങൾ മുറിച്ചുമാറ്റിയപ്പോൾ ഈ കൃഷിയുടെ സ്ഥാനവും പോയി.

ഗാർഹിക ആവശ്യത്തിനും ആയുർവേദ അലോപ്പതിമരുന്നു നിർമ്മാണത്തിനും മിഠാ നിർമ്മാണത്തിനും ഇഞ്ചി പ്രധാനപ്പെട്ട ഒന്നാണ്. പക്ഷേ നമ്മുടെ സംസ്ഥാനത്തിനുതന്നെ ആവശ്യമാ ഇഞ്ചിയുടെഎൻപത്തിയഞ്ചുശതമാനത്തിലധികം അന്യസംസ്ഥാനത്തിൽനിന്നാണ് കൊണ്ടുവരുന്ന നമ്മുടെ പഞ്ചായത്തിന്റെ കുന്നിൻചരുവുകളിലും ഉയർന്ന എല്ലാ പ്രദേശങ്ങളിലും വൻതോതിൽ ഇഞ്ചി ഉൽപാദനം നടത്താൻ കഴിയും. വിത്ത് ലഭ്യമാക്കാനും ശാസ്ത്രീയമായ കൃഷിരീതികൾ കർഷകർ മനസിലാക്കിക്കൊടുക്കാനും ആവശ്യമായ ധാന്യ ഏർപ്പെടുത്തണം.

ഇഞ്ചികർഷകന് മാണിക്കൽ കൃഷിഭവൻവഴി സബ്സിഡി നൽകുന്നുണ്ട്. ഇഞ്ചി സംസ്ക്കരിച്ചെടുക്കുന്ന ചുക്കിന് ഇന്ന് വമ്പിച്ച മാർക്കറ്റിംഗ് ആനിലയിൽ ഇഞ്ചി സംസ്ക്കരണയൂണിറ്റ് സ്ഥാപിച്ച് കർഷകന് വരുമാനം വർദ്ധധിപ്പിക്കുവാനും ഇഞ്ചികൃഷിചെയ്യാനുള്ള പ്രോത്സാഹനം നൽകുവാനുംകഴിയും. തണ്ട്ചീയൽ, ഇലകരിച്ചിൽ. കുമിൾ മുതലായവയാണ് ഇവിടെ ഇഞ്ചിയെ ബാധിക്കുന്ന രോഗങ്ങൾ.

## കച്ചോലം

നമ്മുടെ പഞ്ചയത്തിന്റെ വിവധഭാഗങ്ങളിൽ കളപോലെ പൊടിച്ചുവന്നിരുന്ന ഈ ഔഷധസസ്യം നശിച്ചുപോയ അവസ്ഥയാണുള്ളത്. ഛർദ്ദിക്കും അതിസാരത്തിനും ഉദരരോഗങ്ങൾക്കും ഒറ്റമൂലിയായ ഈ സസ്യം പരിപോഷിപ്പിച്ചാൽ നമുക്ക് വിദേശനാണ്യം ലഭിക്കുമെന്നതിൽ സംശയമില്ല. ഇടവിളകൃഷിയായി ഇതു നടത്താവുന്നതാണ്. ഇത് നിലത്ത് പറ്റിയാണ് വളരുന്നത്.

## കസ്തൂരി മഞ്ഞൾ

ആയുർവേദ ഔഷധമായും സൗന്ദര്യ സംവർദ്ധകമായും ഉപയോഗിക്കുന്ന കസ്തൂരി മഞ്ഞളിന് നമ്മുടെ മണ്ണ് വളരെ അനുയോജ്യമാണ്. സോപ്പുനിർമ്മാണം ക്രീം നിർമ്മാണം പേസ്റ്റുനിർമ്മാണം തുടങ്ങിയ വ്യാവസായ സാദ്ധ്യതകളുണ്ട്. മുഖകാന്തിക്ക്വേണ്ടി ചില വീടുകളിൽ കസ്തൂരി മഞ്ഞൾ നട്ടിരുക്കുന്നതൊഴിച്ചാൽ നമ്മുടെ പഞ്ചായത്തിൽ ഈ കൃഷി ഇല്ല. ഇതിന്റെ വിപണന സൗകര്യം കണക്കിലെടുത്ത് കർഷകരെ കണ്ടെത്തി അവർക്ക് മതിയായിട്ടുള്ള പ്രോത്സാഹനം നൽകണം.

## കിഴങ്ങുവർഗ്ഗങ്ങൾ

ചേന, ചേമ്പ്, കാച്ചിൽ, നനകിഴങ്ങ്, മുക്കിഴങ്ങ്, തുടങ്ങിയവ ഇല്ലാത്ത വീടുകൾ നമ്മുടെ പഞ്ചായത്തിൽ കുറവായിരുന്നു. പക്ഷേ ഇന്ന് ഇവയുള്ള വീടുകൾ തുലോം കുറവാണ്. പോഷകമൂല്യമുള്ള ഒരു ആഹാരം എന്നനിലയിലും മലഹറി മാർക്കറ്റിൽ ഇവയ്ക്കുള്ള സാദ്ധ്യതയും പരിഗണിച്ച് പ്രചാരവും പ്രോൽസാഹനവും കൊടുക്കേണ്ടതാവശ്യമാണ്. ഇടവിളയായും വീട്ടുമുറ്റത്തിന്റെ ഓരങ്ങളിലും ഈ കൃഷി നടത്തുവാനുള്ള സാധ്യത ഇനിയുമുണ്ട്.

പുറംചാരി, കടുവാക്കയൻ, പുളിത്തൊടൻ, പുള്ളൻ, സിന്ധൂരക്കാച്ചിൽ തുടങ്ങിയ കാച്ചിലിനങ്ങൾ അന്യം വന്നസ്തിതിയാണ്. കാച്ചിൽ നനകിഴങ്ങ്, മുക്കിഴങ്ങ് തുടങ്ങി വള്ളിയുള്ള ജാതികൾ വൃക്ഷങ്ങളുടെ ചുവട്ടിലും വലിയമുതൽമുടക്കില്ലാതെ നട്ട് ആദായമെടുക്കാവുന്നതാണ്. സാധാരണ മേടമാസങ്ങളിൽ ജനിതകസ്വഭാവം പ്രകടിപ്പിക്കുന്ന ഇവ നട്ടില്ലെങ്കിലും കിളിർന്ന് പടർന്ന് നിൽക്കുന്ന കാഴ്ച പഴമക്കാരുടെ മനസ്സിൽ ഇന്നും ഉണ്ടാവും. ചെടിച്ചട്ടികളിൽത്തന്നെയോടെറസ്സുകളിൽ പോലും കൃഷിചെയ്യാവുന്നതും തണലുവേണ്ടിയും ഭംഗിക്കുവേണ്ടിയും ഈ വള്ളികൾ പ്രയോജനപ്പെടുത്താവുന്നതാണ്.

പാൽചേമ്പ്, താമരക്കണ്ണൻ, ഇഞ്ചിക്കണ്ണൻ തുടങ്ങിയ ചേമ്പിനങ്ങൾ നമ്മുടെ പഞ്ചായത്തിൽ കണ്ടുവരുന്നു. ഏലാകളിലും പണപ്രദേശങ്ങളിലും നമ്മുടെ കർഷകർ ഏതിന് സ്ഥലം കണ്ടെത്തുന്നു. വിറ്റാമിൻ എ. സ്റ്റാർച്ച് തുടങ്ങിയവ ധാരാളമുള്ള ഈ വിള ആരോഗ്യമുള്ളകർഷകരെ വാർത്തെടുക്കാൻ സഹായിക്കും.

## കരിമ്പ്

കൃഷിയെന്ന നിലയിൽ നമ്മുടെ പഞ്ചായത്തിൽ ഇത് നിലവിലില്ല. വിപണനസൗകര്യം ഇല്ലാത്തതാണ് പ്രധാനകാരണം. കരിമ്പിൻ ജ്യൂസ് പാനീയ കേന്ദ്രങ്ങളും ചണ്ടി സംസ്ക്കരിച്ച് കാലിത്തീറ്റയും മറ്റുമാക്കി മാറ്റാനുള്ള സ്ഥാപനങ്ങൾ സ്ഥാപിച്ച് കരിമ്പ്കൃഷി പ്രോൽസാഹിപ്പിക്കാവുന്നതാണ്.

## നിലക്കടല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിലും കൃഷിഭവനും മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ള ചില പദ്ധതികളുടെ ഭാഗമായി പഞ്ചായത്തിലെ കോലിയക്കോട്, മാണിക്കൽ ഏലാകളിൽ ഇത് വിജയകരമായി നടത്തിയിട്ടുള്ള അനുഭവങ്ങളുണ്ട്. പശിമനാശി മണ്ണിലും മണൽചേർന്ന പശിമരാശി മണ്ണിലും ഇത് ആദായകരമായി നടത്താൻ കഴിയും. വേനൽക്കാലങ്ങളിൽ നിലങ്ങൾ അനുയോജ്യമാണ്.

## കൈതച്ചക്ക

പുറിത്തിച്ചക്ക കൈതച്ചക്ക എന്നി പേരുകളിലറിയപ്പെടുന്ന ഇടവിള ഒരു പ്രധാനപ്പെട്ട പഴവർഗ്ഗമാണ്. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കാതെയാണ് വളരെയധികം ആദായം കർഷകന് നേടിക്കൊടുക്കുന്നു. നമ്മുടെ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇതിനനുയോജ്യമായ മണ്ണാണ്. ശാസ്ത്രീയ കൃഷിരീതികൾ അനുവർത്തിക്കുന്ന കർഷകർ നമ്മുടെ പഞ്ചായത്തിൽതന്നെയുണ്ട്. വിളവെടുപ്പ് ഒരുമിച്ചുലഭിക്കുവാൻ കഴിയുന്ന ഹോർമോൺ ട്രീറ്റ്മെൻറ് ഇന്ന് നിലവിലുണ്ട്. എട്ടുമാസം മുതൽപത്തുമാസം വരെയുള്ള സമയം ആദായം ലഭിക്കുന്നതിന് എടുക്കുന്നു. മുള്ളുകുറഞ്ഞതും ധാരാളം മുള്ളതുമായ രണ്ടിനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണ്. വിപണിയിൽ പ്രിയം മുള്ളു കൂടിയവയാണ്

റബ്ബർതോട്ടങ്ങൾ തെങ്ങിൻതോപ്പുകൾ അതിരുകൾ തുടങ്ങിയ സ്ഥലങ്ങൾ ഈ കൃഷിക്കു പ്രയോജനപ്പെടുത്താം. പൈനാപ്പിൾ ജ്യൂസ്, സ്ക്വാഷ്, ക്രീം തുടങ്ങിയവ സംസ്ക്കരിച്ചെടുക്കുന്ന ഒരു കേന്ദ്രം നമ്മുടെ പഞ്ചായത്തിലാരംഭിക്കാവുന്നതാണ്.

## ചെറുധാന്യങ്ങൾ

മണ്ണിൻെറ ജൈവാംശം വർദ്ധിപ്പിക്കുന്നതിനും നൈട്രജൻെറ അംശം വർദ്ധിപ്പിക്കുന്നതിനും തദ്വാര ആദായം വർദ്ധിപ്പിക്കുന്നതിനും ആഹാരത്തിൽ പോഷകങ്ങൾ വർദ്ധിപ്പിക്കുന്നതിനും പയർ ഉഴുന്ന് എന്നിവ ഇടവിളയായി കൃഷിചെയ്യാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ ഈ കൃഷി വ്യാപകമായി നടത്തുന്നതിന് ജലസേചനസൗകര്യം ക്ഷുദ്രജീവിനിവാരണവും നടത്തേണ്ടത് അത്യാവശ്യമാണ്.

## എള്ള്

നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി ഈ എണ്ണക്കുരു കൃഷി ചെയ്തിരുന്നു. ഇന്ന് ഇത് വേരറ്റ സ്ഥിതിയിലാണ് പ്രാണികളുടെ ശല്യവും വിളവെടുപ്പിനുള്ള കാലദൈർഘ്യവും പാടശേഖരങ്ങളിൽ ഇടവിളയായി കൃഷിയിറക്കുന്നതിന് തടസ്സമാകുന്നു. കാലാവസ്ഥയിൽ വന്നമാറ്റം സ്ഥലമില്ലായ്മ എന്നിവ പുരയിടങ്ങളിൽ നിന്നും ഇത് അപ്രത്യക്ഷമാകുന്നതിന് കാരണമായി. ജലസേചനസൗകര്യം ലഭ്യമാണെങ്കിൽ റബ്ബർ തോട്ടത്തിൽ ആദ്യത്തെ മൂന്ന്വർഷത്തോളം ഈ കൃഷി ഫലപ്രദമായി നടത്തുവാനും വൻതോതിൽ ആദായം ഉണ്ടാക്കുവാനും കഴിയും 60% ത്തോളം എണ്ണയുള്ള നിത്യോപയോഗ സാധനമെന്ന നിലയിലും ആയുർവേദ ഔഷധം എന്നനിലയിലും ഇതിന് വമ്പിച്ച വ്യാവസായികസാധ്യതയുണ്ട്.

## കൂവ

വലിയമുതൽമുടക്കില്ലാതെ നമ്മുടെ കൃഷിയിടങ്ങളിൽ അനുവാദമില്ലാതെ കിളിർത്തുവരുകയും കർഷകന് ആഹാരമായും ആദായമായും ലഭിക്കുകയും ചെയ്യുന്ന നാടൻ കൂവ ഇന്നൊരു അപൂർവ്വ വസ്തുവാണ്. വിപണനസാധ്യതയ്ക്കുള്ള കുറവും എലിതുടങ്ങിയവയുടെ ആക്രമണവും ഇതു നശിക്കുന്നതിന് കാരണമായി. ഇതിൽ നിന്നുള്ള സംസ്ക്കരണ പദാർഥങ്ങൾക്ക് ഇന്ന് വമ്പിച്ച വിപണനസാധ്യതയുണ്ട്. അത് നമ്മുടെ പഞ്ചായത്തിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ ഈ കൃഷി പുന:സ്ഥാപിക്കുന്നതിനും മനുഷ്യൻെറ ഉദരസംബന്ധമായ രോഗങ്ങൾക്ക് പ്രതിവിധിയായും ഭവിക്കുന്നതാണ്.

മലക്കൂവ അഥവാ മധുരകൂവ എന്നറിയപ്പെടുന്ന ഒരിനം ചിലയിടങ്ങളിൽ കൃഷിചെയ്തുവരുന്നു. ഇതിൽനിന്നുള്ള ആദായവും ഈ ചെടിയിടെ ഭംഗിയും രുചിയും കർഷകന് ആഹ്ളാദകരമാണ്. തേനീച്ച കർഷകർക്ക് ഇതിൻെറ പൂവ് തേൻ വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു.

## മധുരക്കിഴങ്ങ്

മണൽകൂടുതലുള്ള പശിമരാശിമണ്ണാണ് ഈ കൃഷിക്ക് അനുയോജ്യം. വലിയമുതൽമുടക്കില്ലാതെ നല്ല ആദായം ലഭിക്കുന്ന കൃഷിയാണ്. വെയിലും മഴയും ഇടകലർന്നുള്ള കാലാവസ്ഥയാണ് ഈ കൃഷിക്ക് ആവശ്യം. പ്രധാനമായും മൂന്ന് ഇനങ്ങളാണ് കൃഷിചെയ്തുവരുന്നത്, നല്ല ചുവപ്പുനിറവും വളരെ മധുരമുള്ള ഭദ്രകാളച്ചോലയും വെള്ളനിറത്തോടുകൂടിയ കുടുക്കച്ചോലയും വെള്ളനിറവും വലിപ്പവുമുള്ള ആനക്കൊമ്പനും നമ്മുടെ നാട്ടിൽ സമൃദ്ധമായിരുന്നു. വിപണനസാധ്യതയുണ്ടെങ്കിലും ജലദൗർലഭ്യവും കൃഷിഭൂമിയുടെ കുറവും വേരറ്റുപോകുവാൻ കാരണമാകുന്നു. ഇതിന് പരിഹാരം കാണേണ്ടതാണ്.

## കൂവരക് (പഞ്ഞപ്പുല്ല്)

പാർശ്വഫലങ്ങളില്ലാത്ത ഒന്നാന്തരം ബേബിഫുഡ്ഡാണ് ഇത്. നമ്മുടെ മണ്ണ് എല്ലാ കാലാവസ്ഥയിലും ഇതിന് അനുയോജ്യമാണ്. അവിശേഷിക്കുന്ന കൃഷിയിടങ്ങളിൽ ഈ കൃഷി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ നടപ്പിലാക്കണം.

## പരുത്തി

നമ്മുടെ മണ്ണ് പരുത്തികൃഷിക്ക് അനുയോജ്യമാണെങ്കിലും ഈ കൃഷിയില്ല. പുരയിടങ്ങളിലും അതിരുകളിലും ലഭ്യമായ മറ്റ് പ്രദേശങ്ങളിലും ലാഭകരമായി കൃഷിചെയ്യുവാൻ കഴിയും. കന്നുകാലികൾക്ക് ഭക്ഷണമായും എണ്ണക്കുരുവായും പരുത്തിനൂൽ ഉത്പാദനമേഖലയിലും വിപണന സാധ്യതയുണ്ട്.

## കൊക്കോ

ഇടവിള എന്നനിലയിൽ കൃഷിചെയ്യാവുന്നതും അതുവഴി ആദായമുണ്ടാക്കുവാൻ കഴിയുന്നതും നിലവിൽ വിപണനസാദ്ധ്യതയുള്ള ഒരു ഇനമാണിത്. മാർക്കറ്റിൽ വന്ന മാന്ദ്യം അല്ല തെറ്റിദ്ധാരണ എന്നിവ കൊക്കോമരങ്ങൾ മുറിച്ചുമാറ്റുന്നതിന് ഇടക്കാലത്ത് കർഷകരേയും പ്രേരണനൽകി. ചോക്കളേറ്റുകളുടെ നിർമ്മാണത്തിന് ഇത് വൻതോതിൽ ഉപയോഗിക്കുന്നു. ഇതിന്റെ തൊണ്ട് കാലിത്തീറ്റയ്ക്കുള്ള അസംസ്കൃത പദാർത്ഥമാണ്. ഇതിന്റെ വിപണന സാദ്ധ്യത ഇനിയും ചൂഷണം ചെയ്യേണ്ടതുണ്ട്.

## പച്ചക്കറി

നല്ലസൂര്യപ്രകാശവും ജൈവനാംശം ഉയർന്ന, നീർവാഴ്ചയുള്ള മണ്ണിൽ പച്ചക്കറി ചെയ്യാം. പഴയ കാലങ്ങളിൽ ഓരോ കുടുംബത്തിന് ആവശ്യമായ പച്ചക്കറികൾ കൃഷി ചെയ്തിരുന്നു. അധികവും സ്ഥിരസ്ഥായിയായ പപ്പായ, മുരിങ്ങ മുതലായവയും കിഴങ്ങുവർഗ്ഗങ്ങളായ കാച്ചിൽ, ചേന, ചേമ്പ്, ചെറുകിഴങ്ങ്, നനകിഴങ്ങ്, മുക്കുഴങ്ങ്, ചെറുവള്ളിക്കിഴങ്ങ് എന്നിവയുമായിരുന്നു. ഒപ്പം ധാരാളം ഇലച്ചെടികളായ മുരിങ്ങയില, ചീരയില, പയറിന്റെ ഇല ഊളൻ, തകര മുതലായവ ഉപയോഗിക്കാം. വാഴയിനങ്ങളും വെള്ളരിവർഗ്ഗത്തിൽപ്പെട്ട പച്ചക്കറികളും ഏതൊരുകുടുംബത്തിലും ഉണ്ടായിരുന്നു. ആഘോഷവേളകളിൽ പച്ചക്കറിമർക്കറ്റിനെ ആശ്രയിച്ചിരുന്നു.

കർഷകർ ഇന്ന് മേൽപറഞ്ഞ വിളകളുടെ ദൗർലഭ്യവും ഭൂമിയുടെ വിസ്തൃതിക്കുറവും പഴയകാലജീവിതരീതിയിൽ നിന്നുള്ള മാറ്റവും കൃഷിയോടുള്ള ആഭിമുഖ്യവും നമ്മെ ഉൽപ്പന്നങ്ങളുടെ മാർക്കറ്റിലേക്ക് പോകേണ്ട അവസ്ഥയിലേക്ക് എത്തിച്ചു. മാർക്കറ്റിൽനിന്നു ലഭിക്കുന്ന വ്യവസായികാടിസ്ഥാനത്തിൽ കൃഷിചെയ്യപ്പെടുന്നതാകയാൽ അമിത കീടനാശിനി പ്രയോഗവും രാസവളപ്രയോഗവും കൊണ്ട്ഗുണം കുറഞ്ഞവയും ഇത്തരം സാഹചര്യങ്ങളെ അതിജീവിക്കാൻ സ്വയം പര്യാപ്തത കൈവരിക്കാനായി കൈവശമുള്ള കൃഷിഭൂമി പരമാവധി വിനിയോഗിക്കാൻ പ്രേരിപ്പിച്ചാൽ ഈ പഞ്ചായത്തിലെ കുടുംബങ്ങൾക്ക് ആവശ്യമുള്ള പച്ചക്കറി ഉണ്ടാക്കാൻ കഴിയുമെന്നുള്ളതിൽ തർക്കമില്ല. കൃഷിഭൂമിയില്ലാത്തവർക്ക് ടെറസിലോ ചെടിച്ചട്ടികളിൽ വരെയും വ്യാപകമായി പലതരം പച്ചക്കറി കൃഷിചെയ്യാം. പ്രധാനമായും വേനൽകാലവിളയാണ് സൗകര്യം

അതാകുമ്പോൾ രണ്ടാംവിള നെൽകൃഷിവിളവെടുപ്പ് കഴിഞ്ഞാൽ ജനുവരി മുതൽ ഏപ്രിൽമാസംവരെ നെൽപ്പാടങ്ങളിൽ അധികം കൃഷിയില്ലാതെ കിടക്കുകയാണല്ലൊ വേനൽകാലവിളവായ വെള്ളരി, പയർ, ചീര, പാവൽ, പടലം, മുളക് എന്നിവ നന്നായി വളരുവാൻ വേണ്ട സാഹചര്യം നെൽപ്പാടങ്ങളിൽ ഉണ്ട്. പുരയിടങ്ങളിൽ മഴക്കാലവിളവായി ആഗസ്റ്റുമുതൽ ഡിസംബർവരെ മുളക് പാവൽ പടവലം പയർ വെണ്ട ചീര മുതലായവ കൃഷി ചെയ്യാവുന്നതാണല്ലൊ. വീട്ടാവശ്യത്തിനുള്ള കൃഷിയിൽ കുംടുംബങ്ങൾ എല്ലാം ഒരേപോലെ പങ്കെടുക്കുകയും അതിനെ ഒരു വിനോദമായി കരുതുകയും ചെയ്താൽ അതാണ് ഭക്ഷണത്തിനു പച്ചക്കറി ഉൽപാദിപ്പിക്കുവാൻ കഴിഞ്ഞ നല്ല മാർഗ്ഗം. ആനിലയ്ക്ക് കുടുംബങ്ങളെ പച്ചക്കറി കൃഷിചെയ്യിക്കുവാൻ പ്രേരിപ്പിക്കുകയും ആയതിനുള്ള പ്രോൽസാഹനവും നൽകിയാൽ പച്ചക്കറി ദൗർലഭ്യം കുറയ്ക്കുവാൻ കഴിയും. ഒപ്പം വ്യവസായികാടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന കർഷകരെസംഘടിപ്പിച്ച് അവർക്ക് അവശ്യമുള്ള മേൽത്തരം വിത്തും വളവും സൗജന്യനിരക്കിൽ ലഭ്യമാക്കിയാൽ അവരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുമ്പോൾ ഇടനിലക്കാരെ ഒഴിവാക്കി പരമാവധിവില ലഭിക്കാൻ കഴിയും. ആവശ്യമായ സഹായങ്ങൾ നൽകുകയും അവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും ഉൽപന്നങ്ങൾ ന്യായവില നൽകി സംഭരിക്കുകയും ചെയ്യണം. ഉള്ള സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്താൽ അവരെ പച്ചക്കറി കൃഷിയിൽ സ്ഥിരമായി നിലനിർത്തിക്കാവുന്നതാണ്. ഈ കൃഷി വയലിൽ ആകുമ്പോൾ അടുത്ത നെൽകൃഷിയ്ക്കുള്ള വളം കിട്ടുമെന്ന് മാത്രമല്ല നെൽചെടിയെ ബാധിക്കുന്ന രോഗങ്ങളേയും കീടങ്ങളേയും ഒരളവുവരെ മാറ്റിനിർത്താനും കഴിയും. തദ്വാര പച്ചക്കറിക്ക് നമ്മുടെ പഞ്ചായത്തിന് സ്വയം പര്യാപ്തതവിലെത്തിക്കുവാൻ കഴിയുമെന്നുള്ളതിന് ഭിന്നാഭിപ്രായം ഉണ്ടാവുകയില്ല.

## നിർദ്ദേശങ്ങൾ

1. ക്ളബ്ബുകൾ, മഹിളാസമാജങ്ങൾ പ്രാദേശികസ്ഥാപനങ്ങൾ എന്നിവയിലെ അംഗങ്ങളെ ബോധവൽക്കരിച്ചശേഷം അവരേക്കൊണ്ട് സ്ഥാപനത്തിൻെറ സ്വന്തം സ്ഥലത്തോ ഇതിലെ അംഗങ്ങളുടെ സ്ഥലത്തോ പച്ചകൃഷി ചെയ്യിക്കാം.

2. മാണിക്കൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി കടന്നുപോ.കുന്ന വൈദ്യുതി ലൈനിൻെറ താഴെയുള്ള പ്രദേശം വൃക്ഷരഹിതമായതിനാൽ ധാരാളം സൂര്യപ്രകാശം ലഭിക്കുമെന്നതിനാൽ ഈ പ്രദേശം പച്ചകൃഷിക്കു തെരഞ്ഞെടുക്കാം.

3. മൂന്നാംവിളകാലത്ത് വയലുകൾ പച്ചക്കറി കൃഷിക്ക് യോഗ്യമാക്കണം.

4. നമ്മുടെ സ്കൂളുകളിൽ കളിസ്ഥലമായി ഉപയോഗിക്കാത്ത കൃഷിചെയ്യുവാൻ യോജിച്ച സ്ഥലത്ത് സ്കൂൾകുട്ടികളും അദ്ധ്യാപകരേയും പി. റ്റി. എ. യേയും ഉൾപ്പെടുത്തികൊണ്ട് കൃഷിചെയ്യിപ്പിക്കാം.

5. പഞ്ചായത്തുവക പുറംപോക്കിലോ മറ്റ് പുറംപോക്കിലോ (പച്ചക്കറികൃഷിക്ക് അനുയോജ്യമാണങ്കിൽ) ആപ്രദേശത്തെ താൽപര്യമുള്ള പ്രത്യേകിച്ചും കർഷകരെ സംഘടിപ്പിച്ചുകൊണ്ട് പ്രസ്തുത സ്ഥലം കൃഷിക്ക് ഉപയോഗപ്പെടുത്താം.

## വൃക്ഷങ്ങൾ

വൻവൃക്ഷങ്ങൾകൊണ്ട് നിബിഡമായിരുന്ന നമ്മുടെ പഞ്ചായത്തിൽ ഇന്ന് വൃക്ഷങ്ങൾ നാമമവശേഷമായ അവസ്ഥയാണുള്ളത്. വ്യാവസായികാവശ്യത്തിനും ഭവനനിർമ്മാണത്തിനും വേണ്ടി കാലാകാലങ്ങളിൽ നമ്മുടെ വൃക്ഷസമ്പത്തിൻെറ ഭൂരിഭാഗവും നാം നശിപ്പിച്ചു. തൻമൂലം സംഭവ്യമായ പരിസ്ഥിതി പ്രശ്നങ്ങളിലേക്ക് തിരിഞ്ഞുനോക്കിയാൽ നമ്മുടെ പ്രകൃതിക്കുതന്നെ വന്ന മാറ്റം വ്യക്തമായും മനസ്സിലാക്കാവുന്നതാണ്. വിവിധ ഇനങ്ങളിലുള്ള പക്ഷിമൃഗാദികൾ ഇന്ന് കാഴ്ചയ്ക്കുപോലും ഇല്ല. ഫലവൃക്ഷങ്ങളുടെ വ്യാപകമായ നാശമാണ് ഇത്തരത്തിലുള്ള ഒരു മാറ്റം ഉണ്ടാകാൻകാരണം. ഈ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി ലഭ്യമായ പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ വ്യാപിച്ചുകിടക്കുന്ന പുറംപോക്കുകളിലും റോഡുവക്കുകളിലും തരിശുകളിലും തേക്ക്, മഹാഗണി, ആഞ്ഞിലി, പ്ളാവ്, മാവ്കശുമാവ്, പുന്ന, പുളി, പേഴ് തുടങ്ങിയ ഫലദായക വൃക്ഷങ്ങളും മറ്റുള്ള വൃക്ഷങ്ങളും നട്ടുവളർത്തി സംരക്ഷിക്കുവാൻ സത്വര നടപടി സ്വീകരിച്ചാൽ നമ്മുടെ പഞ്ചായത്തിൻെറ സമ്പത്തു വർദ്ധിപ്പിക്കുകയും തദ്വാര പരിസ്ഥിതി സംരക്ഷണവും ഉറപ്പുവരുത്താവുന്നതാണ്.

## വളംകീടനാശിനി

നെടുമങ്ങാടു താലൂക്കിൽ വിതരണരംഗത്ത് ഒന്നാം സ്ഥാനത്തു നിന്ന വളം കീടനാശിനി ഡിപ്പോകൾ മാണിക്കൽ സർവ്വീസ് സഹകരണ ബാങ്കിൻെറ കീഴിൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തച്ചിരുന്നു. പക്ഷേ ഇന്ന് സംഘത്തിൻെറ വെമ്പായം ഡിപ്പോ പൂട്ടുകയും ആലിയാ.ട്, കോലിയക്കോട് ഡിപ്പോകൾ ഭാഗികമായും മാത്രം പ്രവർത്തിക്കുകയും ചെയ്യുന്നുള്ളൂ. തന്നിമിത്തം കർഷകർ ഇന്ന് സ്വകാര്യ ഏജൻസി ഡിപ്പോകളെ ആശ്രയിക്കുന്നു. വെഞ്ഞാറമൂട്, വയ്യേറ്റ്, കോലിയക്കോട്, പോത്തൻകോട്, വേമ്പായം, കന്യാകുളങ്ങര, തേമ്പാംമൂട് എന്നിവിടങ്ങളിൽ സ്വകാര്യ ഏജൻസികൾ ഉണ്ട്. കൃഷി അവസരങ്ങളിൽ അതിരാവിലെ വളം ലഭിക്കുന്നതിന് അന്യപഞ്ചായത്തുകളിലെ വിതരണക്കാരാണ് ആശ്രയം. ഈ അവസ്ഥമാറ്റാൻ കഴിയണം. ഗുണനിലവാരമുള്ള വളം കീടനാശിനികൾ ഇവ രണ്ടുവാർഡിനു ഒരുഡിപ്പോ എന്ന നിരക്കിൽ സ്ഥാപിച്ച് കർഷകനു ന്യായവിലയ്ക്ക് വിതരണം ചെയ്യാൻ പഞ്ചായത്തു മുൻകൈ എടുക്കണം. നമ്മുടെ പഞ്ചായത്തിൽ പ്രതിവർഷം 2650 ടൺ വളം ആവശ്യമാണ്. ഈ നിരക്ക് ഇനിയും വർദ്ധിക്കും.

## നിർദ്ദേശങ്ങൾ

1. നിലംനികത്തുന്നത് അവസാനിപ്പിക്കുക.

2. അതിരുകളില്ലാത്ത കൂട്ടുകൃഷി നടപ്പിലാക്കുക.

3. നിത്യാവശ്യത്തിനുള്ള ഇഞ്ചി, മഞ്ഞൾ, പുളി എന്നിവ നമ്മുടെ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുക. തമിഴ്നാട്ടിൽ പ്രചാരമുള്ള കുറ്റിപ്പുളികൃഷി പ്രചരിപ്പിക്കുക.

4. വെള്ളക്കെട്ടിന് ശാശ്വതമായ പരിഹാരം കാണുക.

5. ചെറുകിട റബ്ബർ കർഷകരെ റബ്ബർബോർഡ് അംഗീകരിക്കുക.

6. റബ്ബർ തോട്ടങ്ങളിൽ നിന്ന് ഫലവൃക്ഷങ്ങൾ മുറിച്ചുമാറ്റാതിരിക്കുക.

7. പഞ്ചായത്തിൽ റബ്ബർ വ്യവസായം ആരംഭിക്കുക.

9. തെങ്ങുരോഗനിവാരണ പദ്ധതി ആവിഷ്ക്കരിക്കുക.

10. കൊപ്രാസംഭരണ കേന്ദ്രങ്ങൾ എല്ലാവാർഡുകളിലും സ്ഥാപിക്കുക.

11. പാടശേഖരങ്ങൾ ഏറ്റെടുക്കുവാനും കൂട്ടുകൃഷിവ്യാപിപ്പിക്കുവാനും പദ്ധതി ഉണ്ടാക്കുക.

12. നെൽകൃഷിക്ക് 50% സബ്സിഡി നൽകുക.

13. യന്ത്രവൽകൃത കൃഷി നടപ്പിലാക്കുക.

14. കാർഷികബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിക്കുക.

15. വേരറ്റുകൊണ്ടിരിക്കുന്ന ഇടവിളകളെയും ഔഷധങ്ങളെയും നിലനിർത്തുക.

16. സുഗന്ധവ്യജ്ഞനകൃഷി പ്രോൽസാഹിപ്പിക്കുക.

17. പച്ചക്കറി രംഗത്ത് സ്വയം പര്യാപ്തത നേടുക.

18. മരച്ചീനി, അടയ്ക്ക, പപ്പായ, കൈതച്ചക്ക, തുടങ്ങിയ കൃഷികളിലൂടെ കർഷകന്റെ ആദായം വർദ്ധിപ്പിക്കുക.

19. ചെറുധാന്യങ്ങൾ, കൂവ, മധുരക്കിഴങ്ങ് എന്നിവയിലൂടെ മനുഷ്യന്റെ ആരോഗ്യം വർദ്ധിപ്പിക്കുക.

20. നൂതന കൃഷിരീതികൾ കർഷകരെ അഭ്യസിപ്പിക്കുക.

21. പുഷ്പ കൃഷി പ്രോൽസാഹിപ്പിക്കുക.

22. വാഴയില, വാഴപ്പഴം, ചിപ്സ് എന്നിവയുടെ വിപണനം സാദ്ധ്യമാക്കുക.

23. നമ്മുടെ പഞ്ചായത്തിൽ മണ്ണുപരിശോധന കേന്ദ്രം സ്ഥാപിക്കുക.

24. എല്ലാ വാർഡുകളിലും ഹരിതയുടെ സ്റ്റാളുകൾ സ്ഥാപിക്കുക.

25. വെമ്പായം, കോലിയക്കോട്, പാറയ്ക്കൽ, പിരപ്പൻകോട് എന്നിവിടങ്ങളിൽ ഭരണിചേതന സ്ഥാപിക്കുക.

26. പഞ്ചായത്തിൽ വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

26. പഞ്ചായത്ത് അടിസ്ഥാനത്തിൽ കാർഷിക ബാങ്കു സ്ഥാപിക്കുക.

27. പഞ്ചായത്തിൽ മൂന്നു കേന്ദ്രങ്ങളിൽ കുരുമുളക് സംസ്ക്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

28. കാർഷികോപകരണങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ എല്ലാ വാർഡിലും സ്ഥാപിക്കുക.

29. കാർഷികാധിഷ്ടിത വ്യവസായങ്ങൾ എല്ലാ വർഡിലും സ്ഥാപിക്കുക.

30. കൃഷിഭവൻ ഇൻഫർമേഷൻ സെൻററുകൾ ആലിയാട്, കോലിയക്കോട്, വെമ്പായം, തല എന്നിവിടങ്ങളിൽ സ്ഥാപിക്കുക.

31. മണ്ണൊലിപ്പ് നിവാരണമാർഗ്ഗങ്ങൾ അവലംബിക്കുക.

32. സെറഫെഡിൻെറപ്രവർത്തനം ലഭ്യമാക്കുക.

33. ടിഷ്യുകൾചർ മുഖേന വംശനാശം വന്നുകൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങളും മറ്റുള്ള നടീൽ വസ്തുതകളും ഉൽപാദിപ്പിക്കുന്ന യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കുക.

34. പഞ്ചായത്തടിസ്ഥാനത്തിൽ നെല്ലുൽപാദനസഹകരണ സംഘം സ്ഥാപിക്കുക.

35. എല്ലാവർഷവും വിദഗ്ധൻമാരെക്കൊണ്ട്സസ്യരോഗ സർവ്വേ നടത്തുക.

36. റബ്ബർതോട്ടങ്ങളുടെ ഭീഷണിയും മണ്ണിൻെറ ജൈവാംശത്തിൻെറ കുറവും പരിഹരിക്കുന്നതിന് ജൈവവളം പ്രചരിപ്പിക്കുക. ഡയറിവ്യവസായം പ്രോൽസാഹിപ്പിക്കുക.

37. ഉൽപന്ന വിപണനം കാര്യക്ഷമമാക്കുക.

38. നാടൻവിത്തിനങ്ങൾക്ക് പ്രചാരം നൽകുക.

39. എല്ലാ ഏലാകളിലേക്കും ട്രാക്ടർ റോഡുകൾ നിർമ്മിക്കുക.

40. ഹോർട്ടികൾച്ചറൽ ഡിപ്പാർട്ടുമെൻറാഫീസ് പഞ്ചായത്തിൽ സ്ഥാപിക്കുക.

41. കൊപ്രയ്ക്ക് ക്വിൻറലിന് 4500 രൂപ തറവില നിശ്ചയിക്കുക.

42. റബ്ബറിന് കിലോയ്ക്ക് 50 രൂപയാക്കുക.

43. വാർഡുതല കാർഷികസമിതികൾ രൂപീകരിക്കുക.

44. വാർഡുതലത്തിൽ തൊഴിലാളി സഹകരണ സംഘങ്ങൾ ഉണ്ടാക്കി കാർഷികതൊഴിലാളി സേവനം ഉറപ്പുവരുത്തുക.

45. മാണിക്കൽ സർവ്വീസ് സഹകരണ ബാങ്കിൻെറ കീഴിൽ മൊട്ടക്കാവ്, വെമ്പായം, പ്ളാക്കീഴ്, വേളാവൂർ, പാറയ്ക്കൽ എന്നിവിടങ്ങളിൽ വളംഡിപ്പോ തുടങ്ങുക.

46. എലി, പെരുച്ചാഴി കീട നിയന്ത്രണങ്ങൾക്ക് പരമ്പരാഗത നിയന്ത്രണമാർഗ്ഗങ്ങൾക്ക് ഭൗതികസാഹചര്യം സൃഷ്ടിക്കുക.

## ജലസേചനം

നമ്മുടെ പഞ്ചായത്തിൽ 90% കൃഷികളും ഇപ്പോൾ മഴയെ ആശ്രയിച്ചാണു നടത്തുന്നത്. മഴയുടെ അഭാവം മൂലം പലകൃഷികളും യഥാസമയം കൃഷിചെയ്യാൻ കർഷകനുകഴിയുന്നില്ല. ഈ അവസ്ഥ മാറ്റിയെടുക്കാൻ ലഭ്യമായ നീരുറവകളെ വേണ്ടരീതിയിൽ പരിപോഷിപ്പിച്ചാൽ ഒരളവുവരെ കർഷകർക്ക് ആശ്വാസം ലഭിക്കും. ആധുനിക ജലസേചനസൗകര്യങ്ങൾരൂപപ്പെടുത്തി നമ്മുടെ പാടശേഖരങ്ങൾ സമൃദ്ധമാക്കാനും കരപ്രദേശത്തെ ഹരിതാഭമാക്കുവാനും യാതൊരു പ്രയാസവും ഇല്ല.

പാടശേഖരങ്ങളുടെ തലക്കുളവും നീരുറവകളും രക്ഷിച്ചാൽ നെല്ലുൽപാദനം മൂന്ന്മടങ്ങ് വർധിപ്പിക്കാൻ കഴിയും. പഞ്ചായത്തിന്റെ പ്രധാന ജംഗ്ഷനുകൾ കുന്നുകളും അനുബന്ധപ്രദേശങ്ങളും ആണ്. നമ്മുടെ നീരുറവകൾ സംരക്ഷിക്കപ്പെട്ടാൽ ഈ പ്രദേശങ്ങളിൽ കൃഷിക്ക് ആവശ്യമായ ജലം ലഭ്യമാണ്. അരീപ്ര, കന്യാരുകോണം, നീർക്കോട്ടുകോണം, കുന്നിട, തിപ്പുകൽ, കാപ്പിച്ചിറ, കരിയ്ക്കകം, മണ്ണാർകോണം, ചേമ്പിൻകുഴി, ചെറുവള്ളി, കൽക്കുടി, കരിയ്ക്കകം, കുറാറുകോണം തുടങ്ങിയ ഒരിക്കലും വറ്റാത്ത നീരുറവകൾ നമ്മുടെ പൊതുസ്വത്താണ്. പഞ്ചായത്തു അധീനതയിലുള്ള ധാരാളം ചിറകളും കുളങ്ങളും സംരക്ഷിക്കപ്പെടാതെ പോകുന്നുണ്ട്. കൈത്തോടുകളും ഭേദപ്പെട്ട മറ്റുതോടുകളും റോഡുകളായി പരിവർത്തനം ചെയ്യപ്പെട്ടുകഴിഞ്ഞു. ഇതുമൂലം നമ്മുടെ പരമ്പരാഗത ജലവിതരണ ശൃംഖല നാമാവശേഷമായി. ആധുനിക ജലസേചന മാർഗ്ഗങ്ങൾ മാത്രമാണ് ഇതിനു പരിഹാരം.

കുന്നിൻചരുവുകളിൽ പാത്തികൾ എടുത്ത് മഴവെള്ളം സംഭരിക്കുകയും മണ്ണൊലിപ്പു തടയുകയും വേണം. ഇത് സസ്യങ്ങൾ പുഷ്ടിപ്പെടുന്നതിനുംജൈവവൈവിധ്യം നിലനിർത്തുന്നതിനും സഹായിക്കുന്നു. വേടത്തിക്കുന്ന്, കരിക്കകം, മൊട്ടക്കാവ്, പാറമുകൾ തുടങ്ങിയ എല്ലാ പ്രദേശങ്ങളിലും മണ്ണൊലിപ്പു തടയുന്നതിന് കർഷകർ സ്വീകരിച്ചിരിക്കുന്ന കല്ലടുക്കു ഈ കുന്നിൻപ്രദേശങ്ങളെ വർഷത്തിൽ ഏറിയകൂറും ഉണക്കുപ്രദേശങ്ങളായി മാറ്റിയിരിക്കുന്നു. ഇതിനു ശാശ്വത പരിഹാരം കാണേണ്ടതുണ്ട്.

## നിർദ്ദേശങ്ങൾ

1. എല്ലാ പാടശേഖരത്തിനും തലക്കുളം സ്ഥാപിച്ച് ജലസേചനം നടത്തി മൂന്നൂപൂവ് കൃഷിനടത്തുക.
2. ആറ്റുവരമ്പുകൾ. തോട്ടുവരമ്പുകൾ എന്നിവയിൽ കൈത. ഇല്ലിക്കൂട്ടം ഇവ നട്ടു ബലപ്പിക്കുക.
3. തലയിൽ ഏലാ ഉയർന്നഭാഗം കൃഷിചെയ്യുന്നതിന് പുറംപോക്കുകിടക്കുന്ന ചിറഭാഗം ഏറ്റെടുത്ത് പമ്പുസെറ്റ് സ്ഥാപിച്ച് അണമുഖം മുതൽ കനാൽ തെളിച്ച് സൗകര്യപ്പെടുത്തുക.
4. കുഞ്ചിക്കുഴി, ഐക്കോട്ടുകോണം ചിറകൾ ചേട്ടക്കാവുകുളം എന്നിവ വൃത്തിയാക്കി പമ്പുസെറ്റുസ്ഥാപിച്ച് മാണിക്കൽ, പൊന്നമ്പി ഏലാകളിൽ കൃഷിമെച്ചപ്പെടുത്തുക.
5. പാലാംകോണം ചിറ പമ്പുസെറ്റ് സ്ഥാപിച്ച് മാണിക്കൽ, പൊന്നമ്പി, തൈക്കാട് പാടങ്ങളിൽ പുഞ്ചകൃഷി നടത്തുന്നതിന് പുല്ലംപാറപഞ്ചായത്തുമായി ചർച്ച നടത്തുക.
6. കൈതറ ചിറയും വർത്തുകോണം ചിറയും പ്രയോജനപ്പെടുത്തി പിരപ്പൻകോട് ഏലായിലെ കൃഷി മെച്ചപ്പെടുത്തുക.
7. പൂംകൈതമൂട് ചിറ സ്ഥാപിച്ച് കൂരോട്ടുകോണം ഏലായിൽ കൃഷിമെച്ചപ്പെടുത്തുക.
8. വൈദ്യൻകാവു കുളവരമ്പു പുറംപോക്കിൽ കുളം സ്താപിച്ച് കൃഷിനടത്തുക.
9. മണ്ണാർകോണം നീരുറവ ഏറ്റെടുത്ത് മുണ്ടയ്ക്കൽ വാരം ഏലായിൽ മുപ്പൂവ് കൃഷി നടത്തുക.
10. ചിറയിൽ തലക്കുളം, പുളിയറകോണം ചിറ ഇവ ഏറ്റെടുത്ത് കുന്നിട ഏലായിൽ കൃഷി അഭിവൃത്തിപ്പെടുത്തുക.
11. മുക്കോണം ചിറ വൃത്തിയാക്കി തിപ്പുകൽ ഏലായിൽ കൃഷിമെച്ചപ്പെടുത്തുക.
12. ചെറുകരക്കോണം ചിറ വൃത്തിയാക്കി കോലിയക്കോട് ഏലാ സംരക്ഷിക്കുക.
13. തിരുവട്ടത്തുനട ചിറ വൃത്തിയാക്കി കണ്ണാൻകരകോണം കാപ്പിച്ചിറ ഏലായിൽ സ്ഥിരം കൃഷി നടത്തുക.
14. തുമ്പറചിറ ഏറ്റെടുത്ത് വൈദ്യൻകാവു ഏലായിൽ മുപ്പൂവ് കൃഷി നടത്തുക.
15. കൊപ്പം ചിറയിൽപമ്പുസെറ്റു സ്ഥാപിക്കുക.

16. കാനൂർകുളം ഏറ്റെടുത്ത് നന്നാട്ടുകാവിൽ പ്രയോജനപ്പെടുത്തുക.

17. ചെറുവല്ലിച്ചിറ കൃഷിക്കുപയുക്തമാക്കുക.

18. എരത്തൻകോടു ചിറ കൃഷിക്കുപയുക്തമാക്കുക.

19. ഇടവനകോണം പുറംപോക്കുകുളം കൃഷിയോഗ്യമാക്കുക.

20. തലയിൽ, തോട്ടിൻ, പുതുവൽ എന്ന സ്ഥലത്ത് ചെക്ക്ഡാം കെട്ടി തലയിൽ, കരിക്കകം പാടശേഖരണങ്ങളിലേക്ക് കൈതോടുവഴി വെള്ളം എത്തിച്ച് മൂന്ന്പൂവ് കൃ അനുയോജ്യമാക്കുക.

21. തോപ്പിൽചിറ കുഴിച്ച് കൃഷിക്ക് ഉപയുക്തമാക്കുക.

22. വെമ്പായം വിളയ്ക്കാട്ടുകോണത്തുള്ള പഞ്ചായത്തുവക സ്ഥലത്ത് ചിറകുഴിച്ച് പമ്പു സ്ഥാപി

23. ചിറത്തലയ്ക്കൽ ചിറ്റൂർക്കോണം ചെമ്മാനൂർകോണം കൈതക്കോണം ചിറകൾ പുനരുദ്ധരിക്കു

24. എല്ലാ വാർഡിലും കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ട് സ്ഥാപിക്കുക.

25. ജെ.ജെ.പി. സ്കീം നടപ്പിലാക്കുക.

26. പ്രധാന ആറ്റിൽ വെമ്പായം മുതൽ വിളയ്ക്കാടുവരെ ക്രോസ്ബാർ നിർമ്മിക്കുക.

27. പൊട്ടക്കുളം പമ്പുസെറ്റു സ്ഥാപിക്കുക.

28. പേരാത്തുമുകൾ ചിറയിൽ പമ്പുസെറ്റ് സ്ഥാപിച്ച് തെങ്ങുകൃഷി പോഷിപ്പിക്കുക.

29. വാമനപുരം പദ്ധതി മാണിയ്ക്കൽ കനാൽ നിർമ്മാണം ആരംഭിക്കുക.

30. ആലിയാട് ചിറയിൽ പമ്പുസെറ്റ് സ്ഥാപിക്കുക.

# മൃഗസംരക്ഷണം മത്സ്യമേഖല

വേദകാലഘട്ടത്തിനു വളരെ മുൻപുമുതൽതന്നെ മനുഷ്യ സമുദായം ആടുമാടു വളർത്തൽ ഒരു മുഖ്യ ജീവനോപാധിയായി സ്വീകരിച്ചു തുടങ്ങി. ഒരുപക്ഷേ ആദിമമനുഷ്യൻ കണ്ടെത്തിയ ആദ്യത്തെ തൊഴിൽ കാലിവളർത്തൽ ആയിരിക്കാം. പാലിനും മാംസത്തിനും വേണ്ടിമാത്രം വളർത്തി തുടങ്ങിയ മൃഗങ്ങളെ കാലാന്തരത്തിൽ നിലം ഉഴാനും വണ്ടിവലിക്കാനും ഭാരം ചുമക്കാനും യുദ്ധാവശ്യങ്ങൾക്കും മനുഷ്യൻ ഉപയോഗിച്ചുതുടങ്ങി. ഇതോടെ വിവിധതരം മൃഗങ്ങളെ വളർത്തേണ്ട ആവശ്യകതയും വർദ്ധിച്ചുവന്നു. വീടുകാവലിനും വേട്ടയ്ക്കും തനിക്കൊരു കൂട്ടായി വളർത്തപ്പെട്ടിരുന്ന നായ്ക്കൾ ഇന്ന് കുറ്റാന്വേഷണ രംഗത്തും സ്ഫോടകവസ്തുക്കൾ കണ്ടെടുക്കുന്ന സുരക്ഷാ മേഖലയിലും ഒഴിവാക്കാനാവാത്ത ഘടകമായി മാറിയിട്ടുണ്ട്. ഇങ്ങനെ പൂച്ചയും വെരുകും മുതൽ ആനയും ഒട്ടകവും വരെ നമ്മുടെ വളർത്തുമൃഗങ്ങളായി മാറി. ഈ പശ്ചാത്തലത്തിൽ ഊന്നിനിന്നുകൊണ്ടുവേണം മൃഗസംരക്ഷണം എന്ന വിഷയത്തെ വിശകലനം ചെയ്യുവാൻ മാണിക്കൽ പഞ്ചായത്തിലെ പ്രധാന സംരക്ഷിത മൃഗങ്ങൾ ആടുമാടുകളാണല്ലൊ. മുയൽ പന്നി തുടങ്ങിയവയെ വളർത്തുന്ന ഒരു ചെറുന്യൂന പക്ഷത്തെയും അവഗണിക്കുവാൻ പാടില്ല. മൃഗസംരക്ഷണമേഖലയിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ നമുക്കു പരിശോധിക്കാം.

## പശുക്കൾ

ഭാരതീയർ പശുക്കൾക്ക് മാതാവിൻെറ സ്ഥാനമാണല്ലൊ കൽപിച്ചിരിക്കുന്നത്. കാമധേനുവും സുരഭിയുമൊക്കെ ഈ സങ്കൽപത്തിന്റെ പ്രതീകങ്ങളുമാകുന്നു. കേരളത്തിലെ ഗോസംരക്ഷണത്തിന്റെ പൂർവ്വചരിത്രമൊന്നും ഇവിടെ പ്രസക്തമല്ല. മുൻകാലത്ത് പശുക്കളെ കൂട്ടമായി കുറ്റിക്കാടുകളിലേയ്ക്ക്തെളിച്ച് മേയിച്ചിരുന്ന ചിത്രം പഴമക്കാരുടെ ഓർമ്മയിൽമാത്രം · കിട്ടിയിരുന്ന പഴയനാടൻ പശുക്കളെ ഇന്ന് ആരും വളർത്താറുമില്ല. തീറ്റകളുടേയും വൈക്കോലിന്റേയും ഭീമമായ വിലവർദ്ധനവും പച്ചപ്പുല്ലിന്റെ ദൗർലഭ്യവും കർഷകരെ കൂടുതൽ പാൽതരുന്ന മിശ്രഇനം പശുക്കളെ വളർത്തുവാൻ പ്രേരിപ്പിക്കുകയാണുണ്ടായത്.

1950 കളോടെ സ്വിറ്റ്സർലൻഡ് തുടങ്ങിയ വിദേശരാജ്യങ്ങളുടെ സാങ്കേതിക സഹായത്തിന്റെ ഫലമായി കൃത്രിമ ബീജസങ്കലനം വഴി അത്യുൽപാദനശേഷിയുള്ള ഗോമാതാക്കളുടെ പുതിയതലമുറ ഗ്രാമഗ്രാമാന്തരങ്ങളിൽ ജന്മമെടുത്തു. 15 മുതൽ 20 വരെ ലിറ്റർ പാൽ തരുന്ന പശുക്കൾ ഇന്നു സർവ്വസാധാരണമാണ്.

നമ്മുടെ പഞ്ചായത്തിൽ ഇന്ന് 900-ത്തിനുമേൽ കറവമാടുകൾ പരിപാലിക്കപ്പെടുന്നു. എന്നാണ് ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവ പ്രതിദിനം 4800 ലിറ്റർ പാൽ നമുക്കുതരുന്നുമുണ്ട്. ചുരുക്കത്തിൽ ശരാശരി 138 മില്ലിലിറ്റർ പാലാണ് പ്രതിശീർഷ ഉൽപാദനമെന്നുകാണാം. ഈ പാലിൽ 2200 ലിറ്റർമാത്രമേ വീടുകളിൽ ഉപയോഗിക്കുന്നുള്ളൂ. ശേഷിക്കുന്നത് പാലായും പാൽ ഉത്പന്നങ്ങളായും പുറമേ വിറ്റഴിക്കപ്പെടുകയാണ്. ദിനംപ്രതിയുള്ള പ്രതിശീർഷ ഉപഭോഗം വെറും 63 മില്ലിലിറ്റർ മാത്രമാണ്. ഈ കണക്കുകൾ പരിശോധിച്ചാൽ നാം കേരളത്തിലെ ശരാശരി ഉത്പാദനത്തേയും ഉപഭോഗത്തേയുംകാൾ വളരെ വളരെ പിന്നിലാണന്നു കാണാം.

അമിതമായ സംരക്ഷണച്ചെലവും നഷ്ടത്തിൽ കലാശിക്കുന്ന നെൽകൃഷിയും കാരണം കർഷകർ ഇപ്പോൾ കാളകളേയും പോത്തുകളേയും വളരെ ചുരുക്കമായേ വളർത്തുന്നുള്ളൂ. കൃഷിക്കാലത്തു വാങ്ങുകയും കൃഷികഴിയുമ്പോൾതന്നെ വിറ്റുകളയുകയും ചെയ്യുന്നതുകൊണ്ട് ഇവയുടെ കണക്കുകൾ ലഭ്യമല്ല.

## എരുമകൾ

നമ്മുടെ പഞ്ചായത്തിൽ ആകെ 28 എരുമകളെ മാത്രമേ വളർത്തുന്നുള്ളൂ എന്നാണ് ലഭ്യമായ വിവരം. പശുക്കർഷകർ നേരിടുന്ന അതേ പ്രശ്നങ്ങൾതന്നെയാണ് എരുമവളർത്തൽക്കാരും അനുഭവിച്ചുവരുന്നത്. എരുമകളെകൂടുതലായി വളർത്തുവാൻ ഇവിടെ വേണ്ടത്രസൗകര്യങ്ങളുണ്ട്. എന്നാൽ ഇവയുടെ അപ്രാപ്യമായ വിലവർദ്ധന · കാരണം ദരിദ്രകർഷകർക്ക് വാങ്ങിവളർത്തുവാൻ കഴിയുന്നില്ല.

## ആടുവളർത്തൽ

ഗ്രാമപ്രദേശത്തെ ഭൂമി ചെറുതുചെറുതായി വിഭജിക്കപ്പെട്ടതോടെ ആടുവളർത്തലിനു വലിയതെരുക്കം അനുഭവപ്പെട്ടു തുടങ്ങി. ഈ പഞ്ചായത്തിൽ ഇപ്പോൾ ആകെ വളർത്തപ്പെടുന്ന ആടുകളുടെ എണ്ണം എണ്ണൂറിനു താഴെയാണ്. പാലിന്റെ ലഭ്യതയിലുപരി മാംസത്തിനുവേണ്ടിയാണ് ആടുകളെ പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. പണ്ടേപ്പോലെ തുറസ്സായ സ്ഥലങ്ങളോ പൊന്തക്കാടുകളോ ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ ലവലേശം ഇല്ലാത്തതുകൊണ്ട് ഇവയ്ക്ക് ആവശ്യമായ സസ്യങ്ങൾ ഇല്ലാതെ വന്നിട്ടുണ്ട്. ഇതുമൂലം കുടികളിൽ ആടുവളർത്തുവാൻ ബുദ്ധിമുട്ടനുഭവിക്കുകയാണ്. മാത്രമല്ല ജനങ്ങൾ കൂടുതൽ പരിഷ്കൃത ജീവിതരീതി നയിക്കുവാൻ താൽപര്യം കാണിക്കുന്നതുകൊണ്ട് ആടുവളർത്തലിനോട് പൊതുവേ ഒരു വൈമുഖ്യവുമുണ്ട്.

## ഇതര ജന്തുക്കൾ

നാലഞ്ചു കർഷകർ മാത്രമേ പന്നികളെ ഇവിടെ വളർത്തുന്നുള്ളു. വളരെ ലാഭകരമായ ഈ തൊഴിൽ ഇതേവരെ വ്യാപകമായിട്ടില്ല. പന്നിവളർത്തലിന് അൽപം സാങ്കേതികപരിജ്ഞാനവും ശുചിത്വ പരിപാലനവും ആവശ്യമാണ്. പ്രത്യേകതരത്തിലുള്ള ഫാമുകളിൽമാത്രമേ ഇവയെ വളർത്തുവാൻ കഴിയൂ എന്നതാണ് ഇവിടുത്തെ സാഹചര്യം.

മുയൽ വളർത്തലും ഇവിടെ വിരളമായതുകൊണ്ട് അതുവിശകലനത്തിനു വിഷയമാകുന്നില്ല.

## നായ്ക്കൾ

ജന്തുലോകത്തുനിന്നും മനുഷ്യനുകിട്ടിയ ആദ്യത്തെ കൂട്ടുകാരനാണു പട്ടിയെന്നു ചരിത്രം നമ്മേ പഠിപ്പിക്കുന്നു. മാണിക്കൽ പഞ്ചായത്തിലെ മൊത്തമുളള 11568 വീടുകളിൽ 9000-ത്തിലും വളർത്തുനായ്ക്കൾ ഉള്ളതായാണു സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. നല്ലൊരുസംഖ്യവരുന്ന അനാഥപട്ടികളും തെരുവുനായ്ക്കളും വേറെ. മൊത്തം നായ്ക്കളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. പേപ്പട്ടികളുടെ ശല്യം മാണിക്കൽ പഞ്ചായത്തിലെ പല ഭാഗങ്ങളിലും ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

## കോഴിവളർത്തൽ

സമ്പൂർണ്ണപോഷകാഹാരമെന്നനിലയിൽ മുട്ടയുടെ ഉപയോഗം മുമ്പെന്നത്തെക്കാളും വർദ്ധിച്ചിരിക്കുകയാണ്.എന്നാൽ നമ്മുടെ പഞ്ചായത്തിൽ ആവശ്യമുള്ളതിന്റെ 35-40% മുട്ടമാത്രമേ ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നുള്ളു. കൂടുതൽവേണ്ടിവരുന്ന മുട്ട പുറമേനിന്നു കൊണ്ടുവരികയാണ് ചെയ്യുന്നത്.

വീടുകളിൽ കൂടുതലായും നാടൻകോഴികളെയാണ് വളർത്തിവരുന്നത്. നാടൻകോഴി പ്രതിവർഷം 80നും 100നും ഇടയ്ക്കുമുട്ടമാത്രമേ തരുന്നുള്ളു. ഈ പഞ്ചായത്തുമായിക്കൂടി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന ഒരേയൊരു കോഴിവളർത്തൽ സഹകരണസംഘം വെമ്പായം പൗൾട്രി ഫാമിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. "മുതലക്കുളത്ത് മുതലയുമില്ല കുളവുമില്ല" എന്നുപറഞ്ഞതുപോലെ ഈ സംഘത്തിൽ കോഴികളുമില്ല ഇപ്പോൾ പ്രവർത്തനവുമില്ല എന്ന അവസ്ഥയിലാണ്. സ്വകാര്യ പൗൾട്രഫാമുകൾ അഞ്ചെണ്ണമുണ്ട്. ഇവിടങ്ങളിൽ ഇറച്ചിക്കുവേണ്ടിയുള്ള ബ്രോയിലർ കോഴികളെ മാത്രമാണു വളർത്തിവരുന്നത്. പഞ്ചായത്തിലെ മുഴുവൻപേർക്കും ആവശ്യമായത്ര മുട്ടയും ഇറച്ചിക്കോഴിയും ഇവിടെത്തന്നെ ഉത്പാദിപ്പിക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടേണ്ടിയിരിക്കുന്നു. ഇവിടെ താറാവുവളർത്തലും വിരളമാണ്.

## മത്സ്യകൃഷി

കടലും നദിയും തീണ്ടാത്ത ഗ്രാമമാണ് മാണിക്കൽ. ഉൾനാടൻ മത്സ്യകൃഷിയും ഇവിടെയില്ല. ഇതുകൊണ്ട് മത്സ്യബന്ധനം എന്ന വിഷയമേ പ്രസക്തമല്ല. എന്നാൽ ശുദ്ധജല മത്സ്യകൃഷിക്ക് ഏറെ സാദ്ധ്യതകളുള്ള പ്രദേശമാണിത്. പണ്ടൊരുകാലത്ത് തോട്ടിറമ്പുകളിലും തലച്ചിറകളിലും കുളങ്ങളിലും നിന്നൊക്കെ

നീറ്റുമീൻകിട്ടിക്കൊണ്ടിരുന്നു. ഇടക്കാലത്ത് മാരകമായ കീടനാശിനികളുടെ അമിതവും അശാസ്ത്രീയവുമായ പ്രയോഗം സാർവ്വത്രികമായതോടെ നീറ്റുമീനുകൾക്ക് വംശനാശം സംഭവിച്ചനിലയിലാണ്. ഈ പഞ്ചായത്തിലെ വലിയ കുളങ്ങളിലെല്ലാം നീന്തൽ പരിശീലനം നടന്നുകൊണ്ടിരിക്കുകയാണ്. അകായികരംഗത്ത് ഒട്ടേറെ മികച്ച സംഭാവനകൾ നൽകിയ ഇവിടുത്തെ കായികപ്രതിഭകൾ നമ്മുടെ പഞ്ചായത്തിനെ ലോകശ്രദ്ധപിടിച്ചുപറ്റുവാൻ പര്യാപ്തമാക്കിയിട്ടുണ്ട്. നൂറുകണക്കിന് യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാനും ഈ കായികകല ഉപകരിച്ചിട്ടുണ്ട്. അതുകൊണ്ട് ശുദ്ധജല മത്സ്യകൃഷിക്ക് അനുയോജ്യമായനിലയിൽ പുതിയ കുളങ്ങൾ കണ്ടെത്തിവികസിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു. മത്സ്യകൃഷിക്കു തയ്യാറുള്ള കർഷകർ ഈ പ്രദേശത്തുണ്ട്.

## പ്രശ്നങ്ങൾ, വിശകലനങ്ങൾ

പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതിയിലൂടെ താഴ്ന്നവരുമാനക്കാരായ കർഷകരുടെ വരുമാനമാർഗ്ഗം. പശുക്കുട്ടികൾക്ക് ക്ഷീരസംഘങ്ങൾ വഴി സൗജന്യനിരക്കിൽ കാലിത്തീറ്റവിതരണം ചെയ്യുന്നുണ്ട്. പക്ഷേ ക്ഷീരസംഘങ്ങളുടെ കുറവുമൂലം ഈ പഞ്ചായത്തിലെ 90% കർഷകർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല.

കൂടുതൽ പാൽ ഉത്പാദിപ്പിച്ചാൽ ഇതു വിപണനംചെയ്യുവാനുള്ള സംവിധാനം ഇല്ലാത്തതുകൊണ്ട് പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലുള്ള കർഷകർ പശുക്കളെ വാങ്ങിവളർത്തുവാൻ താത്പര്യപ്പെടുന്നില്ല.

ഐ.ആർ.ഡി.പി. പദ്ധതിപ്രകാരം കറവപ്പശുക്കളെ വാങ്ങുവാനുളള ധനസഹായം നൽകിവരികയാണല്ലൊ. എന്നാൽ ഭൂരിഭാഗവും പശുവളർത്തലിൽ താത്പര്യമുള്ള യഥാർത്ഥ കർഷകർക്കല്ല ഇതുലഭിച്ചിട്ടുള്ളതെന്നു പഠനങ്ങൾ വെളിവാക്കുന്നു. പശുമാറാട്ടം നടത്തി പണംവാങ്ങി മറ്റാവശ്യങ്ങൾക്കു ചെലവഴിച്ചവരാണ് അനവധി. ഇവരിൽപലരും തീരാക്കടത്തിന് അടിമയായിട്ടുമുണ്ട്.

കൃത്രിമ ബീജസങ്കലനം നടത്തുന്ന മൂന്നുകേന്ദ്രങ്ങൾ ഇവിടെയുണ്ട്. വേളാവൂർ മൃഗാശുപത്രിയും മുളയത്തും കോലിയക്കോട്ടുമുള്ള രണ്ട് ഉപകേന്ദ്രങ്ങളുമാണിവ. ഈ സ്ഥാപനങ്ങൾവഴി ഇപ്പോൾ പ്രയോഗിച്ചുവരുന്ന കൃത്രിമബീജത്തിന് സങ്കലനശേഷി കുറവുള്ളതായി കർഷകർ വിവരിക്കുന്നു. ഈ ന്യൂനത പരിശോധിക്കേണ്ടതാണ്. ക്ഷീരസംഘങ്ങളുടെ കഥപോലെതന്നെ ഈ മൂന്നുബീജസങ്കലനകേന്ദ്രങ്ങളും പ്രവർത്തിക്കുന്നത് പടിഞ്ഞാറൻ മേഖലയിലാണ് കിഴക്കൻമേഖലയ്ക്ക് ഇവിടെയും അവഗണനയാണുള്ളത്. ഈയിടെ ആരംഭിച്ച വേളാവൂർ മൃഗാശുപത്രി ശൈശവദശയിലാണ്. ഇവിടെ വേണ്ടത്ര ചികിത്സാസൗകര്യങ്ങൾ ഉണ്ടായിട്ടില്ല. അതുപോലെ വാക്സിനും മറ്റും കേടുകൂടാതെ സൂക്ഷിക്കുവാനുള്ള യന്ത്രോപകരണങ്ങളും ഇവിടെയില്ല. അടിയന്തിരമായി പരിഹരിക്കേണ്ട അപര്യാപ്തതയാണിത്.

വിലകുറഞ്ഞതും പോഷകഗുണമുള്ളതുമായ അസംസ്കൃത ജൈവവസ്തുക്കൾകൊണ്ട് കാലിത്തീറ്റയും കോഴിത്തീറ്റയും ഉത്പാദിപ്പിക്കാൻ സഹകരണാടിസ്ഥാനത്തിൽ ഒരു ഫാക്ടറി ഈ പഞ്ചായത്തിലെ ഉചിതമായ സ്ഥലത്ത് സ്ഥാപിക്കുന്നതായാൽ ഇതു കർഷകർക്ക് വളരെ സഹായകരവും ആദായകരവുമായിരിക്കും. ചക്കക്കുരു, മരച്ചീനി, പുളിയരി, മാങ്ങയണ്ടി, തവിട് തുടങ്ങിയ വിലകുറഞ്ഞതും സംഭരിക്കാൻ എളുപ്പവുമുള്ളതുമായ ജൈവവസ്തുക്കൾ ഇതിലേക്ക് ഉപയോഗിക്കാവുന്നതാണ്.

അണുബാധയില്ലാത്തതും പരിശുദ്ധവുമായ മാംസ ഭക്ഷ്യാവശ്യത്തിനു ലഭ്യമാക്കുവാൻ പഞ്ചായത്ത് കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്. അറവുമാടുകളുടെ പരിശോധന കർശനമാക്കുകയും ഉചിതമായ സ്ഥലം തെരഞ്ഞെടുത്ത് അറവുശാലകളും ശീതീകരണികളും സ്ഥാപിക്കുകയും ചെയ്യണം. ഇതിനുപ്രത്യേകമായി ഒരു വിദഗ്ധ ഡോക്ടറുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. രണ്ടുവീതം വാർഡുകൾ കേന്ദ്രീകരിച്ച് ഓരോ ക്ഷീരോൽപാദകസഹകരണസംഘങ്ങൾ ആരംഭിക്കുക.

2. കൃഷിഭവനുമായി സഹകരിച്ച് തീറ്റപ്പുൽകൃഷി ഊർജ്ജിതപ്പെടുത്തുക.

3. കാലിത്തീറ്റകളുടെ വില കുറയ്ക്കുക.

4. വളർത്തുമൃഗങ്ങൾക്ക് പഞ്ചായത്തുതലത്തിൽ മാസ്റ്റർ പോളിസിവഴി ഇൻഷ്വറൻസ്പരിരക്ഷ ഏർപ്പെടുത്തുക.

5. കൃത്രിമബീജസങ്കലനകേന്ദ്രങ്ങളെ രണ്ടുവാർഡുകൾക്ക് ഒന്നെന്ന ക്രമത്തിൽ സ്ഥാപിക്കുക.

6 മൃഗാശുപത്രിയിൽ സൗഹൃദസമിതി രൂപീകരിച്ച് പ്രവർത്തനം കുറ്റമറ്റതാക്കുക.

7. കന്നുകാലികൾക്കുള്ള രോഗപ്രതിരോധ കുത്തിവയ്പ് വ്യാപകമാക്കുക.

8. പേവിഷബാധ നിയന്ത്രിക്കുവാൻ എല്ലാവളർത്തുനായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ് നിയമംമൂലം നിർബന്ധമാക്കുകയും അലഞ്ഞുതിരിയുന്ന പട്ടികളെമുഴുവൻ നശിപ്പിക്കുകയും ചെയ്യുക.

9. വളർത്തുനായ്ക്കൾക്കു ലൈസൻസ് ഏർപ്പെടുത്തുക.

10. പ്രത്യേകകന്നുകുട്ടിപരിപാലനപദ്ധതി വ്യാപകമാക്കുക.

11. ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ സബ്സിഡിയോടെ നല്ലയിനം ആട്ടിൻകുട്ടികളെ വിതരണം ചെയ്യുക.

12. വീട്ടുവളപ്പിലെ കോഴിവളർത്തലിനു പ്രോത്സാഹനം നൽകുകയും 50 കോഴികളെ വളർത്തുവാനുള്ള ഫാമുകൾക്ക് ധനസഹായവും സൗജന്യമായി കോഴിക്കുഞ്ഞുങ്ങളേയും നൽകുക.

13. പുറമ്പോക്കു കുളങ്ങൾ വികസിപ്പിച്ച് ശുദ്ധജല മത്സ്യകൃഷിക്ക് ഗ്രൂപ്പടിസ്ഥാനത്തിൽ കർഷകരെ സംഘടിപ്പിക്കുകയും ചെയ്യുക.

14. വെമ്പായം കേന്ദ്രമാക്കി ഒരു മൃഗാശുപത്രി ആരംഭിക്കുക.

15. കന്നുകാലി വളർത്തുന്നതിനുള്ള വായ്പ ഉദാരമാക്കുക.

16. ഗുണനിലവാരമുള്ള കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിന് പ്രാദേശികമായി ലഭിക്കുന്ന ചക്കക്കുരു കശുമാങ്ങ കപ്പയുടെ തണ്ട് ഇവ ഉപയോഗിച്ച് കാലിത്തീറ്റ യൂണിറ്റ് സ്ഥാപിക്കുക.

17. തെങ്ങിൻതോപ്പിൽ ഇടവിളയായി തീറ്റപ്പുൽകൃഷി വികസിപ്പിക്കാം

18. വെളാവൂർ മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം ലബോറട്ടറി വാഹനം ടെലഫോൺ ഇവ ഉണ്ടാക്കണം.

19. മൃഗചികിൽസാരംഗത്ത് നാടൻ ആയുർവേദ ഹോമിയോ ചികിൽസാരീതികൂടി പ്രയോഗത്തിൽ പെടുത്തേണ്ടതാണ്.

20. കർഷകർക്ക് ശരിയായ പരിശീലനം പശുപരിപാലനത്തിനാവശ്യമായ ബോധവൽക്കരണം ഇവ വ്യാപകമാക്കാവുന്നതാണ്.

21. ശാസ്ത്രീയരീതിയിലുള്ള തൊഴുത്തു നിർമ്മിക്കുന്നതിനും പശുവിനെ വാങ്ങുന്നതിനും ഉദാര വ്യവസ്ഥയ്ക്ക് വായ്പ ലഭ്യമാക്കാവുന്നതാണ്.

22. മിനി ഗോവർ ഗ്യാസ് പ്ളാൻറുകൾ സ്ഥാപിക്കുന്നതിന് പ്രോൽസാഹനം നൽകുകയോ മൾട്ടി പർപ്പസ് ഉപയോഗിച്ച് മൾട്ടി പർപ്പസ് സൊസൈറ്റി രൂപീകരിച്ച് മുട്ടയും ഇറച്ചിയും ഉൽപാദിപ്പിക്കുന്ന രീതിയോ വിവരണം ചെയ്യുന്ന രീതിയോ ആക്കാം.

23. പഞ്ചായത്തിൽ ഒരു മാതൃകാ കാലി വളർത്തൽ കേന്ദ്രം ആരംഭിക്കുക.

24. മാതൃകാ ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

25. പഞ്ചായത്തിൽ ഒരു എഗ്ഗർ നഴ്സറി സ്ഥാപിക്കുക. സ്കൂൾ പൗൾട്രി ക്ലബ്ബുകൾ സ്ഥാപിക്കുക.

26. ശുദ്ധജല ചെമ്മീൻ കൃഷിയെക്കുറിച്ചാലോചിക്കണം.

27. അലങ്കാര മൽസ്യകൃഷിയുടെ മാർക്കറ്റിംഗ് സാധ്യതകൾ പ്രയോജനപ്പെടുത്തുക.

28. അടുക്കളക്കുളം പദ്ധതി നടപ്പിലാക്കുക.

പാൽ, മുട്ട എന്നിവയുടെ ഉത്പാദനത്തിൽ മാണിക്കൽ പഞ്ചായത്ത് സ്വാശ്രയത്വം മുന്നിൽക്കണ്ടുകൊണ്ട് മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതായാൽ അതു മറ്റുപഞ്ചായത്തുകൾക്കുകൂടി പ്രയോജനം ചെയ്യുന്നതായിരിക്കും.

# വ്യവസായം

അതിപ്രാചീനകാലംമുതൽക്കേയുള്ള ചരിത്രരേഖകൾ പരിശോധിച്ചാൽ മാണിക്കൽ പഞ്ചായത്തുപ്രദേശം പൂർണമായും കാർഷികമേഖലയിൽ ഉൾപ്പെട്ട ഗ്രാമമാണെന്നു കാണാം. ഇവിടെ ആധുനികവ്യവസായങ്ങൾ ഒന്നുംതന്നെ ഇതേവരെ ആരംഭിച്ചിട്ടില്ല. പരമ്പരാഗതമായി പറയർ എന്നസമുദായത്തിൽപെട്ടവർ ഈറ ഉപയോഗിച്ച് പായ, കുട്ട, വട്ടി, മുറം മുതലായവ തങ്ങളുടെകുടിലുകളിൽ വച്ചു നെയ്ത് വിദൂരചന്തകളിൽവരെ ചുമന്നുകൊണ്ടുപോയി വിറ്റുവന്നിരുന്നു. ചില ഒറ്റപ്പെട്ട കുഴിത്തറികൾ അങ്ങിങ്ങ് ഉണ്ടായിരുന്നത് ഒഴിച്ചാൽ നെയ്ത്തും ഒരു വ്യവസായമായി വളർന്നിരുന്നില്ല എന്നാൽ 19-ാം നൂറ്റാണ്ടിന്റെ ആരംഭകാലംമുതൽതന്നെ കൊപ്പംരക്ഷാസൈന്യം പള്ളി സ്ഥിതിചെയ്യുന്ന ഭാഗത്തുള്ള വേമ്പായ (ഈറപ്പായ) നെയ്ത്തിന് പുറംനാടുകളിൽവരെ കീർത്തിലഭിച്ചിരുന്നു. ഇതിന്റെഫലമായി ഈ ഭാഗത്തിന് വെമ്പായം എന്നപേരും ലഭിച്ചു. ഇപ്പോൾ വെമ്പായം എന്നുപറയുന്ന കവലയുടെ പഴയപേര് ഇലവുങ്ങൽ എന്നായിരുന്നു.. തിരുവിതാംകൂർ കൊട്ടാരം ആവശ്യത്തിനുവരെ പഴയവെമ്പായത്തുനിന്നും ഈറഉത്പന്നങ്ങൾ കൊണ്ടുപോയിരുന്നതായി പഴമക്കാർ ഓർക്കുന്നു.

1970 കളുടെ മദ്ധ്യത്തോടെ പ്ലാക്കീഴ് ഭാഗത്ത് ഇഷ്ടികച്ചൂളകളിൽനിന്നും പുകയുയരാൻ തുടങ്ങിയതാണ്. ഈ ഗ്രാമത്തിലെ ആദ്യവ്യവസായസംരംഭം എന്നുപറയാം. മണ്ണും മരവും കരിങ്കല്ലും ഉപയോഗിച്ചുള്ള പഴയഭവനങ്ങളുടെ ചുവർനിർമ്മാണം ക്രമേണ ഇഷ്ടികഭിത്തികൾക്കുവഴിമാറിയതോടെ 1980കളിൽ ഈ വ്യവസായം ശക്തി പ്രാപിക്കുകയുണ്ടായി. എന്നാൽ 1990 ആരംഭിച്ചതോടെ കളിമണ്ണിന്റെ ലഭ്യതകുറയുകയും ഇഷ്ടികവ്യവസായം നാമമാത്രമായിത്തീരുകയും ചെയ്തു. ഇതുമൂലം മുന്നൂറിൽപരം തൊഴിലാളികൾ തൊഴിൽരഹിതരാവുകയും അവരിൽ ചെറിയവിഭാഗം ഇതരതൊഴിലുകൾതേടിപ്പോകുകയും ചെയ്തു.

കുതിരകുളത്ത് ഒരു മിനറൽവാട്ടർ നിർമ്മാണയൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരള ഖാദി ഗ്രാമവ്യവസായവകുപ്പിന്റെ കീഴിൽ ഗാന്ധിസ്മാരകനിധി 1974 മുതൽ കൊപ്പം വാർഡിലെ ഉദിയന്നൂർ അറപ്പുരവിളയിൽ (ഗാന്ധി നഗർ) ഒരു ഖാദിനെയ്ത്ത് കേന്ദ്രം നടത്തിവരുന്നുണ്ട്. ഇവിടെ 22 തൊഴിലാളികളുണ്ട്.

തീപ്പുകൽ വാർഡിൽ പൂലന്തറയ്ക്കടുത്ത് ശാന്തിഗിരി ആശ്രമത്തിന്റെ ആഭിമുഖ്യത്തിൽ അവിടുത്തെ അന്തേവാസികൾ പണിയെടുക്കുന്ന ഒരു ആയുർവേദ ഔഷധനിർമ്മാണ കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. ഇത് സ്വകാര്യമേഖലയിലാണ്. കേരളത്തിലെ ഏകസിദ്ധ-ഔഷധ നിർമ്മാണശാല ശാന്തിഗിരിയിലാണ്.

ഈ പഞ്ചായത്തിലെ ശുഷ്കമായ വ്യവസായസംരംഭങ്ങളുടെ യഥാർത്ഥചിത്രം ഇത്രയുംകൊണ്ട് വ്യക്തമാവുമല്ലോ.

## സാദ്ധ്യതകളുടെ വിലയിരുത്തൽ

1. കാർഷികരംഗത്ത് 1980വരെയുമണ്ടായിരുന്ന തെങ്ങുംതോപ്പുകളും നെൽപാടങ്ങളും പോലും നാണ്യവിളയായ റബ്ബർ കയ്യടക്കിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഈ പഞ്ചായത്തിലെ 80% ഭൂമിയും റബ്ബർ തോട്ടങ്ങളാണ്. ആയതിനാൽ അസംസ്കൃത റബ്ബർ ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു വൻവ്യവസായ ശൃംഖലതന്നെ ഈ പഞ്ചായത്തിൽ സ്ഥാപിക്കാവുന്നതാണ്. ഇതിലേക്ക് ഏറ്റവുംകൂടുതൽ റബ്ബർ വിപണനം നടന്നുകൊണ്ടിരിക്കുന്ന വെമ്പായം പ്രദേശംതന്നെ തെരഞ്ഞെടുക്കാവുന്നത.ണ്. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരുകോടിരൂപമുടക്കി ഒരു വ്യവസായശാല വെമ്പായത്തു തുടങ്ങുവാനുള്ള സ്ഥലസൗകര്യവും ഇവിടെ ലഭ്യമാണ്.

2. ഈ പഞ്ചായത്തിൽ വിവിധ സാങ്കേതികമേഖലകളിൽ വൈദഗ്ധ്യം നേടിയ 38 ഉന്നത വിദ്യാഭ്യാസമുള്ളവരും കമ്പ്യൂട്ടർ ടെക്നോളജി, ഇലക്ട്രോണിക്സ്, വെൽഡിംഗ്, പ്ലംബിംഗ്, കാർപന്ററി തുടങ്ങിയ വിഷയങ്ങളിൽ ഡിപ്ലോമയോ ബിരുദമോ നേടിയ 128 പേരും സാമാന്യസാങ്കേതിക ജ്ഞാനമോ സ്വകാര്യപരിശീലനമോനേടിയ 221 പേരും ഉള്ളതായി സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നു. ഇവരിൽ ഏറിയപങ്കും പട്ടണങ്ങളുമായി ബന്ധപ്പെട്ട സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലും സ്വകാര്യ വ്യവസായയൂണിറ്റുകളിലും സ്ഥിരം ജോലിനേടിയിട്ടുള്ളവരുമാണ്. 16% പേർ തൊഴിൽ രഹിതരായി ഈ പഞ്ചായത്തിലുണ്ട്.

അവരെ സംഘടിപ്പിച്ചും അഭ്യസ്ഥവിദ്യരായ മറ്റുതൊഴിൽ രഹിതർക്ക് പരിശീലനം നൽകിയും ഈ പഞ്ചായത്തിൽ ഉചിതമായ സ്ഥലങ്ങളിൽ ചെറിയ വ്യവസായ യൂണിറ്റുകൾ തുടങ്ങുകയും ഇവയെ ഒരു ചെറികിട വ്യവസായശൃംഖലയായി രൂപാന്തരപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

3. തൊഴിലില്ലായ്മയിൽ മുൻപന്തിയിൽ നിൽക്കുന്നത് സ്ത്രീകളാണ്. അവർക്കുവേണ്ടി ഓരോ വാർഡിലും ഓരോ ചെറുകിട വ്യവസായസഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. സംഘാംഗങ്ങളിൽനിന്നുതന്നെ നിശ്ചിതഷെയർ സ്വരൂപിക്കുകയും തൊഴിലാളികളായി എത്തുന്നവരെക്കൂടി മുടക്കുമുതലിൽ പങ്കാളികളാക്കുകയും കുറവുവരുന്ന തുക അപ്പക്സ് സൊസൈറ്റി വ്യവസായ വികസന അതോറിട്ടി എന്നിവയിൽനിന്ന് വായ്പയായി സ്വീകരിക്കുകയും ചെയ്ത് രൂപീകരിക്കുന്ന ചെറുകിട ഉത്പാദനകേന്ദ്രങ്ങളിലെ ഉത്പന്നങ്ങളെ വിറ്റഴിക്കേണ്ട ചുമതലയും തൊഴിലാളിയെതന്നെ ഏല്പിക്കാവുന്നതുമാണ്.. മെഴുകുതിരി, സാമ്പ്രാണിത്തിരി, സോപ്പ്, പനിനീർ, പേപ്പർ പൾപ്പ് ഉത്പന്നങ്ങൾ, തീപ്പെട്ടി, കളിപ്പാട്ടങ്ങൾ തുടങ്ങിയവയ്ക്കുള്ള യൂണിറ്റുകൾ ഇത്തരത്തിൽ ആരംഭിച്ചാൽ വനിതാരംഗത്തുള്ള തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുവാൻ കഴിയും. ഇതോടൊപ്പം തയ്യൽ.

പരിശീലനകേന്ദ്രങ്ങളും അനുബന്ധമായി റെഡിമെയ്ഡ് ഗാർമെന്റ്സ് നിർമ്മാണവും തുടങ്ങാവുന്നതുമാണ്.

4. അച്ചാറുകൾ, ധാന്യപ്പൊടികൾ, പലവ്യഞ്ജന–സുഗന്ധദ്രവ്യപ്പൊടികൾ എന്നിവ നിർമ്മിക്കുവാൻ ലഘുയന്ത്രങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള ഒന്നോ രണ്ടോ യൂണിറ്റ് ആരംഭിക്കാവുന്നതാണ്. ഇതും മേൽ പ്രസ്ഥാവിച്ചവണ്ണം തൊഴിലാളികൾക്ക് സാമ്പത്തികപങ്കാളിത്തവും ഭരണപങ്കാളിത്തവുമുള്ള സഹകരണസംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടത്താവുന്നതാണ്.

പരമാവധി ഇന്ധനച്ചെലവുകുറഞ്ഞതും അസംസ്കൃതവസ്തുക്കളുടെ ലഭ്യത എളുപ്പമായതുമായ വ്യവസായങ്ങൾക്കാവട്ടെ മുൻഗണന.

## പരിഹാരനിർദ്ദേശങ്ങൾ

**വിവിധവിശേഷാൽഗ്രാമസഭകളിൽനിന്നും ചർച്ചകളുടെഫലമായി ഉയർന്നുവന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.**

1. പിരപ്പൻകോട് കേന്ദ്രമാക്കി സഹകരണാടിസ്ഥാനത്തിൽ ഒരു റെഡിമെയിഡ് ഗാർമെന്റ് നിർമ്മാണവിപണനകേന്ദ്രം ആരംഭിക്കുക. ഉദ്ദേശം 10 ലക്ഷം രൂപ മുതൽമുടക്കി രൂപീകരിക്കുന്ന ഈ കേന്ദ്രത്തിന്റെ നിർമ്മാണശാഖകൾ വിവധ വാർഡുകളിൽ സ്ഥാപിക്കുക. വെമ്പായം കേന്ദ്രമാക്കി എംബ്രോയിഡറി സബ്‌യൂണിറ്റും, ആലിയാട്, വേളാവൂർ, മാങ്കുഴി, പ്ളാക്കീഴ്, കോലിയക്കോട് എന്നിവിടങ്ങളിൽ റെഡിമെയിഡ് വസ്ത്രങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകളും വെവ്വേറെ സ്ഥാപിച്ച് ഇവയുടെ മൊത്തസംഭരണവും വിപണനവും പിരപ്പൻകോട് കേന്ദ്രഡിപ്പോയിൽനിന്നും ആയിരിക്കണം. മൂലധനമേഖലയിൽ ബന്ധപ്പെട്ടതൊഴിലാളികൾക്കുകൂടി സാമ്പത്തികപങ്കാളിത്തവും വിപണനത്തിൽ സഹകരണവും ഉണ്ടാവണം.

2. പഞ്ചായത്തടിസ്ഥാനത്തിൽ കേന്ദ്രീകൃതവ്യവസായമെന്ന നിലയ്ക്ക് റബ്ബർപാൽ ഉപയോഗിച്ച് വിവധഉത്പന്നങ്ങൾനിർമ്മിക്കുന്ന ഒരു ഇടത്തരം വ്യവസായശാല വെമ്പായത്തുസ്ഥാപിക്കുകയും ഇതിന്റെ പ്രധാനശാഖ കോലിയക്കോട് ആരംഭിക്കുകയും ചെയ്യുക.

3. പരമ്പരാഗതവ്യവസായമായ ഈറ വ്യവസായം പുനരുദ്ധരിക്കേണ്ടതുണ്ട്. ഇതിലേക്ക് ഈറവ്യവസായസഹകരണസംഘം പുനരുദ്ധരിക്കുകയും ആവശ്യമായ മൂലധനം ലഭ്യമാക്കി കൊപ്പം കേന്ദ്രീകരിച്ച് ആകർഷകമായ ഈറ്റ ഉത്പന്നങ്ങൾ നെയ്യുകയും വിറ്റഴിക്കുകയും ചെയ്യുന്നതിനുള്ള ഒരു ഡിപ്പോ ആരംഭിക്കുക. ഇതിന്റെ ശാഖകളായി തൈക്കാട് ചിറത്തലയ്ക്കൽ (കൊപ്പം വാർഡ്) പ്ളാക്കീഴ് എന്നിവിടങ്ങളിൽ ഓരോ സബ്‌യൂണിറ്റുകൾ സ്ഥാപിക്കുക. ഇതിനുള്ള ഈറ്റഡിപ്പോ തയ്ക്കാട്ട്തന്നെ നിലനിർത്തുക.

4. പിരപ്പൻകോട് കേന്ദ്രമാക്കി ഒരു ചെറികിടവ്യവസായ ശൃംഖലാകേന്ദ്രം സ്ഥാപിക്കുക. താഴെപറയുന്ന സ്ഥലങ്ങളിൽ വിവിധ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുക

| | | | |
|---|---|---|---|
| a) | തീപ്പെട്ടി, മെഴുകുതിരി | | മൂളയം |
| b) | സോപ്പ് കടലാസുത്പന്നങ്ങൾ | | വെമ്പായം, തലയിൽ (ഇടത്തറ) |
| c) | കരകൗശലവസ്തുക്കൾ, കളിപ്പാട്ടങ്ങൾ | | ഗാന്ധിനഗർ കൊപ്പം |
| d) | സാമ്പ്രാണിത്തിരി, മെഴുകുതിരി, പനിനീർ | | ഇടപ്പൻകോട് (പ്ളാക്കീഴ്) വെമ്പായം |
| e) | Wooden packing materials | | പൂലന്തറ |
| f) | പൂത്തിരി മത്താപ്പ് നിർമ്മാണം | | പൂലന്തറ |

5. കോലിയക്കോട് കേന്ദ്രമാക്കി ഒരു ഭക്ഷ്യോത്പന്നനിർമ്മാണ വിപണനകേന്ദ്രം ആരംഭിക്കുകയും അതിന്റെ ശാഖകൾ

താഴെപറയുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രൂപീകരിക്കുകയും ചെയ്യുക.

| ധാന്യപ്പൊടി നിർമ്മാണ യൂണിറ്റ് | പ്ളാക്കീഴ് |
|---|---|
| അച്ചാറുകൾ | പാലവിള പിരപ്പൻകോട് |
| പാലുത്പന്നങ്ങൾ | പൂലന്തറ |
| സുഗന്ധവ്യഞ്ജനപ്പൊടികൾ | കോലിയക്കോട്<br>തലയൽ |
| പഴച്ചാർ, സ്ക്വാഷുകൾ | കാഞ്ഞാംപാറ |

ഇത് ട്രൈസം പദ്ധതിയുമായി ബന്ധപ്പെടുത്തി രൂപീകരിക്കാവുന്നതാണ്.

6. ഈ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായി 130ൽപരം നെയ്ത്തുതൊഴിലാളികൾ ഉണ്ട്. ഇവരിൽ ഏറിയപങ്കും തറികളുടേയോ മറ്റുസാങ്കേതിക സൗകര്യങ്ങളുടേയോ അഭാവത്തിൽ തൊഴിൽരഹിതരായിരിക്കുകയാണ്. ഇവരെ സൗകര്യാർത്ഥം 4 കേന്ദ്രങ്ങളിലാക്കി സംഘടിപ്പിച്ച് നെയ്ത്തുശാലകൾ സ്ഥാപിക്കാവുന്നതാണ്. ആലിയാട്, മുണ്ടയ്ക്കൽവാരം, ഗാന്ധിനഗർ, മങ്കുഴി എന്നിസ്ഥലങ്ങളിൽ ഇത്തരത്തിൽ നാല് ഇടത്തരം നെയത്തുശാലകൾ രൂപീകരിക്കുന്നതായാൽ പഞ്ഞിസംസ്കരണം, നൂൽനൂൽപ് എന്നിതൊഴിലുകൾകൂടി ഉൾപ്പെടെ 200 പേർക്ക്

ഭാഗികമായും 100 പേർക്കെങ്കിലും പൂർണ്ണമായും തൊഴിൽനൽകാൻ കഴിയുന്നതാണ്.

7. വിലകുറഞ്ഞ ഉത്പന്നങ്ങളും പാഴ്ജൈവവസ്തുക്കളും ശാസ്ത്രീയമായി സംസ്കരിച്ച് ഗുണമേൻമയുള്ള കാലിത്തീറ്റയും കോഴിത്തീറ്റയും ഉത്പാദിപ്പിക്കുവാൻ വളരെ സാദ്ധ്യതകളുള്ള പ്രദേശങ്ങൾ മാണിക്കൽ പഞ്ചായത്തിലുണ്ട്. ചക്കക്കുരു, തവിട്, പുളിയരി, മരച്ചീനി തുടങ്ങിയ അസംസ്കൃത വസ്തുക്കൾ പോഷകസമ്പുഷ്ടമാക്കി സംസ്ക്കരിച്ച് ഇത്തരത്തിൽ തീറ്റയുണ്ടാക്കുവാനുള്ള യൂണിറ്റുകൾ വാഴാട് (വേളാവൂർ) മങ്കുഴി (കുതിരകുളം) കോലിയക്കോട് എന്നി സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രൂപീകരിക്കാവുന്നതാണ്. ഇതിലേക്ക് മരച്ചീനി സുലഭമായ മങ്കുഴി ആണ് ഏറെ അനുയോജ്യം. ഇതും സഹകരണാടിസ്ഥാനത്തിൽ ഏർപ്പെടുത്താവുന്നതാണ്.

8. കരിങ്കല്ല് വ്യവസായം ഇപ്പോൾതന്നെ അഭിവൃത്തി പ്രാപിച്ചിട്ടുള്ള ഭാഗങ്ങളാണ് മദപുരം, പൂലന്തറ, വാദ്യാരുകോണം വെള്ളാണിക്കൽ വാർഡിലെ കടവുംതലയ്ക്കൽ എന്നി സ്ഥലങ്ങൾ. ഈ കേന്ദ്രങ്ങളിൽ മെറ്റൽ ക്രഷറുകൾ സ്ഥാപിച്ചും വേലിക്കല്ലുകൾ കീറിച്ചും, അമ്മി ആട്ടുകൽ തുടങ്ങിയ ഗൃഹോപരണങ്ങൾ നിർമ്മിച്ചുമുള്ള കരിങ്കൽ വ്യവസായയൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്.

9. പരമ്പരാഗതമായി മരപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നവരും ആധുനിക കാർപ്പന്ററി വർക്സിൽ വൈദഗ്ധ്യം നേടിയവരുമായി 200ൽപരം മരാശാരിമാർ ഈ പഞ്ചായത്തിലുണ്ട്. ഇവരിൽ ഭൂരിപക്ഷവും സ്വകാര്യ ഭവനനിർമ്മാണം, ഫർണിച്ചർ നിർമ്മാണം എന്നിവയിൽ ഏർപ്പെട്ടിരിക്കുകയാണ്. തൻമൂലം ശിൽപവേലയിലും മറ്റും തൽപരരായ

22ct സ്വർണ്ണാഭരണങ്ങൾക്ക്

**R. N. ഫാഷൻ ജ്യൂവലേഴ്സ്**

കന്യാകുളങ്ങര, വെമ്പായം.

ഞങ്ങളുടെ സഹോദര സ്ഥാപനം

**R. N. ജ്യൂവലേഴ്സ്**

M.C. റോഡ്, വെഞ്ഞാറമൂട്

*FLYWINGS GLASS PALACE & BUILDING MATERIALS*

VEMBAYAM, PHONE: 832250, RES: 832100

കെട്ടിടനിർമാണത്തിനുള്ള എല്ലാവിധ
സാധനങ്ങൾക്കും ഞങ്ങളെ സമീപിക്കുക..

ദാരുശിൽപകലാകാരൻമാർക്ക് അവരവരുടെ കഴിവ് പ്രകടിപ്പിക്കുവാനുള്ള അവസരം തുലോം വിരളമാണ്. ഈ പരിതസ്ഥിതിയിൽ താൽപര്യമുള്ള മരപ്പണിക്കാരെ സംഘടിപ്പിച്ച് ശിൽപങ്ങൾ, മരക്കട്ടിള, ജന്നൽ, ഗൃഹോപകരണങ്ങൾ എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുവാനുള്ള ഓരോ യൂണിറ്റ് വെമ്പായം ഈന്തിമൂകൾ, വേളാവൂർ കേന്ദ്രീകരിച്ച് സ്ഥാപിക്കാവുന്നതാണ്.

10. ഈ പഞ്ചായത്തിലെ എല്ലാ പ്രധാന കവലകളിലും ഡ്രൈക്ലീനിംഗ് ഉൾപ്പെടെയുള്ള ആധുനികരീതിയിലുള്ള അലക്കുകേന്ദ്രങ്ങൾ (ലാൺഡ്രികൾ) തുടങ്ങാവുന്നതാണ്. വെമ്പായം, പിരപ്പൻകോട്, വേളാവൂർ, കോലിയക്കോട് എന്നി ചെറുനഗരങ്ങളിൽ ഈ തൊഴിൽ കേന്ദ്രങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുവാൻ സാദ്ധ്യത ഏറെയാണ്.

11. തൈക്കാട് കേന്ദ്രമായി ഒരു കറിപൗഡർ നിർമ്മാണകേന്ദ്രം സ്ഥാപിക്കുക.

12. ഈ പഞ്ചായത്തുപ്രദേശത്തെ വ്യവസായസംരംഭങ്ങളുടെ സാദ്ധ്യതകളെയും സൗകര്യങ്ങളേയും കുറിച്ചുള്ള ഒരു ചുരുങ്ങിയ വിവരമാണിത്. കുറഞ്ഞമുതൽമുടക്കും കൂടിയ തൊഴിൽലഭ്യതയും ലാഭകരമായ പ്രവർത്തനവും മുൻകൂട്ടികണ്ടുകൊണ്ടാണ് ഈ നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നത്. ഇഷ്ടികവ്യവസായം തകർന്നിരിക്കുന്ന പശ്ചാത്തലത്തിൽ സിമന്റ് ബ്ലോക്കുകൾ, താബൂക്ക്, ജാളികൾ, വെൽറിംഗുകൾ, സിമന്റു കട്ടിള തുടങ്ങിയവ നിർമ്മിക്കുവാനുള്ള ഒരു കേന്ദ്രം പ്ലാക്കീഴ് കേന്ദ്രീകരിച്ച് തുടങ്ങേണ്ടതാണ്.

## അനുബന്ധ പട്ടിക

| ക്രമനമ്പർ | ചെറുകിട തൊഴിൽ കേന്ദ്രങ്ങൾ | എണ്ണം | തൊഴിലാളികൾ 1993-94 | തൊഴിലാളികൾ 199495 | തൊഴിലാളികൾ199596 |
|---|---|---|---|---|---|
| 1. | ഈർച്ചമിൽ | 2 | 14 | 15 | 15 |
| 2. | ആട്ടോമൊബൈൽ വർക്ക്ഷോപ്പ് | 3 | 11 | 133 | 12 |
| 3. | റൈസ് ഫ്ളവർ മില്ലുകൾ | 6 | 12 | 12 | 12 |
| 4. | ഓയിൽമിൽ | 2 | 4 | 2 | 2 |

# റോഡുകൾ - ഊർജ്ജം

പുരാതന രാജപാതയായ മെയിൻ-സെട്രൽറോഡ്കന്യാകുളങ്ങര മുതൽ തയ്ക്കാടുവരെ 5 കി.മീ. നീളത്തിൽ ഉണ്ടായിരുന്നതൊഴിച്ചാൽ 1952 വരെ മാണിക്കൽ പഞ്ചായത്തിൽ പൊതുപാതകൾ ഒന്നുംതന്നെ ഉണ്ടായിരുന്നതായി രേഖകളില്ല. ആറ്റിങ്ങൽകൊട്ടാരത്തിൽനിന്നും നെടുമങ്ങാട് കോയിക്കൽ കോട്ടാരത്തിലേക്ക് ഉണ്ടായിരുന്ന രാജപാതയുടെ ഭാഗമാണ് MC റോഡിൻെറ ഭാഗമായിത്തീർന്നിക്കുളളത്. പഴയ രാജപാതയ്ക്ക് കിടങ്ങയം മുതൽ മണ്ഡപംവരെയുളള ഭാഗത്ത് വ്യതിയാനം സംഭവിച്ചിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുശേഷം 1952-53 കാലഘട്ടത്തിലാണ് അന്ന് 15 അടിമാത്രം വിതിയുളള ഈ റോഡ് മെറ്റൽ ചെയ്യപ്പെട്ടത്. 1877 ലാണ് MC റോഡിൻെറ പണിപൂർത്തിയായതെന്ന് ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. തുടർന്ന് 1960 ലാണ്റോഡിൻെറവീതി വർദ്ധിച്ചു[1] ടാർചെയ്ത് കൂടുതൽഗതാഗതയോഗ്യമാക്കിയത്. ഏഷ്യയിൽ ആദ്യമായി (1986-ൽ) പരീകഷണാർത്ഥം 1കി. മീ റബ്ബറൈസ്ഡ് റോഡ് ഉണ്ടാക്കിയത് വെമ്പയം മുതൽ കൊപ്പം വരെയാണ്. 1944 മുതലാണ് ഈ റോഡിലൂടെ യന്ത്രാവാഹനങ്ങൾ ഓടിത്തുടങ്ങിയത്. അതുവരെ കാളവണ്ടികളും വില്ലുവണ്ടികളും സർവ്വസാധാരണമായിരുന്നു. രോഹിണി എന്നൂ പേരുളള ബസും രാധാകൃഷ്ണനെന്നുപേരുളള ബസുമാണ് ആദ്യമായി ഈ റോഡിലൂടെ ഓടിയത്. ഇവ കൽക്കരി ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളായിരുന്നു. 1954 മുതലാണ് പഞ്ചായത്ത് രൂപം കൊണ്ടശേഷം വില്ലേജ് റോഡുകൾ ആവിർഭവിച്ചത്. വെമ്പായം തലയൽ തേമ്പാംമൂട് റോഡ് കോലിയക്കോട് വേളാവൂർ തയ്ക്കാട് റോഡ് പ്ളാക്കീഴ് മത്തനാട് റോഡ് എന്നിവയാണ് ഈ പഞ്ചായത്ത് ഏറ്റെടുത്ത് പണിതീർത്തിട്ടുള്ളത്. അതിനുശേഷം ഈ പഞ്ചായത്തിലെ വിവധ റോഡുകളുടെ വികസനംകാലാകാലങ്ങളിൽ ഉണ്ടായി. ജനങ്ങളുടെ സന്നദ്ധ പ്രവർത്തനത്തിൻെറഫലമായി പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ ഉണ്ടായ റോഡുകൾ കാലകാലങ്ങളിൽ പഞ്ചായത്ത് ഏറ്റെടുക്കുകയും ഏകദേശം 150 കി.മി. നീളമുള്ള സാമാന്യം ഭേദപ്പെട്ട ഒരു റോഡാക്കി ശൃംഘല ഉണ്ടാവുകയും ചെയ്തു. റോഡുവികസനത്തിൻെറ കാര്യത്തിൽ പഞ്ചായത്തിനെ കുറുകേ മുറിക്കുന്ന MC റോഡിന് പടിഞ്ഞാറുഭാഗത്തെ അപേക്ഷച്ച് കിഴക്കൻമേഖല വളരെ പിന്നിലാണ്. സംസ്ഥാന ശരാശരിയെ അപേക്ഷിച്ച് വളരെ പിറകിലാണ് മാണിക്കൽ പഞ്ചായത്തിലെ റോഡുവികസനം. ഈ പഞ്ചായത്തിൽ 144 കി.മി. ദൂരമുള്ള റോഡുശൃംഖലയാണുള്ളത്. ഇതിൽ 36 കി.മി. മാത്രമേ ടാർ ചെയ്തിട്ടുള്ളു. കഴിഞ്ഞ 5 വർഷമായി പഞ്ചായത്തുറോഡുകളുടെ നീളം 21.4 കിലോമീറ്റർ വർദ്ധിച്ചിട്ടുണ്ട്. റോഡുനിർമ്മാണത്തിനുവേണ്ടിലക്ഷക്കണക്കിന് ഈ കാലയളവിൽ ചെലവാക്കിയിട്ടുണ്ട്. റോഡിൻെറ ആകെ വിസ്തൃതി 3.62 ചതുരശ്ര കിലോമീറ്ററാണ്. ഇത് സംസ്താന ശരാശരിയോടടുത്തു നിൽക്കുന്നു. ഭൂരിഭാഗം റോഡുകളുടേയും സ്ഥിതി മെച്ചമല്ല. പലസ്ഥലങ്ങളിലും റോഡുകളെ പരസ്പരം ബന്ധിക്കുന്നപാലങ്ങളും നടപാലങ്ങളും ഇല്ലാതിരിക്കുകയാണ്. അത്യാവശ്യം വേണ്ടസ്ഥലങ്ങളിൽപോലും ഓടകളും കലുങ്കുകളുംഇല്ലാത്തത് വർഷകാലത്തോടെ റോഡുകളുടെ സ്ഥിതി ഏറെ വഷളാകുന്നു. പഞ്ചായത്ത് എറ്റവും ശ്രദ്ധിക്കേണ്ടകാര്യം ഇതാണ്.

ഈ പഞ്ചായത്തിലെ തിരക്കേറിയ കവലകളിൽ ഒന്നുംതന്നെ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യമില്ല. ഇത് വെമ്പായം പോലുള്ള ജംഗ്ഷനുകളിൽ നിത്യേന മാർഗ്ഗതടസങ്ങൾക്ക്കാരണമാകുന്നു. വെമ്പായം ജംഗ്ഷനിൽ K.S.R.T.C വക സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള മിനി ബസ്റ്റാൻറിൽ സ്റ്റേഷൻമാസ്റ്റർ ഓഫീസ്പ്രവർത്തനം നിലച്ചിട്ട് 5 വർഷം കഴിഞ്ഞു. ഇത് സമാന്തര സർവ്വീസുകളെയാണ് കാര്യമായി സഹായിച്ചുകൊണ്ടിരിക്കുന്നത്.

വാർഡുതിരിച്ചുള്ള റോഡുകളുടെ വിവരം

പട്ടിക 1

| നമ്പർ | വാർഡിൻെറ പേര് | ആകെ റോഡിൻെറ നീളം കി.മി. | ടാർ ചെയ്തത് കി.മി. | പൊതുസ്ഥിതി |
|---|---|---|---|---|
| 1. | മാണിക്കൽ | 12 | 4 | വികസിപ്പിച്ച് അറ്റകുറ്റപ്പണിചെയ്യണം |
| 2. | മുളയം | 11 | 2 | വികസിപ്പിക്കണം |
| 3. | കുന്നിട | 13 | 3.2 | ഓടകൾ പണിയണം |
| 4. | വേളാവൂർ | 14 | 5 | ഓടകൾ പണിയണം |
| 5. | പിരപ്പൻകോട് | 10 | 4.2 | വികസിപ്പിച്ച് ഓട കെട്ടണം |
| 6. | കുതിരകുളം | 11 | 1.5 | സ്ഥിതി മോശം |
| 7. | ഇടത്തറ | 5 | 2 | വളരെ മോശം |
| 8. | കൊപ്പം | 9 | 2.6 | വികസനം അനിവാര്യം |
| 9. | വെമ്പായം | 15 | 3.3 | ഭേദപ്പെട്ടത് ഓടവെട്ടണം |
| 10. | പ്ളാക്കീഴ് | 13 | 2.5 | വികസിപ്പിക്കണം |
| 11. | തീപ്പുകൽ | 15 | 4 | ഓടവെട്ടി അറ്റകുറ്റപ്പണി ചെയ്യണം. |
| 12. | കോലിയക്കോട് | 16 | 3.8 | ഭേദപ്പെട്ടത് |
| | അകെ | 144 | 38.1 | |

റോഡുകളുടെ പൊതുസ്ഥിതി പരിശോധിച്ചാൽ 40% റോഡുകൾ 5 മീറ്ററിൽ കുറഞ്ഞ വീതിയുള്ളവയാണ്. കോച്ചുകുന്നുകളിലേക്കും മറ്റുമുള്ള റോഡുകൾ ടാർ ചെയ്യാത്തതുമൂലം മണ്ണൊലിച്ചുപോയി ഗതാഗതയോഗ്യമല്ലാതായിരിക്കയാണ്. ചന്നൂർ കടവിലും മത്തനാട്ടും മാങ്കുളങ്ങ് ലക്ഷംവീട് റൌഡ് വന്നുനിൽക്കുന്ന ഭാഗത്തും അതിനുതാഴെയും വേളാവൂർ തോടിനുകുറുകേ പാലം പണിയാത്തതിലനാൽ വാഹനസൗകര്യം ഇല്ല എന്നുമാത്രമല്ല കാലവർഷകാലത്ത് ജനങ്ങൾക്ക് മറുകര എത്തുവാനും വലിയ ബുദ്ധിമുട്ടാണ്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി നടപ്പാതകളേയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടനടപ്പാലങ്ങൾ നിർമ്മിക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ നിന്നും ശക്തിയായ് ഉയർന്നുകേട്ടു. അതുപോലെതന്നെ വാഹനഗതാഗതം ഉള്ളചില റോഡുകൾ റീടാർ ചെയ്യേണ്ടതിന്റെ അവശ്യകതയും ശക്തിയായി പൊന്തിവന്നിക്കുണ്ട്. റോഡുകളുടെ ശോചനീയസ്ഥിതിമൂലം ബസ് സർവ്വീസുകൾ പലയിടത്തും നിർത്തിവച്ചിരിക്കുകയാണ്. സർവ്വീസുകൾ പുന:സ്ഥാപിക്കത്തക്കരീതിയിൽ റോഡുകൾ മെച്ചപ്പെടുത്താൻ ജനകീയാസൂത്രണംവഴി സാധ്യമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

## നിർദ്ദേശങ്ങൾ

### താഴെ പറയുന്ന റോഡുകൾ വീതികൂട്ടി ടാർ ചെയ്യേണ്ടതാണ്.

| | | |
|---|---|---|
| 1. | വെള്ളാണിക്കൽ | ചന്നൂർറോഡ് |
| 2. | പത്തേക്കർ | ചിലന്തിയാംകോണം റോഡ് |
| 3. | വിളക്കാട് | ചന്നൂർ റോഡ് |
| 4. | ആലിയാട് ക്ഷേത്രം | ആറ്റിൻകര ചേലയം റോഡ് |
| 5. | പാറയ്ക്കൽ | പൂതാളംകുഴി റോഡ് (റീടാർ) |
| 6. | ആലിയാട് | കാപ്പിക്കുന്ന് റോഡ് |
| 7. | പഴവിള | കട്ടയ്ക്കാൽ റൌഡ് |
| 8. | കീഴാമലയ്ക്കൽ | തങ്കമല പത്തേക്കർ റോഡ് |
| 9. | മാവുനിൽക്കുന്ന വിള | പുത്തയം റോഡ് |
| 10. | പത്തേക്കർ കാരോട്ടുപണ | കെ.കെ. പാറ തങ്കമല റോഡ് |
| 11. | മത്തനാട് | കിണാട്ടുമുക്കുറോഡ് |
| 12. | പിരപ്പൻകോട് | പേരാത്തുമുകൾ മത്തനാട് |
| 13. | ചേലക്കാട് | മത്തനാട് റോഡ് |
| 14. | വേളാവൂർ ക്ഷേത്രം | താന്നിവിള റോഡ് |

| | | |
|---|---|---|
| 15. | പിരപ്പൻകോട് | അല്ലുമാനൂർ റോഡും ശാഖയും |
| 16. | പേരയത്തുമുകൾ | വാട്ടർടാങ്ക് റോഡ് |
| 17. | പേരാത്തു മുകൾ | മത്തനാട് റോഡ് |
| 18. | തലയൽ എൽ.പി.എസ്. | കൽക്കുടി, കടവംതലയ്ക്കൽ റോഡ്. |
| 19. | കോപ്പം, മാങ്കുഴി | ഉദിയാൻകോട് റോഡ് |
| 20. | തലേക്കുന്ന്, വാദ്യാരുകോണം | പടിഞ്ഞാറ്റതിൽനട റോഡ് |
| 21. | ഉദിയൻകോട്, തലയൽ, നൂറേക്കർ | മദപുരം കോളനിറോഡ് |
| 22. | വെമ്പായം | മദപുരം റോഡ് (റീടാർ) |
| 23. | ഒഴുകുപാറ | പടിഞ്ഞാറ്റിനട റോഡ് |
| 24. | കൊപ്പം, കരിഞ്ഞാംകോണം | പ്ളാംക്കീഴ് റോഡ് |
| 25. | ഇരങ്ങയിൽ | ഇടപ്പംകോട് റോഡ്, കൊപ്പംറോഡ് |
| 26. | ചിറത്തലയ്ക്കൽ, കമ്പിക്കകം | കൈതേക്കോണം റോഡ് |
| 27. | മേനാംകോട്ടുകോണം കട്ടയ്ക്കാൽ | കൊപ്പം റോഡ് |
| 28. | വെമ്പായം തേവലക്കാട് | കൊപ്പം റോഡ് |
| 29. | വെമ്പായം | പുളിക്കേക്കോണം റോഡ് |
| 30. | മേനാംകോട്ടുകോണം, അകരത്തിൽ | പതിമൂന്നാംകല്ല് റോഡ് |
| 31. | മേനാംകോട്ടുകോണം കിടങ്ങയം | മണ്ണാംവിള, തേവലക്കാട് റോഡ് |
| 32. | കിടങ്ങയം, ചിറ്റൂർകോണം | ചിറത്തലയ്ക്കൽ റോഡ് |
| 33. | മണ്ഡപം | പാക്കംവിളാകംറോഡ് |
| 34. | മീനാറ, കള്ളിക്കാട് | കാവുവിള റോഡ് |
| 35. | കൊപ്പം, ഇരങ്ങയിൽ | കൽക്കുടി റോഡ് |
| 36. | പ്ളാക്കീഴ് | പെരുമ്പാമട കോളനിറോഡ് |
| 37. | കാഞ്ഞാംപാറ | നേതാജിപുരം റേഡ് (ബാക്കിഭാഗം) |
| 38. | തിട്ടയത്തുകോണം | പൂലന്തറ റോഡ് |
| 39. | ചെറുവല്ലി | തിലയ്ക്കോണം റോഡ് |
| 40. | പൂലന്തറ | കാഞ്ഞാംപാറ നെല്ലിക്കാട് റോഡ് |
| 41 | ശാന്തിഗിരി | ചെറുവല്ലി പള്ളിറോഡ് |
| 42. | കാഞ്ഞാംപാറ ക്ഷേത്രം | ഹരിജൻകോളനിറോഡ് |
| 43. | കോലിയക്കോട് | മുക്കാലക്കൽറോഡ് (റീടാർ) |
| 44. | കോലിയക്കോട് | കല്ലമ്പലം റോഡും ശാഖകളും |
| 45. | കോലിയക്കോട് | നെല്ലിക്കുന്നിൽ, വിളക്കാട്ടുകോണംറോഡ് |
| 46. | കോലിയക്കോട് | മൺവിളമുകൾ, വേളാവൂർ റോഡ് |
| 47. | തൈക്കാട് | ലക്ഷംവീട് റോഡും ശാഖകളും |
| 48 | വേടരുകോണം | പറങ്കിമാംവിള തടം |
| 49. | പാലവിള | ആശുപത്രി തടം |
| 50 | കോലിയക്കോട് | കലിംഗ് ജംഗ്ഷൻ മുതൽ കണ്ണങ്കര വഴി കള്ളിക്കാടുവരെ ടാർചെയ്യണം. |

താഴെപറയുന്ന റോഡുകൾ പുതുക്കിപ്പണിത് സൻചാരയോഗ്യമാക്കണം.

| | | |
|---|---|---|
| 1. | മാവുനിൽക്കുന്നവിള, ചിനിവിള | വൈക്കൽ റോഡ് |
| 2. | പേക്കാവ് | ചിലന്തിയാംകോണം റൊഡ് |
| 3. | ചിലന്തിയാംകോണം | വെള്ളാണിക്കൽ ഇടവഴി |
| 4. | പൊങ്ങൻവിള | ചിനിവിള റോഡ് |
| 5. | മുളയം, പടിപ്പുര | ആലിയാട് റോഡ് |
| 6. | പൗരസമിതി ജംഗ്ഷൻ | വാവുക്കോണം റോഡ് |
| 7. | ചേലയം | വാവുക്കോണം ഇടവഴി |
| 8. | ഇടവിളാകത്ത് | ഇടവഴി |
| 9. | തുമ്പറ | ഇടവഴി |
| 10. | മുളയം, ലക്ഷംവീട് | കുളങ്ങര ഇടവഴി |
| 11. | പോങ്ങുവിള | മൊട്ടറക്കുന്ന് |

ആശംസകളോടെ

**മുണ്ടയ്ക്കൽ സാരീസ്**
**മുണ്ടയ്ക്കൽ ഗാർമെൻറ്സ്**
**മുണ്ടയ്ക്കൽ ഫാഷൻസ്**

വെഞ്ഞാറമൂട്, ഫോൺ: 872125

# വിളയിൽ പൗൾട്രി സർവീസ്

എം. സി. റോഡ്, വെമ്പായം    ഫോൺ 832110

കല്യാണാവശ്യങ്ങൾക്കും മറ്റു പാർട്ടികൾക്കും ആവശ്യമായ ഇറച്ചിക്കോഴികൾ മൊത്തമായും ചില്ലറയായും പാചകം ചെയ്യാൻ പാകത്തിന് ആദായവിലയ്ക്ക് ലഭിക്കുന്നതാണ്.

N.B. S.K.N. കാലിത്തീറ്റയും കോഴിത്തീറ്റയും മൊത്തമായും ചില്ലറയായും വിൽക്കപ്പെടും.

എന്ന് പ്രൊപ്രൈറ്റർ
വിളയിൽ ചന്ദ്രൻ

| | | |
|---|---|---|
| 12. | പാറയ്ക്കൽ, ഇടുപടിക്കൽ | മുണ്ടയ്ക്കൽവാരംക്ഷേത്രം വർത്തൂർ റോഡ് |
| 13. | കാവുവിള ഏറവിള | ഇടവഴി |
| 14. | വൈദ്യൻകാവ് | തുമ്പറ, ഉല്ലാസ്നഗർ ഇടവഴി |
| 15. | ക്രൂസ്ത്യൻ ക്വാട്ടേഴ്സ് | മുണ്ടയക്കൽവിള തൊഴുത്തൂർ റോഡ് തൈക്കാട് |
| 16. | ഐക്കരവിളാകം | മടവിളാകം, തൊഴുത്തൂർ റോഡ് |
| 17. | വട്ടവിള ജംഗ്ഷൻ | അംഗൻവാടി റോഡ് |
| 18. | മത്തനാട് | മൈലോട്ടുകോണം മിഠായിക്കോണംറോഡ് |
| 19. | കല്ലുപ്പലം, മുന്നലക്കോട് | കല്ലുപാലം റോഡ് |
| 20. | കല്ലമ്പലം | തലയാപ്പൂരുറോഡ് |
| 21. | കല്ലമ്പലം | കല്ലുപാലം റോഡ് |
| 22. | തൈക്കാട് | തൊഴിത്തൂർ റോഡ് |
| 23. | പേരാത്തുമുകൾ | പ്ളാക്കീഴ് തടം |
| 24. | കുന്നിൻമുകൾ | അണ്ണൽതടം |
| 25. | പിരപ്പൻകോട് | ശ്രീനിലയം ഇടവഴി |
| 26. | പുത്തൻവിള | പ്ളാക്കീഴ് തടം |
| 27. | വേട്ടമുക്ക് | അറാട്ടുവിള പൊന്നമ്പിതടം |
| 28. | വേടരുകോണം | കൊശവീടുതടം |
| 29. | ആറാട്ടുവിള | തടം |
| 30. | പാലവിള ആശുപത്രി | കിച്ചേരിവിളാകം |
| 31. | മാമ്പഴമഠം | പിരപ്പൻകോട് ഇടവഴി |
| 32. | വേട്ടമുക്ക് | കാവുവിളാകം തടം |
| 33. | മാമ്പഴമഠം | ചിറ്റഴികം വണ്ടിക്കട ഇടവഴി |
| 34. | ചേലക്കാട് | വിളയിൽനട തടം |
| 35. | കുശവീട് ചേട്ടക്കാവ് | ആറാട്ടുവിള തടം |
| 36. | കുന്നുമുകൾ, പ്ളാക്കീഴ് | തടം |
| 37. | തെക്കത്തുനട | തെന്നൂർ തടം |
| 38. | കരിക്കകം കോളനി | മണ്ണാർകോണം റോഡ് |
| 39. | പള്ളിനട കുറ്റിക്കാട്ടുകോണം | ഇടനാട് റോഡ് |
| 40. | തുമ്പറ കടുബൂരു | മാങ്കുഴി റോഡ് |
| 41. | കടവിൻ തലയ്ക്കൽ കൽക്കൂടി | ഇരങ്ങയൽ റോഡ് |
| 42. | മാങ്കുഴി കടുംബൂര് | തലയിൽകുന്ന് റോഡ് |
| 43. | കമുകിൻകുഴി | ലക്ഷംവീട് റോഡ് |
| 44. | കൊപ്പം | കോരാമല റോഡ് |
| 45. | പുതുവീട്ടുനട | മഞ്ചാടിമൂട് റോഡ് |
| 46. | പുന്നപുരം തെന്നൂർ | കുതിരകുളം റോഡ് |
| 47. | കാഞ്ഞിരം മൂട് | കോളനി റോഡ് |
| 48. | കരയ്ക്കാട് | കുഴൽകിണർ ഇടവഴി |
| 49. | നെടുങ്കാണി | പുത്തൻകോണം റോഡ് |
| 50. | വേടത്തികുന്ന് | പട്ടികജാതി കോളനി റോഡ് |
| 51. | പുൽപ്പാറ | ആയക്കാട് റോഡ് |
| 52. | വട്ടപ്പാറ ആയക്കാട് | ഓവിൻമുഖം റോഡ് |
| 53. | മണ്ഡപം കരിക്കകം | ഗാന്ധിനഗർ ഈന്തിവിള റോഡ് |
| 54. | ചിറത്തലയ്ക്കൽ | പേരിലക്കോട് തടം |

| | | |
|---|---|---|
| 55. | കൊപ്പം | ചിറ്റൂർകോണം<br>ചിറത്തലയ്ക്കൽ റോഡ് |
| 56. | ഈന്തിക്കാട് | പറമ്പുവിളാകം റോഡ് |
| 57. | ചിറ്റാംപ്പുല്ലി | പടിഞ്ഞാറ്റിനടതടം |
| 58. | വെമ്പായം മണ്ണാംവിള | തേവലക്കാട്, ചിറത്തലയ്ക്കൽ റോഡ് |
| 59. | വെമ്പായം | പാക്കാംവിളാകം റോഡ് |
| 60. | തേവലക്കാട് | ഇളവൂർക്കോണം കമ്പിക്കകം റോഡ് |
| 61. | പെരുമ്പാംമാം | കിണറ്റുമുക്ക് റോഡ് |
| 62. | വാളാത്തുകോണം | വഴക്കാട് മിനാറ റോഡ് |
| 63. | പേരത്തുമുകൾ അണ്ണൽ | കോപ്പംറോഡ് |
| 64. | കുമ്പിക്കുഴി | ഇടപ്പൻകുഴി ഇടവഴി |
| 65. | നേതാജിപുരം കിളിക്കുന്നൂർ | ചെറുവല്ലി പള്ളിറോഡ് |
| 66. | കാഞ്ഞാംപാറ കോളനി | വാവറ ഏലാറോഡ് |
| 67. | കോലിയക്കോട് | ഇടവനക്കോണം മൂന്നുമുക്ക് റോഡ് |
| 68. | പുത്തരിപൊയ്ക | I. H. D. P കോളനിറോഡ് |
| 69. | പുളിന്താനത്ത് | ഇടവഴി |
| 70. | പൂലന്തറ | കണ്ണംകര ഏലാറോഡ് |
| 71. | കോലിയക്കോട് | കരിങ്കഴക്കാട് കണ്ണങ്കരറോഡ് |
| 72. | കെ.കെ. പാറ | കൊക്കോട്ടുകോണം ഇടവഴി |
| 73. | കെ.കെ. പാറ | ഇലിപ്പറ റോട് |
| 74. | വൈക്കത്തുനട | കീഴാമലയ്ക്കൽ, ആനവരമ്പുറോഡ് |
| 75. | കോലിയക്കോട് | കരിക്കകത്തിൽ കാപ്പച്ചിറ റോഡ് |
| 76. | മുളയം | പ്ളാവിള ബ്രാഞ്ച് റോഡ് |
| 77. | പുത്തൻവിള | അമ്പലത്തറ റോഡ് |
| 78. | മാങ്കുളം | പോങ്ങുവിള കോളനി മുണ്ടയ്ക്കൽവാരം റോഡ് |
| 79. | മാങ്കുളം | മാതേത്തുവിളാകം റോഡ് |
| 80. | പോങ്ങിവിള | മലയാംപറമ്പു റോഡ് |
| 81. | ചിറ്റാരിക്കോണം | തേരിവിള |
| 82. | പിരപ്പൻകോട് | മാമ്പഴമാം ചിറ്റഴിയം |
| 83. | തൈക്കാട് വേലംകോണം | പാറയ്ക്കൽ |
| 84. | തൊഴുത്തൂർ | മാങ്കുളം |

## താഴെപറയുന്ന ഭാഗങ്ങളിലെ ആറ്റുവരമ്പുകളും തോട്ടുവരമ്പുകളും ബണ്ടുകെട്ടി വികസിപ്പിച്ച് ട്രാക്ടർ റോഡുകളാക്കി മാറ്റുക

| | | |
|---|---|---|
| 1. | വെള്ളുണിക്കൽ ചന്നൂർ | ട്രാക്ടർ റോഡ് |
| 2. | അരിപ്ര ആലിയാട് | |
| 3. | പേയക്കാവ് നീർകോട്ടുകോണം | |
| 4. | മുളയം, എറകട്ടയ്ക്കാൽ വലിയകട്ടയ്ക്കാൽ മാടൻനട | |
| 5. | ചിറക്കോണം വാവുക്കോണം | ഏലാറോഡ് |
| 6. | കുരോട്ടുകോണം വയംകോട്ടുകോണം | |
| 7.. | കുരോട്ടുകോണം, പൂങ്കൈതമൂട് | ബാക്കിഭാഗം |
| 8. | മിഠായിക്കോണം<br>മൈലോട്ടുകോണം | |
| 9. | അലുമനൂർ കരിക്കകം | |
| 10. | തൊഴുതൂർ ആറ്റുവരമ്പ് തൈക്കാട് | |
| 11. | കീഴാമലക്കൽ മുളംകുന്ന് | |
| 12. | വൈദ്യൻകാവ്, കീഴാമലയ്ക്കൽ ആനവരമ്പ് | |
| 13. | വാഴാട്ടുനട പുളിന്താനം | |

| | | |
|---|---|---|
| 14. | മുക്കോല, തലയൽ അണമുഖം | |
| 15. | ഒഴുകുപാറ, കരിക്കകം, തലയൽ | |
| 16. | മണ്ഡപം പടിഞ്ഞാറ്റിമുക്ക് ഒഴുകുപാറ | |
| 17. | കോലിയക്കോട് കലങ്ക് പുതുപ്പള്ളി. | |
| 18. | പൂലന്തറ ചെറുവല്ലിചിറ, കരിക്കത്തുനട | |
| 19. | നന്നാട്ടുകാവ് പൂലന്തറ | |
| 20. | പുതുപ്പള്ളി ചെറുകരക്കോണം കാഞ്ഞാംപാറ | |
| 21. | വടക്കേക്കോണം ഏലാറോഡ് | |
| 22. | കെ.കെ.പാറ തിപ്പുകൽ പണയിൽ കട ഏലാറോഡ് | |

## അനുബന്ധ ആവശ്യങ്ങൾ;

1. K.S.R.T.C സബ്ഡിപ്പോ വെമ്പായത്ത് സ്ഥാപിക്കുക.
2. വേളാവൂരിൽ ടാക്സി സ്റ്റാൻഡ്.
3. സൂപ്പർഫാസ്റ്റിന് വെമ്പായം ജംഗ്ഷനിൽ ഫെയർ സ്റ്റേജ് അനുവദിക്കണം.

## താഴെപറയുന്ന സ്ഥലങ്ങളിൽ പാലങ്ങളും നടപ്പാലങ്ങളും നിർമ്മിക്കുക.

| | |
|---|---|
| 1. | മാണിക്കൽ പഞ്ചായത്തിനേയും മുദാക്കൽ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ചാനൂർകടവപാലം പണിയുക. |
| 2. | മത്തനാടു പാലം |
| 3. | മാങ്കുളത്ത് ലക്ഷംവീട് കോളനിയുമായി ബന്ധിപ്പിക്കുന്ന പാലം പണിയണം. |
| 4. | മാങ്കുളത്ത് പഴയ സ്ളാബ് കിടക്കുന്നഭാഗത്ത് പുതിയ പാലം പണിയുക. |
| 5. | മുളയം പഴയപാലം പുതുക്കി പണിയുക (നെല്ലനാട് പഞ്ചായത്തും മാണിക്കൽപഞ്ചായത്തുമായി യോജിച്ച് ജില്ലാതലവലിൽ പണിയണം.) |
| 6. | വേളാവൂർപാലം വീതികൂട്ടി പുതിക്കി പണിയുക. |
| 7. | കടവുംതലക്കൽ പാലം പുതുക്കി പണിയണം. |
| 8. | കൽക്കുടിയിൽ കലുംങ്കും സ്ളാബും പണിയുക. |
| 9. | പാലംതലക്കൽ നടയിൽ നടപ്പാലം പണിയണം. |

## സ്ളാബുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

| | |
|---|---|
| 1. | വെള്ളാണിക്കൽ ഏലായിൽ ഇറങ്ങുന്നടത്ത്. |
| 2. | കൊച്ചുവീട്ടുനട |
| 3. | കുന്നിക്കോട്ടുനട |
| 4. | നീർക്കോട്ടുകോണം – വെള്ളാണിക്കൽ റോഡ്. |
| 5. | വാവുക്കോണവും മൈലക്കുഴിയും ബന്ധിപ്പിക്കൽ. |
| 6. | മുളയം പടപ്പുരഭാഗത്ത്. |
| 7. | തുമ്പറതടത്തിൽ |
| 8. | കുളങ്ങരനടയിൽ |
| 9. | മലയാംപറമ്പു നടയിൽ |
| 10. | ഏറക്കട്ടയ്ക്കാൽ നടയിൽ |
| 11. | പുളിമൂട്ടുനടയിൽ |
| 12. | താമരഭാഗത്ത് |
| 13. | മാറുതാങ്ങിൽ നടയിൽ |
| 14. | പുളിമൂട്ട് നടയിൽ |

| | |
|---|---|
| 15. | പുരൈകതമുട്ടിൽ |
| 16. | വേളാവൂർ പന്തവിള നടയിൽ |
| 17. | കരിക്കുളം ഏലാവരമ്പിൻെറ ഭാഗത്ത്. |
| 18. | തലയൽ തോട്ടിൽ (പുൽപ്പാറ) |
| 19. | തലയൽ അണമുഖത്തു നടയിൽ |
| 20. | മുക്കോംകോണത്തുനടയിൽ |
| 21. | പുത്തൻ കോണത്തു നടയിൽ |
| 22. | പടിഞ്ഞാറ്റി നടയിൽ (കൊപ്പം വാർഡ്) |
| 23. | ചിറ്റപ്പുലിചിറ നടയിൽ |
| 24. | അമ്പഴമുകൾ തടത്തിൽ |
| 25. | പുലന്തറ പുളുക്കക്കോണം റൊഡിൽ |
| 26. | മാമ്പഴമം ചിറ്റഴിയം. |

ഊർജ്ജം

ഭൂമണ്ടലത്തിലെ ഒരിക്കലും അസ്തമിക്കാത്ത ഊർജ്ജത്തിൻെറ ഉറവിടം സൂര്യനാണല്ലൊ. ഇതുകൊണ്ടാവണം ആദിവേതം പൂഷാവിനേയും അഗ്നിയേയും ആരാധിച്ചുകൊണ്ട് തുടങ്ങിയത്. ഭൂമിയിലെ സൂര്യൻെറ പ്രതിനിധിയാണ് അഗ്നി.ഊർജ്ജത്തിൻെറ പ്രഭാവവും അഗ്നിയത്രെ.

ഊർജ്ജത്തിനുവേണ്ടി മനുഷ്യരാശി അദ്യമായുയോഗിച്ച ഇന്ധനം വിറകു തന്നെ. ശാസ്ത്രഗതിയിൽ വമ്പിച്ച കുതിച്ചുചാട്ടം ഉണ്ടായതോടെ ഊർജ്ജത്തിനുവേണ്ടി മറ്റ് ഇന്ധങ്ങൾമനുഷ്യൻ കണ്ടുപിടിച്ചു. സസ്യഎണ്ണകൾ, കൽക്കരി, പെട്രോളിയം ഉൽപന്നങ്ങൾ വൈദ്യുതി തുടങ്ങിയവയാണവ സ്പോടനംകൊണ്ടുവരെഊർജ്ജം ഉൽപാദിപ്പിക്കുവാനുള്ള മാസ്മര വിദ്യഅവൻ കണ്ടെത്തി. ഊർജ്ജരംഗത്ത്സർവ്വസാധാരണമായി ഉപയോഗിക്കുന്നത്വൈദ്യുതിയാണ്. ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾ വഴിയും ഇതര താപനിലയങ്ങൾവഴിയം വിദ്യുഛക്തി ഉൽപാദിപ്പിക്കുന്നുണ്ട്. കേരളം ഈ രംഗത്ത് ഒരു കമ്മി സംസ്ഥാനമാണ് · നമ്മുടെ വ്യവസായ രംഗത്തെ പ്രതികൂലമായി ബാധിക്കുന്നതും ഈ ന്യൂനതതന്നെപുതിയ കായംകുളം താപവൈദ്യുതപദ്ധതിയും മറ്റു നിർദ്ദിഷ്ട ജലവൈദ്യുത പദ്ധതികളും പൂർത്തിയാവുന്നതോടെഈ പ്രതിസന്ധിയിൽ നിന്ന് നമുക്ക് മോചനം കിട്ടുമെന്ന് പ്രത്യാശിക്കാം.

മാണിക്കൽ പഞ്ചായത്തിലെ വിതരണത്തിനാവശ്യമായവൈദ്യുതി ലഭിക്കുന്നത് പോത്തൻകോടുള്ള 220 കെ.വി. സബ്സ്റ്റേഷനിൽനിന്നും നെടുമങ്ങാട്ടെ 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും അറ്റിങ്ങലിലെ 66 കെ.വി. സബ്സ്ടേഷനിൽ നിന്നുമാണ്. പഞ്ചായത്തുമായി ബന്ധപ്പെട്ട ട്രാൻസ്ഫോമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും പഠിച്ചതിൽനിന്ന് പഞ്ചായത്തിലെ എല്ലാ ട്രാൻസ്ഫോമറുകളും അധികഭാരം വഹിക്കുന്നതാണന്ന് മനസിലാക്കാൻ കഴിഞ്ഞു. ഉപയോക്താക്കളുടെ എണ്ണത്തിലും കണക്ടഡ് ലോഡിലും വർധന ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഊർജ്ജ ഉപഭോഗത്തിൻെറ 80 ശതമാനവും ഗാർഹിക മേഖലയിലാണ്. സമീപ കാലത്ത് കാർഷികമേഖലയിലെ വൈദ്യുതി ഉപയോഗത്തിൽ കുറവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. വെറും നാലു ശതമാനം വൈദ്യുതിയാണ്കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത്. വ്യവസായിക രംഗത്ത് പ്രത്യേകിച്ച് എടുത്തുപറയത്തക്ക വൈദ്യുതി ഉപഭോക്താക്കൾ ആരുംതന്നെ ഇവിടെയില്ല. എകദേശം 40% വീടുകളും വൈദ്യതീകരിച്ചവയാണ്. വൈദ്യുതി കണക്ഷനുവേണ്ടികാത്തിരിക്കുന്നവരുടെ എണ്ണവും കുറവല്ല.

മാണിക്കലിലെ വൈദ്യുതി ഉപഭോക്താക്കൾ പ്രധാനമായും അഭിമുഖികരിക്കുന്ന പ്രശ്നം കുറഞ്ഞ വോൾട്ടേജാണ്. മേൽപ്പറഞ്ഞ മൂന്ന് സബ്സ്റ്റേഷനുകളിലേയും കണക്കുകൾസൂചിപ്പിക്കുന്നത് സബ്സ്റ്റേഷനുകളിൽ ലഭിക്കുന്ന വോൾട്ടേജ്യഥാർത്തത്തിൽ ലഭിക്കേണ്ടവോൾട്ടേജിൻെറ 80% മാത്രമാണ്. പീക്ക്ലോഡ് സമയത്ത് അത് 60%മായി കുറയുകയും ചെയ്യുന്നു. മൂല മറ്റത്ത് ഉൽപാദിപ്പിക്കുന്ന വൈദ്യുതിഇടുക്കിയിൽനിന്നും വരുന്ന പ്രധാന ലൈൻവഴിയാണ് ഈ പ്രദേശത്ത് വിതരണം ചെയ്യുന്നത്. ഈ ലൈൻ വളരെയധികം ഭാരം വഹിക്കുന്നതാണ് വോൾട്ടേജ് കുറയുന്നതിൻെറ പ്രധാനകാരണം. ദ്വിതീയ വിതരണ ശൃംഖലയിൽ എത്തുമ്പോൾ പ്രശ്നം കൂടുതൽ രൂക്ഷമാകുന്നു.

മാണിക്കലിലെ ചില പ്രദേശങ്ങളിൽ പീക്ക്ലോഡ് സമയത്തത് വോൾട്ടേജ് വെറും 30 വി. ആണ്. ഈ കാരണത്താൽ ധാരാളം ഉപഭോക്താക്കൾ 110 വി. ബൾബുകളുംസ്റ്റെപ് അപ് ട്രാൻസ്ഫോമറുകളും എന്തിനേറെ 24വി. ബൾബുകളും വ്യാപകമായി ഉപയോഗിക്കുന്നു.

വീടുകളിലെ കണക്ടഡ് ലോഡ് വൈദ്യുതിബോർഡിൻെറ രജിസ്റ്ററുകളിൽ യഥാർത്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വളരെ കൂടുതലായാണന്നുള്ളത് എല്ലാവർക്കും അറിയാവുന്ന സത്യമാണ്. പഞ്ചായത്തിലെ 5% മീറ്ററുകളും കേടുള്ള നിലയിലാണ്. വൈദ്യുതിമോഷണം സർവ്വസാധാരണമാണ്.പ്രേഷണ–വിതരണ സംവിധാനങ്ങളുടെതകരാറാണ്പ്രധാന വൈദ്യുതി നഷ്ടത്തിന് കാരണം. ഈ നഷ്ടത്തിൻെറ സാങ്കേതിക കാരണങ്ങൾട്രാൻസ്ഫോമറുകളുടെ അധിക ഭാരവും തട്ടിക്കിടക്കുന്നവൃക്ഷങ്ങളും വളരെ ദൈർഘ്യമുള്ള വിതരണലൈനുകളുമാണ്. പ്രേഷണ–വിതരണ നഷ്ടം കുറയ്ക്കാനുള്ള മാർഗ്ഗം ഇബർ മെച്ചപ്പെടുത്തുക, വൈദ്യുതി ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ വെട്ടിമാറ്റുക, ട്രാൻസ്ഫോമറുകളുടെ സ്ഥാനംക്രമീകരിക്കുക എന്നിവയാണ്. 80% വൈദ്യുതിയും ഗാർഹികാവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നത്.

പിരപ്പൻകോട്, കാവിയാട്, കൊപ്പം, കോട്ടപ്പുറം, തൈക്കാട്, വേളാവൂർ, പ്ളാക്കീഴ്, കോലിയക്കോട്, നേതാവുപുരം, മൂളയം, മാവുനിൽക്കുന്നവിള, പാറയ്ക്കൽ, പൂലന്തറ, കന്യാകുളങ്ങര, കിടങ്ങയം, വെമ്പായം, ഒഴകപാറ എന്നിസ്ഥലങ്ങളിലാണ് ഈ പഞ്ചായത്തിലെ വൈദ്യുതിവിതരണത്തിനാവശ്യമായ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിരിക്കുന്നത്. ഈ ട്രാൻസ്ഫോമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ട്രാൻസ്ഫോമറിൽ നിന്ന്നൽകാവുന്നതിലധികം കണക്ഷനുകൾ നൽകിയിരിക്കയാണ്. തൻമൂലം പീക്ക്ലോഡ് സമയത്ത് പൊതുവേ വോൾട്ടേജ് നാൽപതു മുപ്പതായി കുറയുന്നു. ഈ ദുരവസ്ഥ തരണംചെയ്യുവാൻഉഭഭോക്താക്കൾ കൃത്രിമമാർഗ്ഗങ്ങൾ അവലംമ്പിക്കാൻ നിരബന്ധിതരായിത്തിരുന്നു. മൊത്തംവീടുകളിൽ പകുതിയിലേറെയും വൈദ്യുതീകരിച്ചതാണ്. ഇന്നും ലൈനുകൾ എത്താത്ത ഒട്ടേറെഭാഗങ്ങൾ ഇനിയും അവശേഷിക്കുന്നു. കള്ളിക്കാട്, തലയൽ തുടങ്ങിയ ഭാഗങ്ങൾ ഉദാഹരണമായി ചൂണ്ടികാണിക്കാം.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിപുതുതായി ട്രാൻസ്ഫോമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ഉല്ലാസ്നഗർ | കുന്നിട വാർഡ് |
| 2. | ആലിയാട് | |
| 3. | വാവുക്കോണം | മൂളയം |
| 4. | ചേലയം | |
| 5. | പിരപ്പൻകോട് | പേരാത്തുമുകൾ |
| 6. | കിനട്ടമുക്ക് | വേളാവൂർ വാർഡ് |
| 7. | തൈക്കാട് | ലക്ഷംവീട് ഭാഗത്ത് |
| 8. | പിരപ്പൻകോട് വാർഡിൽ | കൊശവീട്ഭാഗത്ത് |
| 9. | കുതിരകുളത്ത് | കരിക്കകത്തിൽ |
| 10. | മദപുരം ജംഗ്ഷനിൽ | |
| 11. | നെടുംകാണിയിൽ | |
| 12. | കൊപ്പം | ഗാന്ധിനഗർ |
| 13. | പ്ളാക്കീഴ് വാർഡിൽ | കള്ളിക്കാട് |
| 14. | തീപ്പുകൽ വാർഡിൽ | കാഞ്ഞാംപാറ ജംഗ്ഷനിൽ |
| 15. | തീപ്പുകൽ വാർഡിൽ | കെ.കെ. പാറയിൽ |

## താഴെപറയുന്ന ഭാഗങ്ങളിലേക്ക് വൈദ്യുതി എത്തിക്കുകയുംതെരുവുവിളക്കുകൾ സ്ഥാപിക്കുകയുംചെയ്യേണ്ടതാണ്

| | |
|---|---|
| 1. | വെള്ളാണിക്കൽ മുതൽ ചന്നൂർകടവുവരെ |
| 2. | പുതാളംകുഴി മുതൽ മുക്കോലയ്ക്കൽ വരെ |
| 3. | ചിലന്തിയിറക്കോണം ഭാഗം |
| 4. | കണ്ണംകോട്ട് കല്ലുവരമ്പ് റോഡ് |
| 5. | അരിപ്ര നീർക്കോട്ടുകോണം പ്രദേശം |
| 6. | ചിലന്തിക്കോണം ആലിയാട് റോഡ് |
| 7. | മാവുനിൽക്കുന്ന വിള ചീനിവിള റോഡ് |
| 8 | പുതാളംകുഴി മുതൽ വെള്ളാണിക്കൽ ക്ഷേത്രംവരെ |

| | |
|---|---|
| 10. | പത്തേക്കർ അരിപ്ര നീർക്കോട്ടുകോണം മുതൽ പനയറ നടവരെ |
| 11. | കലതിവിള മുതൽ മേലൂട്ടുനടവരെ |
| 12. | പാറയ്ക്കൽ മുതൽ മേലൂട്ടു നടവരെ |
| 13. | ഉല്ലാസ്നഗർ മുതൽ തുമ്പറ വരെ |
| 14. | മുണ്ടയ്ക്കൽ വാരം പാലം മുതൽ പുത്തയം ഏലായിലേക്ക് |
| 15. | മുണ്ടയ്ക്കൽ വാരം പാലം മുതൽ കലതിവിളവരെ |
| 16. | പാലൂരു നടയിൽ നിന്നും ഓണമ്പള്ളി നടവരേയും മേലെവിളയിൽനിന്ന് ആറ്റുവൂട്ടുറോഡുവരെ |
| 17. | തൈക്കാട് തൊഴുന്തൂർ റോഡ് |
| 18. | വേളാവൂർ മുസ്ളീം പള്ളിനട പാലം തലക്കൽ |
| 19. | ചേലക്കാട് മത്തനാട് റോഡിൽ ബാക്കിയുള്ളഭാഗം. |
| 20. | വേളുവൂർ വാഴൂട്ടുനട പുളിന്താനം റോഡ് |
| 21. | വേളാവൂർ താന്നിവിള റോഡ് |
| 22. | പഴവിള കണിയാർകോണം റോഡ് |
| 23. | പേരാത്തുമുകൾ വാട്ടർ ടാങ്കുറോഡ് |
| 24. | പേരാത്തുമുകൾ അണ്ണൻ റൊഡ് |
| 25. | അണ്ണൽ മുടിപ്പിര ലൈൻ |
| 26. | പേരത്തുമുകൾ മത്തനാട് പ്ളാക്കീഴ് |
| 27. | വാറുവിളാകം റോസ മന്ദിരം തടം. |
| 28. | വാറുവിളാകം മൈലോട്ടുകോണം |
| 29. | വിവേകാനന്ദ നടമുതൽ ചേലക്കാട്വരെ |
| 30. | വടക്കതിൽ നട തുണ്ടുവിള തടം |
| 31. | പാലവിള വടക്ക തിൽനട |
| 32. | വേട്ടമുക്ക് ആറാട്ടുവിള തടം |
| 33. | മാങ്കുഴി മുതൽ ഉദിയൻകോട്ടവരെ |
| 34. | മൊട്ടക്കാവുമുതൽ കടുംതലയ്ക്കൽ വരെ |
| 35. | മാങ്കുഴി കടുംബൂര് വഴി തലേക്കുന്ന് വരെ |
| 36. | മാങ്കുഴി പച്ചക്കാട് കുതിരകുളം വരെ |
| 37. | മദപുരംനെടുങ്കാണി റോഡ് |
| 38. | മൊട്ടക്കാവ്, മുളങ്കുഴി, നൂറേക്കർ |
| 39. | തലയൽ കോലിഞ്ചി പുൽപാറ ഭാഗം |
| 40. | ചിരാണിക്കര, മദപുരം ഒഴുകുപാറ റോഡ് |
| 41. | മൊട്ടക്കാവു മുതൽ തലേക്കുന്ന് വരെ |
| 42. | ചിറത്തലയ്ക്കൽ പേരിലക്കോട് തടം |
| 43. | ചിറത്തലയ്ക്കൽ വെള്ളക്കാ കോണം |
| 44. | കൊപ്പം കരിഞ്ഞാംകോണം പ്ളാക്കീഴ് റോഡ് |
| 45. | ഇരങ്ങയിൽ ഇടപ്പംകോട് കൊപ്പം റോഡ് |
| 46. | ഒഴുകുപാറ കരിക്കകം തലയൽ റോഡ് |
| 47. | വെമ്പായം പള്ളിമൺ വീട് |
| 48. | വെമ്പായം മണ്ണാൻവിള റോട് |
| 49. | വള്ളിക്കാട് അങ്കണംവിള |
| 50. | മീനാറ വാളത്തുകോണം |
| 51. | അണ്ണൽ പ്ളാക്കീഴ് റോഡ് |
| 52. | പുളിന്താനം മുതൽ തുഭുക്കോണം വരെ |
| 53. | കോലിയക്കോട് കരിങ്കഴക്കാട്ടുറോഡ് |

താഴെപറയുന്ന സ്ഥലങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം

| | |
|---|---|
| 1. | മുളയം മുതൽ ആറ്റുകടവുവരെ |
| 2. | മുളയം മുതൽ കാപ്പിക്കുന്നുവരെ |
| 3. | പഴവിള മുതൽ കട്ടയ്ക്കാൽ വരെ |

| | |
|---|---|
| 4. | കോലിയക്കോട് പുത്തയം തങ്കമല റോഡിൽ |
| 5. | കിണറ്റുമുക്കുമുതൽ മത്തനാട് വരെ |
| 6. | കല്ലമ്പലം കോലിയക്കോട് റോഡിൽ |
| 6. | വേളാവൂർ മൺവിളമുകൾ |
| 6. | പിരപ്പൻകോട് കല്ലുവെട്ടാം കുഴി |
| 7. | പിരപ്പൻകോട് ജംഗ്ഷനിൽ വേപ്പർ ലാംമ്പ് |
| 8. | തൈക്കാട് ജംഗ്ഷനിൽ വേപ്പർ ലാംമ്പ് |
| 9. | വേളുവൂർ ജംഗ്ഷനിൽ വേപ്പർ ലാംമ്പ് |
| 10. | കോലിയക്കോട് ജംഗ്ഷനിൽ വേപ്പർ ലാംമ്പ് |
| 11. | പുത്തലത്തു നടയിൽ ഒരു ട്യൂബ്ലൈറ്റ് |
| 12. | പാലവിള കൊശവീടു ലൈനിൽ |
| 13. | പിരപ്പൻകോട് വണ്ടിക്കട ജംഗ്ഷനിൽ ട്യൂബ് ലൈറ്റ് |
| 14. | പാലവിള കോട്ടപ്പുറം മാമ്പഴമാം ലൈൻ |
| 15. | നെടുങ്കാണി ഭാഗത്ത് സ്ട്രീറ്റ് ലൈറ്റ് |
| 16. | മണ്ണാവിള പൂളിക്കക്കോണം റോഡ് |
| 17. | വേമ്പായം ജംഗ്ഷനിൽ വേപ്പർ ലാംബ് |
| 18. | കോലിയക്കോട് നേതാജിപുരം ലൈൻ |
| 19. | അനന്തപുരംഭാഗം തീപ്പുകൽ വാർഡ് |
| 20. | തീപ്പുകൽ ശാന്തിഗിരി ആശ്രമം റോഡ് |
| 21. | പൂലന്തറ തിട്ട യത്തുകോണം റോഡിൽ |
| 22. | പൂലന്തറ മുതൽ കോലിയക്കോട് കല്ലുങ്ങ്ജംഗ്ഷൻ വരെ |
| 23. | പുതുപ്പള്ളിക്കോണഭാഗം തീപ്പുകൽ വാർഡ് |
| 24. | കാഞ്ഞാംപാറ ക്ഷേത്രനടയിൽ ട്യൂബ് ലൈറ്റ് |
| 25. | കോലിയക്കോട് മുതൽ കിടകിടക്കാംപാറ വരെ |
| 26. | കോലിയക്കോട് ലൈബ്രറി റോഡിൽ |
| 27. | തൈക്കാട് ലക്ഷംവീട് തൊഴുത്തൂർ |

വൈദ്യുതീകരിക്കേണ്ട സ്ഥാപനങ്ങൾ

മാണിക്കൽ പഞ്ചായത്തിലെ 32 അംഗനവാഡികളുംശിശുമന്ദിരങ്ങളും നഴ്സറി സ്കൂളും ആലിയാട് സാംസ്കാരികനിലയവും മിനാറാ ഓപ്പൺഎയർ ആഡിറ്റോറിയവും വെള്ളാണിക്കൽ ആയുർവേദ ഡിസ്പെൻസറിയും അടിയന്തിരമായി വൈദ്യുതീകരിക്കണം.

പഞ്ചായത്തിലെ വൈദ്യുതി എത്താത്ത എല്ലാ സ്കൂളുകളിലും വൈദ്യുതി ലഭ്യമാക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ നിരവധി ലക്ഷംവീടു കോളനികളും പട്ടികജാതി പട്ടികവർഗ്ഗ കോളനികളും ക്രൈസ്തവ കോട്ടേഴ്സുമുണ്ട്. ഇവ പഞ്ചായത്തു ചെലവിൽ സൗജന്യമായിവൈദ്യുതീകരിച്ചുകൊടുക്കേണ്ടതാണ്.

അടുപ്പുകൾ

ഭക്ഷണം പാകംചെയ്യുന്നതിന് നമ്മുടെ പ്രദേശത്തെ അടുക്കളകളിൽ വിറകടുപ്പുകളാണ് ഏറിയകൂറും ഉപയോഗിച്ചുവരുന്നത്. ഇവ അമിതമായ പുക ഉണ്ടാക്കുമെന്നു മാത്രമല്ലവിറക് കൂടുതൽ ഉപയോഗിക്കേണ്ടിവരികയും ചെയ്യുന്നു. വിറകിന്റെ ലഭ്യത കുറഞ്ഞുവരുന്ന ഈ സാഹചര്യത്തിലാണ് പുകയില്ലാത്ത അടുപ്പുകളുടെ പ്രസക്തി വർദ്ധിക്കുന്നത്. കേരളശാസ്ത്രസാഹിത്യ പരിഷത്ത് രൂപകൽപന ചെയ്ത് വിപണിയിൽ ഇറക്കിയിരിക്കുന്ന പുകയില്ലാത്ത അടുപ്പുകൾ മേൽപറഞ്ഞ പ്രതിസന്ധിയ്ക്ക് പരിഹാര്യമാണ്. പരിഷത്തടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു. അനർട്ട് സൗജന്യനിരക്കിൽ നൽകിവരുന്ന് സോളാർ അടുപ്പുകളും വളരെ പ്രയോജനകരമാണ്.

<u>മറ്റുനിർദ്ദേശങ്ങൾ</u>

കത്താത്ത തെരുവുവിളക്കുകൾക്ക് പണം അടയ്ക്കുന്ന അവസ്ഥ ഒഴിവാക്കാൻ ആ ലൈനുകളിൽ മീറ്റർ സ്ഥാപിക്കുക.

ഉപഭോക്താക്കളുടെ വിതരണ ശൃംഖല പഞ്ചായത്തിനെ ഏൽപിക്കുക.

പഞ്ചായത്തിൽ ഒരു മേജർ ഇലക്ട്രിസിറ്റി ഓഫീസ് സ്ഥാപിക്കുക.

# ആരോഗ്യം കുടിവെള്ളം പരിസരശുചിത്വം

ഏതൊരു ഗ്രാമത്തിന്റേയും ഏറ്റവും വലിയ സമ്പത്ത് ആരോഗ്യമുള്ള ജനങ്ങളാണ്. ശുദ്ധവായു, ശുദ്ധജലം , ശുചിയും പോഷകഗുണമുള്ള ആഹാരം പരിസരശുചിത്വം സാനിട്ടേഷൻ എന്നിവയാണ് പ്രധാനമായും ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കാൻ വേണ്ടുന്ന അടിസ്ഥാനഘടകങ്ങൾ.

മാണിക്കൽ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈക്കാര്യത്തിൽ വലിയൊരളവ് മുൻപന്തിയിലാണ്. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് നൂറ്റാണ്ടുകൾ മുമ്പ്മുതൽതന്നെ മാണിക്കൽപഞ്ചായത്ത് നിവാസികളെ കാര്യമായ തോതിൽ സാംക്രമിക രോഗങ്ങൾ ആക്രമിച്ചതായി രേഖകൾ ഇല്ല.

ഈ പഞ്ചായത്തിലെ ഒന്ന്, മൂന്ന്, പന്ത്രണ്ട് ഈ വാർഡുകളുടെ ചില ഭാഗങ്ങളിൽ ഏതാനം പേരെ കുഷ്ടരോഗം ബാധിച്ചുകാണുന്നു. 1995–96 വർഷത്തിൽ ജലജന്യരോഗങ്ങൾ 495 എണ്ണം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ ഏറിയപങ്കും മൂന്നാം വാർഡിലെ തങ്കമല ഭാഗത്തുള്ള ജലമലിനീകരണത്തിന്റെ ഭാഗമായിട്ടുള്ളതാണ്.

കേരളത്തിൽ രോഗാതുരത കൂടുതലായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രദേശവും ഇതിൽനിന്നും വിഭിന്നമല്ല. എന്നാൽ രോഗികളിൽ ഭൂരിഭാഗവും ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രിയെ ആശ്രയിക്കുന്നതുകൊണ്ട് കൃത്യമായ കണക്കുകൾ ലഭ്യമല്ല.

വാർഡു നാലിൽ വേളാവൂർ ഭാഗത്ത് എ.ആർ.ഐ രോഗവുമായി ബന്ധപ്പെട്ടുള്ള ആസ്മാരോഗം കൂടുതലായിക്കാണുന്നു. ഈ രോഗം നിമിത്തം ചില മരണങ്ങളും ഉണ്ടായിട്ടുണ്ട്.

കേരളസംസ്ഥാനത്തിലെ പൊതുആരോഗ്യനിലവാരത്തേക്കാൾ ശരാശരി 0.8% മുന്നിലാണ് മാണിക്കലിലെ ജനങ്ങളുടെ ആരോഗ്യസ്ഥിതി. അതുമൂലമാകാം ആരോഗ്യപരിപാലനരംഗത്ത് കാര്യമായ ആസൂത്രണ പരിപാടികളൊന്നും തന്നെ ഈ പഞ്ചായത്തിൽ നടപ്പിൽവരുത്തിയിട്ടില്ല. ജനസംഖ്യാ വർദ്ധവിന്റെ തോതും വീടുകളുടെ ബാഹുല്യവും ജലസ്രോതസ്സുകളുടെ മലിനീകരണവും മറ്റും ഭാവിയിൽ ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യത്തെ ദോഷകരമായിബാധിക്കാൻ ഇടയുണ്ട്. അതുകൊണ്ട് ശാസ്ത്രീയവും ആസൂത്രിതവുമായ പദ്ധതികൾ എത്രയും വേഗം നടപ്പിൽ വരുത്തേണ്ടിയിരിക്കുന്നു.

<u>പട്ടിക 1 199596</u>

| വിസ്തീർണ്ണം (ഹെക്ടർ) | ആൺ | പെൺ | ആകെ ജനസംഖ്യ | ജനസാന്ദ്രത (ച.കി.മീ.) |
|---|---|---|---|---|
| 1634.33 | 17074 | 17273 | 34347 | 1103 |

<u>സംസ്ഥാന ജനസാന്ദ്രത 749.</u>

മേൽപട്ടികയിൽ സൂചിപ്പിച്ചപ്രകാരം ജനസാന്ദ്രതയിൽ വർദ്ധനവ് ഉള്ളത് അനുസരിച്ച് ആരോഗ്യപ്രവർത്തരുടേയും ജനങ്ങളുടേയും അനുപാതം ശ്രദ്ധാപൂർവ്വം ക്രമീകരിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ഈ പഞ്ചായത്ത് പ്രദേശത്ത് ആകെയുള്ള പാരാമെഡിക്കൽ ഉദ്യോഗസ്തർ 8 പേർ മാത്രമാണ്. ഇത് ഒരു വാർഡിന് ഒരാളെന്നനിലയിൽ (1:1) 12 ആയി എങ്കിലും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. 1960 കളെ അപേക്ഷിച്ച് രോഗബാധ എൽക്കുന്നവരുടെ സംഖ്യഇപ്പോൾ വർദ്ധിച്ചിരിക്കുകയാണ്. ഇതിൽ ഏറിയപങ്കും ജലജന്യരോഗങ്ങളും വായുജന്യരോഗങ്ങളും ബാധിച്ചിട്ടുള്ളവരാണ്. ഈ രോഗങ്ങൾ ബാധിച്ചവരുടെ സംഖ്യയും ഏറെ വർദ്ധിച്ചിട്ടുണ്ട്.

പട്ടിക 2

| വർഷം | ജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993-94 | 360 | 712 | 180 | 900 |
| 1994-95 | 512 | 820 | 142 | 960 |
| 199596 | 495 | 618 | 92 | 1312 |

ജനസംഖ്യയുടെ വളർച്ച നിരക്ക് അനുസരിച്ച്നോക്കിയാൽ രോഗികളുടെ എണ്ണത്തിൽ പെരുപ്പം കാണുന്നു. നിർഭാഗ്യകരമെന്നുപറയട്ടെ ഈ പഞ്ചായത്ത്പ്രദേശത്തെ ആകെയുള്ള പ്രാഥമിക ആരോഗ്യകേന്ദ്രം (കന്യകുളങ്ങര PHC). ഈ ഞ്ചായത്തിൻെറതെക്കേ അതിർത്തിയിൽ വെമ്പായം പഞ്ചായത്തിനോട് ചേർന്ന്കിടക്കുന്നുഎന്നുമാത്രമല്ല ഭരണാധികാരം നെടുമങ്ങാടു ബ്ളോക്കിനാണ് നൽകിയിട്ടുള്ളത്. ഫലത്തിൽ നാമമാത്രമായി മാത്രമേ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് കന്യകുളങ്ങര പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ സേവനം ലഭ്യമാകുന്നുള്ളു. ഈ ആശുപത്രിയുടെ പൊതു സ്ഥിതിയാട്ടെ ഏറെ പരിതാപകരവുമാണ്. ആവശ്യമുള്ള ഡോക്ടർമാരോ. മരുന്നോ രോഗനിർണ്ണയത്തിനുള്ള യന്ത്രസാമഗ്രികളോ മറ്റ് ഭൗതികസാഹചര്യങ്ങളോ ഇല്ലാത്ത അവസ്ഥ രോഗനിർണ്ണയം ചികിത്സയും സങ്കീർണ്ണമാക്കുന്നു. അതുകൊണ്ട് രോഗികൾ ഭൂരിഭാഗവും സ്വകാര്യ ആശുപത്രികളേയും, മെഡിക്കൽകോളേജ് ആശുപത്രികളിലും അഭയം പ്രാപിക്കുന്നു. ഈ പഞ്ചായത്തിൽ അഞ്ച് സ്വകാര്യ ആശുപത്രികളും ത്വക്ക്രോഗചികിത്സയിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച ക്രിസ്ത്യൻ മിഷനറി നടത്തുന്ന സെൻറ് ജോൺസ് ഹോസ്പിറ്റൽ എന്ന കുഷ്ടരോഗാശുപത്രിയും ഉണ്ട്. ഫലത്തിൽ പഞ്ചായത്തിൻെറ കേന്ദ്രഭാഗത്തുതന്നെ പ്രവർത്തിക്കുന്ന ഒരു പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ ആവശ്യത മുന്നിട്ടുനിൽക്കുന്നു.

കുടുംബാസൂത്രണം വ്യാപകമായതോടെ ജനനനിരക്ക് ക്രമേണ കുറഞ്ഞിട്ടുണ്ട്. മരണനിരക്കിലും കാര്യമായ കുറവ് കാണുന്നു.

പട്ടിക 3 1995-96

| ആകെ ജനസംഖ്യ | ഗർഭിണികളുടെ എണ്ണം | ജീവപ്രസവം | ശിശുമരണം | പൊതുമരണം | മാതൃമരണം | ജനനനിരക്ക് |
|---|---|---|---|---|---|---|
| 34347 | 234 | 234 | 2 | 99 | 9 | 4.4 |

സംസ്ഥാന ജനനനിരക്ക് 5.3

നമ്മുടെ പഞ്ചായത്തിൽ അംഗവൈകല്യമുള്ളവരും അന്ധരും ബധിരരും ചലനവൈകല്യങ്ങൾ ബാധിച്ചവരും ആയവർ ഉണ്ട്.

പട്ടിക 4

| | | | |
|---|---|---|---|
| അന്ധർ | 36 | | |
| ബധിരർ | 36 | മന്ദബുദ്ധികൾ | 40 |
| മൂകർ | 8 | പ്രായം | 0-5 16 |
| ബധിരമൂകർ | 0 | പ്രായം | 6-10 18 |
| ചലനവൈകല്യങ്ങൾ | 22 | | |
| ആകെ | 102 | | |

വെള്ളാണിക്കൽ ഒരു ആയുർവേദ ഡിസ്പൻസറിയുണ്ട്. ഇത് പോത്തൻകോട്, മുദാക്കൽ പഞ്ചായത്തുകളുടെ അതിർത്തികളോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്.

ഈ പഞ്ചായത്തിൽ 12 വാർഡുകളിലായി I.C.D.S ന്റെ കീഴിലുള്ള 32 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. മാതൃശിശുസംരക്ഷണരംഗത്ത് ചില നല്ല ചുവടുവയ്പുകൾ അംഗനവാടികളിൽ നിന്നും ഉണ്ടായിട്ടുണ്ട്. പോഷകാഹരക്കുറവുമൂലമുള്ള രോഗങ്ങളിൽ നിന്നും ഗർഭിണികളേയും ശിശുക്കളേയും വലിയൊരളവ് മോചിപ്പിക്കുന്നതിനും ശിശുക്കളെ ബാലരോഗങ്ങളിൽ നിന്ന് അകറ്റിനിർത്തുന്നതിനും ഔഷധങ്ങളും പ്രതിരോധമരുന്നുകളും ഈ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്നുണ്ട്. എന്നാലും വ്യാപകമായതോതിൽ അംഗനവാടികളുടെ സേവനം ഉറപ്പുവരുത്തുന്നതിനുള്ള ഭൗതികസാഹചര്യങ്ങൾ ഫലവത്തായരീതിയിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

## പട്ടിക 5 A 1995-96

| ആകെ ഗർഭിണികൾ | അനുപൂരപോഷകാഹാരം ലഭിക്കുന്ന മർഭിണികൾ | അ: പോ: ലഭിക്കുന്ന അമ്മമാർ | അ: പോ: ലഭിക്കുന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|
| 234 | 129 | 139 | 1456 |

## പട്ടിക 5 B

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| ഒരുവയസ്സിൽ താഴെ | 173 | 179 | 67 | 72 | 16 | 12 | - | - |
| 1-3 വയസ്സ് | 345 | 240 | 144 | 200 | 48 | 49 | - | - |
| 3-6 വയസ്സ് | 381 | 353 | 237 | 245 | 48 | 45 | - | - |

അഞ്ചുവയസ്സിനുതാഴെ പ്രായമുള്ള ആകെ കുട്ടികൾ 6475

5 വയസ്സിനുതാഴെ പ്രായമുള്ള 6475 കുട്ടികൾ ഈ പഞ്ചായത്തിൽ ഉള്ളതായി രേഖകൾ സൂചിപ്പിക്കുന്നു. ഇതിൽ 1669 കുട്ടികൾക്ക് അംഗനവാടികൾ വഴിയും 894 കുട്ടികൾക്ക് ആശുപത്രികൾ വഴിയും പോഷണ ചികിത്സയും പ്രധിരോധ ഔഷധങ്ങളും ലഭിച്ചിട്ടുണ്ട്. 344 കുട്ടികൾക്ക് ഈ സൗകര്യം കിട്ടിയിട്ടില്ല. അതിനാൽ അംഗനവാടികളുടെ നിലവാരം മെച്ചപ്പെടുത്തുകയും കന്യകുളങ്ങര PH സെൻററിൽ ഒരു ശിശുരോഗവിദഗ്ധന്റെ സേവനം ലഭ്യമാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

ഈ പഞ്ചായത്തിൽ സ്ഥായിയായ രോഗബാധിതർ ഉണ്ടെന്ന് ലഭ്യമായ വിവരങ്ങൾ സൂചിപ്പിക്കുന്നു.

## പട്ടിക 6

### സ്ഥായിയായ രോഗബാധിതർ

| രക്തസമ്മർദ്ദം | പ്രമേഹം | ക്യാൻസർ | ക്ഷയം | ഹൃദ്രോഗം |
|---|---|---|---|---|
| 1052 | 710 | 20 | 5 | 230 |

ഈ പഞ്ചായത്ത് പ്രദേശം വാമനപുരം കല്ലറ പഞ്ചായത്തുകളുടെ അതിർത്തിയിലുള്ള വാമനപുരം പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിലാണ്. എന്നാൽ പ്രസ്തുത ആരോഗ്യകേന്ദ്രത്തിന്റെ സേവനം ഇവിടെയുള്ളവർക്ക് ലഭിക്കുന്നില്ല. ഇത്രയുമാണ് ഈ പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥിതി.

## പട്ടിക 2

| വർഷം | ജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993–94 | 360 | 712 | 180 | 900 |
| 1994–95 | 512 | 820 | 142 | 960 |
| 199596 | 495 | 618 | 92 | 1312 |

ജനസംഖ്യയുടെ വളർച്ച നിരക്ക് അനുസരിച്ച്നോക്കിയാൽ രോഗികളുടെ എണ്ണത്തിൽ പെരുപ്പം കാണുന്നു. നിർഭാഗ്യകരമെന്നുപറയട്ടെ ഈ പഞ്ചായത്ത്പ്രദേശത്തെ ആകെയുള്ള പ്രാഥമിക ആരോഗ്യകേന്ദ്രം (കന്യകുളങ്ങര PHC). ഈ ഞ്ചായത്തിൻെറതെക്കേ അതിർത്തിയിൽ വെമ്പായം പഞ്ചായത്തിനോട് ചേർന്ന്കിടക്കുന്നുഎന്നുമാത്രമല്ല ഭരണാധികാരം നെടുമങ്ങാടു ബ്ളോക്കിനാണ് നൽകിയിട്ടുള്ളത്. ഫലത്തിൽ നാമമാത്രമായി മാത്രമേ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് കന്യകുളങ്ങര പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ സേവനം ലഭ്യമാകുന്നുള്ളു. ഈ ആശുപത്രിയുടെ പൊതു സ്ഥിതിയാട്ടെ ഏറെ പരിതാപകരവുമാണ്. ആവശ്യമുള്ള ഡോക്ടർമാരോ, മരുന്നോ രോഗനിർണ്ണയത്തിനുള്ള യന്ത്രസാമഗ്രികളോ മറ്റ് ഭൗതികസാഹചര്യങ്ങളോ ഇല്ലാത്ത അവസ്ഥ രോഗനിർണ്ണയം ചികിത്സയും സങ്കീർണ്ണമാക്കുന്നു. അതുകൊണ്ട് രോഗികൾ ഭൂരിഭാഗവും സ്വകാര്യ ആശുപത്രികളെയും, മെഡിക്കൽകോളേജ് ആശുപത്രികളിലും അഭയം പ്രാപിക്കുന്നു. ഈ പഞ്ചായത്തിൽ അഞ്ച് സ്വകാര്യ ആശുപത്രികളും ത്വക്ക്രോഗചികിത്സയിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച ക്രിസ്ത്യൻ മിഷനറി നടത്തുന്ന സെൻറ് ജോൺസ് ഹോസ്പിറ്റൽ എന്ന കുഷ്ടരോഗാശുപത്രിയും ഉണ്ട്. ഫലത്തിൽ പഞ്ചായത്തിൻെറ കേന്ദ്രഭാഗത്തുതന്നെ പ്രവർത്തിക്കുന്ന ഒരു പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ ആവശ്യത മുന്നിട്ടുനിൽക്കുന്നു.

കുടുംബാസൂത്രണം വ്യാപകമായതോടെ ജനനനിരക്ക് ക്രമേണ കുറഞ്ഞിട്ടുണ്ട്. മരണനിരക്കിലും കാര്യമായ കുറവ് കാണുന്നു.

## പട്ടിക 3 1995–96

| ആകെ ജനസംഖ്യ | ഗർഭിണികളുടെ എണ്ണം | ജീവപ്രസവം | ശിശുമരണം | പൊതുമരണം | മാതൃമരണം | ജനനനിരക്ക് |
|---|---|---|---|---|---|---|
| 34347 | 234 | 234 | 2 | 99 | 9 | 4.4 |

സംസ്ഥാന ജനനനിരക്ക് 5.3

നമ്മുടെ പഞ്ചായത്തിൽ അംഗവൈകല്യമുള്ളവരും അന്ധരും ബധിരരും ചലനവൈകല്യങ്ങൾ ബാധിച്ചവരും ആയവർ ഉണ്ട്.

## പട്ടിക 4

| | | | |
|---|---|---|---|
| അന്ധർ | 36 | | |
| ബധിരർ | 36 | മന്ദബുദ്ധികൾ | 40 |
| മൂകർ | 8 | പ്രായം | 0–5 16 |
| ബധിരമൂകർ | 0 | പ്രായം | 6–10 18 |
| ചലനവൈകല്യങ്ങൾ | 22 | | |
| ആകെ | 102 | | |

വെള്ളാണിക്കൽ ഒരു ആയുർവേദ ഡിസ്പൻസറിയുണ്ട്. ഇത് പോത്തൻകോട്, മുദാക്കൽ പഞ്ചായത്തുകളുടെ അതിർത്തികളോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്.

ഈ പഞ്ചായത്തിൽ 12 വാർഡുകളിലായി I.C.D.S ന്റെ കീഴിലുള്ള 32 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. മാതൃശിശുസംരക്ഷണരംഗത്ത് ചില നല്ല ചുവടുവയ്പുകൾ അംഗനവാടികളിൽ നിന്നും ഉണ്ടായിട്ടുണ്ട്. പോഷകാഹാരക്കുറവുമൂലമുള്ള രോഗങ്ങളിൽ നിന്നും ഗർഭിണികളെയും ശിശുക്കളെയും വലിയൊരളവ് മോചിപ്പിക്കുന്നതിനും ശിശുക്കളെ ബാലരോഗങ്ങളിൽ നിന്ന് അകറ്റിനിർത്തുന്നതിനും ഔഷധങ്ങളും പ്രതിരോധമരുന്നുകളും ഈ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്നുണ്ട്. എന്നാലും വ്യാപകമായതോതിൽ അംഗനവാടികളുടെ സേവനം ഉറപ്പുവരുത്തുന്നതിനുള്ള ഭൗതികസാഹചര്യങ്ങൾ ഫലവത്തായരീതിയിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

പട്ടിക 5 A 1995-96

| ആകെ ഗർഭിണികൾ | അനുപൂരപോഷകാഹാരം ലഭിക്കുന്ന ഗർഭിണികൾ | അ: പോ: ലഭിക്കുന്ന അമ്മമാർ | അ: പോ: ലഭിക്കുന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|
| 234 | 129 | 139 | 1456 |

പട്ടിക 5 B

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| ഒരുവയസ്സിൽ താഴെ | 173 | 179 | 67 | 72 | 16 | 12 | - | - |
| 1-3 വയസ്സ് | 345 | 240 | 144 | 200 | 48 | 49 | - | - |
| 3-6 വയസ്സ് | 381 | 353 | 237 | 245 | 48 | 45 | - | - |

അഞ്ചുവയസ്സിനുതാഴെ പ്രായമുള്ള ആകെ കുട്ടികൾ 6475

5 വയസ്സിനുതാഴെ പ്രായമുള്ള 6475 കുട്ടികൾ ഈ പഞ്ചായത്തിൽ ഉള്ളതായി രേഖകൾ സൂചിപ്പിക്കുന്നു. ഇതിൽ 1669 കുട്ടികൾക്ക് അംഗനവാടികൾ വഴിയും 894 കുട്ടികൾക്ക് ആശുപത്രികൾ വഴിയും പോഷണ ചികിത്സയും പ്രധിരോധ ഔഷധങ്ങളും ലഭിച്ചിട്ടുണ്ട്. 344 കുട്ടികൾക്ക് ഈ സൗകര്യം കിട്ടിയിട്ടില്ല. അതിനാൽ അംഗനവാടികളുടെ നിലവാരം മെച്ചപ്പെടുത്തുകയും കന്യാകുളങ്ങര PH സെന്ററിൽ ഒരു ശിശുരോഗവിദഗ്ധന്റെ സേവനം ലഭ്യമാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

ഈ പഞ്ചായത്തിൽ സ്ഥായിയായ രോഗബാധിതർ ഉണ്ടെന്ന് ലഭ്യമായ വിവരങ്ങൾ സൂചിപ്പിക്കുന്നു.

പട്ടിക 6

സ്ഥായിയായ രോഗബാധിതർ

| രക്തസമ്മർദ്ദം | പ്രമേഹം | ക്യാൻസർ | ക്ഷയം | ഹൃദ്രോഗം |
|---|---|---|---|---|
| 1052 | 710 | 20 | 5 | 230 |

ഈ പഞ്ചായത്ത് പ്രദേശം വാമനപുരം കല്ലറ പഞ്ചായത്തുകളുടെ അതിർത്തിയിലുള്ള വാമനപുരം പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിലാണ്. എന്നാൽ പ്രസ്തുത ആരോഗ്യകേന്ദ്രത്തിന്റെ സേവനം ഇവിടെയുള്ളവർക്ക് ലഭിക്കുന്നില്ല. ഇത്രയുമാണ് ഈ പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥിതി.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ കേന്ദ്രപ്രദേശമായ പിരപ്പൻകോട്ട് ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിക്കുക തൽഫലമായി രോഗ പ്രതിരോധ ചികിത്സാരംഗത്ത് മെച്ചപ്പെട്ട സൗകര്യം ഈ പഞ്ചായത്തിലെ ഇതര പ്രദേശങ്ങളിലേക്ക് ഷേവത്തായി ലഭ്യമാക്കാൻ കഴിയും.

2. കന്യകുളങ്ങര PH സെൻറർ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തി 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി ഓരോ വിഭാഗത്തിനും വിദഗ്ധ ഡോക്ടർമാർ 50-ൽ കുറയാതെ കിടക്കകൾ ജനതാ പേവാർഡുകൾ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കുക.

3. വെള്ളാണിക്കൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഗവ: ആയുർവേദ ഡിസ്പെൻസറി 10 കിടക്കകൾ ഉള്ള ഒരു ആശുപത്രിയാക്കി മാറ്റുക.

4. പ്ളാക്കീഴ്, പാറക്കൽ, ഉദിയൻകോട് തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രമാക്കി ഓരോ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക.

5. കോലിയക്കോട്, വേളാവൂർ കേന്ദ്രമാക്കി ഒരു അലോപ്പതി ഡിസ്പൻസറി സ്ഥാപിക്കുക.

6. ഒന്ന്, മൂന്ന് ആറ്, പന്ത്രണ്ട് എന്നീ വാർഡുകളിലെ കുഷ്ടരോഗബാധിതരെ കണ്ടെത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്താൻ രോഗപ്രതിരോധനടപടി എടുക്കുവാനും ഉള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളുക. പിരപ്പൻകോട് സെൻറ്ജോൺസ് ഹോസ്പിറ്റലിന്റെ സേവനം ഈ കാര്യത്തിൽ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.

7. വേളാവൂർ പ്രദേശത്ത് കണ്ടുവരുന്ന ശ്വാസകോശസംബന്ധമായ (ആസ്മ) രോഗങ്ങളേക്കുറിച്ച് പ്രത്യേകം പഠിച്ചു ഫലപ്രദമായചികിത്സ ലഭ്യമാക്കാൻ ഉതകുന്ന നടപടികൾ എടുക്കുക.

8. സ്കൂൾ വിദ്യർത്ഥികളെ വൈദ്യപരിശോധന നടത്തി ആവശ്യമായ ചികിത്സലഭ്യമാക്കുന്നതിന് ഒരു ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

9. ഈ പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിലെ ഭക്ഷണശാലകളിൽ ആരോഗ്യവകുപ്പിന്റെ പരിശോധന കർശനമാക്കുക.

10. ആരോഗ്യരംഗത്തുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനും മോണിട്ടറിംഗ് നടത്തുന്നതിനും വേണ്ടി പഞ്ചായത്ത് തലത്തിൽ ഒരാ പബ്ളിക്ക് ഹെൽത്ത് കമ്മിറ്റിക്ക് രൂപംനൽകുക. തികച്ചും ഉപദേശകസ്വഭാവമുള്ള ഒരു ജനകീയ കമ്മറ്റിയാണ് വിഭാവന ചെയ്യപ്പെടുന്നത്. പഞ്ചായത്ത് പ്രസിഡൻറ് ആരോഗ്യരംഗത്തെ ഔദ്യോഗിക പ്രവർത്തകർ സന്നദ്ധസേവനസംഘടനാ പ്രതിനിധികൾ I.C.DS ന്റെ ഒരുപ്രതിനിധി സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ എന്നിവരടങ്ങുന്നതായിരിക്കണം ഈ കമ്മിറ്റി.

11. പഞ്ചായത്തിൽ ആസ്മ, ക്ഷയം, തളർവാതം തുടങ്ങിയ രോഗങ്ങൾ ബാധിച്ചുകിടക്കുന്ന നിർദ്ധനരായ ആളുകളെകണ്ടെത്തി അവർക്ക് ചികിത്സയ്ക്ക് ഉള്ള സാമ്പത്തിക സഹായം കൊടുക്കുക.

12. ഈ പഞ്ചായത്തിലെ ജനങ്ങളെ വാർഡ് അടിസ്ഥാനത്തിൽ രക്തപരിശോധന നടത്തി രക്തഗ്രൂപ്പുകളുടെ രേഖ പഞ്ചായത്താഫീസിൽ സൂക്ഷിക്കുകയും ഒരു രക്തദാനസേന രൂപീകരിക്കുകയും ചെയ്യുക.

13. ക്യാൻസർ രോഗനിർണ്ണയ ക്യാംബ്നടത്തി രോഗത്തെപ്പറ്റിബോധവൽക്കരണം നടത്തണം.

14. മാണിക്കൽ പഞ്ചായത്തിൽ നാല് ഫാമിലി വെൽഫെയർ സെൻറർ സ്ഥാപിക്കണം. മാണിക്കൽ പഞ്ചായത്തിൽ മാത്രമാണില്ലാത്തത്.

## ഗ്രാമസഭാനിർദ്ദേശങ്ങൾ

15. വേമ്പായം കേന്ദ്രീകരിച്ച് ആയുർവേദ ആശുപത്രി സ്ഥാപിക്കുക.

16. മൂളയം വാർഡ് കേന്ദ്രീകരിച്ച് ഒരു PHC സ്ഥാപിക്കുക.

17. അംഗനവാടികൾ വഴിയുള്ള ആരോഗ്യപരിപാലനം കാര്യക്ഷമമാക്കുക.

18. കന്യാകുളങ്ങര ആശുപത്രിയോട് ചേർന്ന് ഹൗസ്സർജൻമാരുടെ പരിശീലനകേന്ദ്രം ആരംഭിക്കുക.

19. ഭക്ഷണങ്ങളിൽ മായം ചേർക്കുന്നത് തടയുന്നതിമായി പഞ്ചായത്ത്തലത്തിൽ ജനകീയ സമിതികൾക്ക് രൂപം നൽകുക.

20. കോലിയക്കോട് വില്ലേജിൽ ഒരു സർക്കാർ ആശുപത്രി സ്ഥാപിക്കുക.

21. കിണറുകളും കക്കൂസുകളും ഇല്ലാത്ത അംഗനവാടികൾക്ക് അതു നിർമ്മിച്ചുകൊടുക്കുക.

22. മാങ്കുഴി ആയുർവേദ ആശുപത്രി സ്ഥാപിക്കുക.

23.. തിപ്പുകൾ ഒരു അലോപ്പൊതി ആപത്രി അനുവദിക്കുക.

24.. തിപ്പുകൽ വാർഡിലെ പൂലന്തറ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

## കുടിവെള്ളം

മെച്ചപ്പെട്ട പൊതുജനാരോഗ്യത്തിൻെറ അടിസ്ഥാനം ശുദ്ധമായ കുടിവെള്ളത്തിൻെറ ലഭ്യതയിൽ അധിഷ്ടിതമാണ്. കാരണം ശുദ്ധമായ കുടിവെള്ളത്തതിൻെറ ലഭ്യത ജലജന്യരോഗങ്ങൾക്കുള്ള സാദ്ധ്യത ഇല്ലാതാക്കുന്നു.

ഈ പഞ്ചായത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സ് കിണറുകളാണ്. പരിമിതമായവാട്ടർടാപ്പുകളെയുള്ളു. വൃത്തിയുള്ള സ്വകാര്യ കുളങ്ങളിലെ ജലവും കുടിവെള്ളമായി ഉപയോഗിക്കപ്പെടുന്നുണ്ട്. പൊതുവേ നോക്കുമ്പോൾ പഞ്ചായത്തിൻെറ സമതല പ്രദേശങ്ങളിൽ ജല ലഭ്യത ധാരാളവും മിതവും ആണങ്കിൽ കിഴക്കും പടഞ്ഞാറുമുള്ള താരതമ്യേന ഉയർന്ന പ്രദേശങ്ങളിൽ ജലദാരിദ്ര്യം അനുഭവപ്പെടുന്നു. താഴെ ചേർത്തിരിക്കുന്ന പട്ടിക പഞ്ചായത്തിലെ ജലലഭ്യത വ്യക്തമാക്കാൻ പര്യാപ്തമാണ്.

| ആകെ വീടുകൾ | കുടിവെള്ള സ്രോതസ് | സാനിറ്ററി വെൽ | സാധാരണ കിണർ | കുളം | പൊതുകിണർ | | |
|---|---|---|---|---|---|---|---|
| | | | | | പൈപ്പ് (ടാപ്പ്) | സാധാരണ | കുഴൽ |
| 9732 | 8125 | 910 | 4550 | 312 | 95 | 51 | 20 |

വേടത്തുകുന്ന്, മൊട്ടക്കുവ്, മദപുരം, മേനാംകോട്ടുകോണം, പോംകുന്ന്, തേവലക്കാട്അണ്ണൽ പേരയത്തുമുകൾ, പാലവിള, കുന്നിട, കോലിയക്കോട്, കെ.കെ.പാറ തങ്കമല, വെള്ളാണിക്കൽ, മൂളയം ആലിയാട് എന്നിപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം ഏറിയകൂറും അനുഭവപ്പെടുന്നുണ്ട്.

നിലവിലുള്ള പൊതുജല സ്രോതസ്സുകൾ പുനരുദ്ധരിച്ചും പൊതുകിണറുകൾ കുഴിച്ചും മിനിവാട്ടർസപ്ളെ സ്കീമുകൾ സ്ഥാപിച്ചും കുഴൽകിണറുകൾ കുഴിച്ചും നിലവിലുള്ള പൈപ്പ്ലൈൻ കപ്പാസിറ്റി അനുസരിച്ച്നീട്ടിയും ഈ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്.

## നിർദ്ദേശങ്ങൾ

1. മൊട്ടക്കാവ് ഒരു മിനി വാട്ടർ സപ്ളൈ സ്കീം സ്ഥാപിക്കുക. പ്രസ്തുത സ്കീമിന്റെ പ്രയോജനം തലേക്കുന്ന്, മൊട്ടക്കാവ്, കൊപ്പം, മടപുരം, വെമ്പായം തുടങ്ങിയ പ്രദേശങ്ങൾക്ക് ലഭിക്കും.

2. പുലന്തറ, ചെറുവല്ലിച്ചിറ, തോപ്പിൽ ചിറയും പുത്തയം (കൂന്നിട), വയക്കൽകോണം, പേരയത്തുമൂകൾ കൈതേക്കോണം എന്നീ ചിറകൾ വൃത്തിയാക്കി മിനിവാട്ടർ സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ളം എത്തിച്ചാൽ ഇതുമായി ബന്ധപ്പെട്ട പരിസരപ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിയും.

3. കന്യാകുളങ്ങര വാട്ടർ ടാങ്ക് വിപുലീകരിച്ച് ഹൗസ് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക ഈ സ്കീമിന്റെ പ്രയോജനം വെമ്പായം കന്യകുളങ്ങര പ്രദേശങ്ങളിലെ ഭൂരിഭാഗം ജനങ്ങൾക്കും പ്രയോജനപ്രദമാകും.,

4. പഞ്ചായത്തിൽ മൊത്തം 20 കുഴൽകിണറുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇവയിൽ ബഹുഭൂരിപക്ഷവും പ്രവർത്തനക്ഷമമല്ല. ഇവ റിപ്പയർ ചെയത് പ്രവർത്തനക്ഷമമാക്കിയാൽ അതാതുപ്രദേശങ്ങളിലുള്ള കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

5. ഈ പഞ്ചായത്തിൽ മൊത്തം 51 പൊതുകിണറുകൾ ആണങ്കിലും അവയിൽ ഏറിയപങ്കും ഉപയോഗശൂന്യമാണ്. വേനൽക്കാലത്ത് ജലം ലഭ്യമല്ലാത്തതുകൊണ്ടും ജീർണ്ണാവസ്ഥയിലായതുകൊണ്ടും ഇവ ഉപയോഗിക്കപ്പെടുന്നില്ല. ഇങ്ങനെയുള്ള പൊതുകിണറുകൾ വെള്ളംവറ്റുന്നവ വീണ്ടും കുഴിച്ചും ഇടിഞ്ഞ് പൊളിഞ്ഞവ പുനരുദ്ധരിച്ചും ഉപയോഗയോഗ്യമാക്കുക.

6. ഈ പൻചായതതിലെ മാണിക്കൽ വാർഡിൽ അരിപ്ര എന്ന സ്ഥലതത് ഒരിക്കലും വറ്റാതത ഒരു ജലസ്രോതസസ് യൂറോപ്യൻ എക്കണോ.മിക്ക് യൂണിറ്റി സർവേവ നടതതി കൺടുപിടിചചിട്ടുൺട്. നമമുടെ പൻചമായതതിലെ ഈ ജലസ്രോതസസ് നമമൾതന്നെ വാട്ടർസപ്ളെ സ്കീമിൽ ഉൾപെപടുതതി ഉപയോഗിക്കുകയാണകിൽ ഒന്ന് രൺട്, മൂന്ന് എന്നീവാർഡുകളിലെ കുടിവെളളകഷാമം പരിഹരിക്കുവാൻ കഴിയും.

8. ഈ പഞ്ചായത്തിൽ നിലവിലുള്ള വാട്ടർസപ്ളെ സ്കീമിന്റെ പ്രയോജനം വളരെ പരിമിതമായിട്ടാണ് (95 ടാപ്പുകൾ) മാത്രമേ ലഭിക്കുന്നുള്ളു. ഈ സ്കീമിൽപ്പെട്ട പൈപ്പ്ലൈൻ താഴെപറയുന്ന പ്രദേശങ്ങളിലേക്ക് നീട്ടി കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണേണ്ടതാണ്.

മുളയം - പാറയ്ക്കൽ U.P.S ലേക്ക് - പോങ്ങുവിള ഹരിജൻകോളനി
കോലിയക്കോട് - കെ.കെ. പാറ, കുന്നിട, കോലിയക്കോട് - കല്ലമ്പലം
മൺവിള - വേളാവൂർ
പൊയ്കത്തുമുകൾ - അണ്ണൽ
പിരപ്പൻകോട് - കല്ലുവെട്ടാൻകുഴി
പാറയ്ക്കൽ - ആലിയാട് - ചേലയം
കൊപ്പം - കരിഞ്ഞാംകോണം
മത്തനാട് - കിണറ്റുമുക്കുവഴി പുലന്തറ
പിരപ്പൻകോട് - വാദ്ധ്യാരുകോണം-തുമ്പറ
വേളാവൂർ-വട്ടവിള
കള്ളിക്കാട്-കണ്ണൻകര
വെമ്പായം ജംഗ്ഷനിൽ നിന്നും കന്യാകുളങ്ങര ജംഗ്ഷൻവരെ നീട്ടണം.
പിരപ്പൻകോട്-വടക്കതിൽ-പുത്തൻവിള

8. മുരുക്കുംകാട്, കാപ്പിത്തോട്ടം, കെ.കെ. പാറ കുന്നിട് എന്നിവിടങ്ങളിൽ ഓരോ കുഴൽകിണറുകൾ സ്ഥാപിക്കണം. പുലന്തറ ജംഗ്ഷൻ കാഞ്ഞാമ്പാറ തിട്ടയത്തുകോണം മേലെവിളയിലും കുഴൽകിണർ സ്ഥാപിക്കണം. എടത്തറവാർഡിൽ നെടുൻകാണിയിലും നൂറേക്കർ കോളനിയിൽ കുഴൽകിണർ വേണം.

9. ഈ പഞ്ചായത്തിൻെറ കിഴക്കതിർത്തിയിൽ വേടത്തികുന്നിലും പരിസരപ്രദേശങ്ങളിലും കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. ഇത് പരിഹരിക്കുന്നതിന് അണുമുഖത്ത് ഒരു മിനിവാട്ടർ സപ്ളൈ സ്കീം സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

10. പഞ്ചായത്ത്പ്രദേശത്തെ മിക്ക സ്കൂളുകളിലും അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. നിലവിലുള്ള പൈപ്പ്ലൈൻ നീട്ടിയോ കിണറുകൾ കുഴിച്ചോ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം

11. കിണറുകളില്ലാത്ത അംഗനവാടികളിൽ കിണർ കുഴിച്ചുകൊടുക്കുക.

12. എല്ലാ വാർഡിലും J.J.P സ്കീം (സംസ്ഥാന ഭൂഗർഭജലവകുപ്പ്) നടപ്പിലാക്കുക.

## പരിസരശുചിത്വം

ഒരു ഗ്രാമത്തിൻെറ മെച്ചപ്പെട്ട ആരോഗ്യത്തിന് പരിസരശുചിത്വവും അതിപ്രധാന ഘടകമാണ്. പൊതുജനാരോഗ്യം സംരക്ഷണം പ്രാധമികമായി പരിസര ശുചീകരണവുമായിബന്ധപ്പെട്ടിരിക്കുന്നു. പരിസരമലിനീകരണം, പകർച്ചവ്യാധികൾക്കും ജലജന്യരോഗങ്ങൾക്കും വഴിയൊരുക്കുന്നു. ശരിയായ കക്കൂസ് സംവിധാനവും മാലിന്യ സംസ്കരണവും പരിസരശുചീകരണം സാദ്ധ്യമാക്കുകയും പൊതുജനാരോഗ്യപരിപാലനം മെച്ചപ്പെട്ടതാക്കുകയും ചെയ്യുന്നു.

ഈ പഞ്ചായത്തിലെ പരിസരശുചീകരണരംഗത്ത് പൊതുവേ പ്രശ്നങ്ങൾ പരിമിതമാണ്. അതിന്കാരണം വ്യാവസായിക മാലിന്യങ്ങൾ ഇല്ലാത്തതാണ്. എന്നാൽ അടുത്തകാലത്തുണ്ടായിട്ടുള്ള ചില സ്ഥാപനങ്ങളും പൊതുചന്തകളും ചില പ്രശ്നങ്ങൾ ഉയർത്തിതുടങ്ങിയിട്ടുണ്ട്. ഉദാ; പൂലന്തറ ശാന്തിഗിരി ആശ്രമത്തിൽ സ്ഥാപിച്ചിട്ടുള്ള ആയുർവേദ ഔഷധ ഉത്പന്നശാലയിലെ അഴുക്കുകൾ പൂലന്തറയിലെ പൊതുനിരത്തിലേക്ക് ഒഴുകി വിടുന്നു. 2. വെമ്പായം ജംഗ്ഷനിലും പരിസരപ്രദേശത്തുമുളള വീടുകളിലേയും ഹോട്ടലുകളിലേയും അഴുക്കുചാലുകൾ സെപ്റ്റിക് ടാങ്കുകളും വെമ്പായം വേളാവൂർ തോട്ടിലേക്ക് ഒഴുക്കിവിടുന്നു.

പട്ടിക 1

| വീടുകൾ | കക്കൂസുളള വീടുകളുടെ എണ്ണം | സെപ്റ്റിക് ടാംക് | ഈ. എസ്. പി. | സാധാരണ |
|---|---|---|---|---|
| 9732 | 69000 | 1910 | 4930 | 460 |

മേൽകാണിച്ച പട്ടികയിൽ നിന്നും വ്യക്തമാകുന്നത് കക്കൂസുകൾ നിർമ്മിക്കാൻ ശേഷിയുളള കുടുംബങ്ങൾ മിക്കവാറും സ്ഥാപിച്ചുകഴിഞ്ഞു എന്നതാണ്. പൊതു കക്കൂസ് സംവിധാനത്തിൻെറആവശ്യം ഈ പഞ്ചായത്തിൽ ഉണ്ടായതായി കാണുന്നില്ല.

ആടുവളർത്തൽ, കോഴിവളർത്തൽ, കന്നുകാലിവളർത്തൽ തുടങ്ങിയവ പരിസരമലിനീകരണത്തിന് കാരണമായിത്തീരാം. അതിനാൽ തൊഴുത്തുകൾ വീടുമായി ഒരു നിശ്ചിത അകലത്തിൽ നിറുത്തുകയും മാലിന്യങ്ങൾ യഥാസമയം സംസ്ക്കരിക്കുകയും ചെയ്താൽ പരിസരശുചിത്വം ഉറപ്പുവരുത്താൻ കഴിയും.

പട്ടിക 2

| തൊഴുത്ത് | വീടിനോട് ചേർന്ന് | പ്രത്യേകിച്ച് |
|---|---|---|
| 5910 | 4112 | 1798 |

## നിർദ്ദേശങ്ങൾ

1. കന്യകുളങ്ങര, കോലിയക്കോട്, എന്നി പബ്ളിക്ക് മാർക്കറ്റുകളിലെ മാലിന്യങ്ങൾ ശേഖരിച്ച് സംസ്ക്കരിക്കുവാൻ വേണ്ട നടപടികൾ കൈകൊള്ളേണ്ടതാണ്.

2. പൂലന്തറ ശാന്തിഗിരി ആശ്രമത്തിലെ ആയുർവേദ ഔഷധ നിർമ്മാണശാലയിൽ നിന്ന് പൂലന്തറ റോഡിലേക്കു വീഴുന്ന മാലിന്യങ്ങൾ (മലിനജലം) സംസ്ക്കരിക്കുവാൻ വേണ്ട സംവിധാനം ഉണ്ടാക്കുവാൻ ആശ്രമഅധികാരികളെ പ്രേരിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

3. വെമ്പായം ജംഗ്ഷനിലും പരിസരത്തുമുള്ള ഹോട്ടലുകളിലെയും വീടുകളിലേയും അഴുക്ക് ചാലുകളും സെപ്ടിക്ക് ടാങ്കുകളും വെമ്പായം വേളാവൂർ തോട്ടിലേക്ക് ഒഴുകുന്നതിന് എതിരായിനടപടികൾ എടുക്കേണ്ടതാണ്.

4 കന്യകുളങ്ങര കോലിയക്കോട് പബ്ളിക്ക് മാർക്കറ്റുകളോടനുബന്ധിച്ച് ഓരോ അറവുശാലകൾ (SlughterHouse) സ്ഥാപിക്കുക.

5. വെമ്പായം, കോലിയക്കോട് ജംഗ്ഷനിലെ വെയിറ്റിംഗ് ഷെഡിനോടനുബന്ധിച്ച് ഒരു പബ്ളിക്ക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.

6. എല്ലാ കോളനികളിലും പൊതു കക്കൂസുകൾ സ്ഥാപിക്കുക.

7. പഞ്ചായത്തിലെ ഏറ്റവും ദരിദ്രരായ കുടുംബങ്ങൾക്ക് സൗജന്യമായി കക്കൂസ് നിർമ്മിച്ചുകൊടുക്കുക.

8. വെമ്പായത്തുള്ള പൗൾട്രിഫാമുകൾ, പന്നിവളർത്തൽ കേന്ദ്രം എന്നിവിടങ്ങളിലെ വിസർജ്ജ്യവസ്തുക്കളും മറ്റു മാലിന്യങ്ങളും സംസ്ക്കരിച്ച് പരിസര ശുചീകരണത്തിനുള്ള നടപടികൾ കൈക്കൊള്ളുക.

9. പരിസരമലിനീകരണത്തിനെതിരായി ബോധവൽക്കരണക്യാമ്പുകൾ സംഘടിപ്പിക്കുക.

10. കക്കൂസുകൾ ഇല്ലാത്ത അംഗനവാടികൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുക.

11. Family Welfare Center മാണിക്കൽപഞ്ചായത്തിൽ ഉണ്ടാക്കുക.

12. കുഷ്ഠരോഗചികിത്സക്കു സൗജന്യമായ സൗകര്യം നിർദ്ദിഷ്ട PHC യിൽ ഉണ്ടായിരിക്കണം.

13. വിളയ്ക്കാട്ടുകോണം പാറപ്പൊറ്റ എന്നിഭാഗത്ത് ജലജന്യരോഗങ്ങൾ നിത്യമാണ്.

14. ക്യാൻസർ രോഗ നിർണയക്യാമ്പ് നടത്തി ഇതേപ്പറ്റി ബോധവൽക്കരണം നടത്തണം.

# വിദ്യാഭ്യാസം

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ തന്നെ മാണിക്കൽ പഞ്ചായത്ത് വിദ്യാഭ്യാസരംഗത്ത് തനതു മുദ്രപതിപ്പിച്ചുകഴിഞ്ഞിരുന്നു. ഇക്കാലത്ത് മാണിക്കൽപഞ്ചായത്തിൽ പലേയിടങ്ങളിലും കുടിപ്പള്ളിക്കൂടങ്ങൾ സ്ഥാപിക്കപ്പെട്ടിരുന്നു. 1880 കളിൽത്തന്നെ സ്ഥാപിക്കപ്പെട്ടിരുന്ന പിരപ്പൻകോട് L.P.S. ആണ് പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ.ഇന്ന് വെമ്പായം പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന കന്യാകുളങ്ങര ബോയ്സ് ഹൈസ്കൂൾ1912-ൽ മാണിക്കൽപകുതിയിൽ തൊഴുത്തുംകരമുറിയിൽ ഒരുപ്രൈമറിസ്കൂൾ ആയാണ്പ്രവർത്തനമാരംഭിച്ചത്.പഞ്ചായത്തിലെ ഈ ഗവൺമെന്റ് സ്കൂളുകളിൽ 1984 ഫെബ്രുവരിയിലാരംഭിച്ച കന്യാകുളങ്ങര ഗേൾസ് ഹൈസ്കൂൾ ഒഴികെ മറ്റെല്ലാ സ്കൂളുകളും വളരെ പഴക്കമുള്ളതാണ്. എന്നാൽ ഈ സ്കൂളുകളിൽ പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഇപ്പോഴും വളരെ പരിമിതമാണ്.

(പട്ടിക 1 നോക്കുക)

ഈ വിദ്യാലയങ്ങളിൽ നടത്തിയപ്രാഥമിക സർവ്വേ വെളിപ്പെടുത്തിയ പ്രധാന വസ്തുത ഈ സ്കൂളുകളെല്ലാം തന്നെ അവഗണിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്. പിരപ്പൻകോട് H.S.S ഒഴികെ മറ്റെല്ലാസ്കൂളുകളും സ്ഥലദൗർലഭ്യത്താൽ വീർപ്പുമുട്ടുകയാണ്. മറ്റൊരു സ്കൂളിനും കുട്ടികൾക്കു വേണ്ടത്രകളിസ്ഥലമില്ല. കോലിയക്കോട് U.P.S ൽ ഒരുസെന്റിന് പതിമൂന്ന് കുട്ടികളെന്നകണക്കിന് തിങ്ങിഞെരുങ്ങിയാണ് കഴിയുന്നത്. കൊപ്പംസ്കൂളും കോലിയക്കോട് സ്കൂളും ക്ലാസ് മുറികളുടെ കുറവുമൂലം ഷിഫ്റ്റിലാണ് പ്രവർത്തിക്കുന്നത്. വെള്ളാണിക്കൽ സ്കൂളിലും തലയിൽ സ്കൂളിലും കോലിയക്കോട് സ്കൂളിലും ക്ലാസുകൾ തമ്മിൽ വേർതിരിക്കുന്ന സ്ക്രീൻപോലുമില്ല. പാറയ്ക്കൽ U.P.S ന് കുടിവെള്ളത്തിന് സ്വന്തമായി കിണറില്ല. പിരപ്പൻകോട് H.S.S ഒഴികെ മറ്റൊരു സ്കൂളിലും ആവശ്യത്തിന് ലൈബ്രറിയോ ലബോറട്ടറി സൗകര്യങ്ങളോ ഇല്ല.ഇവയെല്ലാം ഉള്ള പിരപ്പൻകോട് H.S.S ൽ ഇവ ശാസ്ത്രീയമായ രീതിയിൽ ഉപയോഗിക്കപ്പെടുന്നുമില്ല. അതുകൊണ്ടുതന്നെ പാവപ്പെട്ടവരുടെ സ്കൂളായ സർക്കാർ സ്കൂളുകളിൽ അധ്യയനം ഒരു പ്രഹസനമായി മാറുന്നു. ഭൂരിപക്ഷംവരുന്ന ദരിദ്രവൽക്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന സാധാരണക്കാരായ ആളുകളുടെ കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളുകളുടെ അവസ്ഥ ഇതുകൊണ്ടൊന്നും അവസാനിക്കുന്നില്ല. ഒരു സ്കൂളുകളിലും ആവശ്യത്തിന് മൂത്രപ്പുരകളോ, കക്കൂസുകളോ ഇല്ല. പെൺകുട്ടികൾ ഇതുമൂലം വളരെ കഷ്ടപ്പെടുന്നു. ബ്ലാക്ക്ബോർഡുകൾ പോലും ആവശ്യത്തിന് ഇല്ല എന്നുള്ളതാണ് വസ്തുത. ഈ സാഹചര്യത്തിൽ പഞ്ചായത്തിലെ കഴിഞ്ഞ ആറുവർഷങ്ങളിലെ S.S.L.C റിസൾട്ട് പരിശോധിക്കുന്നത് നന്നായിരിക്കും.

കഴിഞ്ഞ ആറുവർഷത്തെ എസ്. എസ്. എൽ. സി.ഫലം

| | കന്യകുളങ്ങര ഗേൾസ് ഹൈസ്കൂൾ | | പിരപ്പൻകോട് H.S.S | |
|---|---|---|---|---|
| വർഷം | എഴുതിയവർ | ജയിച്ചവർ | എഴിതിയവർ | ജയിച്ചവർ |
| 1990-91 | | | 213 | 61 |
| 1991-92 | | | 233 | 58 |
| 1992-93 | | | 213 | 71 |
| 1993-94 | 143 | 64 | 199 | 70 |
| 1994-95 | 200 | 96 | 195 | 86 |
| 199596 | 154 | 84 | 195 | 88 |

പട്ടിക 1

# വിദ്യാലയസൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | സ്ഥല വിസ്തീർണ്ണം നിലവിലുള്ളത് | ഓഫീസ് മുറി | ചുറ്റു മതിൽ | മൂത്രപ്പുര | കക്കൂസ് | പാചകപ്പുര | വൈദ്യുതി | ലാബ് | കളി സ്ഥലം | കിണർ | ഉപയോഗിക്കാനാവാത്ത സ്ഥലം | ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗേൾസ് ഹൈസ്കൂൾ കന്യാകുളങ്ങര | 1 ഏക്കർ | ഉണ്ട് | ഉണ്ട് | 1 | 3 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 1780 |
| 2 | H.S.S പിരപ്പൻകോട് | 7 ഏക്കർ | ഉണ്ട് | ഇല്ല | 4 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 4 ഏക്കർ | 10500 |
| 3 | U.P.S കോലിയക്കോട് | 69.5 സെന്റ് | ഉണ്ട് | ഇല്ല | 1 | 1 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 182 |
| 4 | L.P.S പിരപ്പൻകോട് | 50 സെന്റ് | ഉണ്ട് | ഉണ്ട് | 2 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 90 |
| 5 | U.P.S പാറയ്ക്കൽ | 50 സെന്റ് | ഉണ്ട് | ഇല്ല | 1 | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 245 |
| 6 | L.P.S തലയിൽ | 50 സെന്റ് | ഉണ്ട് | ഇല്ല | 2 | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 75 |
| 7 | L.P.S വെള്ളാണിക്കൽ | 50 സെന്റ് | ഉണ്ട് | ഇല്ല | 1 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 90 |
| 8 | L.P.S കൊപ്പം | 50 സെന്റ് | ഉണ്ട് | ഉണ്ട് | 1 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 194 |

പകുതിയലധികം കുട്ടികളെ പരാജയത്തിന്റെ പടുകുഴിയിലേക്ക് തള്ളിവിടുന്നരീതി അവസാനിപ്പിച്ചേ തീരു.

## പരിഹാരനിർദ്ദേശങ്ങൾ

- എല്ലാ സ്കൂളുകളിലും ആവശ്യമുള്ള സ്ഥലം അടിയന്തിരമായി അക്വയർ ചെയ്യണം.
- ക്ളാസ്റൂം കുറവുള്ള സ്കൂളുകളിൽ അടിയന്തിരമായി അവ നിർമ്മിച്ചു നൽകണം
- ക്ളാസ്തിരിക്കുന്നതിനുള്ള സ്ക്രീനുകൾ നിർമ്മിച്ചുനൽകുക.
- കക്കൂസുകളും മൂത്രപ്പുരകളും നിർമ്മിച്ച് നൽകുക.
- എല്ലാ സ്കൂളുകളിലും ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങളൊരുക്കുക.
- ചുറ്റുമതിൽകെട്ടി കയ്യേറ്റക്കാരിൽ നിന്നും സ്കൂൾഭൂമി സംരക്ഷിച്ച് സുരക്ഷിതമാക്കുക.
- ആവശ്യത്തിന് ഷെഡ്ഡുകൾ, ബഞ്ചുകൾ, ബ്ളാക്ക്ബോർഡുകൾ ഇവ നിർമ്മിച്ച് നൽകുക.

ഒൻപതാംപദ്ധതിയിൽവിദ്യാഭ്യാസരംഗത്തെ പദ്ധതികളാവിഷ്ക്കരിക്കുമ്പോൾ സ്കൂളുകളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തു.തിന് പ്രഥമ പരിഗണന നൽകേണ്ടിയിരിക്കുന്നു. കഴിഞ്ഞ നാൽപതുവർഷത്തിനിടയിൽ ജനസംഖ്യ ഇരട്ടിയിലധികം വർദ്ധിച്ചിട്ടും പഞ്ചായത്തിൽ പുതിയസൗകര്യങ്ങളൊന്നു മുണ്ടായിട്ടില്ല. അതിനുശേഷമുണ്ടായിട്ടുള്ള രണ്ട് അൺഎയിഡ് വിദ്യാലയങ്ങൾ ശാന്തിഗിരിവിദ്യാഭവൻ ഹൈസ്കൂളും കാവിയാട് അൺഎയിഡഡ് ഇംഗ്ളീഷ്മീഡിയം എൽ.പി.എസുമാണ്. ഈ സാഹചര്യത്തിലാണ് പുതിയ എൽ.പി. സ്കൂളുകൾക്കുവേണ്ടിയുള്ള ആവശ്യം ഗ്രാമസഭകളിൽ ഉയർന്നുവന്നത്. വേളാവൂരിനും പ്ളാക്കീഴിനുമിടയ്ക്ക് ഒരു എൽ.പി. സ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടിയും ഇടത്തറ ഒഴുക്കുപാറ പ്രദേശത്തൊരു എൽ.പി. സ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടിയും പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളായ ഇടത്തറ നെടുംകാണി, ചേലയം കാപ്പിക്കുന്ന് പ്രദേശങ്ങളിലേക്ക് ഒരു എൽ.പി. സ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ആവശ്യങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. ഈ പ്രദേശങ്ങളുടെ വിസ്തൃതിയും ഭൂമിശാസ്ത്രപരമായ സവിശേഷതകളും പരിശോധിക്കുമ്പോൾ ഇവ മുൻഗണനാടിസ്ഥാനത്തിൽ പരിഗണിക്കപ്പെടേണ്ടതാണ്. എന്നാൽ ഇന്നത്തെ വിദ്യാലയങ്ങൾ വിദ്യർത്ഥികളുടെ അഭാവം മൂലം ഒരു പ്രതിസന്ധിയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ് എന്ന വസ്തുതകൂടി പരിഗണിക്കേണ്ടിയിരിക്കുന്നു.

## പഞ്ചായത്തിലെ സ്കൂളുകളിലെ ആകെ കുട്ടികൾ

| | | വർഷം 1990-96 | | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | സ്കൂളിൻെറ പേര് | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 | 1996-97 |
| 1 | H.S.S പിരപ്പൻകോട് | 1262 | 1267 | 1253 | 1255 | 1248 | 1215 | 1150 |
| 2. | ഗേൾസ്ഹൈസ്കൂൾ കന്യാകുളങ്ങര | 1007 | 1233 | 1076 | 1037 | 1046 | 1071 | 1090 |
| 3. | യു.പി.എസ്. കോലിയക്കോട് | 757 | 772 | 802 | 811 | 806 | 776 | 774 |
| 4. | യു.പി.എസ്. പാറയ്ക്കൽ | 720 | 702 | 708 | 691 | 715 | 736 | 741 |
| 5. | എൽ.പി.എസ്. പിരപ്പൻകോട് | 440 | 403 | 370 | 368 | 372 | 379 | 383 |
| 6. | എൽ.പി.എസ്. തലയിൽ | 387 | 369 | 343 | 332 | 305 | 304 | 266 |
| 7. | എൽ.പി.എസ്. വെള്ളാണിക്കൽ | 130 | 119 | 117 | 112 | 90 | 86 | 80 |
| 8. | എൽ.പി.എസ്. കൊപ്പം | 269 | 278 | 264 | 247 | 230 | 232 | 230 |
| | ആകെ | 4972 | 5148 | 4933 | 4853 | 4812 | 4801 | 4714 |

അടുത്തതായി പരിശോധിക്കേണ്ട ഒരു പ്രധാന പ്രശ്നമാണ് കൊഴിഞ്ഞുപോക്ക് ഇതിൻെറ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കേണ്ടിയിരിക്കുന്നു.

## 1995-96 ൽ കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം

| | | ക്ളാസ് | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | സ്കൂളിൻെറ പേര് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ആകെ |
| 1. | H.S.S പിരപ്പൻകോട് | – | – | – | – | 0 | 1 | 2 | 8 | 20 | 4 | |
| 2. | കന്യാകുളങ്ങര ഗേൾസ് ഹൈസ്കൂൾ | – | – | – | – | 1 | 2 | 4 | 4 | 12 | 1 | |
| 3. | യു.പി.എസ്. കോലിയക്കോട് | 1 | 1 | 0 | 0 | 3 | 3 | 1 | – | – | – | |
| 4. | യു.പി.എസ്. പാറയ്ക്കൽ | 0 | 2 | 0 | 0 | 0 | 1 | 1 | – | – | – | |
| 5. | എൽ.പി.എസ്. തലയിൽ | 0 | 0 | 0 | 0 | – | – | – | – | – | – | |
| 6. | എൽ.പി.എസ്. വെള്ളാണിക്കൽ | 0 | 2 | 0 | 0 | 0 | – | – | – | – | – | |
| 7. | എൽ.പി.എസ്. കൊപ്പം | 0 | 0 | 0 | 0 | – | – | – | – | – | – | |
| 8. | എൽ.പി.എസ്. പിരപ്പൻകോട് | 1 | 7 | 2 | 6 | – | – | – | – | – | – | |
| | ആകെ | 2 | 12 | 2 | 6 | 4 | 7 | 8 | 12 | 32 | 5 | 90 |

പൊതുവെ പരിശോധിക്കുമ്പോൾ പഞ്ചായത്തിലെ SC/ST കുട്ടികളുടെ പഠനനിലവാരം തുലോം മോശമാണ്. 1954-ൽ പ്രവർത്തനമാരംഭിച്ച വിവേകാനന്ദ കോളേജുൾപ്പെടെ പതിനഞ്ചിലധികം സമാന്തരവിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. ഇവ വിദ്യാഭ്യാസരംഗത്ത് തങ്ങളുടേതായ സംഭാവന നൽകുന്നുണ്ടെങ്കിലും ദരിദ്ര ജനവിഭാഗങ്ങൾക്ക് ഇവ അപ്രാപ്യമാണ്. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പുതിയപഠന സമ്പ്രദായങ്ങളും പരീക്ഷാരീതികളും വിദ്യാഭ്യാസരംഗത്ത് സൃഷ്ടിച്ചിട്ടുള്ള അനുകരണീയങ്ങളായ മാതൃകകൾ പരിശോധിക്കപ്പെടേണ്ടതാണ്.

പൊതുവേ പരിശോധിക്കുമ്പോൾ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കാണുന്നത്.

* സർക്കാർ സ്കൂളുകളിലെ പഠനനിലവാരം മെച്ചപ്പെടുത്തണം.

* അധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്തപ്പെടുന്നില്ലാത്തതിനാൽ വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടുന്നു.

* സമീപത്ത് യാതൊരു മാനദണ്ഡവുമില്ലാതെ അൺഎയിഡഡ് സ്കൂളുകൾ പെരുകുന്നതുകാരണം സർക്കാർ സ്കൂളുകളുടെ ഡിവിഷനുകൾ കുറയുന്നു. അതുപോലെ ശ്രദ്ധേയമായകാര്യം പഠനനിലവാരത്തെ സംബന്ധിക്കുതാണ്. പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിൽ നിന്നും ഉന്നതനിലയിൽ പത്താംക്ലാസ് വിജയിക്കുന്ന കുട്ടികളുടെ എണ്ണം നാമമാത്രമാണ്. വിജയശതമാനം പരിശോധിക്കുമ്പോൾ അതും വളരെ കുറവാണെന്ന് കാണാം. മലയാളം സ്കൂളുകളുടെ വിജയശതമാനം പരിശോധിക്കുമ്പോൾ താഴെപ്പറയുന്ന വസ്തുതകൾ ബോദ്ധ്യപ്പെടുന്നതാണ്.

* സർക്കാർ സ്കൂളുകളിലെ അദ്ധ്യയനനിലവാരം തുലോം മോശമാണ്.

* പ്രതിമാസ പരീക്ഷകൾ നടത്തുകയും പ്രോഗ്രസ് റിപ്പോർട്ട് യഥാസമയം നൽകുകയും ചെയ്യുന്ന പതിവ് മിക്ക സ്കൂളുകളിലും ഇല്ല.

- സർക്കാർ സ്കൂളുളിലെ പഠനോപകരണങ്ങളുടെ അഭാവമാണ് മറ്റൊരു കാരണം. ഇവയുള്ള സ്കൂളുകളിൽത്തന്നെ യഥാവിധം പ്രയോജനപ്പെടുത്തുന്നില്ല.
- വിദ്യാർത്ഥിസമരങ്ങളെക്കുറിച്ചു പറയുമ്പോൾ പുതിയൊരു സമരരീതിതന്നെ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. പഠിപ്പുമുടക്കികൊണ്ടുള്ള സമരം വേണ്ടന്ന് വിദ്യാർത്ഥിസംഘടനകളും രക്ഷകർത്താക്കളും യോജിച്ചു തീരുമാനിക്കേണ്ടിയിരിക്കുന്നു. ഇതും സർക്കാർ സ്കൂളുകളിലെ വിജയശതമാനം ഉയർത്താൻ അത്യാവശ്യമാണ്.

- ഇംഗ്ലീഷ്മീഡിയം സ്കൂളുകളിലെ ഉയർന്ന വിജയശതമാനം പരിശോധിക്കുമ്പോൾ ഒരുകാര്യം മനസ്സിലാകും. വരേണ്യമാർഗ്ഗത്തിലെ തെരെഞ്ഞെടുത്ത കുട്ടികൾക്കുമാത്രമാണ് അവിടെ പ്രവേശനം. അരിപ്പ് സമ്പ്രദായത്തിലൂടെ പഠനത്തിൽ മോശമായകുട്ടികളെ ഇവർ പുറന്തള്ളുന്നു. ഈ കുട്ടികൾ പിന്നീട് എയിഡഡ് സ്കൂളുകളിൽച്ചെന്നു ചേരുന്നു. ഇതുമൂലം സർക്കാർസ്കൂളുകളിലെ റിസൾട്ട് മോശമാകുന്നു.

രക്ഷകർത്താക്കൾ തങ്ങളുടെ കുട്ടികളെ ഇംഗ്ലീഷ്മീഡിയത്തിൽ ചേർക്കാൻ കാരണങ്ങൾ പലതാണ്.

- വിദ്യർത്ഥി സമരങ്ങളുടെ അഭാവം. സുരക്ഷിതത്വ ബോധം
- ഇംഗ്ലീഷ്മീഡിയം അൺഎയിഡഡ് സ്കൂളുകളിലെ മികച്ചഭൗതികസൗകര്യങ്ങൾ.
- കുട്ടികളെ ഇംഗ്ലീഷ്മീഡിയത്തിൽ ചേർത്താലേ സമൂഹത്തിൽ മാന്യതലഭിക്കൂ എന്ന മിഥ്യ ധാരണ.

## അധ്യയനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

- അധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുക.
- ഓരോ വിഷയങ്ങളിലും അധ്യാപകർക്ക് വെക്കേഷൻസമയത്ത് പതിനഞ്ചുദിവസം നല്ലരീതിയിൽ അദ്ധ്യയനം നടത്തുന്നതിന് പരിശീലനം നൽകണം. കൂടാതെ ആവശ്യമായ റഫറൻസ് ഗ്രന്ഥങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കണം.
- വിദ്യാർത്ഥികളുടെ പഠനനിലവാരം പരിശോധിക്കുന്നതിനുവേണ്ടി മാസംതോറും ടെസ്റ്റുപേപ്പറുകൾ നടത്തുകയും റിപ്പോർട്ട് അതാത് ക്ലാസ്റ്റീച്ചർ സൂക്ഷിക്കുകയും ആവശ്യപ്പെടുന്ന രക്ഷകർത്താക്കൾക്ക് ഉടൻ ലഭ്യമാക്കുകയും ചെയ്യണം.
- ഓരോ ക്ലാസിലെയും അദ്ധ്യാപകരും രക്ഷകർത്താക്കളും രണ്ടുമാസത്തിലൊരിക്കൽ സൗഹൃദയോഗം ചേരുകയും അദ്ധ്യാപക രക്ഷാകർത്തൃ ബന്ധം ദൃഢപ്പെടുത്തുകയും വേണം.
- ഇപ്പോഴത്തെ സിലബസ് വെട്ടിക്കുറയ്ക്കുകയും. വിദ്യഭ്യാസം ജീവിതത്തിനുതകുന്നരീതിയിൽ പരിഷ്ക്കരിക്കുകയും വേണം.
- എല്ലാ വിഷയങ്ങളും പഠിക്കുന്നരീതി എട്ടാം ക്ലാസുമുതൽ അവസാനിപ്പിക്കുകയും അവരവർക്ക് ഇഷ്ടമുള്ള സബ്ജക്ടുകൾ തിരഞ്ഞെടുത്ത് പഠിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യാവുന്നതിനേക്കുറിച്ച് ചർച്ച ചെയ്യാവുന്നതാണ്.
- നിലവാരം കുറഞ്ഞ കുട്ടികളെ കണ്ടെത്തണം. വിദ്യാഭ്യാസയോഗ്യതയുള്ള സന്നദ്ധരായ ആളുകളുടെ സേവനം സ്കൂളുകളിൽ ഉപയോഗപ്പെടുത്തണം. വർഷികാടിസ്ഥാനത്തിൽ സന്നദ്ധസംഘടനകൾ രൂപീകരിച്ച് അവയുടെ നേതൃത്വത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം ഉയർത്തണം. SC/ST വിദ്യർത്ഥികളുടെ നിലവാരം ഉയർത്തിക്കോണ്ട്വരുന്നതിന് സന്നദ്ധ സംഘടനകൾ ശ്രദ്ധിക്കണം. സന്നദ്ധസംഘടനകളുടെ പ്രവർത്തനം പഞ്ചായത്ത് ഏകോപിപ്പിക്കണം. ഈ സംഘടനകളുടെ പ്രവർത്തനം പഞ്ചായത്ത് പരിശോധിച്ച് പ്രവർത്തനാടിസ്ഥാനത്തിൽ ഗ്രാൻറ് നൽകുക.

* സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കാവശ്യമായ പുസ്തകങ്ങൾ ലഭ്യമാക്കണം. മൊത്തം വിദ്യർത്ഥികളുടെ പത്തു ശതമാനത്തിന് മാത്രമായി ഇതു പരിമിതപ്പെടുത്താവുന്നതാണ്. കുട്ടികളെ കണ്ടുപിടിക്കുന്നതിൻെറ ചുമതല PTA -യെ ഏൽപ്പിക്കാവുന്നതാണ്.

* PTA -കൾ ശക്തിപ്പെടുത്തണം.

* ഓരോ ക്ലാസിലും പ്രത്യേകം പ്രത്യേകം PTA -കൾ സംഘടിപ്പിക്കണം.

* ഓരോ ക്ലാസ് PTA -കളിൽ എഴ് അംഗങ്ങൾ ഉണ്ടായിരിക്കണം. ക്ലാസ് PTA -അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് അതാതു ക്ലാസിലെ രക്ഷകർത്താക്കളുടെ ജനറൽബോഡി വിളിച്ചായിരിക്കണം.

* ക്ലാസ് PTA -വിളിക്കുന്നത് ഹെഡ്മാസ്റ്ററുടെ അനുവാദത്തോടെ ക്ലാസ്റ്റീചർ നിർവഹിക്കണം. ക്ലാസ് PTA -പ്രതിനിധികളിൽ അഞ്ചുപേർ രക്ഷകർത്താക്കളുടെ പ്രതിനിധികളായിരിക്കണം. രണ്ടുപേർ വനിതകളായിരിക്കണം.

* ക്ലാസ് PTA -കളുടെ കൺവീനർ ക്ലാസ്റ്റീച്ചറും ചെയർമാൻ രക്ഷാകർതൃപ്രതിനിധിയുമായിരിക്കണം. ക്ലാസ് PTA- കമ്മിറ്റി അടങ്ങുന്ന ജനറൽബോഡി സ്കൂളിൻെറ പൊതു PTA -യെ തെരെഞ്ഞെടുക്കണം.

* ഓരോ വർഷവും ജൂൺ 30നകം തിരഞ്ഞെടുപ്പുകൾ നടത്തിയിരിക്കണം എന്ന് നിഷ്ക്കർഷിച്ചിരിക്കണം.

* പഞ്ചായത്തിലെ എല്ലാ സ്കൂളുകളേയും ചേർത്ത് ഒരു പഞ്ചായത്ത് എഡ്യുക്കേഷൻ കമ്മിറ്റി ഉണ്ടാക്കണം. PTA - പ്രസിഡന്റുമാർ പഞ്ചായത്ത് പ്രസിഡന്റ് എട്ടുവിദ്യാഭ്യാസ വിദഗ്ദ്ധർ, പഞ്ചായത്തു തലത്തിലെ അദ്ധ്യാപക സംഘടനാ പ്രതിനിധികൾ എല്ലാ സ്കൂളുകളിലേയും ഹെഡ്മാസ്റ്റർമാർ എന്നിവർ ഉൾപ്പെട്ടതായിരിക്കണം ഈ സമിതി. കമ്മിറ്റിയുടെ ചേയർമാൻ പഞ്ചായത്ത് പ്രസിഡന്റും കൺവീനർ രക്ഷാകർത്തൃ പ്രതിനിധിയുമായിരിക്കണം.

* സ്ഥലം MLA. MP, ബ്ളോക്ക്മെമ്പർ, ജില്ലാ പഞ്ചായത്ത്മെമ്പർ എന്നിവർ ഈ സമിതിയിൽ എക്സ് ഒഫീഷ്യ അംഗങ്ങളായിരിക്കണം.

* ഈ സമിതികൾ ജൂലൈ ആദ്യവാരം നിലവിൽവരണം. മാസത്തിലൊരിക്കൽ ഈ സമിതികൂടുകയും സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തുകയും വേണം.

## സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നിർദ്ദേശം

* തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പഴക്കമുള്ളതും ഏറ്റവും കൂടുതൽ സ്ഥലസൗകര്യമുള്ളതുമായ പിരപ്പൻകോട് H.S.S. നെ ഗ്രാമീണ മേഖലയിൽ ഇനി അനുവദിക്കപ്പെടുന്ന ആദ്യത്തെ കോളേജായി ഉയർത്തുക. പോത്തൻകോട്, വെമ്പായം, മാണിക്കൽ, നെല്ലനാട്, പുല്ലമ്പാറ, വാമനപുരം, കല്ലറ, മുദാക്കൽ, മംഗലാപുരം പഞ്ചയത്തുകളിലെ കുട്ടികൾക്ക് ഇതുമൂലം പ്രയോജനം ലഭിക്കും.

* തലയിൽ എൽ.പി.എസ്. യു.പി എസ്സായി ഉയർത്തുക.

* കൊപ്പം L.P.S യു.പി.എസ്സായി ഉയർത്തുക.

പിരപ്പൻകോട് H.S.S ഭൗതികസാഹചര്യങ്ങളുടെ കാര്യത്തിൽ വളരെ മുമ്പിലാണങ്കിലും പഠനനിലവാരത്തിൽ മെച്ചമല്ല ആയതിനാൽ സ്കൂളിനെ വിഭജിച്ച് യു.പി. എസും, H.S.S പ്രത്യേക

സ്ഥാപനങ്ങളാക്കാവുന്നതാണ്. സ്കൂളിലെ നാലേക്കർ സ്ഥലം ഉപയോഗിക്കാത്തതായിട്ടുണ്ട്. ഈ സ്ഥലത്തു ഒരു സാങ്കതിക വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുന്നത് ഈ പഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളായ നെല്ലനാട്, മുദാക്കൽ, പുല്ലമ്പാറ, വെമ്പായം, പോത്തൻകോട്, വാമനപുരം, മംഗലാപുരം തുടങ്ങിയവയിലേയും വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം പ്രയോജനപ്രദമായിരിക്കും.
ഈ സൗകര്യങ്ങൾ കണക്കിലെടുത്ത് H.S.S നെ ഒരു കോളേജാക്കി ഉയർത്താവുന്നതുമാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ സ്കൂളുകളിലെ ഭൗതികസൗകര്യം വർദ്ധിപ്പിക്കുക.
2. കന്യാകുളങ്ങര ഗേൾസ് ഹൈസ്കൂൾ കമ്പ്യൂട്ടർ സൗകര്യത്തോടുകൂടിയ H.S.S ആക്കിഉയർത്തുക.
3. സാക്ഷരതാ പ്രസ്താനം പുനരുജ്ജീവിപ്പിക്കുക.
4. എല്ലാ L.P.S ലും പ്രീ-പ്രൈമറി സ്കൂൾ ആരംഭിക്കുക.
5. പാറയ്ക്കൽ സ്കൂളിൽ ഹിന്ദി അദ്ധ്യാപകരെ നിയമിക്കുക.
7. എല്ലാ സ്കൂളുകളിലും M.L.L സിലബസ് ഏർപ്പെടുത്തുക.
7. കോലിയക്കോട് U.P.S. ന് വേണ്ടി ഒരേക്കർ സ്ഥലം അക്വയർ ചെയ്യുക.
8. എല്ലാ സ്കൂളുകളിലും ക്ളാസ് വിഭജിച്ചുകൊണ്ട് സ്ക്രീൻ സ്ഥാപിക്കുക.
9. പഞ്ചായത്ത് പൈപ്പ് ലൈൻപോയിട്ടുള്ള സ്ഥലങ്ങളിൽ സ്കൂളുവരെ നീട്ടികൊടുക്കുക.
10. കോലിയക്കോട് U.P.S ലെ ഒൻപതുമുറികളുള്ള ഇരുനിലകെട്ടിടവും മണ്ണൊലിപ്പ് തടയുന്നതിന് ഒരു റിടെയിനിംഗ് (സംരക്ഷിത) ഭിത്തി കെട്ടുക.
11. എല്ലാ സ്കൂളുകളിലും കളിസ്ഥലവും ലാബും ലൈബ്രറിയും ഉണ്ടാക്കുക.
12. പിരപ്പൻകോട് H.S.S ലെ പഠനനിലവാരം വളരെ മോശമാണ്, അത് പരിഹരിക്കുക. സയൻസ് അദ്ധ്യാപകരെ ഉടൻ നിയമിക്കുക.
13. കന്യാകുളങ്ങര ഗേൾസ് ഹൈസ്കൂളിന് ആവശ്യമായ സ്ഥലം അക്വയർ ചെയ്ത് ലഭ്യമാക്കി ഒരു ബഹുനില കെട്ടിടം നിർമ്മിക്കുക.
14. കൊപ്പം L.P.S ലേയും കോലിയക്കോട് U.P.S ലേയും ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുക.
15. എല്ലാ സ്കൂളുകളിലും അത്യാവശ്യമായി ഫർണിച്ചർ നൽകണം.
17. കഞ്ഞിപ്പുര ഇല്ലാതത L.P., U.P സ്കൂളുകളിൽ അവ ഉടനേ സ്ഥാപിക്കുക.
18. ഒഴുകുപാറ കേന്ദ്രീകരിച്ച് ഒരു L.P.S ആരംഭിക്കണം.
19. വെള്ളാണിക്കൽ സ്കൂൾ അറ്റകുറ്റപ്പണികൾ തീർത്ത് കിണർ, കക്കൂസ്, പാചകപ്പുര ഇവ നിർമ്മിക്കണം.
20. പാറയ്ക്കൽ സ്കൂളിൽ കിണർ നിർമ്മിക്കുക.

21. രണ്ടുതരം വിദ്യാഭ്യാസ സമ്പ്രദായം അവസാനിപ്പിക്കുക.

22. തൊഴിലധിഷ്ടിത വിദ്യാഭ്യാസം നടപ്പിലാക്കുക.

23. പാറയ്ക്കൽ സ്കൂളിന് സ്ഥലം അക്വയർ ചെയ്യുന്നതിനായി 1980-ൽ 10000.00 രൂപ അടച്ചെങ്കിലും നടപടിയൊന്നും ഉണ്ടായിട്ടില്ല. അന്വേഷിച്ചു വേണ്ടതു ചെയ്യണം.

24. പാറയ്ക്കൽ സ്കൂളിലെ സ്റ്റേജിൽ മേൽക്കൂര പണിയണം.

25. അർഹതയുള്ള വിദ്യർത്ഥികൾക്ക്മാത്രം സ്കൂൾ കയറ്റം നൽകണം.

26. കോലിയക്കോട് U.P.S നേയും പാറയ്ക്കൽ U.P.S നേയും ഹൈസ്കൂളാക്കി ഉയർത്തണം

27. പിരപ്പൻകോട് H.S.S നെ ഒരു കോളേജാക്കി ഉയർത്തുക.

28. വിദ്യാലയങ്ങളിൽ രാഷ്ട്രീയം അവസാനിപ്പിക്കുക.

24. പഞ്ചായത്തിൽ നടത്തിവരുന്ന അൺഎയിഡഡ് സ്കൂളുകൾ നിർത്തലാക്കാൻ പഞ്ചായത്ത് സർക്കാരിനോടാവശ്യപ്പെടുക.

30. പിരപ്പൻകോട് H.S.S ൽ E.A.S ന്റെ കെട്ടിടനിർമ്മാണം ത്വരിതപ്പെടുത്തണം.

31. 1981 ൽ ഒരു 3 നില കെട്ടിടം പിരപ്പൻകോട് H.S.S ന് വേണ്ടി അനുവദിച്ചിരുന്നു. അതിന്റെ നിർമ്മാണം ത്വരിതപ്പെടുത്തണം.

32. പിരപ്പൻകോട് L.P.S ന് വേണ്ടി 8 മുറികളുള്ള ഇരുനില കെട്ടിടം പണിയണം.

# പാർപ്പിടവും ക്ഷേമപ്രവർത്തനവും

പഞ്ചായത്തിലെ ആദ്യകാല കെട്ടിടങ്ങളിൽ ഭൂരിഭാഗവും പച്ചമൺകട്ടകൊണ്ട് നിർമ്മിച്ച് ഓലമേഞ്ഞവയാണ്. എന്നാൽ 1940 കളുടെ അവസാനമാണ് ചുട്ട ഇഷ്ടികകൾകൊണ്ട് നിർമ്മിച്ച ഓടുമേഞ്ഞ കെട്ടിടങ്ങൾ പ്രചാരത്തിൽ വന്നത്. 1950 കളിലും 1960 കളിലും ചുട്ട ഇഷ്ടികകൊണ്ടുള്ള കൂടുതൽ ഭവനങ്ങൾ നിർമ്മിക്കപ്പെട്ടുവെങ്കിലും ഇവ നിർമ്മിക്കാൻ സമ്പന്നൻമാർക്കു മാത്രമേ കഴിയുമായിരുന്നുള്ളു. ഭൂരിപക്ഷം ജനങ്ങളും ഓലമേഞ്ഞ മൺകെട്ടിടങ്ങളിൽ താമസിച്ചു. 1970 കളിൽ ഗൾഫ് പണത്തിന്റെ സ്വാധീനം വ്യാപകമായതോടെ കോൺക്രീറ്റ് കെട്ടിടങ്ങൾ സാധാരണമായി. എന്നാലും ഇന്നും 55.7% ഭവനങ്ങളും ഓലമേഞ്ഞവയാണ്. കോൺക്രീറ്റ് കെട്ടിടങ്ങൾ 13.7 ശതമാനം മാത്രമാണ്. ജനങ്ങളുടെ പരിഹരിക്കപ്പെടേണ്ട അടിസ്ഥാനപ്രശ്നങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും ഇതുതന്നെ. വർഷംതോറും 600 വീടുകൾ പുതുതായി ആവശ്യമുണ്ടെങ്കിലും 350 ഓളം എണ്ണം മാത്രമേ നിർമ്മിക്കപ്പെടുന്നുള്ളു. 50 SC/ST കോളനികളിലും മറ്റ് പ്രദേശങ്ങളിലുമായി രണ്ടായിരത്തിലധികം വീടുകളുടെ നില ശോചനീയമാണ്. അവയുടെ നില മെച്ചപ്പെടുത്തുന്നതിനും പുതുതായി പഞ്ചായത്തിനാവശ്യമുള്ള ആയിരത്തോളം വീടുകൾ പണിയുന്നതിനും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

ആകെ കെട്ടിടങ്ങളിൽ 200 മുതൽ 500 വരെ ചതുരശ്ര അടി വിസ്തീർണ്ണമുള്ള 55 ശതമാനവും അതിൽ കുറഞ്ഞ വിസ്തൃതിയുള്ള 13 ശതമാനം കെട്ടിടങ്ങളുമാണുള്ളത്. തറ, ചുമർ, മേൽക്കൂര വിസ്തീർണ്ണം എന്നീഘടകങ്ങൾ എല്ലാം പരിഗണിച്ചാൽ തൃപ്തികരമല്ലാത്ത അടിന്തിരമായി മാറ്റം ആവശ്യം ഉള്ള വീടുകൾ 14 ശതമാനമാണെന്നുകണക്കാക്കിയിട്ടുണ്ട്. ദരിദ്രരേയും ഇടത്തരക്കാരേയും സംബന്ധിച്ചിടത്തോളം ഭവനനിർമ്മാണം വളരെ ചിലവേറിയതായി മാറിയിരിക്കുന്നു.

## പഞ്ചായത്തിലെ ആകെ വീടുകളുടെ ഇന്നത്തെ അവസ്ഥ

| | |
|---|---|
| ആകെ വീടുകൾ | 9732 |
| a. കോൺക്രീറ്റ് | 1732 |
| b. ഓടിട്ടത് | 4313 |
| c. ഓലമേഞ്ഞത് | 1383 |
| d. കുടിൽ | 2304 |

പുതിയൊരു ഭവനനിർമ്മാണ സംസ്ക്കാരം ഉണ്ടാവാതെ പാർപ്പിടനിർമ്മാണത്തിൽ ഇന്നനുഭവപ്പെടുന്ന ബുദ്ധിമുട്ടു കൾപരിഹരിക്കാൻ കഴിയുകയില്ല. നിർമ്മാണ സാമഗ്രികകളുടെ ദൗർലഭ്യവും വിലക്കയറ്റവും കെട്ടിടനിർമ്മാണത്തെ ദുസ്സഹമാക്കുന്നു. നിർമ്മാണത്തൊഴിലാളികളുടെ ദൗർലഭ്യമാണ് മറ്റൊരു പ്രശ്നം. നിർമ്മാണത്തൊഴിലാളികൾ തൊഴിലന്വേഷിച്ച് ഗൾഫിലേക്ക് പോയപ്പോൾ സാധാരണക്കാരുടെ ഭവനനിർമ്മാണസ്വപ്നങ്ങളെ അതു ബാധിച്ചു.. കെട്ടിടനിർമ്മാണവായ്പകൾ ലഭിക്കുവാനുള്ള ബുദ്ധിമുട്ടാണ് മറ്റൊരു പ്രധാന പ്രശ്നം. ദരിദ്രരുടെ ഭവനനിർമ്മാണത്തിന് വായ്പ നൽകാൻ ധനകാര്യസ്ഥാപനങ്ങൾ മടിക്കുന്നു. സമ്പന്നർ തങ്ങൾക്ക് യഥാർത്ഥത്തിലാവശ്യമുള്ളതിന്റെ പതിൻ മടങ്ങ് വലിപ്പമുള്ള ഭവനങ്ങൾ നിർമ്മിക്കുന്നത് നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യത്തിനും സമ്പത്തിന്റെ ദുർവ്യയത്തിനും ഇടവരുത്തുന്നു. ഭവന നിർമ്മാണം ഒരു സ്റ്റാറ്റസ് സിമ്പൽ എന്ന അവസ്ഥ മാറേണ്ടിയിരിക്കുന്നു. ഭൂരഹിതരെ സംബന്ധിച്ചിടത്തോളം ഭവനനിർമ്മാണം സ്വപ്നങ്ങൾക്കും അപ്പുറമുള്ള കാര്യമായിമാറിയിരിക്കുന്നു. ദുർവ്യയമില്ലാത്ത വീടുകൾ നിർമ്മിക്കുക ഇന്നും ജനങ്ങളിലേക്ക് എത്തിയിട്ടില്ല. തലങ്ങും വിലങ്ങും നിർമ്മിക്കുന്ന മതിലുകളുടെ ആധിക്യം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യത്തിനുപുറമേ പരിസ്ഥിതി പ്രശ്നങ്ങളും സൃഷ്ടിക്കുന്നു.

പഞ്ചായത്തിൽ ആകെയുള്ള അഞ്ച് ലക്ഷംവീടുകോളനികളിൽ കുതിരകുളം കോളനിയിൽ പത്തുവീടുകളിലായി ഇരുപതുകുടുംബങ്ങളും കഴിയുന്നു. ഈ വീടുകളൊന്നുംതന്നെ അറ്റകുറ്റപ്പണികളൊന്നും നടത്തിയിട്ടില്ല. വൈദ്യുതി ഇനിയും എത്തിച്ചേർന്നിട്ടില്ല. പത്തേക്കറിൽ അഞ്ചുവീടുകൾ നിർമ്മിച്ചുകൊടുത്തുവെങ്കിലും അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതുമൂലം വീടുകളെല്ലാം നശിച്ചുകിടക്കുന്നു. മൂളയം, ആലിയാട് കോളനികൾക്കുവേണ്ടി സ്ഥലം അക്വയർ ചെയ്തതല്ലാതെ വീടുകളൊന്നുംതന്നെ നിർമ്മിച്ചിട്ടില്ല.

ദുർബലവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതി അനുസരിച്ച് 1995-96-ൽ പഞ്ചായത്തിൽ 95 വീടുകൾ നിർമ്മിച്ചുനൽകി. ഇതിൽ JRY പ്രകാരം പതിമൂന്ന്വീടുകളും പഞ്ചായത്ത് അൺഎയിഡഡ് ഫണ്ട് ഉപയോഗിച്ച് 34 വീടുകളും ബ്ളോക്കിലെ MLA ഫണ്ട് ഉപയോഗിച്ച് 42 വീടുകളും നിർമ്മിച്ച് നൽകി.

പുറമ്പോക്കുകളിൽ താമസിക്കുന്ന ഭൂരഹിതരായ നൂറോളം കുടുംബങ്ങൾ പഞ്ചായത്തിൽ ഉണ്ട്. അവർക്കുവേണ്ടി യാതൊരു പദ്ധതിയും ആവിഷ്ക്കരിച്ചിട്ടില്ല.

## നിർദ്ദേശങ്ങൾ

- തദ്ദേശീയമായ വസ്തുക്കൾ ഉപയോഗിച്ച്കൊണ്ടുള്ള ഭവന നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കണം. മണ്ണ്, തെങ്ങിൻതടി, ഓല, കുമ്മായം, തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് ഉറപ്പുള്ള വീടുകൾ നിർമ്മിക്കുന്നതിന്വേണ്ടി പഞ്ചായത്ത് തനതായ സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കണം. ഇതിനുവേണ്ടി പഞ്ചായത്തിലെ റിട്ടയർചെയ്ത എൻജിനീയർമാർ സാങ്കേതികവിദഗ്ധർ എന്നിവരുടെ സന്നദ്ധസേവനം പഞ്ചായത്ത് ആവശ്യപ്പെടണം. പുറത്തുനിന്നുള്ള വിദഗ്ദ്ധരെ . ഈ ആവശ്യത്തിലേക്കായി ക്ഷണിക്കാവുന്നതാണ്.

- ഏറ്റവും ചിലവുകുറഞ്ഞ ഭവനനിർമ്മാണസാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുന്നവർക്ക് പഞ്ചായത്ത് അവാർഡ് നൽകണം.

- ഏറ്റവും ചെലവുകുറഞ്ഞതും പരിസ്ഥിതിക്ക് യോജിച്ചതുമായ വീടുകൾ നിർമ്മിച്ച് മാതൃകകാട്ടുന്നവരെ പഞ്ചായത്ത് ഔദ്യോഗികമായി ആദരിക്കണം.

- നിർമ്മാണസാമഗ്രികളുടെ വിലകുറയ്ക്കുന്നതിനുവേണ്ടി കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകളെ പഞ്ചായത്ത് പ്രോത്സാഹിപ്പിക്കണം. കെട്ടിടനിർമ്മാണ സാമഗ്രികളിൽ സ്വയം പര്യാപ്തമായ പഞ്ചായത്ത് എന്നതായിരിക്കണം 9-ാം പദ്ധതിയുടെ ലക്ഷ്യം.

- കെട്ടിടങ്ങളുടെ മുറ്റങ്ങൾ, സ്വകാര്യവഴികൾ ഇവ കോൺക്രീറ്റു ചെയ്യുന്നതിനും മതിൽകെട്ടുന്നതിനും പഞ്ചായത്തിന്റെ അനുമതിവേണം. ആവശ്യമുള്ള സന്ദർഭങ്ങളിൽ മാത്രമേ അതിനുള്ള അനുമതി നൽകാവൂ.

- പഞ്ചായത്ത് കേന്ദ്രമായി ഹൗസിംഗ് ഫിനാൻസ് സൊസൈറ്റി അനുവദിക്കണം. ഈ സൊസൈറ്റി ദുർബല വിഭാഗങ്ങൾക്ക് ഭവനനിർമ്മാണ വായ്പ നൽകുന്നതിന് മുൻഗണന നൽകണം.

- തൊഴിലാളികളുടെ അപര്യാപ്തത പരിഹരിക്കാനായി കെട്ടിട നിർമ്മാണതൊഴിൽമേഖലയിലേക്ക് കടന്നുവരുന്ന ആളുകൾക്ക് പരിശീലനം നൽകണം. ഇതിനുവേണ്ടി വാർഡടിസ്ഥാനത്തിൽ നിലവിലുള്ള തൊഴിലാളികളെ ഉപയോഗിച്ചുകൊണ്ട് പണച്ചെലവില്ലാതെതന്നെ സംവിധാനം ഉണ്ടാക്കാൻ കഴിയും. വാർഡുമെമ്പർമാർ ഈ പ്രവർത്തനത്തിന് നേതൃത്വം നൽകണം.

- ഭൂരഹിതർക്കായുള്ള ഭവനനിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. മാണിക്കൽ പഞ്ചായത്തിൽ ഏകദേശം 193 ഏക്കറോളം പുറമ്പോക്ക് ഭൂമി ഉണ്ട്. റോഡ്പുറമ്പോക്കിലും പൊതുവഴികളിലും കുടിൽകെട്ടിതാമസിക്കുന്നവരെ ഒഴിപ്പിച്ചെടുത്ത് അവർക്ക് ഈ പുറമ്പോക്ക് ഭൂമിനൽകുകയും ഭവനനിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുകയും വേണം.

- ദുർവ്യയ ഭവനനിർമ്മാണം നിരുത്സാഹപ്പെടുത്തുന്നതിനുവേണ്ടി 1200 ചതുരശ്ര അടിയിൽകൂടുതൽ വിസ്തൃതിയുമുള്ള വീടുകൾക്ക് കനത്ത നികുതിചുമത്തുകയും 900 ചതുരശ്ര അടിയിൽ കുറച്ച് വിസ്തീർണ്ണമുള്ള വീടുകൾക്ക് നികുതിനിരക്ക് കുറച്ച് കൊടുക്കുകയും വേണം. നിർമ്മാണച്ചെലവ് കണക്കാക്കി അതനുസരിച്ച് ആഡംബരനികുതി ചുമത്തണം.

- പരിസ്ഥിതി സംരക്ഷണത്തിനായ് മതിലുകളുടെ നിർമ്മാണം നിരുത്സാഹപ്പെടുത്തുകയും ജൈവവേലി പ്രചരിപ്പിക്കുകയും വേണം.

- പഞ്ചായത്തിൽ ഗുരുതരമായ അസുഖംബാധിച്ച പാവപ്പെട്ടവരെ സഹായിക്കാൻ പഞ്ചായത്ത് പ്രസിഡണ്ടിന്റെ ദുരിതാശ്വാസനിധി രൂപീകരിക്കുക.

## ദാരിദ്രനിർമ്മാർജ്ജനവും സാമൂഹ്യക്ഷേമവും

ദാരിദ്ര്യനിർമ്മാർജ്ജനത്തിനുവേണ്ടി പലവിധ പദ്ധതികളും സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുവെങ്കിലും അവയൊന്നുംതന്നെ അർഹരുടെ അടുത്ത്എത്തുന്നില്ല എന്ന് മാത്രമല്ല എത്തുന്നതുതന്നെ അപര്യാപ്തവുമാണ്. ഏറ്റവും ഒടുവിൽ നടന്ന IRDP സർവ്വേ പ്രകാരം ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 2010 ആണ്. എന്നാൽ പ്രതിവർഷം എൺപത് കുടുംബങ്ങൾക്ക്മാത്രമാണ് ഇതുപ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കാൻ സാധിക്കുന്നത്. 1995-96-ലെ കണക്കനുസരിച്ച് സർക്കാരിന്റെ വിവിധ സാമൂഹ്യപദ്ധതികളുടെ ആനുകൂല്യം കൊടുക്കുന്നവരുടെ എണ്ണം താഴെക്കൊടുക്കുന്നു.

| | |
|---|---|
| വാർദ്ധക്യകാല പെൻഷൻ | 130 |
| വികലാംഗ പെൻഷൻ | 173 |
| വിധവാ പെൻഷൻ | 142 |
| അഗതികൾക്കുളളവ | |
| ക്യാൻസർരോഗികൾക്കുളള പെൻഷൻ | 30 |
| കുഷ്ഠരോഗ പെൻഷൻ | 3 |
| ക്ഷയരോഗ പെൻഷൻ | 6 |
| കർഷകത്തൊഴിലാളി പെൻഷൻ | 850 |
| തൊഴിലില്ലായ്മ വേതനം | |

ഏത് യഥാർത്ഥ ആവശ്യക്കാരിലും ഒരു ചെറിയ വിഭാഗത്തിനുമാത്രമേ ഈ സാമൂഹ്യക്ഷേമ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നുള്ളൂ. പഞ്ചായത്തിലെ അർഹരായ എല്ലാവർക്കും ഇവ ലഭിക്കേണ്ടിയിരിക്കുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

- അർഹരായ എല്ലാവർക്കും പെൻഷനുകൾ നൽകുക.

- IRDP ലിസ്റ്റിലുള്ള അനർഹരെ കണ്ടെത്തുകയും അർഹരായ എല്ലാവർക്കും ആനുകൂല്യങ്ങൾ എത്തിക്കുകയും ചെയ്യുക.

- പഞ്ചായത്തിലുടനീളം വാർഡ് അടിസ്ഥാനത്തിൽ വനിതകൾക്കായുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

- സഹായത്തിനാരുമില്ലാത്ത വൃദ്ധജനങ്ങളെ സംരക്ഷിക്കാനായി സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി വൃദ്ധമന്ദിരം സ്ഥാപിക്കുക.

- മഹിളാസമാജങ്ങളും ബാലവാടികളും മുഖേന അർഹരായ എല്ലാ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകണം.

- ദരിദ്ര നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഗ്രാമസഭയിൽവെച്ച് വിലയിരുത്തുകയും അർഹരായവരെ ഗ്രാമസഭയിലൂടെ കണ്ടെത്തുകയുംവേണം.

- സർക്കാരിന്റെ ദരിദ്ര നിർമ്മാർജ്ജനപരിപാടികളെക്കുറിച്ച് ആറുമാസത്തിലൊരിക്കൽ വാർഡടിസ്ഥാനത്തിൽ പൊതുയോഗങ്ങൾ നടത്തുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യണം.

- ദുർബലവിഭാഗങ്ങൾക്കുകൊടുക്കുന്ന പെൻഷനുകൾ ഗ്രാമ പഞ്ചായത്തിലൂടെ നൽകുകയും

  അതാതുമാസം തന്നെ ലഭ്യമാക്കുകയും വേണം.

- ദരിദ്രനിർമ്മാർജ്ജനത്തിനുവേണ്ടി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ദരിദ്രർക്കു പ്രയോജനം കിട്ടുന്ന സാമൂഹ്യ ആസ്തികളായിവേണം നിർമ്മിക്കേണ്ടത്. ഉദാഹരണത്തിന് കോളനികൾക്കാവശ്യമായ കക്കൂസുകൾ നിർമ്മിക്കുക.

- IRDP ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്താഫീസിലും സൂക്ഷിക്കുക.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

- ദുർബലവിഭാഗങ്ങൾക്കുമുഴുവൻ സൗജന്യമായി പാർപ്പിടം നിർമ്മിച്ചു നൽകണം.
- മണിക്കൽ പഞ്ചായത്തിൽ ഭവനനിർമ്മാണ സഹകരണസംഘം സ്ഥാപിക്കണം.
- അംഗനവാടികൾക്കെല്ലാം സ്വന്തമായി കെട്ടിടവും ശുദ്ധജല ലഭ്യതയും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കണം.
- പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും മാവേലിസ്റ്റോറുകൾ സ്ഥാപിക്കുക.
- പഞ്ചായത്തിനെ സമ്പൂർണ്ണ മദ്യവിമുക്ത മേഖലയാക്കിമാറ്റുക.
- കോലിയക്കോട് സരസ്വതിമന്ദിരം ഗ്രന്ഥശാല മൂളയം യുഗപ്രഭ വായനശാല ഇന്നിവയ്ക്ക് സ്വന്തമായ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.
- വെള്ളാണിക്കലും, കാഞ്ഞാംപാറയിലും, തൈക്കാടും ഓരോ റേഷൻഡിപ്പോ സ്ഥാപിക്കുക.
- പുകയില്ലാത്തതും വിറക്ലാഭിക്കുന്നതുമായ അടുപ്പുകൾക്ക് സബ്സിഡി നൽകുക.
- ദരിദ്രവിഭാഗങ്ങൾക്കുള്ള പെൻഷൻ അർഹതയുള്ള എല്ലാവർക്കും നൽകുക.
- പിരപ്പൻകോട്. തലയൻ, പാറയ്ക്കൽ, മീനാറ, പ്ളാക്കീഴ്, വേളാവൂർ കേന്ദ്രമാക്കി ഓരോ പബ്ലിക്ക് മാർക്കറ്റുകൾ സ്ഥാപിക്കുക.
- പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കുകിട്ടാനുള്ള ആനുകൂല്യങ്ങൾ പഞ്ചായത്തുമുഖേന നൽകുക.
- പിരപ്പൻക്കോട്ടു പോസ്റ്റൽ ഡിപ്പാർട്ടുമെന്റിന്റെ സ്ഥലത്തു പോസ്റ്റാഫീസ് സ്ഥാപിക്കുക.
- നേതാജിപുരത്ത് പുതിയ പോസ്റ്റാഫീസ് സ്ഥാപിക്കുക.
- ഈ പഞ്ചായത്തിലെ മിച്ചഭൂമികൾ ഏറ്റെടുത്ത് ഭൂമി ഇല്ലാത്ത പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് നൽകുക.
- എല്ലാ വാർഡിലും വികലാംഗങ്ങൾക്കുവേണ്ടി ടെലിഫോൺ ബൂത്തുകൾ സ്ഥാപിക്കുക.
- വെമ്പായംജംഗ്ഷനി ലെ പഞ്ചായത്തുവക സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുക.
- പഞ്ചായത്തിൽ മാറാരോഗങ്ങൾ ബാധിച്ചിട്ടുള്ളവർക്ക് സാമ്പത്തികസഹായം നൽകുക.
- MC റോഡിലെ പ്രധാനസ്ഥലമായ തൈക്കാട് ജംഗ്ഷനിലെ വെള്ളക്കെട്ടുപ്രദേശം അക്വയർ ചെയ്ത് KSRTC ബസ്സ്റ്റാന്റ്, പബ്ലിക്ക് മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുക. ഇവിടെയുള്ള ഉപയോഗശൂന്യമായ പമ്പുഹൗസിരിക്കുന്ന പഞ്ചായത്ത് സ്ഥലത്ത് വെയിറ്റിംഗ് ഷെഡ് സാംസ്ക്കാരികനിലയം ടി.വി. എന്നിവ സ്ഥാപിക്കുക.

# സംസ്കാരം

നൂറ്റാണ്ടുകൾക്കപ്പുറം മുതലുള്ള ഒരു സംസ്കാരികപാരമ്പര്യമാണ് മാണിക്കലിനുള്ളത്. തിരുവിതാംകൂർ മഹാരാജാവായി 1729 ൽ സ്ഥാനാരോഹണം നടത്തപ്പെട്ട മാർത്താണ്ഡവർമ്മ ഭരണസൗകര്യം പരിഗണിച്ച് രാജ്യത്തെ തെക്കേമുഖം വടക്കേമുഖം പടിഞ്ഞാറേമുഖം എന്നു മൂന്നുമുഖങ്ങളായി തിരിക്കുകയും ഓരോ മുഖത്തേയും വിവിധ മണ്ഡപത്തുംവാതുക്കലുകളുമായി വിഭജിക്കുകയും ചെയ്തിരുന്നു. മുഖങ്ങൾ പിൽക്കാലത്ത് ജില്ലകളും മണ്ഡപത്തുംവാതുക്കലുകൾ താലൂക്കുകളുമായി മാറി. ഇപ്രകാരം തിരിക്കപ്പെട്ടതിൽ നെടുമങ്ങാടുമണ്ഡപത്തും വാതിൽക്കലിന്റെ ആസ്ഥാനം പിരപ്പൻകോടായിരുന്നതായി ചരിത്രരേഖകളിൽ പറയുന്നു. മണ്ഡപത്തും വാതിൽക്കലിന് അധികാരിയായി അന്ന് ഒരു നായർപടയുടെ സൈന്യാധിപനായിരുന്ന കണക്കുചെമ്പകരാമൻ പരപ്പൻ അയ്യപ്പൻ എന്നയാളെയാണു നിയമിച്ചിരുന്നത്. നീതിനിർവ്വഹണത്തിനും കടമ്പ്രിവിന്റെ (കരം) കണക്കുകൾ പരിശോധിക്കുവാനുമായി ഒരു കൽമണ്ഡപം തീർത്തിരുന്നു.. ഇതിന്റെ സ്ഥാനം കൃത്യമായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ കൽമണ്ഡപത്തെ മണ്ണപക്കൽ എന്നാണു ദേശവാസികൾ വിളിച്ചിരുന്നത്. മണ്ണപക്കൽ മണ്ണാക്കലും പിന്നെ മാണിക്കലും എന്നായി മാറി എന്നാണ് അനുമാനിക്കേണ്ടത്. മണ്ഡപത്തുംവാതുക്കലെ അധികാരിയായ പരപ്പൻ അയ്യപ്പന്റെ കോടതിയെ ജനങ്ങൾ പരപ്പന്റെ കോട് എന്നു വിളിച്ചുവന്നു. ഇതിന്റെ തത്ഭവമാണ് പിരപ്പൻകോട് എന്ന സ്ഥലനാമം.

മണ്ഡപത്തുംവാതുക്കലുകളെ തറകളായി പുനർ വിഭജിച്ചപ്പോൾ മാണിക്കൽ 8-ാം മത്തെ തറയായിത്തീർന്നു. തറകൾ കാലാന്തരത്തിൽ പകുതികളായി മാറുകയും പകുതികളുടെ അധികാരത്തെ പാർവ്വത്യമെന്നും അധികാരിയെ പാർവ്വത്യകാരനെന്നും അറിയപ്പെട്ടു. ഈ ചരിത്ര പശ്ചാത്തലത്തിൽ വേണം മാണിക്കലിന്റെ സാമൂഹ്യസാംസ്ക്കാരിക ചരിത്രം വിലയിരുത്തപ്പെടുവാൻ.

മാണിക്യം വിളഞ്ഞ മണ്ണ്എന്ന അർത്ഥത്തിലാണ് മാണിക്കൽ എന്നപേർ ഉണ്ടായതെന്ന് ചിലർ വിശ്വസിക്കുന്നതിന് ചരിത്രരേഖകളില്ല.

## ജനവാസം

കുതിരകുളം പ്രദേശത്ത് പുരാവസ്തു ഗവേഷകർ കണ്ടെത്തിയ മുനിയറ, അവിടെനിന്നും കണ്ടെടുത്ത പ്രചീനനാണയങ്ങൾ, വെമ്പായത്തിനടുത്തുള്ള ഗാന്ധിനഗർ തുടങ്ങിയ പ്രദേശങ്ങളിലുണ്ടായിരുന്ന കുടക്കല്ലുകൾ തുടങ്ങിയവ ഇവിടത്തെ ജനവാസത്തിന്റെ പഴമയ്ക്കും ആചാരങ്ങളുടെ സവിശേഷതയ്ക്കും ദൃഷ്ടാന്തങ്ങളാണ്. ആധുനികശിലായുഗകാലഘട്ടത്തിൽ മാണിക്യലിലെ മലനിരകളിൽ ഗോത്രവർഗ്ഗക്കാരായ ജനങ്ങൾ അധിവസിച്ചിരുന്നതിനു നിരവധി തെളിവുകളുണ്ട്. കാലം കടന്നതോടെ കാടുചുറ്റുന്ന ഇടയൻമാരുടെ ഇടയിൽ നിന്നും സ്ഥിരം താവളങ്ങളുണ്ടാക്കി കൃഷിചെയ്യുന്നവരുടെ സംഖ്യ ഏറിവന്നു. ഈ കാലഘട്ടത്തിലാണ് വായത്താരികളിലൂടെ വിവിധ വേലപ്പാട്ടുകളും മറ്റും ഉണ്ടായത്.

കൊയ്ത്തുപാട്ട്, ഞാറ്റുപാട്ട്, വണ്ടിപ്പാട്ട്, വേലൻപാട്ട് എന്നിവ ഇവിടെ സർവ്വസാധാരണമായിരുന്നു. വിവാഹാദി ചടങ്ങുകൾക്ക് സംഘക്കളി കല്യാണക്കളി തുടങ്ങിയ കലാരൂപങ്ങൾ അവതരിപ്പിച്ചിരുന്നു. മാണിക്കലിന്റെ കിഴക്കൻമേഖല നിബിഡവനങ്ങളടങ്ങിയ കുന്നിൻ പ്രദേശങ്ങളായിരുന്നതിനാൽ സാംസ്കാരികമായ വളർച്ച കൂടുതലും ജനവാസം അധികമുള്ള പടിഞ്ഞാറൻഭാഗങ്ങളിലായിരുന്നു.

മണ്ഡപത്തുംവാതുക്കലിന്റെ ആസ്ഥാനം പിരപ്പൻകൊട് ആയതോടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് അദ്ധ്യാപകരെ ആവശ്യമായിവന്നു. ദേശഭരണത്തിനുള്ള ഊരാരെയും കുടിപ്പള്ളിയിൽ പഠിപ്പിക്കുന്നതിന് ഒരു വാദ്ധ്യാരേയും നിയമിച്ചിരുന്നു. ഊരാർ താമസിച്ചിരുന്ന സ്ഥലം ഊരാൻകോണമെന്നും വാദ്ധ്യാർ താമസിച്ചിരുന്ന സ്ഥലം വാദ്ധ്യാർകോണമെന്നും അറിയപ്പെടുന്നു. A.D 1740 മുതൽ പിരപ്പൻകോട് കേന്ദ്രീകരിച്ച് പള്ളി (പള്ളിക്കൂടം) ഉണ്ടായിരുന്നതായി പഴയഹജൂർ രേഖകളിൽ കാണുന്നു. രാജഭരണകാലംമുതൽ ആളുകൾക്ക് വിശ്രമിക്കുന്നതിനുവേണ്ടി ഒരു വഴിയമ്പലം പിരപ്പൻകോട്ട് ഉണ്ടായിരുന്നത് ഇന്ന് നാമാവശേഷമായിട്ടുണ്ട്.

## ചടങ്ങുകൾ ആചാരങ്ങൾ

ബഹുഭൂരിപക്ഷവും ഹിന്ദുമതവിശ്വാസികളടങ്ങിയ മാണിക്കൽനിവാസികളുടെ പ്രാചീനാചാരങ്ങളിൽ ബുദ്ധമതാചാരങ്ങളുടെ കടന്നുകയറ്റം ദൃശ്യമാണ്. താലപ്പൊലിവ് തുടങ്ങിയ ക്ഷേത്രാരാധനാരൂപങ്ങൾ ഇതിനുദാഹരണമാണ്. ആരാധനാലയങ്ങളെചുറ്റിപറ്റിയാണല്ലൊ കലാസാംസ്ക്കാരിക പ്രസ്ഥാനങ്ങൾ ഉടലെടുത്തിരുന്നത്. വിവാഹം, മരണാനന്തരകർമ്മങ്ങൾ, ക്ഷേത്രോത്സവങ്ങൾ തുടങ്ങിയവയോടനുബന്ധിച്ചുണ്ടായിരുന്ന ചടങ്ങുകൾക്ക് വലിയ മാറ്റം സംഭവിച്ചിട്ടുണ്ട്. പ്രാചീനകാലത്ത് മരിച്ചയാളുകളുടെ മൃതദേഹം സ്ഥാനമാനങ്ങൾക്കും സമുദായ മേൻമയക്കും അനുസരിച്ചാണ് സംസ്ക്കരിച്ചിരുന്നത്. മേൽജാതിക്കാരായ ബ്രാഹ്മണരുടെ മൃതശരീരം കുടക്കല്ലറകൾക്കുള്ളിൽ അടക്കംചെയ്തിരുന്നു. ഇതുമന്ത്രതന്ത്രാദികർമ്മങ്ങളോടെ ആയിരുന്നു. മരിച്ചയാളിന്റെ അപദാനങ്ങൾ ചൊല്ലിവിളിച്ചുകരയുവാൻ പ്രത്യേകം ആളുകളുടെസംഘംതന്നെയുണ്ടായിരുന്നു. ഒപ്പാരുവയ്ക്കുക എന്നാണ് ഈ ചടങ്ങ് അറിയപ്പെട്ടിരുന്നത്. ശ്രാദ്ധകർമ്മങ്ങളുടെ ചിട്ടയും സംവിധാനവും ക്രമേണമാറിക്കൊണ്ടിരുന്നു. കച്ചയിടൽ, വായ്ക്കരിയിടൽ, ബലികർമ്മം തുടങ്ങിയ ആചാരങ്ങളും ചുരുങ്ങിച്ചുരുങ്ങിവന്നു. നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ പിരപ്പൻകോടിനുസമീപം 45 സെൻറുസ്ഥലത്ത് ഒരു ശ്മശാനം ഉണ്ടായിരുന്നതായി 1905 ലെ സെറ്റിൽമെൻറ് രേഖകളിൽ കാണുന്നു. (സർവ്വേ: നമ്പർ: 9193). ഈ ശ്മശാനഭൂമി ഇപ്പോൾ അന്യാധീനപ്പെട്ടുപോയി. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തോടെയാണ് ഇതരമതക്കാർ മാണിക്കലുമായി ബന്ധപ്പെട്ടത്. ഇവരുടെ പൂർവ്വാചാരങ്ങളിൽ വലിയ മാറ്റം ഉള്ളതായിക്കാണുന്നില്ല.

കുഞ്ഞു ജനിച്ചാൽ പുംസവനം, ഉപനയനം (ബ്രാഹ്മണർക്കുമാത്രം) തുടങ്ങിയ ചടങ്ങുകളും, കെട്ടുകല്യാണം (ബാല്യവിവാഹം) പുളികുടി അടിയന്തിരം (പെൺകുട്ടികൾ ഋതുമതികളാകുമ്പോൾ) തുടങ്ങിയവ വലിയ ആർഭാടത്തോടെയും സദ്യ-സർവ്വാണികളോടെയും പണ്ടുകാലത്ത് നടത്തിവന്നിരുന്നു. ഇതിൽ ഉപനയനമൊഴികെ മറ്റെല്ലാ ആചാരങ്ങളും അസ്തമിച്ചു കഴിഞ്ഞു. വിവാഹാദി ചടങ്ങുകളിലും വമ്പിച്ച മാറ്റം ഉണ്ടായിട്ടുള്ളതു വിസ്തരഭയത്താൽ ചേർക്കുന്നില്ല.

ക്ഷേത്രാചാരങ്ങളിലും അടിസ്ഥാനപരമായ മാറ്റം ഉണ്ടായിട്ടുണ്ട്. ചിലക്ഷേത്രങ്ങളിലെ മൂല പ്രതിഷ്ടകൾക്കുതന്നെ മാറ്റമുണ്ടായിട്ടുണ്ട്. പ്രാചീനക്ഷേത്രകലാരൂപങ്ങളുടെ സ്ഥാനത്ത് ആധുനിക കലാപരിപാടികൾ കടന്നുകയറി. എന്നാൽ പിരപ്പൻകോട് ശ്രീകൃഷ്ണക്ഷേത്രത്തിൽ ഇപ്പോഴും ചാക്യാർകൂത്ത്, ഓട്ടംതുള്ളൽ, ഹരികഥാകാലക്ഷേപം തുടങ്ങിയവ അവതരിപ്പിച്ചുവരുന്നു.

## ആരാധനാലയങ്ങൾ

ക്ഷേത്രങ്ങളുടെ കാര്യത്തിൽ വളരെ സമ്പന്നമാണ് മാണിക്കൽ ചെറുതും വലുതിമായ അറുപതിൽപരം ഹിന്ദുആരാധനാലയങ്ങൾ ഇവിടെയുണ്ട്. കൃസ്തീയദേവാലയങ്ങളും മുസ്ളീം ആരാധനാലയങ്ങളും താരതമ്യേന വളരെ കുറവായിട്ടാണ് കാണുന്നത്. ജനസംഖ്യയിൽ മുസ്ലീം ക്രൈസ്തവവിഭാഗങ്ങൾ ന്യൂനപക്ഷമായതാണ് ഇതിനുകാരണം. കന്യാകുളങ്ങര ശാസ്താക്ഷേത്രം പഴയ ജൈനക്ഷേത്രം പുതുക്കിപ്പണിതതാണ് ഇതിനെ ചുറ്റിപ്പറ്റി പണ്ട് ബ്രാഹ്മണ കുടുംബങ്ങളുടെ ഒരു അഗ്രഹാരം നിലനിന്നിരുന്നു. ഈ സ്ഥലം ഇപ്പോൾ കരം എന്നാണ് അറിയപ്പെടുന്നത്.

## പ്രധാന ക്ഷേത്രങ്ങൾ

1. പിരപ്പൻകോട് ശ്രീകൃഷ്ണസ്വാമി ക്ഷേത്രം
2. തിരുനല്ലൂർകോണം ശിവക്ഷേത്രം
3. പ്ളാക്കീഴ് മഹാദേവക്ഷേത്രം
4. കന്യകുളങ്ങര ധർമശാസ്താ ക്ഷേത്രം
5. വേളാവൂർ ഭഗവതി ക്ഷേത്രം
6. വെള്ളാണിക്കൽ ഭഗവതിക്ഷേത്രം
7. ചേലയം ഭഗവതി ക്ഷേത്രം
8. ആലിയാട് ഊരുട്ടുമണ്ഡപം
9. വൈദ്യൻകാവ് ദേവിക്ഷേത്രം
10. കീഴാവലയ്ക്കൽ ശിവക്ഷേത്രം
11. പൂലന്തറ ധർമശാസ്താ ക്ഷേത്രം
12. കാഞ്ഞാമ്പാറ ദേവീ ക്ഷേത്രം
13. പാലവിള ചാമുണ്ഡേശ്വരിദേവി ക്ഷേത്രം

14. തെന്നൂർ ഭഗവതി ക്ഷേത്രം
15. തലയൻ ദുർഗ്ഗാ ക്ഷേത്രം
16. പിരപ്പകോട് മുത്താരമ്മൻ കോവിൽ
17. മുളയം ഗണപതി ക്ഷേത്രം
18. ചെറുകുഴിക്കര ഗണപതിനട
19. കുതിരകുളം ഗണപതിനട
20. പള്ളിമൺവീട് ദേവിക്ഷേത്രം
21. അകരത്തിൽ പഞ്ചിയമ്മ ക്ഷേത്രം
22. വാഴാട്ട് ക്ഷേത്രം
23. ആലുമാനൂർ മാടൻനട
24. വിളയ്ക്കാട് മാടൻനട
25. വലിയകട്ടയ്ക്കാൽ മാടൻനട
26. മുണ്ടയ്ക്കൽവാരം ഊരൂട്ടുമണ്ഡപം
27. മുളയം അമ്മൻകോവിൽ
28. വാവുക്കോണം ദേവിക്ഷേത്രം
29. കാഞ്ഞാംപാറ ദേവിക്ഷേത്രം
30. തിരുവട്ടത്തല നാഗരുമാത്ാവ്
31. നന്നാട്ടുകാവ് പെരളശ്ശേരി ക്ഷേത്രം
32. താഘവമംഗലത്തു ക്ഷേത്രം
33. കമുകിൻകുഴി ദേവിക്ഷേത്രം
34. പ്ളാവിള മാടൻനട
35. മത്തനാട് നാഗരുകാവ്
36. കൈതേക്കോണം നാഗരുകാവ്
37. മഴുവചേരിക്കോണം ഗണപതികോവിൽ
38. കരിഞ്ഞാംകോണം ദേവിക്ഷേത്രം

എന്നിവകൂടാതെ എടപ്പൻകോട്, ഇരങ്ങയൽ, മൊട്ടക്കാവ്, കണ്ണങ്കര, മാങ്കുഴി, കരിക്കകം, പാറമുകൾ, തുടങ്ങിയ ആയിവില്ലിക്കളങ്ങളും കൈതറ, അണ്ണൽതുടങ്ങിയ മുടിപ്പുരകളും നിരവധി തെക്കതുകളും ഈ പഞ്ചായത്തിലുണ്ട്. ക്ഷേത്രംങ്ങൾ ഒട്ടുമുക്കാലും ഓരോ കുടുംമ്പക്കാരുടേയോ ജാതിവിഭാഗങ്ങളുടേയോ ആയിരുന്നു. ദേവിക്ഷേത്രങ്ങളുടെയെല്ലാം ഉത്പത്തിയെക്കുറിച്ചുള്ള ഐതിഹ്യങ്ങൾക്ക് സമാനത കാണുന്നു. ഏതെങ്കിലും കുടുംബക്കാരണവരുടെ മുന്നിൽ ബാലികാരൂപത്തിൽ യദൃശ്ചയാ എത്തിച്ചേരുന്ന ദേവി ദാഹജലം ആവശ്യപ്പെടുന്നതും കാരണവർ അത് എത്തിച്ചുകൊടുക്കുന്നതും ബാലിക അപ്രത്യക്ഷമാകുന്നതും കാരണവർ രാത്രിസ്വപ്നം കാണുന്നതനുസരിച്ച് ദേവിക്ഷേത്രം നിർമ്മിക്കുന്നതുമായ ഐതിഹ്യകഥകൾ കേരളത്തിലെ ഭൂരിപക്ഷം ഭഗവതിക്ഷേത്രങ്ങൾക്കും ബാധകമാണല്ലൊ. എന്നാൽ കണ്ണകി ചരിത്രവുമായി ഇവയെ ബന്ധപ്പെടുത്തുന്നതാണ് ഉചിതമെന്നു തോന്നുന്നു. ദേവിക്ഷേത്രങ്ങളിലെല്ലാം കുടിയിരുത്തും ചാറ്റുപാട്ടും തോറ്റംപാട്ടും നടത്തിവരുന്നത് ഈ അനുമാനം ബലപ്പെടുത്തുന്നു. ഏറെ പഴക്കമുള്ള പ്രധാന ക്ഷേത്രങ്ങൾക്കെല്ലാം പണ്ടുമുതലേ ഊരാഴ്മയും കാരാഴ്മയും ഉണ്ടായിരുന്നു. ദേവസ്വംബോർഡ് ഏറ്റെടുത്തതോടെ ഈ നിലമാറി. എല്ലാ ക്ഷേത്രങ്ങളിലും ഇപ്പോൾ വൃശ്ചികം ഒന്നാംതിയതി മുതൽ മണ്ഡലചിറപ്പും വിളക്കും മറ്റുത്സവങ്ങളും നടത്തിവരുന്നു. ഇക്കാലത്ത് നാടകസംഘങ്ങളുടേയും മറ്റുകലാ.പ്രസ്താനങ്ങളുടേയും നിലനിൽപുതന്നെ ക്ഷേത്രോത്സങ്ങളെ ആശ്രയിച്ചാണ്.

## മുസ്ളീം പള്ളികൾ

1. വെമ്പായം 2. വേളാവൂർ, 3. കിണറ്റുമുക്ക്, 4. പേരയത്തുമുകൾ 5. ഒഴുകുപാറ 6. നെല്ലിക്കാട് 7. കൊപ്പം 8. നെടുങ്കാണി ജുമാ-അത്തുകൾ, എന്നിവകൂടാതെ വേളാവൂർ ചെറുവില്ലി, ആനന്തപുരം, ചിറത്തലക്കൽ, മൊട്ടക്കാവ് തലയൽ തുടങ്ങിയ തൈക്കാവുകൾ ഉൾപ്പെടെ പതിനഞ്ചിൽപരം മുസ്ളീം ആരാധനാലയങ്ങൾ ഈ പ്രദേശത്തുണ്ട്. ചെറിയപെരുന്നാൾ, വലിയപെരുന്നാൾ തുടങ്ങിയ ആഘോഷങ്ങളും നോമ്പുനോൽക്കലും, നബിദിനാചരണവും മറ്റുമായി മുസ്ളീം സമുദായത്തിനിടയിലുള്ള ആചാരങ്ങൾക്കും ആഘോഷങ്ങൾക്കും ഒരേ രീതിയും സ്വഭാവവും ചിട്ടയുമാണുള്ളത്.

## ക്രൈസ്തീയ ദേവാലയങ്ങൾ

1. മിനാറ 2. പോങ്കുന്ന്, 3. ഇളവൂർക്കോണം, 4. കോട്ടപ്പുറം, 5. തൈക്കാട് 6. നെടുങ്കാണി 7. കൊപ്പം തുടങ്ങി വിവിധ അതിരൂപതകളുടേയോ, മിഷൻേറയോ കീഴിലുളള പത്തിനുതാഴെ ക്രൈസ്തവ പള്ളികൾ മാത്രമേ ഈ പ്രദേശത്തുള്ളു. ക്രിസ്തുമസ്, ബലിപ്പെരുന്നാൾ, കുരുത്തോലപെരുന്നാൾ, പള്ളിവാർഷികം തുടങ്ങിയ ആഘോഷങ്ങളാണ് ഈ ആരാധനാലയങ്ങളിൽ നടന്നുവരുന്നത്. പൂർവ്വകാലാചാരങ്ങളിൽ നേരിയ മാറ്റം ഉണ്ടായിട്ടുണ്ട്.

ഭദ്രകാളിക്ഷേത്രങ്ങളിൽ ഉദ്ദിഷ്ടകാര്യസാധ്യത്തിനും, പിഴയ്ക്കാണമായും, ഗൃഹദോഷപരിഹാരാർത്ഥവും മൃഗബലി നടത്തിയിരുന്നു. അപൂർവ്വമായി നരബലിയും നടന്നിട്ടുണ്ടെന്ന് പഴമക്കാർ പറയുന്നു. ഇന്ന് ഈ അനാചാരം എങ്ങുംതന്നെയില്ല.

## കലാരംഗം

കാക്കാരശിനാടകം, തിരുവാതിരക്കളി, കോലാട്ടം, കമ്പടവുകളി തുടങ്ങിയവയാണ് പണ്ടുകാലത്തുണ്ടായിരുന്ന ദൃശ്യകലാരൂപങ്ങൾ. മാണിക്കൽപഞ്ചായത്തിലെ പലപ്രദേശങ്ങളിലും കളരികൾ സ്ഥാപിച്ച് ആശാൻമാരും ആശാട്ടിമാരും ബാലികാബാലൻമാരെ അഭ്യസിപ്പിച്ചിരുന്നു. ഉത്സവങ്ങൾക്കും മറ്റും ഇവ പ്രദർശിപ്പിച്ചിരുന്നു. പിൽക്കാലത്തെ കഥകളിയിൽ തൽപരരായ ഒട്ടേറെപേർ ഉണ്ടായി. തദ്ഫലമായി 1930 കളോടെ ഒരു കഥകളിയോഗംന്നെ പിരപ്പൻകോടു കേന്ദ്രമാക്കി നിലവിൽവന്നു. നടൻമാരും മറ്റും ജീവിതമാർഗ്ഗം തേടി ചിന്നിച്ചിതറിപ്പോയതോടെ ഈ സംഘടനയുടെ ധനാശിപാടി. പിന്നീട് ഏറെക്കാലംകഴിഞ്ഞാണ് കോലിയക്കോട് കേന്ദ്രമാക്കി സംഘടിപ്പിച്ച വള്ളത്തോൾ സ്മാരക കഥകളിയോഗത്തിൻെറ കേളികെട്ടുയർന്നത്. ഈ കഥകളി വിദ്യാലയത്തിൽനിന്നും ഒട്ടേറെ ആട്ടകലാകാരൻമാർ പുറത്തുവന്നിട്ടുണ്ട്. ഇവരിൽ പ്രമുഖരാണ് ശ്രീ. എം. ആർ. സുകുമാരൻ നായർ, മുരളീധരൻ, ശ്രീനി തുടങ്ങിയവർ. ഈ കഥകളിയോഗം ഇപ്പോഴും സ്തുത്യർഹമായി പ്രവർത്തിച്ചുവരുന്നു. ശ്രീ. കലാനിലയം ശ്രീനിവാസനാണ്ഈ യോഗം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

പ്രാചീനനാടകങ്ങൾ അവതരിപ്പിച്ചിരുന്ന ചില സംഘങ്ങളും ഇവിടെ പ്രവർത്തിച്ചിരുന്നു. കോവിലൻ ചരിതം, ശ്രീവള്ളിചരിതം, സദാരാമ തുടങ്ങിയ പഴയതും പുതിയതുമായ നാടകങ്ങൾ കളരികളിൽ പഠിച്ച് അവതരിപ്പിച്ചുവന്നിരുന്നു. ഒരു ചെല്ലപ്പൻപിള്ള ആശാനാണ് ഈ സംരംഭങ്ങൾക്കു നേതൃത്വം കൊടുത്തിരുന്നതെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

കാക്കാർകളിയെ ശങ്കരലീല എന്നപേരിൽ ശ്രീനെല്ലുവേലി നീലകൺഠപിള്ളയാശാൻ പരിഷ്ക്കരിക്കുന്നതിനുമുൻപുമുതൽതന്നെ ഇവിടെ കാക്കാർകളി പ്രാബല്യത്തിലുണ്ടായിരുന്നു. ചില പട്ടികജാതിവിഭാഗത്തിൽപ്പെട്ട കലാകാരൻമാരാണ് ഇതിനു നേതൃത്വം കൊടുത്തിരുന്നത്. അഞ്ചുകാക്കാർ കുലങ്ങൾ ഇവിടെയുണ്ടായിരുന്നതായി അറിവുണ്ട്. ഈ കലാരൂപം ഇവിടെ ഇപ്പോൾ അന്യംനിന്നുപോയി.

തിരുവാതിരയും കോലാട്ടവും നടത്തിവന്നിരുന്ന സംഘങ്ങൾ പണ്ടു നിരവധിയായിരുന്നു. മേൽജാതി ഹിന്ദുകുടുംബങ്ങളിലെ പെൺകുട്ടികൾ മിക്കവാറും തിരുവാതിരക്കളി പഠിച്ചും കളിച്ചും വന്നിരുന്നു. തിരുവാതിര, ഓണം, ക്ഷേത്രോത്സവം, ചില വിവാഹാഘോഷങ്ങൾ എന്നീ അവസരങ്ങളിൽ തിരുവാതിരകളി ഒഴിവാക്കാനാവാത്ത ഒരിനമായിരുന്നു. ഇപ്പോൾ തിരുവാതിരക്കളി സംഘങ്ങൾ മാണിക്കലിൽ ചില സ്കൂൾ യുവജനോത്സവങ്ങളിലും കലാസമിതി വാർഷികങ്ങളിലും മാത്രമേ അവതരിപ്പിച്ചുകാണാറുള്ളു.

കലയും കായികാഭ്യാസവും ഒത്തിണങ്ങിയ കമ്പടികളി ഇവിടെ ഒരുകാലത്ത് വ്യാപകമായിരുന്നു. ആഘോഷാവസരങ്ങളിലെല്ലാം ഈ കലാരൂപം അവതരിപ്പിച്ചുവന്നിരുന്നു. ഈ കലാരൂപവും ഇപ്പോൾ കാണുന്നില്ല.

മാണിക്കലിൽ ഒട്ടേറെ സംഗീതജ്ഞർ പണ്ടുമുതൽക്കേ ഉണ്ടായിരുന്നു. തറവാട്ടിലെ കുട്ടികളെ ഭാഗവതർമാരെ വരുത്തി സംഗീതം പഠിപ്പിക്കുന്നത് കുടുംബപ്രൗഢിയുടെ ലക്ഷണമായി പഴയകാരണവൻമാർ കരുതിയിരുന്നു. ആസ്ഥിതിഗതികൾ മാറിമറിഞ്ഞുവെങ്കിലും സംഗീതത്തിനുള്ള സ്ഥാനം ഈ പഞ്ചായത്തിനു നഷ്ടമായില്ല. ഒട്ടേറെ ഗായക പ്രതിഭകൾ ഇപ്പോഴും ഇവിടെയുണ്ട്. വാദ്യസംഗീതരംഗത്തും നാഗസ്വരവിദ്വാൻമാരും, തകിൽ വിദ്വാൻമാരും, മറ്റു സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യുന്നവരും പണ്ടുമുതലേ ഇവിടെയുണ്ട്.

ശിൽപവിദ്യയിൽ അഗ്രഗണ്യൻമാരായ മരംശാരിമാരും വാസ്തു വിദ്യാവിചക്ഷണരായ വിശ്വകർമ്മജരും ഈ നാടിൻെറ പൂർവ്വകാലംമുതലുള്ള സമ്പത്താണ്. വേളാവൂർ ശ്രീഭഗവതി ഈ വിഭാഗത്തിൻെറ കുലദേവതയായി ആരാധിക്കപ്പെട്ടുപോരുന്നു. ജ്യോതിഷത്തിലും ഗണിതശാസ്ത്രത്തിലും നിഷ്ണാതരായ വിദ്വാൻമാർ പണ്ടുമുതലേ ഇവിടെയുണ്ട്.

ആയുർവേദം, നാട്ടുചികിത്സ, യൂനാനി തുടങ്ങിയ വൈദ്യശാസ്ത്രങ്ങളിൽ അപാരപാണ്ഡിത്യം പാരമ്പര്യമായി ഉണ്ടായിരുന്ന മഹാൻമാർ മാണിക്കലുണ്ടായിരുന്നു. വിഷവൈദ്യം, മട്ടുപ്പിണി, മസൂരി ചികിത്സ, മന്ത്രവാദം, ഒടിവിദ്യ തുടങ്ങിയ പ്രാചീന ശാസ്ത്രമേഖലകളിലെ പ്രഗൽഭമതികൾക്കും ഈ ഗ്രാമഭൂമി ജൻമം കൊടുത്തിട്ടുണ്ട്. പട്ടികജാതിക്കാരായ ചില വിഭാഗങ്ങളുടെയിടയിൽ ചില പ്രത്യേകതരം മന്ത്ര-തന്ത്രാദികളും പച്ചമരുന്നുചികിത്സയും നിലവിലിരുന്നു. ഇവയൊക്കെ ഇപ്പോൾ നാമമാത്രമായിത്തീർന്നിരിക്കുന്നു.

കവികളും സാഹിത്യകാരൻമാരുമായി പലരും നൂറ്റാണ്ടുകൾക്കുമുമ്പുമുതലേ ഇവിടെയുണ്ടായിരുന്നത്രേ. പക്ഷേ അവരുടെ രചനകൾ ഒന്നുംതന്നെ കണ്ടുകിട്ടിയിട്ടില്ല. അൻപതുവർഷങ്ങൾക്കുമുമ്പ് കൊല്ലവർഷം 1121ൽ പത്മിനി എന്ന ഒരു ഗാനാത്മകനാടകീയകാവ്യം രചിച്ച വി. ബാലകൃഷ്ണപിള്ള (പിരപ്പൻകോട്) ........ തുടങ്ങിവരുടെ കൃതികൾ പ്രചുരപ്രചാരം നേടിയവയാണ്.

## കലാസാംസ്ക്കാരികസംഘടനകൾ

കവിതാനാടകരംഗങ്ങളിൽ സംസ്ഥാനം മുഴുവൻ അറിയപ്പെടുന്ന ശ്രീ. പിരപ്പൻകോട് മുരളി, മധു വെമ്പായം എന്നിവർ മാണിക്കൽ മണ്ണിൻെറ മക്കളാണ്. 1950കളിൽ ഡോൾഫിൻ ക്ലബ്ബ് എന്ന നീന്തൽസംഘടനയുണ്ടാക്കി സാർവദേശീയ അക്വാട്ടിക് ചരിത്രത്തിൽ പിരപ്പൻകോടിൻെറ കീർത്തിമുദ്രപതിപ്പിക്കാൻ നേതൃത്വം കൊടുത്ത ശ്രീ. പുന്നപുരം പരമേശ്വരൻ പിള്ളയുടെ നാമധേയം കൃതജ്ഞതയോടെയേ സ്മരിക്കാനാവൂ. അതുപോലെതന്നെ അദ്ധ്യാപനരംഗത്ത് അദ്വിതീയമായ വ്യക്തിമുദ്രപതിപ്പിച്ച ശ്രീ. പി. ശിവൻപിള്ളയും ഈ ഗ്രാമത്തിൻെറ സന്തതിയായിരുന്നു. സുപ്രസിദ്ധ സിനിമാസംവിധായകനായ രാജസേനനും ജൻമംകൊടുത്തത് മാണിക്കൽ മണ്ണാണ്.

പട്ടിക 1 പേജ് 132, 133 കാണുക

## കലാകായികസംഘടനകൾ

ഈ പഞ്ചായത്തിൽ രജിസ്ട്രേഷൻ ഉള്ളതും ഇല്ലാത്തതുമായി അൻപതോളം കലാകായികസംഘടനകളുണ്ട്. പ്രവർത്തനം വാർഷികാഘോഷത്തിൽ മാത്രം ഒതുങ്ങുന്നവയാണ് കലാസമിതികളിൽ ഏറെയും. സങ്കീർത്തന, താരകശ്രീ എന്നി രണ്ടുപ്രൊഫഷണൽ നാടക സംഘങ്ങൾ പിരപ്പൻകോട് കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം അപ്സര എന്ന പേരിൽ ഒരു പ്രൊഫഷണൽ നൃത്തസംഘവുമുണ്ട്. ഈ ട്രൂപ്പുകൾ കേരളത്തിലെങ്ങും കീർത്തിനേടിക്കൊണ്ടിരിക്കുന്നു. കലാകായികസംഘടനകളുടെ പൂർണ്ണവിവരത്തിന് പട്ടികനോക്കുക.

## ഗ്രന്ഥശാലകൾ വായനശാലകൾ

പ്രാചീനകാലത്ത് പല കൂട്ടുകുടുംബത്തറവാടുകളിലും ബൃഹത്തായ ഗ്രന്ഥശേഖരങ്ങൾ ഉണ്ടായിരുന്നു. ഗ്രന്ഥാലയങ്ങളുടെ രൂപഭാവങ്ങൾ ഇല്ലായിരുന്നുവെങ്കിലും അത്യപൂർവ്വമായ പല ചെപ്പേടുകളും താളിയോലഗ്രന്ഥങ്ങളും ഇതരവിഷയങ്ങളിലുള്ള അമൂല്യ ഗ്രന്ഥാവലിയും തറവാടുകളിൽ നിധിപോലെ സൂക്ഷിച്ചിരുന്നു. ഇപ്പോഴും ഇത്തരത്തിൽ ഗൃഹഗ്രന്ഥശാലകൾ പല വീടുകളിലുണ്ട്.

എല്ലാവർക്കും എല്ലാപുസ്തകവും സ്വന്തമായിവാങ്ങി വായിക്കുവാൻ കഴിയാത്ത സാഹചര്യത്തിലാണ് ഗ്രന്ഥശാലകൾ എന്ന ആശയം പ്രാബല്യത്തിൽ വന്നത്. മാണിക്കൽ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും പൂർവ്വകാലത്ത് ഗ്രന്ഥശാലകൾ സ്ഥാപിക്കുവാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. പത്രമാസികകളുടെപ്രചാരണം ആരംഭിച്ചതോടെ ജനങ്ങൾക്ക്ആനുകാലിക പ്രസിദ്ധീകരണങ്ങൾ പൊതുവായി വായിക്കുവാനുള്ളകൊച്ചു കേന്ദ്രങ്ങൾഎന്ന നിലയിൽ യുവജനങ്ങളുടെ സന്നദ്ധസേവനം വഴിയാണ് വായനശാലകൾ ഉണ്ടായിട്ടുള്ളത്. യുവാക്കൾതന്നെ വീടുകളിൽനിന്നും സംഭരിച്ച പുസ്തകങ്ങൾ വായനശാലകളിൽ സൂക്ഷിച്ചുവച്ച് വിതരണം നടത്തിയാണ് ആദ്യമായി ഗ്രന്ഥശാലകൾ പ്രവർത്തിച്ചുതുടങ്ങിയത്.

മാണിക്കൽ പഞ്ചായത്തിൽ ആദ്യമായിതുടങ്ങിയ ഗ്രന്ഥശാലസംരംഭം കോലിയക്കോടു കേന്ദ്രമാക്കി 1945ൽ ആരംഭിച്ച സരസ്വതീമന്ദിരം ഗ്രന്ഥശാലയാണ്. രണ്ടായിരത്തോളം പുസ്തകങ്ങളുമായി ആരംഭിച്ച ഈ സ്ഥാപനതതിന് നേതൃത്വം കൊടുതതത് സന്നദ്ധസേവകരായ ഒരുകൂട്ടം ചെറുപ്പക്കാരാണ്. കഴിഞ്ഞ എട്ടുവർഷമായി നവരാത്രികാവ്യോത്സവം എന്ന പുതുമയുള്ള കവിതാസ്വാദനപരിശീലനക്കളരികൾ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. മാ പ്രസിദ്ധീകരണങ്ങളുടേയും ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടേയും മാസ്മരികാകർഷണതത്തിൽ പുതിയ തലമുറ വീണുപോയിരിക്കുന്നതിനാൽ പൊതുവേ ഗ്രന്ഥശാലകളെ ബാധിച്ചിരിക്കുന്ന പ്രതിസന്ധി സരസ്വതിമന്ദിരത്തേയും കീഴടക്കിയിരിക്കുന്നതുമൂലം ഇപ്പോൾ വായനക്കാർ കുറവാണ്.

1951ൽ യുവജനസമാജം (YMA) എന്നപേരിൽ ഒരു വായനശാലയും ഗ്രന്ഥശാലയും ആരംഭിച്ചു ശ്രീ.മണ്ണൂർ സോമശേഖരൻനായർ മാണിക്കൽ പഞ്ചായത്തു പ്രസിഡൻറ് ആയിരുന്നകാലത്ത് മാമ്പുഴമൺ മടംവകഭൂമി ദാനമായി വാങ്ങുകയും പുതിയ മന്ദിരം നിർമ്മിച്ച് ഗ്രന്ഥൻഥശാല അവിടേക്ക് മാറ്റുകയും ചെയ്തു. സോമശേഖരൻ നായരുടെ ആകസ്മികനിര്യാണശേഷം ഈ സ്ഥാപനം പഞ്ചായത്ത് ഏറ്റെടുക്കുകയും സ്മര്യപുരുഷൻെറ സ്മാരകമാക്കുകയും ചെയ്തു. 733 അംഗങ്ങളും 5398 പുസ്തകങ്ങളും ഇവിടെയുണ്ട് ഇപ്പോഴും 300 ഓളംപേർ വായനക്കാരായുണ്ടായത് പ്രത്യേകതതന്നെയാണ്. ലൈബ്രേറിയനെ പഞ്ചായത്തുതന്നെയാണ് നിയമിച്ചിരിക്കുന്നത്.

ആകെ എട്ട് ഗ്രന്ഥശാലകളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ ചിറത്തലയ്ക്കൽ വിജ്ഞാനപോഷിണി ഗ്രന്ഥശാലയ പ്രവർത്തനം നിലയ്ക്കുകയും പുസ്തകങ്ങൾ മിക്കതും ചിതലരിച്ചുനശിക്കുകയും ചെയ്തിരിക്കുകയാണ്. സ്വന്തമായുള്ള ഒരുസെൻറുഭൂമിയിൽ നാട്ടുകാർ പണിയിച്ച മന്ദിരമുണ്ട്. ഇത് ഇപ്പോൾ V.P.A.S.C എന്ന വേളിബോൾ ക്ലബിൻെറ ആവശ്യത്തിനു വിനിയോഗിക്കപ്പെടുകയാണ്. പട്ടിക 2 പേജ് 134 കാണുക

## മാണിക്കൽ പഞ്ചായത്തിലെ ഗ്രന്ഥശാലകൾ

കോലിയക്കോട് കേന്ദ്രമാക്കി ശാരദാമന്ദിരം എന്ന പേരിൽ ഒരു സ്വകാര്യ ഗ്രന്ഥശാല പണ്ടുണ്ടായിരുന്നു. പ്രാതസ്മരണീയനായ ശ്രീ ഇലിപ്പറ മാധവൻപിള്ളയായിരുന്നു സ്ഥാപകൻ. സരസ്വതീമന്ദിര ഗ്രന്ഥശാലയ്ക്ക് ഇടക്കാലത്തുണ്ടായ പതനത്തോടെയാണ് അദ്ദേഹം പുതിയ ഗ്രന്ഥശാലയ്ക്ക് രൂപംകൊടുത്തത് തൻെറ വിൽ പത്രത്തിൽ രണ്ടുസെൻറ്ഭൂമി ഈ ശാരദാമന്ദിരം ഗ്രന്ഥശാലയ്ക്കുവേണ്ടി അദ്ദേഹം നീക്കിവച്ചിട്ടുണ്ടെന്നറിയുന്നു. ഈ ഗ്രന്ഥശാല പൂട്ടിക്കഴിഞ്ഞു.

1960 കളിൽ തലയൽ ഭാഗത്ത് സഹോദര സമാജം എന്ന പേരിൽ ഒരു ഗ്രന്ഥശാലയുണ്ടായിരുന്നു. ഇന്ന് ആസ്ഥാപനം നിലവിലില്ല. അവിടുത്തെ കുറേ പുസ്തകങ്ങൾ തലയൽ ദുർഗ്ഗാക്ഷേത്രം വക ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. കോലിയക്കോട് എസ്.എസ്. നായേഴ്സ് ലൻറിംങ്ലൈബ്രറി ഒരു സ്വകാര്യഗ്രന്ഥശാലയാണ്.

ഈ ഗ്രന്ഥശാലളെല്ലാം മാണിക്കലിൻെറ സാംസ്ക്കാരിക നവോദ്ധാനത്തിനും വിപ്ലവപ്രസ്ഥാനങ്ങൾക്കു കരുത്താർജ്ജിക്കുവാനും ഊർജ്ജം പകർന്നിട്ടുണ്ട്. പഴയ ഗ്രന്ഥശാലാസംഘം പിരിച്ചുവിട്ട് ഭരണം പൂർണമായും സർക്കാർ ഏറ്റെടുത്തതോടെയാണ് ഗ്രന്ഥശാലകൾ പലതും പൂട്ടേണ്ടിവന്നതും പ്രവർത്തനത്തിൽ ജനപങ്കാളിത്തം കുറഞ്ഞുതുടങ്ങിയതുമെന്ന് പൊതുവേ അഭിപ്രായമുണ്ട്. വിജ്ഞാനപോഷണരംഗത്ത് രണ്ടാംഘട്ട വിദ്യാലയങ്ങളായ ഗ്രന്ഥശാലകളുടെ പ്രവർത്തനമാന്ദ്യം സാംസ്കാരികരംഗത്ത് മൂല്യച്യുതിക്കുകാരണമായിട്ടുണ്ട്. സാക്ഷരതാ പദ്ധതി, വികേന്ദ്രീകൃത ജനകീയാസൂത്രണം എന്നിവപോലെ ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണ പദ്ധതികൾകൊണ്ടു മാത്രമേ ഗ്രന്ഥശാലാ പ്രസ്ഥാനത്തെ സമുദ്ധരിക്കാനാവൂ. നമ്മുടെ പരമ്പരാഗത സംസ്കാരത്തിൻെറ നിലനിൽപിനുവേണ്ടി അതുചെയ്യുകയും വേണം.

## അനൗപചാരിക വിദ്യാഭ്യാസം

വിവിധകാരണങ്ങളാൽ ബാല്യകാലത്തു വിദ്യാഭ്യാസം ലഭിക്കാതെപോയ നിർഭാഗ്യരെ കണ്ടെത്തി അക്ഷരശിക്ഷണംനൽകുവാനും അങ്ങനെ കേരളത്തെ ഒരു സമ്പൂർണ സാക്ഷരസംസ്ഥാനമാക്കി ലോകസമക്ഷം അവതരിപ്പിക്കുവാ ൻവേണ്ടി 1980 കളിൽ സർക്കാർ സഹായത്തോടെ ആരംഭിച്ച ജനകീയപദ്ധതിയാണ് സാക്ഷരതായജ്ഞം.

ഈ പദ്ധതി തുടങ്ങുന്നതിനു മൂന്നു ശതാബ്ദങ്ങൾക്കുമുമ്പ്തന്നെ ഈ പഞ്ചായത്തിൽ വയോജനവിദ്യാഭ്യാസം വ്യാപകമായിരുന്നു. ഗ്രന്ഥശാലകളുടെ ആഭിമുഖ്യത്തിലാണ് കൂടുതലും അതു നടന്നിട്ടുള്ളത്. ചില കലാസമിതികളും വയോജന വിദ്യാഭ്യാസപരിപാടി നടത്തിയിരുന്നു. സമ്പൂർണസാക്ഷരതാ പ്രസ്ഥാനം ആരംഭിച്ചതോടെ ഈ ഗ്രാമപ്രദേശത്തെ വിവിധകേന്ദ്രങ്ങളിൽ സാക്ഷരതാ യൂണിറ്റുകൾ ആരംഭിക്കുകയും പാഠ്യപദ്ധതികൾ ഊർജ്ജിതമായി നടപ്പിൽ വരുത്തുകയും ചെയ്തു. അഞ്ഞൂറിൽ ചില്വാനം പഠിതാക്കൾക്ക് കൂടി അക്ഷരജ്ഞാനമുണ്ടായതോടെ 90.5%-ത്തിൽ കിടന്ന മാണിക്കലിലെ സാക്ഷരതാ ശതമാനം 94.8 ആയി ഉയർന്നു.

അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും കാട്ടി ജനങ്ങളെ ശാസ്ത്രാവബോധമുള്ളവരാക്കി മാറ്റുവാൻ കേരള ശാസ്ത്രസാഹിത്യ പരിഷത്തിൻെറ മാണിക്കൽ ഘടകംസ്തുത്യർഹമായ സേവനമാണു കാഴ്ചവയ്ചത്. ഒട്ടേറെ അറിവും സന്നദ്ധതയുമുള്ള യുവാക്കൾ ഈ പ്രസ്ഥാനത്തിൻെറ പ്രചാരകരായി ഇവിടെയുണ്ട്. അക്ഷരവേദി ഓണംകരോൾ എന്നീ പരിപാടികൾ ഇവരുടെ സംഭാവനയാണ്.

## തിളക്കമാർന്ന കായികരംഗം

കൊയ്തൊഴിഞ്ഞ പാടങ്ങളിൽ കുട്ടിയും കോലും കളിക്കുന്ന ബാലൻമാരുടെ സംഘം പണ്ടുകാലത്ത് മാണിക്കൽ പ്രദേശത്തെ കൗതുകകരമായ കാഴ്ചയായിരുന്നു. കിളിത്തട്ടുകളിയും തലപ്പന്തും നമ്മുടെ തനതു കായിക മത്സരങ്ങളായിരുന്നു. ആളെച്ചെറുത്തു കളംചുറ്റിയോടുന്ന പുതുക്കിളിയും ചാക്കുട്ടയും ചാത്യാമ്പറയുമൊക്കെ ഉപ്പുംകൊണ്ടുകയറി ഓർമ്മയിൽ മാത്രമായി. പൈതങ്ങളുടെ മടൽത്തുമ്പത്തു പോലും റൺസും വിക്കറ്റുമായി കായികസംസ്കാരം തന്നെ കീഴ്മേൽ മറിഞ്ഞിരിക്കുന്നു. പക്ഷേ കായിക ചരിത്രത്തിൽ മാണിക്കൽ ഇന്നും പ്രമുഖസ്ഥാനത്തുതന്നെ.

1950-60 കാലഘട്ടത്തിൽ പ്ലാക്കീഴ് പ്രദേശത്ത് ഫുട്ബാൾ കളി ശക്തി പ്രാപിച്ചിരുന്നു. ജില്ലാതല മത്സരങ്ങൾവരെ അക്കാലത്ത് ഇവിടെ നടന്നിരുന്നു. പണ്ടത്തെ ഫുട്ബാൾ കോർട്ട് ഇന്നില്ല അവിടെയിപ്പോൾ നിരനിരയായി റബ്ബർ മരങ്ങൾ പാൽചുരത്തി നിൽക്കുന്നു. മാണിക്കലിൻെറ ഫുട്ബാൾ പ്രതീക്ഷകൾ അസ്തമിച്ചു കഴിഞ്ഞു.

പക്ഷേ, 1950 കൾ മുതൽതന്നെ പിരപ്പൻകോട് ക്ഷേത്രക്കുളമെന്ന പുണ്യതീർഥത്തിൽ നിന്ന് ഒട്ടേറെ കായികപ്രതിഭകൾ നീന്തിക്കയറി. ശ്രീ. പുന്നപുരം പരമേശ്വരൻ നായരുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട ഡോൾഫിൻ ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ ഈ പ്രദേശത്തെ നിരവധി യുവതീയുവാക്കൾക്കു പരിശീലനം നൽകിത്തുടങ്ങി. ഇവിടെനിന്നുപോയ താരങ്ങൾ സംസ്ഥാന-ദേശീയമത്സരങ്ങളിൽ പങ്കെടുത്ത് ആയിരക്കണക്കിന് അവാർഡുകളു ട്രോഫികളും വാരിക്കൂട്ടി. ഏഷ്യാഡ് ഒളിംപിക്സിനു പങ്കെടുത്ത ശ്രീ. ജയകുമാർ മാണിക്കലിൻെറ സന്തതിയാണ്. ഇപ്പോൾ ഈ പ്രദേശത്ത് നീന്തൽ പരിശീലനത്തിനായി ഡോൾഫിൻ ക്ലബ് കൂടാതെ ഭാരത് സ്പോർട്ട്സ് സെൻറർ (കൊപ്പം), പ്രിയദർശിനി (കൊപ്പം) നവയുഗം (മിനാറ) തുടങ്ങിയ കായികസംഘടനകൾ അർപ്പണബോധത്തോടെ പ്രവർത്തിച്ചുവരുന്നു. ഇവിടെനിന്നുള്ള നൂറുകണക്കിനു നീന്തൽ താരങ്ങൾ വിവിധ വകുപ്പുകളിൽ ഉദ്യോഗസ്ഥരായി സേവനമനുഷ്ടിക്കുന്നുണ്ട്.

വോളിബോൾ രംഗത്തും നമുക്ക് നാലുദശാബ്ദക്കാലത്തിനപ്പുറമുള്ള നേട്ടങ്ങളുടെ ചരിത്രമുണ്ട്. 1950 കളിലാണ് വെമ്പായം ചിറത്തലയ്ക്കൽ ഭാഗത്ത് ഈ ഗെയിംസ് ആരംഭിച്ചത്. സംസ്ഥാന ടീമിലെക്കുവരെ കളിക്കാരെ സംഭാവന ചെയ്ത ചിറത്തലയ്ക്കൽ V.P.A.S.C എന്ന സ്പോർട്ട്സ് ക്ലബ് മേൽപറഞ്ഞ സംരംഭത്തിൻെറ പിൻതുടർച്ചയാണ്. ഇതുകൂടാതെ
Y.M.A.C (കോലിയക്കോട്) സംഘശക്തി (മിനാറ) തന്നീ സംഘടനകളും വോളിബോൾ രംഗത്തിന് മികച്ച സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്നു.

ബോൾബാഡ്മിൻറൻ രംഗത്ത് പ്രതിഭകളെ വാർത്തെടുത്ത സംഘടനയാണ് പ്ലാക്കീഴില്ലെ പ്ലാസ. നിരവധി കുട്ടികൾക്ക് ഇപ്പോഴും പ്ലാസയുടെ കോർട്ടിൽ പരിശീലനം നൽകിക്കൊണ്ടിരിക്കുന്നു. പൂലരി (മിനാറ) ചിത്രാഞ്ജലി (വേളാവൂർ) എന്നീ സംഘടനകളും ബാറ്റ്മിൻറൻ രംഗത്തു വിലയേറിയ സംഭാവനകൾ നൽകിവരുന്നു. ദേശീയമത്സരങ്ങളിലും മറ്റും മാണിക്കലിൻെറ ചുണക്കുട്ടികൾ മികവു പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഇപ്പോൾ ഫുഡ്ബാൾ രംഗത്തു പ്രവർത്തിക്കുന്ന ഈസംഘടന വേളാവൂർ I.S.A.C. യാണ് സ്വന്തം ഗ്രൗണ്ടില്ലാത്തതിനാൽ പിരപ്പൻകോട് ഹയർ സെക്കൻററി സ്കൂൾ മൈതാനത്തിലാണ് മൽസരങ്ങളും മറ്റും നടത്തിക്കൊണ്ടിരിക്കുന്നത്. അനുയോജ്യമായ പറമ്പുകളില്ലാത്തതാണ് ഫുട്ബാൾരംഗം നേരിടുന്ന വെല്ലുവിളി.

അത്‌ലറ്റിക് വിഭാഗങ്ങളിൽ 2-ാം പട്ടികയിൽ ചേർത്ത ഒട്ടേറെ സമിതികൾ പരിശീലനം നൽകിവരുന്നുണ്ട്. ഈ രംഗത്ത് N.S.A.C പാലവിളയുടെ പേർ പ്രത്യേകം പ്രസ്താവ്യമാണ്.

പഴയകാലത്തെ ശവംകളി (കുടുകുടു കളി) യുടെ പരിഷ്കൃത രൂപമായ കബടിക്ക് മാണിക്കലിലെ വിരലിലെണ്ണാവുന്ന കായിക സംഘടനകൾ മാത്രമേ പ്രോത്സാഹനം കൊടുത്തുവരുന്നുള്ളൂ. ഓണക്കാലത്തും മറ്റും മൽസരങ്ങൾ നടത്തുന്നതൊഴിച്ചാൽ പരിശീലനസംരംഭങ്ങൾ അധികമില്ല. ഈ രംഗത്ത് കുറേയെങ്കിലും സംഭാവനകൾ നൽകിയിട്ടുളളത് വെമ്പായത്തെ എ.കെ.ജി. സ്പോർട്ട്സ് ക്ലബാണ്.

## കളരിപ്പയറ്റ് - കരാട്ടേ

തെക്കൻരീതിയിലും വടക്കൻ രീതിയിലും പയറ്റ് അഭ്യസിപ്പിക്കുന്ന എട്ടൊൻപതു കളരികൾ ഇവിടെ പണ്ടുണ്ടായിരുന്നു. അതോടൊപ്പം തന്നെ സിദ്ധമർമ്മാണി ചികിൽസയിലും പരിശീലനം നൽകി വന്നിരുന്നു. അപൂർവവം ചില മർമ്മചികിൽസക്കാർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെണങ്കിലും കളരിപ്പയറ്റുസമ്പ്രദായം പരദേശിയായ കരാട്ടേയ്ക്കു വഴിമാറികൊടുത്തിരിക്കുകയാണ്. മാണിക്കൽ പഞ്ചായത്തു പ്രസിഡൻറ് ശ്രീ. പി. സുകുമാരൻ നായർ അറിയപ്പെടുന്ന ഒരു മർമ്മ ചികിൽസകനാണ്. കരാട്ടേ അഭ്യസനം രഹസ്യമായി മാത്രം നടത്തുന്നനാകയാ.ൽ കൃത്യമായ വിവരം ലഭ്യമല്ല. കളരിപ്പയറ്റ് ഒരു കലാരൂപമായി ഇപ്പോൾ പൊതുവേദികളിൽ അവതരിപ്പിക്കുവാൻ പുറത്തുനിന്നുളള സംഘങ്ങളെ ക്ഷണിച്ചുവരുത്തുകയാണ് പതിവ്.

## ആത്മീയരംഗം

ആദ്ധ്യാത്മിക പ്രചാരണം ലക്ഷ്യമാക്കിയ രണ്ട് ആശ്രമങ്ങൾ തീപ്പുകൽ വാർഡിലുണ്ട്. ശാന്തിഗിരിയും ചിന്താലയവും. ഇതിൽ ശാന്തിഗിരി ആശ്രമം ആതുര ശുശ്രൂഷ. വിദ്യാഭ്യാസം, ഔഷധനിർമ്മാണം തുടങ്ങിയ രംഗങ്ങളിൽ ആർജ്ജവത്തോടെ പ്രവർത്തിച്ചുവരുന്നു. ഒരു പ്രിൻറിംഗ് പ്രസ്സും ശാന്തിഗിരി ആദ്ധ്യാത്മിക മാസിക എന്ന ഒരു പ്രസിദ്ധീകരണവും നടത്തിവരുന്നു. ശാന്തിഗിരിയിലെ അർദ്ധവാർഷിക കുംഭമേള, ഗുരുജയന്തി തുടങ്ങിയ ഉത്സവങ്ങൾ ആയിരക്കണക്കിന് ജനങ്ങൾ പങ്കെടുക്കുന്നതും പ്രസിദ്ധവുമാണ്. ശാന്തിഗിരി ആശ്രമത്തിൽ താമസിച്ച് ഇവിടുത്തെ ആദ്ധ്യാത്മിക പശ്ചാത്തലം സ്വാംശികരിച്ചാണ് പ്രസിദ്ധസാഹിത്യകാരനായ ശ്രീ. ഒ.വി.വിജയൻ ഗുരുസാഗരം എന്ന നോവൽ രചിച്ചത്.

## കാടുമൂടിയപൊളിഞ്ഞമ്പലം

ആസൂത്രണ പരിപാടിയുടെ ഭാഗമായി വികസനസമിതി അംഗങ്ങൾ നടത്തിയ പഠന പര്യടനത്തിനിടയിൽ അഞ്ഞൂറിലധികംവർഷത്തെ പഴക്കമുളള ഒരു പുരാതന ക്ഷേത്രത്തിൻെറ അവശിഷ്ടങ്ങൾ കാണാനിടയായി. തലയൽ കോവിൽവിള എന്ന സ്ഥലത്താണ് ചതുർബാഹുവായ വിഷ്ണുപ്രതിഷ്ഠയുണ്ടായിരുന്ന അമ്പലത്തിൻെറ സ്ഥാനം ഗർഭഗൃഹത്തിൻെറ അടിത്തറ കുറ്റിക്കാട്ടിനിടയിൽ ഒളിഞ്ഞുകിടപ്പുണ്ട്. ശിൽപചാതുരിയുളള ശിലാഖണ്ഡങ്ങൾകൊണ്ടാണ് അടിത്തറയും മറ്റും പണിഞ്ഞിരിക്കുന്നത്. പ്രതിഷ്ടാവിഗ്രഹം ഉടഞ്ഞ്ചിതറിക്കിടക്കുന്നു. ഇതു കൃഷ്ണശിലയിൽ കൊത്തിയെടുത്തായിരുന്നു. അന്വേഷണത്തിൽ ക്ഷേത്രപറമ്പായി 37 സെൻറും (സർവ്വേ നം: 1184) അതോടുചേർന്ന് കുളമായിരുന്ന 85 സെൻറും (സർവ്വേ നം: 1174) ഭൂമി ദേവസ്വം വകയ്ക്ക് ഉളളതായി ലിത്തോയിലും സെറ്റിൽമെൻറുരജിസ്റ്ററിലും നിന്നു മനസ്സിലാക്കാൻ കഴിഞ്ഞു. ഈ പുറംപോക്കുഭൂമി ഇപ്പോൾ അന്യാധീനപ്പെട്ടുകിടക്കുകയാണ്. ഈ ഭൂമിവീണ്ടെടുത്ത് നീന്തൽകുളം നിർമ്മിക്കണമെന്ന് ഗ്രാമസഭയിൽ ആവശ്യം ഉയർന്നിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

1. കലാസാംസ്കാരികസംഘടനകൾക്ക് പഞ്ചായത്തുതലത്തിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തുകയും ഓഡിറ്റിംഗ് കർശനമാക്കുകയും ചെയ്യണം.

2. സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് ഒരു സമന്വയസമിതി രൂപീകരിക്കുക.

3. പ്രാദേശിക കലാരൂപങ്ങളെ പ്രോൽസാഹിപ്പിക്കുന്ന സമിതികൾക്ക് പ്രത്യേകധനസഹായം നൽകുകയും ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

4. വള്ളത്തോൾ സ്മാരക കഥകളിയോഗം വികസിപ്പിച്ച് ആട്ടം, വാദ്യം, ചുട്ടികുത്ത്, പാട്ട് എന്നിവ പഠിപ്പിക്കുന്ന ഒരു കഥകളി വിദ്യാലയമാക്കി മാറ്റുക. ഇതു പിരപ്പൻകോട് മേജർ ദേവസ്വവുമായി ബന്ധപ്പെട്ടു പ്രവർത്തിപ്പിക്കുവാനും ദേവസ്വം ബോർഡിൽനിന്നും കൂടുതൽ ധനസഹായം ലഭ്യമാക്കുവാനും ശ്രമിക്കുക.

5. പഞ്ചായത്തുതല യുവജന മേള കൂടുതൽ വിപുലമായി സംഘടിപ്പിക്കുകയും മത്സരഇനങ്ങളിൽ അക്രോബാറ്റിക്സ്, ബോൾബാഡ്മിൻറൻ, ഷട്ടിൽ എന്നിവകൂടി ഉൾപ്പെടുത്തുകയും ചെയ്യുക.

6. ഗ്രന്ഥശാലകൾക്കും കലാകായികസമിതികൾക്കും മന്ദിര നിർമ്മാണത്തിന് സഹായധനം അനുവദിക്കുക.

7. സദുദ്ദേശ ചലച്ചിത്രങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുക.

8. കലാപരിപാടികൾ, സമ്മേളനങ്ങൾ തുടങ്ങിയവ നടത്തുന്നതിന് സ്റ്റേജ്-അണിയറ സൗകര്യങ്ങളോടുകൂടി ആയിരം പേർക്കിരിക്കാവുന്ന തരത്തിലുള്ള ഒരു തിയേറ്റർ പിരപ്പൻകോട് കേന്ദ്രമാക്കി പണിയുക. ഇതുപഞ്ചായത്തുവക കല്യണമണ്ഡപമായും ഉപയോഗിക്കാവുന്നതാണ്. ഇതിലേക്കുവേണ്ടിവരുന്ന പണം ദീർഘകാലവായ്പയായി വാങ്ങാവുന്നതാണ്.

9. മികച്ച കലാകായിക പ്രതിഭകൾക്ക് പ്രത്യേകമാനദണ്ഡം നിശ്ചയിച്ച് വർഷാവർഷം അവാർഡു നൽകുക.

10. കലാസമിതികൾധനശേഖരണാർത്ഥം നടത്തുന്ന പരിപാടികളെ നികുതിയിൽനിന്നും ഒഴിവാക്കുക.

11. വീഡിയോ ക്ലബ് ആരംഭിക്കുകയും ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുക.

12. ഗ്രന്ഥശാലാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിലേക്ക് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണപദ്ധതികൾ നടപ്പിൽ വരുത്തുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്യുക.

13. ഗ്രന്ഥശാലകളിൽ നിന്നും ടെലിവിഷൻ ഒഴിവാക്കുക. പേളഗ്രൗണ്ടുകളുടെ സമീപത്ത് കിയോസ്കുകൾ സ്ഥാപിക്കാതിരിക്കുക.

14. പഞ്ചായത്തു ചെലവലിൽ സ്പോർട്ട്സ്-ഗയിംസ് ടീമുകൾ സംഘടിപ്പിക്കുക.

15. പിരപ്പൻകോട് H.S.S. ഗ്രൗണ്ടിൽ ഒരു 400 മീറ്റർ സ്റ്റേഡിയം പണിയുക.

16. മിനാറ പഞ്ചായത്തുവക മൈതാനത്തിനു ചുറ്റുമതിൽ പണിയുക.

17. പിരപ്പൻകോട്, വെമ്പായം, തലയൽ എന്നിവടങ്ങളിൽ പൊതു കളിസ്ഥലം നിർമ്മിക്കുക.

18. തലയൽ കോവിലവിള ചിറപ്പുറമ്പോക്കിൽ സ്വിമ്മിംഗ്പൂൾ നിർമ്മിക്കുക.

19. കുഞ്ചിക്കുഴിച്ചിറ, കൊക്കോട്ടുകോണംചിറ, മുട്ടുകോണം ചിറ ആലുമാനൂർ കർവ് എന്നിവ നീന്തൽക്കുളമായി പുതുക്കുപ്പണിയുക.

20. വെമ്പായം, തലയൽ, കൊപ്പം, ആലിയാട്, തീപ്പുകൾ, വേളാവൂർ, മുളങ്കുന്ന് എന്നിവടങ്ങളിൽ ഗ്രന്ഥശാലകൾ ആരംഭിക്കുക.

21. താഴെപ്പറയുന്ന സ്ഥലങ്ങളിൽ കിയോസ്ക് കെട്ടി ടി.വി. സ്ഥാപിക്കുക.

1) മുളങ്കുന്നുകോളനി, കൃസ്ത്യൻ കോട്ടേഴ്സ്,, കല്ലമ്പം, ദേവികലാസമിതി, പ്ളാവിള, വേളാവൂർ, വട്ടവിള, കാഞ്ഞാമ്പാറ നേതാജിപുരം ഗ്രന്ഥശാല, പാറയ്ക്കൽ, കലതിവിള, ഉല്ലാസ്നഗർ, തങ്കമല, പത്തേക്കർ, കല്ലുവരമ്പ്, ആലിയാട്, വിളയ്ക്കാട്, വെള്ളാണിക്കൽ, മദപുരം, കോലിയക്കോട്, കെ.കെ.പാറ, മൺവിളമുകൾ, കലങ്കുമുക്ക്, മുരുക്കിൻകാട്, മൂളയം, കൊപ്പം, കിണറ്റുമുക്ക്, കള്ളിക്കാട്, മീനാറ, മൊട്ടക്കാവ്. 2) എല്ലാകോളനികളിലും.

22. പഞ്ചായത്തുപിരിക്കുന്ന ലൈബ്രറിസെസ് എല്ലാ ഗ്രന്ഥശാലകൾക്കുമായി വീതിച്ച് നേരിട്ടു നൽകുക.

23. പിരപ്പൻകോട്ട് അന്താരാഷ്ട്രനിലവാരമുള്ള സ്വിമ്മിംഗ്പൂൾ സ്ഥാപിക്കുക.

24. പ്ളാക്കീഴ് കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുക.

25. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണം നടത്തുക.

# വനിതാ ക്ഷേമം

ലോകചരിത്രത്തിൽ മനുഷ്യപുരോഗതിയുടെ അടിയന്തിരഘടകമായ കൃഷി തുടങ്ങിവച്ചത് ആദിമകാലത്തെ സ്ത്രീകളാണന്ന് നരവംശ ശാസ്ത്രജ്ഞർ പറയുന്നു. ഭാരതത്തിന്റെ സാംസ്ക്കാരിക പാരമ്പര്യത്തിൽ പരമപ്രധാനമായ പങ്ക് വനിതകൾക്കാണ്. മാതാവിനെ ഊന്നിക്കൊണ്ടുള്ള സാമൂഹ്യ കുടുംബ ഘടനയാണ് ഇവിടെ നില നിന്നുവരുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം മനുസ്മൃതിക്കതീതമായി സ്ത്രീകൾക്ക് സമൂഹത്തിൽ എന്നും തുല്യപങ്കാളിത്തം ഉണ്ടായിരുന്നതായി കാണാം. എന്നാൽ കാൽനൂറ്റാണ്ട്കാലത്തിനു മുമ്പ് തൊഴിൽ മേഖലയിലും മറ്റും സവർണ ജാതിക്കാരായ സ്ത്രീകളുടെ പങ്ക് വളരെ കുറവായിരുന്നു. ഇന്ന് ആ സ്ഥിതിക്ക് സാരമായ വ്യതിയാനം സംഭവിച്ചിട്ടുണ്ട്. നിയമപരമായിതന്നെ 30% സ്ത്രീസംവരണം വിവിധ മേഖലകളിൽ ഏർപ്പെടുത്തപ്പെട്ടിട്ടുണ്ട്. തൻമൂലം ഭരണപങ്കളിത്തം ഉൾപ്പെടെ സ്ത്രീകളുടെ സാമൂഹ്യ നിലവാരം പൂർവ്വോപരി ഉന്നതി പ്രാപിച്ചിട്ടുണ്ട്.

മാണിക്കൽ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സ്ത്രീകളുടെ തൊഴിൽ മേഖലയിലെ പങ്കാളിത്തം ആശാവഹമല്ല എന്ന് സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നു

കേരള സംസ്ഥാനത്തിലെ വികസന പ്രക്രിയയിലെ പ്രധാന ദൗർബല്യങ്ങളിൽ ഒന്ന് ഇപ്പോഴും സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്നതാണ്. സ്ത്രീകളുടെ പദവി ഉയർത്തുവാൻതക്കവണ്ണമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകത ഇവിടെയാണ്. ജനസംഖ്യയിൽ ഈ പഞ്ചായത്തിലും പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളുടെ അനുപാതം കൂടുതലാണ്. എന്നാൽ സാമൂഹ്യ-തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം ഏകദേശം 20% ൽ താഴെയേ വരൂ. ഏറിയ പങ്കും വീട്ടമ്മമാർ തൊഴിൽ രഹിതരാണ്. ഈ അവസ്ഥ പരിഹരിക്കപ്പെടുന്നതിനുള്ള പദ്ധതികൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

## ജനസംഖ്യാ പട്ടിക

| | |
|---|---|
| ആകെ ജനസംഖ്യ | 34347 |
| സ്ത്രീകൾ | 17273 |
| പുരുഷൻമാർ | 17074 |

## ഗ്രാമസഭാ പങ്കാളിത്തം

ഒൻപതാം പദ്ധതി ജനകീയവൽക്കരിക്കപ്പെടുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ നടത്തിയ വിശേഷഗ്രാമസഭകളിൽ സ്ത്രീകളുടെ സജീവപങ്കാളിത്തം ഉണ്ടായിരുന്നു. ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ പകുതിയിൽ കൂടുതൽ വരുന്ന സ്ത്രീജനങ്ങളുടെ ക്ഷേമത്തെ സംബന്ധിച്ചിടത്തോളം സ്ഥിതി ശോചനീയമാണ്.

(ഗ്രാമസഭകളിലെ സ്ത്രീപങ്കാളിത്തത്തെക്കുറിച്ചുള്ള സ്ഥിതിവിവര കണക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്നു.)

| ക്രമനമ്പർ | വാർഡ് | പുരുഷൻമാർ | സ്ത്രീകൾ | ആകെ | ആകെവോട്ടർമാർ | സ്ത്രീകൾ | പങ്കാളിത്ത ശതമാനം |
|---|---|---|---|---|---|---|---|
| 1. | ആലിയാട് | 187 | 56 | 243 | 925 | 462 | |
| 2. | മുളയം | 169 | 49 | 218 | 1432 | 737 | |
| 3. | കുന്നിട | 89 | 21 | 110 | 948 | 490 | |
| 4. | വേളാവൂർ | 145 | 43 | 178 | 1360 | 700 | |
| 5. | പിരപ്പൻകോട് | 170 | 44 | 214 | 1040 | 540 | |
| 6. | കുതിരകുളം | 73 | 7 | 80 | 1369 | 679 | |
| 7. | ഇടത്തറ | 175 | 66 | 261 | 1378 | 701 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 8. | കൊപ്പം | 101 | 42 | 143 | 1738 | 892 | |
| 9. | വെമ്പായം | 223 | 94 | 317 | 1331 | 674 | |
| 10. | പിരപ്പൻകോട് | 208 | 176 | 384 | 1256 | 642 | |
| 11 | തിപ്പുകൽ | 131 | 45 | 176 | 1371 | 678 | |
| 12 | കോലിയക്കോട് | 123 | 85 | 208 | 1269 | 648 | |
| മാണിക്കൽ പഞ്ചായത്ത് | | 1774 | 728 | 2532 | 15439 | 7863 | |

## ആരോഗ്യനിലവാരം

മൊത്തത്തിൽ ഭേദപ്പെട്ട ആരോഗ്യനിലവാരമാണ് ഈ പഞ്ചായത്തിൽ സ്ത്രീകൾക്കുള്ളത്. ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുമുള്ള സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിന് ഉതകുന്നവിധം അനുയോജ്യമായ സ്ഥലത്ത് ഒരു ആശുപത്രിയുടെ അഭാവം ഇവിടത്തെ സ്ത്രീകളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നു. കന്യാകുളങ്ങര പ്രാഥമിക ആരോഗ്യകേന്ദ്രം മാണിക്കൽ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു എങ്കിലും ഈ പഞ്ചായത്തിലെ വിരലിലെണ്ണാവുന്ന നിവാസികൾക്കു മാത്രമേ അതിന്റെ സേവനം പ്രയോജനപ്പെടുന്നുള്ളൂ. ആയതിനാൽ പഞ്ചായത്തിന്റെ കേന്ദ്ര ഭാഗങ്ങളിലൊരിടത്ത് പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിക്കണമെന്ന ഗ്രാമസഭാനിർദ്ദേശം പ്രാവർത്തികമാക്കേണ്ടത് ഈ പഞ്ചായത്തിലെ ജനങ്ങളുടെ പൊതുവേയും സ്ത്രീകളുടെ പ്രത്യേകിച്ചും ആരോഗ്യസംരക്ഷണത്തിന് അത്യാവശ്യമാണ്.

പഞ്ചായത്തിലെ 12 വാർഡുകളിലായി 32 അങ്കനവാടികൾ പ്രവർത്തിക്കുന്നു. ഇവ ICDS ന്റെ കീഴിലുള്ള മാതൃ-ശിശു സംരക്ഷണകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതുമൂലം ഗർഭിണികളുടേയും മുലയൂട്ടുന്ന അമ്മമാരുടേയും ശിശുക്കളുടേയും ആരോഗ്യപരിപാലനകാര്യത്തിൽ ഭാഗികമായി ശ്രദ്ധിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മേൽപ്പടി അംങ്കനവാടികൾ കൂടാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന മാതൃ-ശിശു സംരക്ഷണകേന്ദ്രങ്ങളും ഈ പഞ്ചായത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യസംരക്ഷണത്തിൽ പങ്കുവഹിക്കുന്നു.

ഈ പഞ്ചായത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ പരിരക്ഷയിലും രോഗപ്രതിരോധപ്രവർത്തനങ്ങളിലും ആരോഗ്യവകുപ്പ് ജീവനക്കാരെ സഹായിക്കുന്നതിനുവേണ്ടി ആരോഗ്യവകുപ്പ് മഹിളാ സ്വസ്ത്സംഘ എന്നപേരിൽ തൊഴിൽരഹിതരായ കുറേ വനിതകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവരുടെ പ്രവർത്തനവും ഈ പഞ്ചായത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യസംരക്ഷണത്തിൽ പ്രധാന പങ്കു വഹിക്കുന്നു. എന്നാൽ തൊഴിൽ രഹിതരായ ഈ യുവതികൾക്ക് നാമമാത്രമായ സാമ്പത്തിക സഹായംപോലും നൽകാത്തത് ഇവരുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ ഇവർക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഗ്രാമസഭാ നിർദ്ദേശവും പരിഗണിക്കേണ്ടതാണ്.

മേൽപറഞ്ഞ സംഘടനകളുടേയും ആരോഗ്യവകുപ്പിന്റേയും യോജിച്ചുള്ള പ്രവർത്തനങ്ങൾമൂലം പഞ്ചായത്തിലെ ശിശുമരണനിരക്ക് 1.8 ആയിക്കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇത് സംസ്ഥാനത്തിന്റെ ശിശുമരണനിരക്കായ 2.2 നേക്കാൾ കുറവാണ് എന്നത് അഭിനന്ദനാർഹമാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 4 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾക്കും സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തത് ആരോഗ്യസംരക്ഷണത്തിന് ഭാഗികമായെങ്കിലും തടസ്സമായിരിക്കുന്നു. ആയതിനാൽ മേൽപടി മാതൃ-ശിശു സംരക്ഷണകേന്ദ്രങ്ങൾക്കും സ്വന്തമായി കെട്ടിടം നിർമ്മിച്ച് അവിടെ ഒരു ജൂനിയർ പബ്ളിക് ഹെൽത്ത് നെഴ്സിനെ സ്ഥിരമായി താമസിപ്പിച്ചാൽ ഈ പ്രദേശത്തെ ജനങ്ങളുടെ പ്രത്യേകിച്ചും അമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യസംരക്ഷണത്തിന് ഏറെ ഗുണം ചെയ്യുന്നതാണ്.

## വിദ്യാഭ്യാസനിലവാരം

പുരാതനകാലം മുതൽക്കേ സ്ത്രീ വിദ്യാഭ്യാസത്തിൽ പുരോഗതി പ്രാപിച്ചിട്ടുള്ള ഗ്രാമമാണ് മാണിക്കൽ. കലാസാംസ്ക്കാരിക രംഗങ്ങളിലും ഇവിടത്തെ സ്ത്രീകൾ ഒട്ടും പിന്നോക്കമായിരുന്നില്ല. 20-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തുതന്നെ പെൺകുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേക പ്രാഥമിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. (ഉദാ: വെമ്പായം (Girls LPS) ഇപ്പോഴും വിദ്യാഭ്യാസകാര്യത്തിൽ സ്ത്രീകൾ പുരുഷൻമാരുമായി ഒപ്പത്തിനൊപ്പം നിൽക്കുന്നു. കന്യകുളങ്ങര Girls High School ഈ പഞ്ചായത്തിലെ ഒരു പ്രധാന സ്ത്രീ വിദ്യാഭ്യാസ കേന്ദ്രമാണ്.

## സ്ഥിതി വിവര പട്ടിക

| | | |
|---|---|---|
| ആൺകുട്ടികൾ | 2061 | |
| പെൺകുട്ടികൾ | 2954 | ആകെ 5015 |

### തൊഴിൽ പങ്കാളിത്തം

സ്ത്രീകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കേണ്ടത് ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ആവശ്യമാണ്. വനിതാക്ഷേമരംഗത്ത് ഇത് പലവിധ പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനവും പ്രയോജനവും നാമമാത്രമായി മാറുകയോ, കടലാസിൽ മാത്രം ഒതുങ്ങുകയോ ചെയ്യുന്നു.. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ എങ്കിലും ഈ അവസ്ഥയ്ക്ക് മാറ്റം വരുമെന്ന് ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വനിതകളും പ്രത്യാശിക്കുന്നു. ഈ പ്രത്യാശ അവർ ഗ്രാമസഭകളിൽ പ്രകടിപ്പിച്ച വികാരങ്ങളിൽ നിന്ന് മനസിലാക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ നിർദ്ധനരായ സ്ത്രീകളിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ ജോലിചെയ്യുന്ന കൂലിപ്പണിക്കാരാണ്. ആകെ സ്ത്രീജനങ്ങളുടെ ഭൂരിഭാഗവും ഗൃഹഭരണത്തിലൂടെ ഭർത്താവിന്റേയും, കുട്ടികളുടേയും ക്ഷേമത്തിൽമാത്രം ശ്രദ്ധിച്ചുകൊണ്ട് ജീവിതം തള്ളിനീക്കുന്നു.

ചെറികിട വ്യവസായങ്ങളായ ഈറ ഉത്പന്നങ്ങൾ തയ്യൽ, നെയ്ത്ത്, മെഴികുതിരി നിർമ്മാണം, കരകൗശലവസ്തുക്കളുടെ നിർമ്മാണം,കറിപൗഡർ ' നിർമ്മാണം. പാൽ ഉത്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയവ സ്ഥാപിച്ച് ഈ പഞ്ചായത്തിലെ സ്ത്രീജനങ്ങളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാവുന്നതാണ്.

## പെൻഷൻ വിതരണം വനിതകൾക്കിടയിൽ

മാണിക്കൽ പഞ്ചായത്തിലെ നിർധനരായ സ്ത്രീകളിൽ ഭൂരിഭാഗവും കാർഷിക മേഖലയിലും ഇതര മേഖലകളിലും കൂലിപ്പണി ചെയ്യുന്നവരാണ്. ഈ വിഭാഗത്തിൽ നല്ലൊരു ശതമാനംപേർ വാർദ്ധക്യം കൊണ്ടും, ശാരീരിക വൈകല്യങ്ങൾകൊണ്ടും കൂലിപ്പണിചെയ്യാൻ കഴിയാത്തസ്ഥിതിയിലാണ്. ഇത്തരം ആളുകൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള കർഷകത്തൊഴിലാളി പെൻഷൻ വിതരണം നാമമാത്രമാണ്. പഞ്ചായത്തിൽ 142 പേർക്ക് വിധവാപെൻഷനും 130 പേർക്ക് വാർദ്ധക്യകാല പെൻഷനും ലഭിക്കുന്നതായി മാണിക്കൽ കോലിയക്കോട് വില്ലേജ് ഓഫീസിലെ കണക്കുകൾ കാണിക്കുന്നു. ഇവ ഗുണഭോക്താക്കളുടെ എണ്ണവുമായി തട്ടിച്ചുനോക്കുമ്പോൾ തുലോം കുറവാണ്. ആയതിനാൽ പഞ്ചായത്തിലെ അർഹരായ എല്ലാ വിഭാഗങ്ങൾക്കും പെൻഷൻ ലഭിക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## കലാസാംസ്കാരിക പ്രവർത്തനം വനിതകളിൽ

ഈ പഞ്ചായത്തിലെ കലാ-സാംസ്കാരിക പ്രവർത്തന രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം തുലോം പരിമിതമാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പതിനഞ്ചോളം മഹിളാസമാജങ്ങൾ നാമമാത്രമായി പ്രവർത്തിക്കുന്നു. (ഈ മഹിളാസമാജങ്ങളുടെ വിശദവിവരം അന്യത്ര ചേർത്തിട്ടുണ്ട്.) എന്നാൽ ഈ മഹിളാസമാജങ്ങളിൽ ഒന്നിന്റേയും പ്രവർത്തനം ആശാവഹമല്ല. മാത്രവുമല്ല ഈ പഞ്ചായത്തിൽപ്പെട്ട ഇടത്തറ വാർഡിൽ മഹിളാസമാജങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല എന്നതും പ്രസ്താവ്യമാണ്. മഹിളാസമാജങ്ങൾക്ക് പുതുജീവൻ നൽകി ഈ പഞ്ചായത്തിലെ സ്ത്രീകളെ കലാ-സാംസ്കാരിക പ്രവർത്തനങ്ങളുടെ മുഖ്യധാരയിലേക്ക് ഉയർത്തുവാൻ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## മഹിളാസമാജങ്ങൾ

| | | | |
|---|---|---|---|
| 1. | നവപ്രഭ | – | ആലിയാട് |
| 2. | യുഗപ്രഭ | – | മൂളയം |
| 3. | ദർശന | – | മുണ്ടയ്ക്കൽവാരം |
| 4. | ഭാവന | – | തങ്കമല |
| 5. | ഐശ്വര്യ | – | പുത്തയം |

| | | | |
|---|---|---|---|
| 6. | D.K.S | – | കുന്നിട |
| 7. | N.S.A.C | – | പാലവിള, പിരപ്പൻകോട് |
| 8. | മങ്കുഴി | – | കുതിരകുളം |
| 9. | നാഷണൽ | – | കൊപ്പം |
| 10. | N.S.S സമാജം | – | പട്ടത്താനം, വെമ്പായം |
| 11. | A.K.G.വനിതാസമാജം | – | വെമ്പായം |
| 12. | പ്ളാക്കീഴ് മഹിളാസമാജം | – | പ്ളാക്കീഴ് |
| 13. | Y.M.A.C | – | തീപുകൽ |
| 14. | കൈരളി മഹിളാസമാജം | – | കോലിയക്കോട് |
| 15. | പുലരി മഹിളാസമാജം | – | കോലിയക്കോട് |
| 16. | K.S.C. മഹിളാസമാജം | – | തൈക്കാട് |

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ഇപ്പോൾ വേളാവൂർ വാർഡിൽ തയ്യൽ പരിശീലന കേന്ദ്രമായി പ്രവർത്തിക്കുന്ന D.K.S. എന്ന സ്ഥാപനം ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സർക്കാർതല തയ്യൽ സ്കൂളാക്കി മാറ്റുക (ഈ

   ആവശ്യത്തിനുവേണ്ടി ഇപ്പോൾ D.K.S. പ്രവർത്തിക്കുന്ന 24 സെന്റ്സ്ഥലം സർക്കാരിന് വിട്ടുകൊടുക്കാൻ D.K.S. അധികൃതർ തയ്യാറാണ്.

2. പിരപ്പൻകോട്, പാലവിള (N.S.A.C മഹിളാസമാജം), വെമ്പായം, മൂളയം, തലയൽ, കുതിരകുളം, മാണിക്കൽ, കുന്നിട, പ്ളാക്കീഴ്, ഈഞ്ചക്കുഴി, കൊപ്പം, മൊട്ടക്കാവ്, കോലിയക്കോട്, എന്നീ പ്രദേശങ്ങൾ കേന്ദ്രമാക്കി തയ്യൽ പരിശീലനകേന്ദ്രങ്ങൾ അനുബന്ധമായി ഓരോ റെഡിമെയിഡ് ഗാർമെന്റ്സ് നിർമ്മാണകേന്ദ്രവും അവയുടെ ഉത്പന്നങ്ങളുടെ വിപണിക്കുവേണ്ടി ഒരു വനിതസഹകരണവസ്ത്രാലയവും സ്ഥാപിക്കുക.

3. കോലിയക്കോട് പ്രദേശത്തെ സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിന്വേണ്ടി കോലിയക്കോട് ചന്തയോട് ചേർന്നുള്ള പുറംപോക്ക്ഭൂമിയിൽ ആധുനികസൗകര്യങ്ങളോടുകൂടിയ ഒരു പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കുകയോ, കോലിയക്കോട് സൊസൈറ്റി ജംഗ്ഷനിൽ ഇപ്പോൾ വാടകമുറിയിൽ പ്രവർത്തിക്കുന്ന മാതൃ-ശിശുസംരക്ഷണ കേന്ദ്രത്തിനുപകരം സർക്കാർവക കെട്ടിടത്തോടുകൂടിയ പ്രാഥമികസൗകര്യങ്ങളുള്ള ഒരു സബ്സെന്ററാക്കിമാറ്റി അവിടെ ഒരു ജൂനിയർ പബ്ളിക്ക്ഹെൽത്ത് നഴ്സിനെ സ്ഥിരമായി നിയമിക്കുകയോചെയ്യുക.

4. കന്യാകുളങ്ങര P.H. സെന്ററിൽ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പ്രത്യേക വാർഡ് പണിയുക.

5. വെമ്പായം കേന്ദ്രമാക്കി സഹകരണമേഖലയിലും വനിതകളുടെ നേതൃത്വത്തിലും ഒരു പൗൾട്രിഫാം സ്ഥാപിക്കുക.

6. കോലിയക്കോട് കേന്ദ്രമാക്കി കരകൗശലവസ്തുക്കൾ, സോപ്പ്, മെഴുകുതിരി, തീപ്പെട്ടി എന്നിവ നിർമ്മിക്കുന്നതിനുള്ള ഒരു വനിതാസഹകരണ സ്ഥാപനം സ്ഥാപിക്കുക.

7. മദപുരം, തലയിൽ എന്നീസ്ഥലങ്ങളിൽ മാതൃശിസു സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

8. പിരപ്പൻകോട്വാർഡിൽ ഒരു വനിതാ സഹകരണസംഘവും അതിനോടനുബന്ധിച്ച് ഒരു സോപ്പ് നിർമ്മാണയൂണിറ്റും സ്ഥാപിക്കുക.

9. കുതിരകുളം വാർഡിൽ ഒരു വനിതാ ക്ഷീരവികസനസംഘം മങ്കുഴിയിൽ സ്ഥാപിക്കുക.

10. കൊപ്പംവാർഡിൽ പള്ളിവിള കേന്ദ്രീകരിച്ച് ഒരു ഡേകെയർ സെന്റർ ആരംഭിക്കുക.

11. മാണിക്കൽവാർഡിൽ ഒരു ചെറുകിട കൈത്തറിവ്യവസായ കേന്ദ്രം ആരംഭിക്കുക.

12. കുന്നിടവാർഡിൽ ഒരു നെയ്ത്ത്ശാലയും റബ്ബർ പാൽ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു ഫാക്ടറിയും സ്ഥാപിക്കുക.

13. പ്ളാക്കിഴ് വാർഡിൽ നിലവിലുള്ള വനിതാസഹകരണസംഘം വിപുലീകരിക്കുകയും മിനാറയിൽ ഒരു വനിതാതൊഴിൽ പരിശീലന-വ്യവസായകേന്ദ്രം ആരംഭിക്കുകയും ചെയ്യുക.

14. കൊപ്പത്ത് പ്രവർത്തിക്കുന്ന 181-ാം നമ്പർ അംഗൻവാടി കേന്ദ്രീകരിച്ച് ഒരു തൊഴിൽ സംരംഭം ആരംഭിക്കുക.

15. പ്ളാക്കിഴ് വാർഡിൽ പഞ്ചായത്ത്വക പുറംപോക്ക്സ്ഥലം ഏറ്റെടുത്ത് അവിടെ മാതൃ-ശിശുസംരക്ഷണകേന്ദ്രം സ്ഥാപിക്കുക.

16. പ്ളാക്കിഴ് വാർഡിൽ ഇടപ്പൻകോട് കേന്ദ്രമാക്കി 100 വനിതകൾക്കെങ്കിലും തൊഴിൽ ലഭിക്കത്തക്കവിധത്തിൽ ഒരു ചെറുകിട വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.

17. പഞ്ചായത്തിലെ നിർധനരായ വനിതകൾക്ക് സൗജന്യമായി തയ്യൽമെഷീൻ നൽകുന്നതിനുള്ള ഒരു അടിയന്തിര പദ്ധതി നടപ്പിലാക്കുക.

18. ഈ പഞ്ചായത്തിലെ വനിതകളുടെ പൂർണമായ ക്ഷേമത്തെ മുൻനിർത്തി സമ്പൂർണമദ്യനിരോധനം ഏർപ്പെടുത്തുക.

19. മഹിളാസ്വസ്ത് സംഘത്തിന്റെ പ്രശ്നങ്ങൾ പരിഹരിച്ച് അവർക്ക് ഐഡന്റിറ്റികാർഡും അലവൻസും കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

20. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുകയും ബന്ധപ്പെട്ട കമ്മിറ്റികളിൽ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തുകയും ചെയ്യുക.

21. ഇടത്തറവാർഡിൽ തലയിൽ കേന്ദ്രമാക്കി ഒരു മെഴുകുതിരി, ചന്ദനത്തിരി നിർമാണകേന്ദ്രം സ്ഥാപിക്കുക.

22. തിപ്പുകൽ, മുളയംകേന്ദ്രമാക്കി തയ്യൽ പരിശീലനകേന്ദ്രവും തൊഴിൽ

## പ്രശ്നങ്ങൾ സാധ്യതകൾ

സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും പഞ്ചായത്തുതലത്തിൽ നടപടി ഉണ്ടാക്കണം.

അസംഘടിത മേഖലയിലെ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നതിനുള്ള നടപടിയുണ്ടാക്കണം.

സാമൂഹ്യപ്രവർത്തനരംഗത്ത് സ്ത്രീകൾപിന്നോക്കാവസ്ഥയിലാണ് ഇവർ നേതൃനിരയിലേക്ക് കടന്നുവരുന്നില്ല. സാമൂഹ്യപ്രവർത്തനരംഗത്ത് നിൽക്കുന്നവരെ നിരുത്സാഹപ്പെടുത്തുന്ന പ്രവണത അവസാനിപ്പിക്കുവാൻ നല്ലരീതിയിൽ പ്രവർത്തിക്കുന്ന മഹിളാസംഘടനകളെയും, സജീവ പ്രവർത്തകരേയും അവാർഡുകളും പാരിതോഷികങ്ങളും നൽകി പ്രോത്സാഹിപ്പിക്കുകയും വേണം.

സമൂഹത്തിൽ നിലവിലുള്ള സ്ത്രീധന സമ്പ്രദായം അവസാനിപ്പിക്കുന്നതിന് നിലവിലുള്ള നിയമം കർശനമാക്കുന്നതിനുള്ള നടപടിയുണ്ടാക്കണം. ആഡംബരവിവാഹങ്ങൾ ഒഴിവാക്കുന്നതിന് നടപടി എടുക്കണം ദൃശ്യമാദ്ധ്യമങ്ങളിലും പ്രസിദ്ധീകരണങ്ങളിലും കാണുന്ന സ്ത്രീകളെ സമൂഹത്തിൽ അപകീർത്തിപ്പെടുത്തുന്ന ചിത്രങ്ങൾക്കും പ്രസ്താവനകൾക്കും അവസാനമുണ്ടാക്കാൻ ജനകീയ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള നടപടിയുണ്ടാക്കണം.

സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ വനിതാവായനശാലയും വനിതാഗ്രന്ഥശാലകളും സ്ഥാപിക്കണം.

# സഹകരണം

സ്വാശ്രയാടിസ്ഥാനത്തിൽ സാമൂഹ്യമായി തുല്യപങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്ന ക്ഷേമപ്രവർത്തനം ലക്ഷ്യമാക്കി ഇംഗ്ലണ്ടിലെ റോബർട്ട് ഓവൻ രൂപംകൊടുത്ത സഹകരണ പ്രസ്ഥാനം എന്ന ആശയത്തിനനുസരണമായി ബ്രിട്ടീഷ്ഇൻഡ്യയിൽ 1904–ൽ ആദ്യമായി സഹകരണനിയമമുണ്ടായി. 1912–ൽ ഈ നിയമം ഭേദഗതി ചെയ്തതോടെയാണ് തിരുവിതാംകൂറിലും സഹകരണസംഘങ്ങൾ രൂപീകരിക്കപ്പെടുവാൻ തുടങ്ങിയത്.

മാണിക്കൽപഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ച ആദ്യത്തെ സഹകരണസംഘമാണ് ഇന്നത്തെ മാണിക്കൽ സർവ്വീസ് കോ–ഓപ്പറേറ്റിവ് ബാങ്ക്. 1930 ജൂൺമാസത്തിൽ (M.E. 29-11-1105) വിവിധോദ്ദേശ സഹകരണസംഘം ക്ളിപ്തം : ന: 910 എന്ന പേരിലാണ് ഇത് ആരംഭിച്ചത്. പ്രസിദ്ധ വിഷവൈദ്യനായിരുന്ന ശ്രീ. റ്റി. ആർ. ത്രിവിക്രമൻ പിള്ളയുടെ നേതൃത്വത്തിൽ ശ്രീ. രാമകൃഷ്ണൻ മേസ്ത്രിയുടെ ഒരു കടമുറിയിൽ 40 അംഗങ്ങളെ ചേർത്തു ഷെയർ സ്വരൂപിച്ചുകൊണ്ട് തുടങ്ങിയ പഴയ വിവിധോദ്ദേശസഹകരണസംഘമാണ് ഇന്ന് 7580 സഹകാരികളും 10,50,000 രൂപ അംഗീകൃതഓഹരിമൂലധനവും മൂന്നുകോടി അറുപത്തേഴു ലക്ഷത്തി അൻപതിനായിരംരൂപ ടേൺ ഓവറുള്ള മാണിക്കൽ സർവ്വീസ് സഹകരണബാങ്കായി വളർന്ന് ഈ പഞ്ചായത്തിലെ പ്രധാന സാമ്പത്തിക ഇടപാടു സ്ഥാപനമായി മാറിയിരിക്കുന്നത്.

ഈ പഞ്ചായത്തിലെ രണ്ടാമത്തെ പ്രധാന സഹകരണ സ്ഥാപനം പൂലന്തറ ക്ഷീരവ്യവസായ സഹകരണസംഘം ക്ളിപ്തം No.T. 113 ആകുന്നു. ഇത് ഈ പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തിയിൽ കോലിയക്കോടിനു സമീപമാണ് സ്ഥിതിചെയ്യുന്നത്. തുടക്കത്തിൽ മാണിക്കൽ പഞ്ചായത്തിന്റെ മുഴുവൻ വാർഡുകളും പ്രവർത്തനപരിധിയാക്കിക്കൊണ്ടാണ് ഈ സ്ഥാപനം ആരംഭിച്ചത്. എന്നാൽ 1991–ൽ ആലിയാട്, മൂളയം എന്നീ വാർഡുകൾ ഒഴിവാക്കിക്കൊണ്ട് ബൈലാ ഭേദഗതി വരുത്തുകയും പ്രസ്തുത വാർഡുകൾ കേന്ദ്രീകരിച്ച് ആലിയാട് ക്ഷീരോത്പാദക സഹകരണസംഘം ക്ളിപ്തം ന; T-225 ആപ്കോസിന്റെ കീഴിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. രണ്ടുവാർഡ് അതിർത്തിയിൽ മാത്രം പ്രവർത്തിക്കുന്നതും അഞ്ചുവർഷം മാത്രം പ്രായമുള്ളതുമായ ആലിയാട്ക്ഷീരസംഘത്തിൽ 210 അംഗങ്ങളും 2590 രൂപാ ഓഹരി മൂലധനവുമുള്ളപ്പോൾ 37 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള പൂലന്തറ ക്ഷീരവ്യവസായസഹകരണസംഘത്തിലാകട്ടെ 339 അംഗങ്ങളും 7070 രൂപ ഓഹരി മൂലധനവും മാത്രമേയുള്ളൂ. ഈ പഞ്ചായത്തിലെ 10 വാർഡുകൾ പ്രവർത്തനപരിധിയിലുൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തീപ്പുകൽ, കോലിയക്കോട് എന്നി വാർഡുകളിലും തൊട്ടടുത്ത ചിലയിടങ്ങളിലും മാത്രമായി ഈ സംഘത്തിന്റെ പ്രവർത്തനം ഒതുങ്ങിനിൽക്കുകയാണ്. അംഗസംഖ്യയിലും മൂലധനസമാഹരണത്തിലും കഴിഞ്ഞ 10 വർഷമായി യാതൊരു പുരോഗതിയുമുണ്ടായിട്ടില്ലെന്നു സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നു. ശേഷിക്കുന്ന 8 വാർഡുകളിലുള്ള കറവമാടുകളെ വളർത്തുന്ന കർഷകർക്ക്പാൽവിതരണത്തിന് യാതൊരു സൗകര്യങ്ങളുമില്ലാത്തതിനാൽ കാലിവളർത്തൽ മേഖലയിൽ മുരടിപ്പിനു കാരണമായിട്ടുണ്ട്.

വാമനപുരം ബ്ളോക്ക് ലേബർ കോൺട്രാക്ട് സൊസൈറ്റി ലി. നം: 926 എന്ന പേരിൽ 1984 ൽ പിരപ്പൻകോട് കേന്ദ്രമാക്കി ശ്രീ. കെ. രവീന്ദ്രൻനായരുടെ നേതൃത്വത്തിൽ ഒരു സഹകരണസ്ഥാപനം ആരംഭിച്ചുവെങ്കിലും അത് ഇപ്പോൾ ഫലത്തിൽ പൂർണ്ണമായും മൃതാവസ്ഥയിലാണ്. രേഖകൾ പ്രകാരം ഈ സഹകരണസംഘത്തിൽ 51 അംഗങ്ങളും 2750 രൂപ മൂലധനവുമുള്ളതായികാണുന്നു. കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

കോലിയക്കോട് കേന്ദ്രമാക്കി വേലപ്പൻനായരുടെ നേതൃത്വത്തിൽ കൺസ്യൂമർ സഹകരണസംഘം കളിപ്തം നം: T-1002 ആരംഭിച്ചത് 26–01–1989 മുതലാണ്. 50രൂപ ഓഹരിവില നിശ്ചയിച്ചിട്ടുള്ള ഈ നോൺക്രഡിറ്റബിൾ സ്ഥാപനത്തിൽ 215 അംഗങ്ങളും 69900 രൂപ ഓഹരിമൂലധനവുമുണ്ട്. ഈ സംഘം 23,355 രൂപയുടെഹ്ര്സ്വകാലനിക്ഷേപവും 600 രൂപയുടെ സ്ഥിര നിക്ഷേപവും സ്വീകരിച്ചിട്ടുണ്ട്.

പിരപ്പൻകോട് കേന്ദ്രമാക്കി ശ്രീ.വി.ശ്രീധരൻനായരുടെ നേതൃത്വത്തിൽ ഒരു പച്ചത്തൊണ്ടു വ്യവസായസഹകരണസംഘം രജിസ്റ്റർ ചെയ്ത് 1970 കളിൽ പ്രവർത്തിച്ചുവന്നിരുന്നു. എന്നാൽ ഇന്ന് ഈ സ്ഥാപനം നിലവിലില്ല. ഇതു ലിക്വിഡേറ്റുചെയ്യപ്പെട്ടു.. വെമ്പായം നാഷണൽ തിയേറ്റേഴ്സിന്റെ ശ്രമഫലമായി മാണിക്കൽ വെമ്പായം പഞ്ചായത്തുകൾ പ്രവർത്തന മേഖലയാക്കി വെമ്പായം കേന്ദ്രീകരിച്ച്

17-4-1972-ൽ പ്രവർത്തനമാരംഭിച്ച വെമ്പായം പൗൾട്രിഫാമിംഗ് കൊ-ഓപ്പറേറ്റീവ് സൊസൈറ്റി നം. T-374 ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ചിരുന്നുവെങ്കിലും കഴിഞ്ഞ നാലുവർഷമായി പ്രവർത്തനരഹിതമായിരിക്കുകയാണ്. കാഫ് സബ്സിഡി സ്കീം അനുസരിച്ചുള്ള കാലിത്തീറ്റ വിതരണം നിലച്ചുപോയി. ഈ സ്ഥാപനത്തിന് അപ്പക്സ് സൊസൈറ്റിയിൽ നിന്നോ ഇതര സാമ്പത്തിക കേന്ദ്രങ്ങളിൽ നിന്നോ ധനസഹായം ലഭിക്കാത്തതുമൂലവും കാലാകാലങ്ങളിൽ സമർപ്പിച്ചിരുന്ന സ്കീമുകൾ അംഗീകാരം നേടാത്തതിനാലും ഈ സഹകരണസംഘം പ്രതിസന്ധിയെ നേരിടുകയാണ്. 341 അംഗങ്ങളും 4430 രൂപ ഷെയറുമുള്ള ഈ കോഴിവളർത്തൽ സഹകരണസംഘത്തിന്റെ പ്രസിഡന്റ് ശ്രീ. കോയിപ്പുറം സുരേന്ദ്രൻ ആണ്. മൂന്ന് വർഷത്തിലൊരിക്കൽ തെരഞ്ഞെടുക്കപ്പെടുന്ന 9 അംഗ ഭരണസമിതിയാണുള്ളത്, വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

മാണിക്കൽ ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി യുടെ സ്ഥിതിയും ശോചനീയമാണ്. ഇപ്പോൾ ജില്ലാ പഞ്ചായത്തംഗമായ ശ്രീ. കെ. സോമൻ പ്രസിഡന്റായി പ്രവർത്തിക്കുന്ന 5 അംഗഭരണസമിതി നിലവിലുണ്ടെങ്കിലും സംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്. പട്ടികജാതി- പട്ടികവർഗ്ഗ സമുദായങ്ങളുടെ നാനാമുഖമായ പുരോഗതിയിൽ ഊന്നിനിന്നുകൊണ്ട് പ്രവർത്തിക്കേണ്ട ഈ സംഘം അടിയന്തിരമായി പുനരുദ്ധരിക്കേണ്ടതാണ്.

മീനാറ കേന്ദ്രീകരിച്ച് ഒരു വനിതാസഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ കൺസ്യൂമർസ്റ്റോർ, തയ്യൽ പരിശീലന കേന്ദ്രം എന്നിവ പ്രവർത്തനം നടത്തി വരുന്നു. ആഫീസ് വാടക കട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. ശ്രീമതി.ഉഷാദിവാകരപണിക്കരാണ് ഇപ്പോഴത്തെ പ്രസിഡന്റ്.

<u>പ്രശ്നങ്ങൾ സമീപനങ്ങൾ</u>

ഈ പഞ്ചായത്തിൽ ക്രഡിറ്റ് സൗകര്യമുള്ള ഏകസഹകരണസ്ഥാപനം മാണിക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ആണ്. ശ്രീ. ആലിയാട് മാധവൻപിള്ള പ്രസിഡന്റായുള്ള ഒൻപതംഗ ഭരണസമിതിയാണുള്ളത് കഴിഞ്ഞ രണ്ടു ദശാബ്ദങ്ങൾക്കിടയിൽ വമ്പിച്ച പുരോഗതി കൈവരിച്ച ഒരു സ്ഥാപനമാണിത്. ഈ സംഘം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന പ്രശ്നം നിക്ഷേപസമാഹരണത്തിലുള്ള കുറവാണ്. അമിതപ്പലിശ അനധികൃതമായി നൽകിവരുന്ന സ്വകാര്യ ബാങ്കുകളിലേക്ക് നല്ലൊരുഭാഗം നിക്ഷേപങ്ങളും ഒഴികിപ്പോകുന്നുണ്ട്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ദേശിയ ബാങ്കുകളുടെശാഖകളിലേക്കാണ് വിദേശപണം കൂടുതലായും എത്തിക്കൊണ്ടിരിക്കുന്നത് മൊത്തം നിക്ഷേപത്തിന്റെ 18-20% മാത്രമേ ഈ സഹകരണ ബാങ്കിൽ നിക്ഷേപിക്കപ്പെടുന്നുള്ളു. എന്നാൽ വിവിധയിനം വായ്പകളായി 55-60% ഈ ബാങ്കിൽ നിന്നാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഇതിനുപരിഹാരമെന്ന നിലയിൽ നിക്ഷേപങ്ങൾ മുഴുവൻ ഈ ബാങ്കിൽ തന്നെ വന്നുചേരുന്നതിലേക്ക് ജനപങ്കാളിത്തത്തോടെ ബോധവൽക്കരണം ഉണ്ടാക്കേണ്ടതാണ്.

ഈ ബാങ്കിലെ അംഗസംഖ്യയിൽ ക്രമാനുഗതമായ വളർച്ചയുണ്ടായിട്ടുണ്ടെങ്കിലും ഭൂരിപക്ഷം കുടുംബങ്ങളിൽനിന്നും സഹകാരികൾ ഉണ്ടായിട്ടില്ല.

പട്ടിക 1

| | | | 1995-96 ലക്ഷകണക്കിൽ | | | |
|---|---|---|---|---|---|---|
| ആകെ ജനസംഖ്യ | ആകെ കുടുംബങ്ങൾ | സംഘാംഗത്വമുള്ളവർ | ആകെ നിക്ഷേപം ലക്ഷത്തിൽ | സർക്കാർ ഓഹരി | അംഗങ്ങളുടെ ഓഹരി | വായ്പ |
| 34347 | 11568 | 7580 | 217.87 | 2.. | 8.54 | 53.85 |

പ്രധാനമായും കാർഷികമേഖലയിലേക്കാണ് വായ്പകൾ നൽകപ്പെടുന്നത്. ഓരോവർഷവും 50 ലക്ഷം രൂപയോളം വരുന്ന ഭീമമായ തുക മാണിക്കൽ സർവ്വീസ്സഹകരണബാങ്കിൽനിന്നും തെങ്ങ്- വാഴ നെല്ല് തുടങ്ങിയ കൃഷികൾക്കായി നൽകിവരുന്നുണ്ട്. ദേശിയബാങ്കുശാഖകളിൽനിന്നും, പാമ്പോട് കാർഷികവികസന ബാങ്കുമുഖേനയും ലക്ഷകണക്കിനു രൂപ

മാണിക്കൽ ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക്

# മാണിക്കൽ സർവ്വീസ് സഹകരണ ബാങ്കിൻെറ

# ആശംസകൾ.

പ്രസിഡൻറ്
ആലിയാട് ജി. മാധവൻപിള്ള

സെക്രട്ടറി
കെ.ജി. ശ്രീകുമാർ

---

ആശംസകളോടെ

# പാറയ്ക്കൽ റസ്റ്റോറൻറ്

എം. സി. റോഡ്, വെഞ്ഞാറമൂട്

കാർഷികവികസനത്തിനുവേണ്ടി വായ്പയിനത്തിലും കൃഷിഭവൻ മുഖേന സബ്സിഡി, സൗജന്യ പദ്ധതികളായും കർഷകരുടെ കൈയ്യിൽ എത്തുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

കൃഷിവായ്പ 1995-96

| വായ്പാസ്രോതസ് | | വായ്പ തുക |
|---|---|---|
| 1 | മാണിക്കൽ സഹകരണ ബാങ്ക് | 33,91,350 രൂ |
| 2 | കാർഷികവികസന ബാങ്ക് | 45,00,000 രൂ |
| 3 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ | 18,00,000 രൂ |
| | ആകെ | 96,91,000 രൂ |

ഇതിനുപുറമേയാണ് കൃഷിഭവൻ മുഖേനയുള്ള ആനുകൂല്യങ്ങൾ ചുരുക്കത്തിൽ 1995-96 വർഷത്തിൽമാത്രം ഒരുകോടിയിലേറെ രൂപ മാണിക്കൽ പഞ്ചായത്തിൽ കാർഷികാവശ്യത്തിനുവേണ്ടി വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ വായ്പ വാങ്ങിയ എത്രപേർ ആ തുക കാർഷികാവശ്യത്തിനു ചെലവഴിച്ചിട്ടുണ്ടെന്നു പരിശോധിക്കുന്നത് രസാവഹമായിരിക്കും. വിവാഹം, ഭവനനിർമ്മാണം, വസ്തുവാങ്ങൽ,

കച്ചവടം തുടങ്ങിയ സംഗതികൾക്കാണ് ഇതിൽ 70% സംഖ്യയും ചെലവഴിക്കപ്പെട്ടിരിക്കുന്നതായി പഠനറിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഇതു വളരെ ഗൗരവപൂർവ്വം കാണേണ്ടതാണ്. യഥാർത്ഥ ആവശ്യം വെളിപ്പെടുത്തിയാൽ അതിലേക്ക് വായ്പ ലഭിക്കാത്ത സ്കീമുകളുടെ അഭാവമാണ് ഇതിനുകാരണമെന്നു തെളിയുന്നു. പരിഹാരമായി മാണിക്കൽ സർവ്വീസ് ബാങ്കിന്റെ വായ്പാ സ്കീമുകളുടെ ഘടനതന്നെ പുനഃക്രമീകരണത്തിനു വിധേയമാക്കുകയും, വിവാഹം, വാഹനം, ഭവന പുനരുദ്ധാരണം തുടങ്ങിയവയ്ക്ക് വായ്പാ സ്കീമുകൾ പുതുതായി തുടങ്ങുകയും ചെയ്യേണ്ടതാണ്.

എടുത്തുപറയാവുന്ന മറ്റൊരു കാര്യം കാർഷികവായ്പകൾക്കുള്ള പലിശയിലെ വർദ്ധനവാണ്. അപേക്ഷിച്ച കാർഷികാവശ്യം ബോദ്ധ്യപ്പെടുന്നതിലേക്ക് ബാങ്ക് സെക്രട്ടറിയും രണ്ടോ മൂന്നോ ഡയറക്ടർമാരും ഉൾപ്പെടുന്ന ഒരു ആവശ്യ നിർണയ സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതോടൊപ്പം കൃഷിവായ്പകൾക്ക് നാമമാത്രമായ പലിശമാത്രം ഈടാക്കുവാനുള്ള ഔദാര്യവും ബന്ധപ്പെട്ട ബാങ്കുകൾ കാണിക്കേണ്ടതാണ്.

ജലസേചനാവശ്യങ്ങൾക്ക് കിണർ കുഴിക്കുവാനും പമ്പു വയ്ക്കുവാനുമായി കഴിഞ്ഞ സാമ്പത്തികവർഷം വായ്പ നൽകിയിട്ടില്ല. കൃഷിഭവനുമായി ബന്ധപ്പെട്ട് സബ്സിഡി നൽകുന്ന ലോണുകൾക്ക് ജില്ലാസഹകരണബാങ്ക് വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണെന്നാണ് അറിവ്. ഇതും ശരിയായ നടപടിയല്ലെന്ന് വിവിധഗ്രാമസഭകളിൽ നിന്നും വിമർശനമുണ്ടായിട്ടുണ്ട്. ജനകീയാസൂത്രണപ്രക്രിയയുമായി അതാതുപഞ്ചായത്തുകളിലെ സഹകരണസംഘങ്ങൾ ബന്ധപ്പെട്ട് സ്കീമുകൾ നടപ്പിൽവരുത്തേണ്ടതാണ്.

മാണിക്കൽ സഹകരണബാങ്കിനുകീഴിൽ രാസവളം വിതരണംനടത്തുന്ന മൂന്നു ഡിപ്പോകളുണ്ട്. കോലിയക്കോട്, പിരപ്പൻകോട്, ആലിയാട് എന്നിവിടങ്ങളിലാണ് ഇവ പ്രവർത്തിച്ചുവരുന്നത്. വെമ്പായത്ത് ഒരു വളംസബ്ഡിപ്പോ ഉണ്ടായിരുന്നത് നിർത്തലാക്കിയിരിക്കുകയാണ്. രാസവളം വ്യാപാരരംഗത്ത് സ്വകാര്യമുതലാളിമാരുടെ കടന്നുകയറ്റം ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ പഞ്ചായത്തിന്റെ പലഭാഗത്തും വളംഡിപ്പോകൾ ഇല്ലാത്തത് കാർഷികരംഗത്തെ പ്രതികൂലമായി ബാധിക്കുന്നു.

കോലിയക്കോട് കേന്ദ്രമാക്കി ഒരു റബ്ബർ സംഭരണഡിപ്പോ പ്രവർത്തിച്ചുവരുന്നു. മാണിക്കൽ സഹകരണബാങ്കിന്റെ കീഴിലുള്ള ഈ ഡിപ്പോയുടെ പ്രവർത്തനം കാര്യക്ഷമമല്ല. സ്വകാര്യ റബ്ബർ ഡിപ്പോകളുമായുള്ള മത്സരത്തിൽ സഹകരണബാങ്കിന്റെ സബ്-ഡിപ്പോയ്ക്ക് പിടിച്ചുനിൽക്കാനാവുന്നില്ല. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിലെല്ലാം ഓരോ റബ്ബർ സംഭരണ ഡിപ്പോകൾ സ്ഥാപിച്ച് ഈ വ്യവസായം ശക്തിപ്പെടുത്തേണ്ടതാണ്. തോട്ടണ്ടികുത്തകസംഭരണത്തിലും ഈ ബാങ്ക്

പരാജയപ്പെട്ടതായാണ് പഠനറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. നാമമാത്രമായി നടത്തപ്പെടുന്ന ഉത്സവകാല ചന്തകളും ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

വായ്പയായി നൽകിയ 42 ലക്ഷത്തിലധികം രൂപ കാലാവധികഴിഞ്ഞിട്ടും തിരിച്ചടയ്ക്കാതെ മാണിക്കൽ സഹകരണ ബാങ്കിൽ തന്നെയുണ്ട്. പ്രത്യുത്പാദനകരമല്ലാത്ത ആവശ്യങ്ങൾക്കു വായ്പപണം ഉപയോഗിച്ചിട്ടുള്ളതിനാലാണ് യഥാവസരം സഹകാരികൾക്ക് ഇതുതിരിച്ചടയ്ക്കാൻ കഴിയാതെവന്നിട്ടുള്ളതെന്ന് അനുമാനിക്കാം.

പട്ടിക 3.

## ഏറ്റവു കാലാവധി കഴിഞ്ഞ വായ്പകൾ 95-96

| | വായ്പാസ്വഭാവം | തുക |
|---|---|---|
| 1. | ഹ്രസ്വകാല വായ്പ | 19,93,000 |
| 2. | മദ്ധ്യകാല വായ്പ | 2,17,000 |
| 3. | സാധാരണ വായ്പ | 17,11,000 |
| 4. | പദ്ധതിവായ്പ | 2,90,000 |
| | ആകെ | 42,11,000 |

ഉദ്ദേശം 9. കി.മീറ്റർ ദൈർഘ്യമുള്ള ഈ പഞ്ചായത്തു പ്രദേശത്ത് മദ്ധ്യഭാഗത്തായിട്ടാണ് മാണിക്കൽ സഹകരണസംഘത്തിന്റെ ആസ്ഥാനം. ഇതുകൊണ്ട് സഹകാരികൾക്ക് സാമ്പത്തിക ഇടപാടുകൾ വേഗത്തിൽ നടത്തുവാൻ കിഴക്കും പടിഞ്ഞാറുമുള്ളവർക്ക് ദൂരപരിധി അസൗകര്യമായിത്തീർന്നിരിക്കുന്നു. ഈ അവസ്ഥയ്ക്കു പരിഹാരമെന്ന നിലയിൽ കോലിയക്കോട്ടും വെമ്പായത്തും ഈ ബാങ്കിന്റെ ഓരോ ശാഖകൾ സ്ഥാപിക്കേണ്ടതാണ്.

കർഷകന്റെ മുഖ്യ വരുമാനമാർഗ്ഗങ്ങളിൽ ഒന്നാണ് കറവമാടു വളർത്തൽ. മാണിക്കൽ പഞ്ചായത്തിലെ നിലവിലുള്ള മൊത്തം കറവപ്പശുക്കളുടെ എണ്ണം കൃത്യമായി ലഭിച്ചിട്ടില്ല എങ്കിലും പഠനറിപ്പോർട്ടുകളും സ്ഥിതിവിവരക്കണക്കുകളും വഴി ഒരു ഏകദേശ രൂപം ലഭിച്ചിട്ടുണ്ട്.

പട്ടിക 4.

## കറവമാടുകളും ക്ഷീരോൽപാദനവും

| | ഇനം | എണ്ണം | പ്രതിദിന പാൽ ഉത്പാദനം | ലിറ്റർ കണക്കിൽ സ്വന്തം വീടുകളിൽ ഉപയോഗിക്കപ്പെടുന്നത് | ക്ഷീര സംഘം വഴി വിറ്റഴിക്കപ്പെടുന്നത് | മിച്ചംവരുന്ന പാൽ |
|---|---|---|---|---|---|---|
| 1. | കറവപശുക്കൾ (ആകെ) | 1380 | 48000 | 2200 | 918 | 1682 |
| 2. | കിടാരികൾ | 440 | – | – | – | – |
| 3. | എരുമകൾ | 28 | 240 | 210 | 30 | – |
| 4. | ആടുകൾ | 790 | 130 | 130 | – | – |

പട്ടികനമ്പർ A-അനുസരിച്ച് മിച്ചം വരുന്ന പാലിന്റെ വലിയ ഒരളവ് സൈക്കിൾകച്ചവടക്കാരും 20% ഓളം അന്യപഞ്ചായത്തുകളിലെ ക്ഷീരസംഘങ്ങളും വഴിയാണ് വിറ്റഴിക്കപ്പെടുന്നത് ശേഷിക്കുന്ന പാൽ തൈരാക്കി കടകളിലും മറ്റും വിൽക്കപ്പെടുകയാണ്.

ഈ പഞ്ചായത്തിലാണ് മാണിക്കൽ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന രണ്ടു ക്ഷീരവ്യവസായസഹകരണസംഘങ്ങളെ വിലയിരുത്തേണ്ടത്. പുലന്തറ ക്ഷീരവ്യവസായ സഹകരണസംഘം 1995-96-ൽ ശേഖരിച്ചുവിപണനം ചെയ്ത പാൽ 241929.8 ലിറ്ററാണെന്നുകാണുന്നു. പ്രതിദിനം ശരാശരി 662.8 ലിറ്റർവരും ഇത്.

പട്ടിക 5.

1995–96 പൂലന്തറ ക്ഷീരസഹകരണസംഘം

| | മൊത്തം സംഭരിച്ച പാൽ ലി. | പഞ്ചായത്തിൽതന്നെ വിറ്റത് ലി. | പുറത്തേക്ക് അയച്ചത് ലി. |
|---|---|---|---|
| 1995–96 വർഷം | 241929.8 | 99153.8 | 91410. |
| പ്രതിദിനം % (ശരാശരി) | 662.8 | 271.6 | 250.4 |

ആലിയാട് ക്ഷീരോത്പാദക സഹകരണസംഘത്തിന്റെ തുടക്കംമുതൽ കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനത്തിൽ ക്രമാനുഗതമായ പുരോഗതി ദൃശ്യമാണ്. പ്രാരംഭവർഷമായ 91–92 ൽ 61647.2 ലിറ്റർ പാൽ ശേഖരിച്ചിരുന്ന സംഘം 95–96 ആയപ്പോഴേക്കും 93094.9 ലിറ്റർ സമാഹരണമായി ഉയർന്നു. 5 (അഞ്ച്) വർഷംകൊണ്ട് 30% വളർച്ച ഈ സംഘത്തിന് അവകാശപ്പെടാം. ഇപ്പോൾ പ്രതിദിനം ശരാശരി 255 ലിറ്റർ പാൽ ഈ സംഘംശേഖരിക്കുന്നുണ്ട്.

പട്ടിക 6.

ആലിയാട് ക്ഷീരസംഘം

| | മൊത്തം ശേഖരിച്ച പാൽ ലി. | പഞ്ചായത്തിൽതന്നെ വിറ്റത് ലി. | പുറത്തേക്ക് അയച്ചത് ലി. |
|---|---|---|---|
| 1995–96 വർഷം | 93094.9 | 23912.2 | 69182.7 |
| പ്രതിദിനം % (ശരാശരി) | 255.2 | 65.5 | 189.5 |

മേൽപ്പറഞ്ഞ രണ്ടു ക്ഷീരസംഘങ്ങളും മാണിക്കൽ പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തി കേന്ദ്രീകരിച്ച് മാത്രം പ്രവർത്തിച്ചുവരുന്നതിനാലാവാം കിഴക്കൻ മേഖലയിൽ കറവമാടുവളർത്തലും പാൽ ഉത്പാദനവും താരതമ്യേന കുറവായിക്കാണുന്നു. പഞ്ചായത്തിനെ കുറുകെമുറിക്കുന്ന എം.സി. റോഡിനു കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വ്യത്യാസം 7–ാം പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

പട്ടിക 7.

1995–96 വർഷം

| | വിവരണം | MC റോഡിനു പടിഞ്ഞാറ് | MC റോഡിനു കിഴക്ക് |
|---|---|---|---|
| 1. | ആകെ മാടുകൾ (കറവയുള്ളത്) | 490 | 240 |
| 2. | പാൽ ഉത്പാദനം | 2980. ലി. | 1820 ലി. |
| 3. | സഹ; സംഘംവഴി വിൽപന (ആകെ; 918. ലി.) | 740. ലി. | 178. ലി. |

എം. സി. റോഡിനു പടിഞ്ഞാറുഭാഗത്തെ പാൽ ഉത്പാദനവും കറവമാടുവളർത്തലും വികസിപ്പിക്കുവാൻ ഉതകുന്നതരത്തിൽ പുതിയ ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ ഉദയം കൊള്ളേണ്ടതിന്റെ ആവശ്യകത സ്ഥിതിവിവരകണക്കുകളും പഠനറിപ്പോർട്ടും നമ്മെബോധ്യപ്പെടുത്തുന്നു.

ഒരു നോൺ ക്രഡിറ്റബിൾ സഹകരണസ്ഥാപനമായ കോലിയക്കോട് ഉപഭോകതൃസംഘത്തിന്റെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്.

വെമ്പായം കോഴിവളർത്തൽ സഹകരണസംഘമാകട്ടെ പ്രവർത്തനം വഴിമുട്ടിനിൽക്കുന്ന അവസ്ഥയിലാണന്നു മുമ്പു സൂചിപ്പിച്ചുവല്ലൊ. ഈ സംഘം പുനരുജ്ജീവിപ്പിക്കേണ്ടതിന്റെ ആവശ്യകത വിവിധ ഗ്രാമസഭകളിൽനിന്നും ഉണ്ടായിട്ടുണ്ട്.

അതുപോലെതന്നെ വനിതാരംഗത്തെ തൊഴിലില്ലായ്മയും ക്ഷേമവും മുൻനിർത്തി മീനാറ വനിതാസഹകരണസംഘത്തിന്റെ പ്രവർത്തനവും ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

വേളാവൂർ കേന്ദ്രമാക്കി ഒരു റബ്ബർ മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് കൊ-ഓപ്പറേറ്റീവ് സൊസൈറ്റി ഈയിടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ സ്ഥാപനം ശൈശവദശ പിന്നിട്ടിട്ടില്ലാത്തതിനാൽ ഒരു വിശകലനത്തിനോ വിലയിരുത്തലിനോ സമയമായിട്ടില്ല.

## പാലോട് സഹകരണ കാർഷികവികസന ബാങ്ക്

നെടുമങ്ങാടു താലൂക്കിലെ വെള്ളനാട്, ആര്യനാട്, കുറ്റിച്ചൽ, പൂവച്ചൽ, കരകുളം, അരുവിക്കര എന്നീ പഞ്ചായത്തുകൾ ഒഴികെയുള്ള പഞ്ചായത്തു പ്രദേശങ്ങളാണ് ഈ ബാങ്കിന്റെ പ്രവർത്തന മേഖല. പഴയ കിളിമാനൂർ ഭൂപണയബാങ്കിന്റെ രൂപാന്തരമാണിസ്ഥാപനം. കാർഷിക, വ്യാവസായിക ഭവനനിർമ്മാണ രംഗത്തും മറ്റു ക്ഷേമപ്രവർത്തനങ്ങളിലും മാണിക്കൽ പഞ്ചായത്തിലെ സഹകാരികളെ ഏറെ സഹായിച്ചുകൊണ്ടിരിക്കുകയാണ്. ബാങ്ക് ആരംഭിച്ചശേഷം ഈ പഞ്ചായത്തുപ്രദേശത്ത് 825 പേർക്കായി 74,00,000 (74 ലക്ഷം) രൂപയുടെ വായ്പകൾ നൽകിയിട്ടുണ്ട്. എന്നാൽ ചെറുകിട

വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലേക്കുള്ള വായ്പാസൗകര്യങ്ങൾ ഉണ്ടാക്കിക്കൊണ്ട് പുതിയ സ്കീമുകൾക്കു രൂപംകൊടുക്കാൻ ഈ ബാങ്ക് തയ്യാറാകണമെന്നാണ് പൊതുഅഭിപ്രായം.

[ഈ പഞ്ചായത്തിൽ വെമ്പായത്തു പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ശാഖയിൽനിന്നും യാതൊരു സ്ഥിതിവിവര കണക്കുകളും ലഭ്യമായിട്ടില്ല. ഉത്തരവാദപ്പെട്ട ബാങ്ക് ഉദ്യോഗസ്ഥർ ജനകീയാസൂത്രണ പ്രവർത്തനങ്ങളോട് നിഷേധാത്മക സമീപനമാണ് സ്വീകരിച്ചുകണ്ടത്.]

## നിർദ്ദേശങ്ങൾ

1. A. പത്താൾസഹകരണ സംഘം (Ten Men Co-Operative Soceity)

ഓരോപ്രദേശത്തും 10 പേർ വീതമടങ്ങുന്ന ഓരോ സ്വാശ്രയതൊഴിൽ സഹകരണ യൂണിറ്റുകൾ വീതം രൂപീകരിക്കുകയും ഇതിന്റെ രജിസ്ട്രേഷൻ പഞ്ചായത്തിൽ ആയിരിക്കുകയും ചെയ്യുക. ഗ്രാമപഞ്ചായത്തു സെക്രട്ടറിയെ ഗ്രാമരജിസ്ട്രാർ ആയി നിയമം മൂലം നിയമിക്കുക. ഈ പത്താൾ സഹകരണസംഘത്തിലെ എല്ലാവരും ചേർന്ന് ഒരു നിശ്ചിത തുക സമമായി ഷെയർ സ്വരൂപിക്കുകയും അതിനു സമമായ തുക പഞ്ചായത്തിൽനിന്നും ഗ്രാൻറായി അനുവദിക്കുകയും ചെയ്യുക. ഓരോ പത്താൾ സഹകരണസംഘത്തിനും തിരുമാനിക്കുന്ന ചെറുകിട വ്യവസായയൂണിറ്റുകളുണ്ടാക്കാവുന്നതാണ്. പഞ്ചായത്തിൽ രൂപീകരിക്കപ്പെടുന്ന എല്ലാ പത്താൾസംഘത്തിനുമായി ഒരു കേന്ദ്രീകൃത നിയന്ത്രണബോർഡ് ഉണ്ടായിരിക്കണം. പ്രാദേശികമായ തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഇതു വളരെയധികം സഹായിക്കും.

2. ജലസേചന സഹകരണസംഘങ്ങൾ

കുടിവെള്ളക്ഷാമമുള്ള ഒട്ടേറെ പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇങ്ങനെയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പത്തോ പതിനഞ്ചോ വീട്ടുകാർ ചേർന്ന് ഓരോ ജലസേചന സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. ഉചിതമായ സ്ഥലത്ത് പൊതുക്കിണറോ കുളമോ നിർമ്മിച്ച് ജലസംഭരണി കെട്ടി ശക്തിയേറിയ പമ്പു വയ്ക്കുകയും ഈ സംഭരണിയിൽ നിന്നുള്ളവെള്ളം സംഘടനയിൽ അംഗമായ കുടുംബങ്ങളുടെ ഗൃഹങ്ങളിലേക്ക് പൈപ്പിട്ട് എത്തിക്കാവുന്നതുമാണ്. ഇതിനുവേണ്ടിവരുന്ന ചിലവിന്റെ പകുതി സംഘാംഗങ്ങൾ തുല്യമായി സ്വരൂപിക്കേണ്ടതും 50% പഞ്ചായത്തിൽ നിന്നും ഗ്രാൻറായി നൽകേണ്ടതുമാണ്. ഈ രീതിയിലുള്ള സഹകരണസംഘങ്ങളുടെ രജിസ്ട്രേഷനും പഞ്ചായത്തിൽതന്നെ ആയിരിക്കേണ്ടതുമാണ്.

3. ലേബർ കോൺട്രാക്ട് സൊസൈറ്റി

കാർഷികരംഗത്ത് തൊഴിലാളികളുടെ കുറവ് വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. ഇതു പരിഹരിക്കുവാൻ യന്ത്രവത്കരണം അത്യന്താപേക്ഷിതമായിരിക്കുന്നു. നെൽകൃഷിക്കുവേണ്ടിയുള്ള ഉഴൽ യന്ത്രങ്ങളും കൊയ്ത്തുയന്ത്രങ്ങളും പ്രവർത്തിപ്പിക്കുവാൻ

തൊഴിൽ രഹിതരായ യുവാക്കൾക്ക് പരിശീലനം നൽകി ഇവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കാവുന്നതാണ്. ഇതുപോലെ നിർമ്മാണത്തൊഴിലാളികളേയും മറ്റും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചുകൊണ്ട്പഞ്ചായത്തുലവലിൽ ഒരു സഹകരണശൃംഖലതന്നെ ഉണ്ടാക്കാൻ കഴിയും.

4. വിദഗ്ധ തൊഴിലാളി സഹകരണ സംഘം Skilled Workers Co-Operative Society.

ഗൃഹോ.പകരണങ്ങൾ, ടെലിവിഷൻ, റേഡിയോ, അയൺ തുടങ്ങിയ ഇലക്ട്രോക് ഉപകരണങ്ങൾ, വയറിംഗ്, പൈപ്പ്‌ലൈൻ എന്നിങ്ങനെ വീടുകളുമായി ബന്ധപ്പെട്ടുള്ള സാമഗ്രികളുടെ അറ്റകുറ്റപ്പണിചെയ്യാൻ പരിജ്ഞാനമുള്ള വിദഗ്ധ തൊഴിലാളികളെ സംഘടിപ്പിച്ച് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സഹകരണസംഘം ആരംഭിക്കാവുന്നതാണ്. വീടുകളിൽ നിന്നുള്ള ആവശ്യപ്പെടൽ അനുസരിച്ച്ബന്ധപ്പെട്ട വിദഗ്ധ തൊഴിലാളികളെ പഞ്ചായത്തിൽ നിന്നും നിയോഗിക്കേണ്ടതും പ്രസ്തുത തൊഴിലാളികൾക്ക് തിരിച്ചറിയൽകാർഡുകൾ നൽകി വിശ്വാസ്യത ഉറപ്പുവരുത്തേണ്ടതുമാണ്.

5. പുതുതായി ക്ഷീരോത്പാദക സഹകരണസംഘങ്ങൾ

മാണിക്കൽ പഞ്ചായത്തിലെ മിക്കവാറും എല്ലാഗ്രാമസഭകളിൽനിന്നും പുതുതായി ക്ഷീരസഹകരണസംഘങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. എന്നാൽ ഔചിത്യബോധത്തോടെ വേണം ഈ പ്രശ്നത്തെ സമീപിക്കാൻ. രണ്ടു വാർഡുകൾ കേന്ദ്രീകരിച്ച് ഒരു സഹകരണസംഘമെന്ന നിലയിൽ നാലു ക്ഷീരസംഘങ്ങൾ കൂടി രൂപീകരിക്കണം. ഇതിലേക്ക് 8-ാം പട്ടികയിൽപറയുന്ന നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

പട്ടിക 8

| വാർഡുകൾ | | ക്ഷീരസംഘം സ്ഥാപിക്കേണ്ട കേന്ദ്രം |
|---|---|---|
| 1.<br>2. | വേളാവൂർ<br>കുന്നിട | മൂൺടയ്ക്കൽ വാരം |
| 1<br>2. | കൊപ്പം<br>വെമ്പായം | വെമ്പായം |
| 1<br>2. | ഇടതറ<br>കുതിരകുളം | മൊട്ടക്കാവ് |
| 1.<br>2. | പ്ളാക്കീഴ്<br>പിരപ്പൻകോട് | പിരപ്പൻകോട് |

6. മാണിക്കൽ സർവ്വീസ് സഹകരണസംഘത്തിന്റെ ഒരു ശാഖ ഈന്തിക്കാട്ടിൽ ആരംഭിക്കുക.

7. പൂലന്തറ ക്ഷീരസംഘത്തിൽ എല്ലാ പാൽ ഉത്പാദകർക്കും അംഗത്വം നൽകുക.

8. പൂലന്തറക്ഷീരസംഘത്തിന്റെ ആഭിമുഖ്യത്തിൽ കോലിയക്കോട് കേന്ദ്രമാക്കി പാലിൽനിന്ന് ഇതരവിഭവങ്ങൾ ഉത്പാദിപ്പിക്കുവാനുളള ഒരു മിനി ഡയറി യൂണിറ്റ് ആരംഭിക്കുക.

9. പാലോട് സഹകരണ കാർഷികവികസന ബാങ്കിന്റെ ശാഖ കോലിയക്കോട്ട് ആരംഭിക്കുക.

10. പ്ളാക്കീഴ് വനിതാസഹകരണസംഘം പുനരുജ്ജീവിപ്പിക്കുക.

11. കൊപ്പം കേന്ദ്രമാക്കിയുള്ള ഈറ്റവ്യവസായസഹകരണസംഘം പുനരുജ്ജീവിപ്പിക്കുക.

12. വെമ്പായം കോഴിവളർത്തൽ സഹകരണസംഘം പ്രവർത്തനക്ഷമമാക്കുക.

13. ഒരു സബ്ട്രഷറി വെമ്പായത്തു സ്ഥാപിക്കുക.

14. മോട്ടോർ തൊഴിലാളി സഹകരണസംഘം വെമ്പയം കേന്ദ്രമാക്കി ആരംഭിക്കുക.

15. കാർഷികവായ്പയ്ക്കു പലിശ നാമമാത്രമാക്കുകയും വായ്പാ നയം ഉദാരമാക്കുകയും ചെയ്യുക.

16. പിരപ്പൻകോട് കേന്ദ്രമാക്കി ഒരു ഭവനനിർമ്മാണ സഹകരണസംഘം ആരംഭിക്കുക.

17. ഒരു റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം പിരപ്പൻകോട് ആരംഭിക്കുക.

18. വേളാവൂർ കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണസഹകരണസംഘം സ്ഥാപിക്കുക.

19. അർഹതയുള്ള എല്ലാവർക്കും സഹകരണസംഘങ്ങളിൽ അംഗത്വം നൽകുക

ജനങ്ങളുടെ സംഘടിതമായ ശ്രമംകൊണ്ട് സാധാരണസഹകരണസംഘങ്ങൾ ആരംഭിക്കാൻ കഴിയും. എന്നാൽ ക്ഷീരസഹകരണസംഘം ഈ പഞ്ചായത്തിൽ സ്ഥാപിക്കണമെങ്കിൽ ആവാർഡ് പൂലന്തറ ക്ഷീരസംഘത്തിന്റെ ബൈലയിൽനിന്നും ഒഴിവാക്കുകയോ രജിസ്ട്രാറുടെ പ്രത്യേകാനുമതി നേടുകയോ വേണ്ടിയിരിക്കുന്നു. ഗവൺമെന്റിൽ നിന്നും ഇക്കാര്യത്തിൽ പൊതുവായ ഒരു നിയമനിർമ്മാണം അനിവാര്യമായിരിക്കും.

## I. B. <u>കാർഷികവിള പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് സൊസൈറ്റി</u>

കർഷകർ കാലാകാലങ്ങളിൽ ഉത്പാദിപ്പിക്കുന്ന വിളകൾ വാണിജ്യാടിസ്ഥാനത്തിൽ സംഭരിക്കുവാനും കേടുകൂടാതെ സൂക്ഷിക്കുവാനും സമീപപ്രദേശത്തെങ്ങും തന്നെ യാതൊരു സംവിധാനവും നിലവിലില്ല. ഇതുമൂലം വിളവിന്റെ നല്ലൊരു ഭാഗം ചീഞ്ഞും ഉണങ്ങിയും കീടബാധകൾ മൂലവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈഭക്ഷ്യനഷ്ടം ഒരു ദേശീയ നഷ്ടമായിക്കൂടി കാണേണ്ടതാണ്. ഈ പ്രതിസന്ധി ഒഴിവാക്കുവാൻ പഞ്ചായത്തുതലത്തിൽ ഉചിതമായ സ്ഥലം തെരഞ്ഞെടുത്ത് ഒരു കാർഷികവിള പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് സൊസൈറ്റി സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കേണ്ടതാണ്. നിർദ്ദിഷ്ട സഹകരണസംഘം വഴി റബ്ബർ, കൊപ്ര, കുരുമുളക്, അടയ്ക്ക, കച്ചോലം, ഇഞ്ചി തുടങ്ങിയ നാണ്യനാണ്യേതര വിളകളും സംഭരിച്ചുസൂക്ഷിച്ചു വിപണനം ചെയ്യാവുന്നതാണ്.

20. തിരുവനന്തപുരം ജില്ലാ സഹകരണബാങ്കിന്റെ ഒരുശാഖ വെമ്പായത്തു സ്ഥാപിക്കുക.

21. 2-ാം നമ്പരായി പറഞ്ഞിട്ടുള്ള ജലസേചനസഹകരണസംഘങ്ങൾക്ക് മിനിജലധാരാ വൈദ്യുത പദ്ധതികൾക്കും രൂപം കൊടുക്കാവുന്നതാണ്.

22. മരച്ചീനി, ചക്കക്കുരു, നെല്ല് തുടങ്ങിയ അസംസ്കൃത വസ്തുക്കൾ ചേർത്ത് ഒരു കാലിത്തീറ്റ നിർമാണസഹകരണകേന്ദ്രം പാറയ്ക്കലിൽ സ്ഥാപിക്കുക.

# പട്ടികജ്ജാതി – പട്ടികവർഗ്ഗക്ഷേമം

| | |
|---|---|
| പട്ടികജ്ജാതി ജനസംഖ്യ | 4511 |
| പട്ടികവർഗ്ഗ ജനസംഖ്യ | 20 |
| പട്ടികജ്ജാതി സങ്കേതങ്ങൾ | 49 |
| പട്ടികവർഗ്ഗ സങ്കേതങ്ങൾ | 1 |

## I.H.D.P കോളനികൾ – 3

1. പ്ളാക്കീഴ് പെരുമ്പറമ്പം ഹരിജൻ കോളനി
2. പോങ്ങുവിള ഹരിജൻ കോളനി
3. പുത്തരിപൊയ്ക ഹരിജൻ കോളനി

## നമ്മുടെ പഞ്ചായത്തിലെ പട്ടികജ്ജാതി സങ്കേതങ്ങൾ

| | | കുടുംബങ്ങൾ |
|---|---|---|
| 1. | മീനാറ ഹരിജൻ സെറ്റിൽമെൻറ് | 16 |
| 2. | നൂറേക്കർ ഒളിമുല കരിക്കകം | 26 |
| 3. | കരിക്കകം | 40 |
| 4. | കുന്നിട | 30 |
| 5. | നൂറക്കാവിൽ പിഞ്ഞുകുഴി തലയിൽ | 24 |
| 6. | മൺവിള | 26 |
| 7. | പ്ളാക്കീഴ് – പെരുമടം | 20 |
| 8. | പുത്തയം (പത്തേക്കർ) | 30 |
| 9. | ചേലയം | 75 |
| 10. | കൊപ്പം (പള്ളിവിള) | 25 |
| 11. | മൺവിളമുകൾ | 22 |
| 12. | മുളംകുന്ന് ലക്ഷംവീട് | 20 |
| 13. | പാറപ്പൊറ്റ | 12 |
| 14. | വിളയ്ക്കാട്ടുകോണം | 11 |
| 15. | ചെറുപറക്കോണം | 11 |
| 16. | കോലിയക്കോട് | 13 |
| 17. | പുത്തരിപൊയ്ക | 16 |
| 18. | പുലന്തറ | 27 |
| 19. | കാഞ്ഞാംപാറ | 11 |
| 20. | അണ്ണൽ | 17 |
| 21. | ചിറത്തലയ്ക്കൽ | 12 |
| 22. | പുത്തൻകോണം | 19 |
| 23. | പിണറുംകുഴി | 23 |
| 24. | പുൽപ്പാറ | 10 |
| 25. | ഒളിമുല | 11 |
| 26. | ഒഴുകുപാറ | 21 |
| 27. | വേടത്തിക്കുന്ന് | 19 |
| 28. | വാദ്ധ്യാരുകോണം | 12 |
| 29. | കുഞ്ചിക്കുഴി | 11 |
| 30. | കമുകിൻകുഴി | 11 |
| 32. | വട്ടവിള | 11 |
| 33. | ആലുമനൂർ (വാറുവിളാകം) | 12 |

| | | |
|---|---|---|
| 34. | മുളങ്കുന്ന് | 27 |
| 35. | മത്തനാട് | 17 |
| 36. | പാളയംകെട്ട് | 13 |
| 37. | കല്ലതിവിള | 15 |
| 38. | വാവുക്കോണം | 11 |
| 39. | ഊറ്റുകുഴി | 14 |
| 40. | മുളയം | 20 |
| 41. | മൊട്ടറക്കുന്ന് | 10 |
| 42. | കാപ്പിക്കുന്ന് | 11 |
| 43. | പോങ്ങുവിള | 24 |
| 44. | ചിനിവിള | 12 |
| 45. | അരിപ്ര | 18 |
| 46. | വെള്ളാണിക്കൽ | 31 |
| 47. | ചിലന്തിയാംകോണം | 19 |
| 48. | വിളയ്നാട് | 23 |
| 49. | മുണ്ടക്കരിക്കകം | 11 |

**പട്ടികവർഗ്ഗകോളനി** **കുടുംബങ്ങൾ**

വെള്ളാണിക്കൽ – 5

പട്ടികജാതി സങ്കേതങ്ങളിലെ ആകെ കുടുംബങ്ങൾ 1031 പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ആകെ കുടുംബങ്ങൾ 5

I.R.D.P. സർവ്വേപ്രകാരം കണ്ടെത്തിയ ദാരിദ്രരേഖയ്ക്ക് താഴെയുള്ള പട്ടികജാതി കുടുംബങ്ങൾ – 325

പട്ടികവർഗ്ഗകുടുംബങ്ങൾ – 1

സാമ്പത്തിക സഹായം ലഭിച്ച പട്ടികജാതി കുടുംബങ്ങൾ 148

ആസൂത്രണത്തിൻെറ വെല്ലുവിളിയായ ദാരിദ്ര്യവും തൊഴിലില്ലായ്മയും ഏറ്റവും കൂടുതലുള്ള മേഖലയാണിത് പട്ടികജാതി പട്ടികവർഗ്ഗസങ്കേതങ്ങളുടെ തീവ്ര വികസനം ലക്ഷ്യമാക്കി സർക്കാർ തലത്തിൽ ഇന്നുവരെ നടപ്പാക്കപ്പെട്ട പദ്ധതികൾ പ്രശ്നപരിഹാരത്തിന് അപര്യാപ്തമാണ്.

അമിതമായ കോളനിവൽക്കരണമാണ് സാമൂഹ്യ സാംസ്ക്കാരികരംഗത്ത്പട്ടികജാതി പട്ടികവർഗ്ഗഉന്നമനത്തിന് വിലങ്ങുതടിയായി നിൽക്കുന്ന പ്രധാന വസ്തുതയെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നു. ബാഹ്യലോകത്തുനിന്നും കൊട്ടിയടക്കപ്പെട്ട പ്രത്യേക അറകളായി കോളനികൾ മാറുന്നു. ഒരു കോളനി സംസ്ക്കാരം രൂപം കൊളളുന്നു. സാഹചര്യങ്ങളുണ്ടായിട്ടും ഉയരാത്ത വിഭാഗമായിത്തീരുന്ന ഇവിടം മന്ത്രവാദത്തിൻെറയും ക്ഷുദ്രപ്രയോഗത്തിൻെറയും ശാലകളായിത്തീരുന്നു. ഇതിൻെറയെല്ലാം ഫലം കോളനികളിലെ കുടുംബങ്ങൾ തമ്മിലുള്ള മാനസിക അനൈക്യവും, കുടുംബബന്ധങ്ങളിലെ ശിഥിലതയുമാണ്. കോളനികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ എന്ന ഇന്നത്തെ അവസ്ഥ മാറ്റിയെടുക്കുന്നതിൽ കൂടിമാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ. മറ്റുജനവിഭാഗങ്ങളുമായി അവരെഅടുപ്പിക്കുന്നതിനും സാംസ്ക്കാരിക സാമൂഹ്യ മുഖ്യധാരയിലേക്ക് അവരെ കൊണ്ടുവരേണ്ടതുംകാലഘട്ടത്തിൻെറ ആവശ്യമാണ്. ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കേണ്ടിവരുമ്പോൾ കോളനികളല്ലാത്ത ചിതറിയ പാർപ്പിട പദ്ധതിക്ക് രൂപം കൊടുത്ത് ഈ വിപത്ത് ഇല്ലാതാക്കേണ്ടത് അത്യാവശ്യമാണ്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യാവസ്തയിൽ കഴിഞ്ഞ അൻപതു വർഷങ്ങൾക്കുശേഷം വളരെയേറെ മാറ്റങ്ങൾ കാണാൻ കഴിയും. നമ്മുടെ പഞ്ചായത്തിലെ പ്രബുദ്ധമായ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തനം സാമൂഹ്യഉച്ചനീചത്വങ്ങൾ ഇല്ലാതാക്കാൻ സഹായിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ വിവാഹം പോലുള്ള ചടങ്ങുകളിൽ മറ്റുള്ളവരുടെ പങ്കാളിത്തം വളരെ വർദ്ധിച്ചിട്ടുണ്ട്. സംവരണമില്ലാതെ തന്നെ സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ അതാതു പ്രദേശങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്

എന്നിരുന്നാലും നേതൃത്വനിരയിലേക്ക് ഉയരുന്നതിന് അത്രയൊന്നും വിജയിക്കാനും കഴിഞ്ഞിട്ടില്ല. പട്ടികജാതി സങ്കേതങ്ങളിലെ പ്രശ്നപരിഹാരം പലപ്പോഴും മുന്നോക്കക്കാർ നിർവഹിക്കുന്നതിനാൽ പിന്നോക്കവിഭാഗക്കാർ ഉത്തരവാദിത്വരാഹിത്യം പ്രകടമാക്കുന്നു അവർ നേതൃത്വനിരയിലുയരുന്നില്ല. ഇത് സാമൂഹ്യ പ്രശ്നങ്ങളോടുള്ള അയഞ്ഞ സമീപനത്തിലും പ്രശ്നങ്ങളെ നേരിടാനുള്ള ശേഷിക്കുറവിലേക്കും അവരെ കൊണ്ടുചെന്നെത്തിക്കുന്നു.

പട്ടികജാതിസങ്കേതങ്ങളിലെ സാംസ്ക്കാരികഭാഗം വളരെ മോശമാണ്. സർക്കാർ വിലാസം പരിപാടികളായിവരുന്ന ടി.വി. കിയോസ്ക്കൊഴിച്ചാൽ സാംസ്ക്കാരികസ്ഥാപനങ്ങളും റിക്രിയേഷൻ സൗകര്യങ്ങളോ കോളനികളിലില്ല. സാംസ്ക്കാരികസംഘടനാപ്രവർത്തനത്തിന്റെ അഭാവം ഭാവനാകോളനി കേന്ദ്രീകരിച്ചും അനധികൃത ചീട്ടുകളിസംഘങ്ങളുടെ ഉൽഭവത്തിനും കാരണമാകുന്നു. നമ്മുടെ പഞ്ചായത്തിലെ ഏകദേശം എല്ലാ കോളനികൾ കേന്ദ്രീകരിച്ചും ഇത് കാണാൻ കഴിയും.

വിദ്യാഭ്യാസപരമായ ഉന്നതിയും ഒപ്പം ഉയർന്ന ഉദ്യോഗത്തിലിരിക്കുന്നവരുമായ പട്ടികജാതി പട്ടികവർഗ്ഗക്കാർ നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. ഒരു എൻജിനിയറിംഗ് ഡിഗ്രിക്കാരനും ഒരു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുമായാൽ ആചിത്രം പൂർത്തിയാകുന്നു. പ്രൈമറിതലവിദ്യാഭ്യാസം പോലും പൂർത്തിയാക്കാൻ കഴിയാത്തവരാണ് ഭൂരിഭാഗവും. ഇതിനുകാരണം പട്ടികജാതികുടുംബങ്ങളിൽ ഏകദേശം പകുതിയിലധികവും സ്ത്രീകൾ കടുംബഭാരം വഹിക്കുന്നവരാണ്. കടുംബത്തിന്റെ സാമ്പത്തിക ഉത്തരവാദിത്വം പൂർണ്ണമായി വഹിക്കേണ്ടിവരുന്ന ഇവർക്ക് കുട്ടികളുടെ വിദ്യാഭ്യാസം കാര്യമായിശ്രദ്ധിക്കാനും കഴിയുന്നില്ല. നിർഭാഗ്യവശാൽ ഈ അമ്മമാരിൽ ഭൂരിഭാഗവും നിരക്ഷരരാണ്. ഇത് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കുറയ്ക്കുന്നതിന്കാരണമാകുന്നു. പ്രൈമറിതല വിദ്യാഭ്യാസംപോലും പൂർത്തിയാക്കാതെ കായികാധ്വാന മേഖലകളിലേയ്ക്ക് പോകുന്ന ഒരു പുതിയ തൊഴിൽ സംസ്ക്കാരം ഇവരുടെ ഇടയിലുള്ള നിരക്ഷരത വർദ്ധിപ്പിക്കുന്നു. വളരെ ചെറുപ്പത്തിലേ സാമ്പത്തികസ്വാശ്രയരായി മാറുന്ന ഈ ചെറുപ്പക്കാർ സാമൂഹ്യ അനാശാസ്യ മണ്ഡലങ്ങളിലേക്ക് എടുത്തെറിയപ്പെടുന്നു.

നമ്മുടെ പട്ടികജാതി സങ്കേതങ്ങളിലെ ആരോഗ്യരംഗം വളരെ ശോചനീയമാണ്. ചുറ്റുപാടുകൾ വളരെ വൃത്തിഹീനമാണ്. വൃത്തിയുള്ള കക്കൂസ് സൗകര്യമോ ശുദ്ധമായ കുടിവെള്ളമോ എല്ലാ പ്രദേശങ്ങളിലും ലഭ്യമല്ല. ആരോഗ്യപരിപാലനരംഗം വളരെ അപകടകരമായ അവസ്ഥയിലാണ്. പ്രതിരോധത്തെക്കുറിച്ചുള്ള അജ്ഞതയും രോഗത്തെക്കുറിച്ചുള്ള അജ്ഞതയും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കോളനികളിലെ ചികിൽസാരീതിഅവിശ്വാസങ്ങളിലും അനാചാരങ്ങളിലും കുടുങ്ങിക്കിടക്കുന്നു. രോഗത്തിന് ചികിൽസ മന്ത്രവാദം എന്നതത്വത്തിനധിഷ്ടിതമാണ് ചികിൽസാരീതി. കൂടാതെ ആരോഗ്യരംഗത്തെ ഏറ്റവും പ്രധാന പ്രശ്നം പട്ടികജാതിക്കാരുടെയിടയിൽകാണുന്ന ശൈശവ വിവാഹമാണ്. പലപ്പോഴും വിവാഹപ്രായം 14 ഓ 15 ഓ ആണ്. ഇത് അമ്മയുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യം ക്ഷയിപ്പിക്കുമെന്ന് പറയേണ്ടതില്ലല്ലൊ. പോഷകാഹാരക്കുറവ് ഏറ്റവും കൂടുതലായികാണുന്നത് കോളനികളിലെ കുട്ടികളുടെ ഇടയിലാണ്. ഇതെല്ലാം ആരോഗ്യരംഗത്ത് ശ്രദ്ധപതിപ്പിക്കേണ്ടപ്രാധാന്യം ബോധ്യമാകുന്നു.

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതിവിഭാഗങ്ങളിലെ കാർഷികമേഖലയിലും അനുബന്ധമേഖലയിലും പണിയെടുക്കുന്നവരാണ് ഏകദേശം 2000.00 രൂപയോളം മാസവരുമാനമുള്ള ഇത്തരം കുടുംബങ്ങൾ വരുമാനത്തിന്റെ 100% ഉപഭോഗത്തിനായി ചിലവിടുന്നു. ശരിയായ ഒരുപണവിനിയോഗ സമ്പ്രദായം ഇവരുടെ ഇടയിലില്ല. സമ്പാദ്യശീലം തീരെയില്ലാത്ത ഇത്തരം കുടുംബങ്ങളിൽ സമ്പാദ്യശീലമോ ശരിയായ ഒരു ബാങ്കിംഗ് ഹാബിറ്റോ ഇല്ല.

## പദ്ധതികൾ

### 1. പട്ടികജാതി പട്ടികവർഗ്ഗ തീവ്രസാങ്കേതിക വികസന പരിപാടി

പ്രത്യേക ഘടകപദ്ധതിയുടേയും ഗിരിവർഗ്ഗ ഉപസമിതികളുടേയും തത്വത്തെ അടിസ്ഥാനപ്പെടുത്തി പ്രാദേശികാസൂത്രണവും വികസനവും വഴി ഏറ്റവും പിന്നോക്കാവസ്ഥയിൽപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗസങ്കേതങ്ങളുടെ സമഗ്രവികസനത്തെ ലക്ഷ്യമാക്കി സർക്കാർ രൂപംനൽകിയ ഈ പദ്ധതി പ്ളാക്കീഴ് പെരുമ്പാമം ഹരിജൻ കോളനിയിലും പോങ്ങുവിള ഹരിജൻകോളനിയിലും പുത്തരി ഹരിജൻകോളനിയിലും നടപ്പാക്കുകയുണ്ടായി. പെരുമ്പാമം ഹരിജൻകോളനിയിൽ പുനരധിവാസത്തിനും സ്ഥലമുള്ളവർക്ക് വീട് നിർമ്മിച്ച്കൊടുക്കുന്നതിനായി 5,59,900 രൂപയും അനുപൂരക ഘടകങ്ങളുടെ

RASSI ENTERPRISES

**MOSAICS & MARBLES**

VEMBAYAM, PHONE: 832344

RASSI LOADGE

വസ്ത്രങ്ങൾക്ക്

**ഉല്ലാസ്**



വെമ്പായം

റെഡിമെയിഡ്

&

കല്യാണസാരികൾ

വികസനത്തിനായി 520000 രൂപയും വരുമാനവർദ്ധന പരിപാടികൾക്കായി 1,31,710 രൂപയും ചെലവാക്കുകയുണ്ടായി. എന്നാൽ ഈ കോളനികൾ രൂക്ഷമായ കുടിവെള്ളക്ഷാമം അഭിമുഖീകരിക്കുന്നുണ്ട്. വീടുകളുടെ വൈദ്യുതീകരണം പൂർണ്ണമായിട്ടില്ല.

2. സംയോജിത ഭവനനിർമ്മാണ പദ്ധതി

ഭവനരഹിതരായവരും സ്വന്തമായി ഭൂമികൈവശമുള്ളവരുമായ പട്ടികജാതിക്കാർക്ക്ഭവനനിർമ്മാണത്തിന് 15,000 രൂപ സഹായം നൽകിവരുന്നുണ്ട് 1992 മുതൽ 96 വരെ ഈ പരിപാടിയനുസരിച്ച് 54 ഓളംവീടുകൾനിർമ്മിച്ചുനൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. 20% ഗുണഭോക്താവിന്റെ സംഭാവനയോടെയാണ് ഈ പരിപാടിനടപ്പാക്കേണ്ടത്. എന്നാൽ ഇതിൽ ഗുണഭോക്താവിന്റെ സംഭാവനയുടെ അഭാവത്തിന്റെ ഫലമായി പലപ്പോഴും വീടുനിർമ്മാണം മുടങ്ങിക്കിടക്കുന്നു എന്ന് കാണാൻ കഴിയും.

3. ഇന്ദിര ആവാസ് യോജന

ഈ പദ്ധതിപ്രകാരവും 15,000 രൂപാവരെ ക്രമത്തിൽ വീടുനിമ്മണത്തിന് സഹായം നൽകുന്നുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ബോധവാൻമാരല്ലാത്തതിനാൽ പണിപൂർത്തിയാകാത്ത അവസ്ഥ ഈ പദ്ധതിക്കും സഹിക്കേണ്ടിവരുന്നുണ്ട്.

4. I.R.D.P സർവ്വേപ്രകാരം നമ്മുടെ പഞ്ചായത്തിലെ ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ മൊത്തം എണ്ണം 2610 ആണ്. അതിൽ 325 പട്ടികജാതികുടുംബങ്ങളും 1 പട്ടികവർഗ്ഗകുടുംബവും ദാരിദ്രരേഖയ്ക്ക് താഴെയാണ്. 148 കുടുംബങ്ങൾഈ പദ്ധതിപ്രകാരം ഗുണം ലഭിച്ച് ദാരിദ്രരേഖയ്ക്ക് മുകളിൽ എത്തിയെന്നാണ് കണക്ക്. 179 പട്ടികജാതികുടുംബങ്ങളും ഒരു പട്ടികവർഗ്ഗകുടുംബവും ഇപ്പോഴും ദാരിദ്രരേഖയ്ക്ക് താഴെയാണ്. എന്നാൽ ആദ്യകാലങ്ങളിൽ നൽകിയ സഹായങ്ങൾപലതും പെട്ടിക്കടകളും പശുവുമായിരുന്നു. ഇത്മൂലം യഥാർത്തിൽ ദാരിദ്രരേഖയ്ക്ക് മുകളിലെത്താൻ ഈ കടുംബങ്ങൾക്ക് കഴിയാത്ത അവസ്ഥയിലുമാണ്.

അന്ത്യോദയ രൂപത്തിലാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നതെങ്കിലും ഒരു നിശ്ചിതവരുമാനമുള്ള വളരെയധികം ആളുകൾ ലിസ്റ്റിലുള്ളപ്പോൾ അാവശ്യക്കാരെ തെരെഞ്ഞുപിടിച്ചുസഹായിക്കാൻ കഴിയാതെ വരുന്നു എന്നതാണ് ഇതിന്റെ പോരായ്മ.

കഴിഞ്ഞകാല അനുഭവങ്ങളിൽനിന്നും പരമ്പരാഗതരീതിയിലുള്ള പരിപാടി നടപ്പിലാക്കലിൽനിന്നും വ്യത്യസ്ഥമായി നമ്മുടെപഞ്ചായത്തിൽ I.R.D.P യ്ക്ക് പുതിയമേഖലകൾ കണ്ടെത്തുന്ന രീതി സ്വാഗതാർഹമാണ്. പഴഞ്ചൻആട്ടോ, നെയ്ത്തുയൂണിറ്റ്, ഫ്രൂട്ട്സ്റ്റാൾ, ആടുവളർത്തൽ, ഓലക്കച്ചവടം, കൊപ്രാ, നെല്ലുകുത്ത്, ചല്ലിയടി തുടങ്ങിയ മേഖലകളിലേക്ക് നമ്മുടെ പരിപാടി വ്യാപിച്ചിട്ടുണ്ട്.

5. TRYSEM

ഗ്രാമീണ ജനങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിശീലനം നൽകുന്ന ഈ പരിപാടിയിൽ 50% ത്തോളം പട്ടികജാതിക്കാർക്ക് സംവരണം ചെയ്തിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ 30 പേർക്ക് നാളിതുവരെ ഈ പരിപാടിയനുസരിച്ച് പരിശീലനം ലഭിച്ചിട്ടുണ്ട്. (ടെയിലറിംഗ്, - 14, കമ്പോസിംഗ് -4, ആട്ടോവർക്സ് - 1, പ്ളംബിംഗ് - 4, ലതർ വർക്സ് - 7) എന്നാൽ ഇതിൽ മൂന്ന്പേർ മാത്രമാണ് പട്ടികജാതിക്കാരായുള്ളത്. പട്ടികജാതിയിൽപ്പെട്ട ചെറുപ്പക്കാർ ഈ പരിപാടിയോട് വിമുഖത കാണിക്കുന്ന അനുഭവമാണുള്ളത് ഇതു മാറ്റിയെടുക്കേണ്ടത് ആവശ്യമാണ്.

സാദ്ധ്യതകൾ

1. കോളനികളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത ഉണ്ട്. നമ്മുടെ പഞ്ചായത്തിലെ 49 പട്ടികജാതികോളനികളിലും ഒരു പട്ടികവർഗ്ഗകോളനിയിലും ചിതറിയ മറ്റുകുടുംബങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി എത്തിക്കണം.

2. കുടിവെള്ളം എത്തിക്കുന്നതിനായി ഈ കോളനികളിൽ അതാതു പ്രദേശത്തിനനുയോജ്യമായ കുടിവെള്ള പദ്ധതികൾ അടിയന്തിരമായി നടപ്പിലാക്കണം.

3. കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ലാത്ത മേഖലകളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി ആവിഷ്ക്കരിക്കേണ്ടതാണ്.

4. ലക്ഷംവീടുകോളനികളുടെ അറ്റകുറ്റപണികൾതീർത്ത് താമസയോഗ്യമാക്കണം.

5. പട്ടികജാതികോളനികളിലും പട്ടികജാതിക്കാരുടെ മറ്റു പ്രദേശങ്ങളിലും അവർക്കാവശ്യമായ കക്കൂസ് സംവിധാനം ഉണ്ടാക്കുകയും മാലിന്യനിർമാർജ്ജനമാർഗ്ഗങ്ങൾ എർപ്പെടുത്തുകയും ചെയ്യുക.

6. രോഗ പ്രതിരോധത്തിന്റെ പ്രാധാന്യം ബോധ്യമാക്കുന്ന ബോധനപരിപാടികൾ ആവിഷ്ക്കരിക്കുക.

7. ആരോഗ്യബോധവൽക്കരണത്തിനായി കോളനികളിൽ റസിഡൻഷ്യൽ അസോസിയേഷനുകൾ ഉണ്ടാക്കി അവയുടെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യുക.

8. പഞ്ചായത്ത് പുറംപോക്ക് പ്രദേശങ്ങളും മിച്ചഭൂമിയും ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗക്കാർക്ക് പതിച്ചുനൽകുക.

9. കൂടുതൽ കുടുംബങ്ങളുള്ളപട്ടികജാതി കോളനികളിൽ പൊതു ശ്മശാനം സ്ഥാപിക്കുക.

10. ശരിയായ പരിസരശുചിത്വബോധവൽക്കരണപരിപാടികൾ ആവിഷ്ക്കരിക്കണം.

11. ഓരോ വാർഡിലുമുള്ള കലാകായിക സംഘടനകളിൽ പട്ടികജാതി പട്ടികവർഗ്ഗത്തിലുള്ള യുവജനങ്ങളേക്കൂടി പങ്കെടുപ്പിക്കുതിനുള്ള നിരന്തര ശ്രമവും നേതൃനിരയിലേക്കുയർത്തതുന്നതിനുള്ള പരിപാടികളും ആസൂത്രണം ചെയ്യുക.

12. സമ്പാദ്യശീലം ഉണ്ടാക്കി എടുക്കുന്നതിനും പണോപയോഗത്തെ സംബന്ധിച്ച ധാരണയുണ്ടാക്കുന്നതിനും ആവശ്യമായ ബോധവൽക്കരണപരിപാടികൾ ആവിഷ്ക്കരിക്കുക.

13. പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികളുടെയിടയിൽ നിരക്ഷരതയും വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും കാണാം. ഇതിന് പരിഹാരമായി കോളനികളിൽ കോളനി വിദ്യാഭ്യാസ കമ്മറ്റികൾ രൂപീകരിക്കണം. (Residential Educational Committee). സ്കൂളുകളിൽ വിദ്യാർത്ഥികളെ ശ്രദ്ധിക്കുതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കണം.

14. ഉന്നതോദ്യോഗങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ അഭ്യസ്ഥവിദ്യസ്ഥരായ പട്ടികജാതിക്കാരെ എടുക്കുന്നതിന് പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കോച്ചിംഗ് കം ഗൈഡൻസ് സെൻറർ ആരംഭിക്കണം.

15. പട്ടികജാതി പട്ടികവർഗ്ഗ തീവ്രസാങ്കേതികവികസന പരിപാടി കൂടുതൽ കോളനികളിൽ നടപ്പിലാക്കുക.

16. പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗത്തിലെ നിരക്ഷരത പൂർണ്ണമായും സാക്ഷരതയാക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.

19. കോളനികളിൽ നിന്നും വിദഗ്ധൻമാരെ സൃഷ്ടിച്ചെടുക്കുന്നതിനായി അവർക്ക് ഔപചാരികവിദ്യാഭ്യാസം നൽകുന്നതിന് സന്നദ്ധസംഘടനകളുടെ പ്രവർത്തനം നേടണം. ഈ പ്രവർത്തനം പഞ്ചായത്തിൽ എകോപിക്കുകയും പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഗ്രാൻറ് നൽകണം.

20. പ്രവർത്തന രഹിതരായിക്കിടക്കുന്ന മാണിക്കൽ സഹകരണസംഘത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ളനടപടികളെടുക്കുക.

21. ഗവൺമെൻറ് സഹായത്തോടെ നിർമ്മിക്കുന്ന ആസ്തികൾ വിൽക്കുന്ന പ്രവണതയ്ക്ക് പരിഹാരമായി പഞ്ചായത്തുതലത്തിൽ ഒരു സമിതി രൂപീകരിച്ച് പ്രശ്നങ്ങൾ കണ്ടറിഞ്ഞ് പരിഹരിക്കുന്നതിന് ഒരു സ്ഥിരം സംവിധാനമുണ്ടാക്കണം.

22. സർക്കാർ നൽകുന്ന അർഹമായ അനുകൂല്യം എല്ലാ വിഭാഗ പട്ടികജാതിക്കാർക്കും ലഭ്യമാക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുകയും അത് നേടിക്കൊടുക്കുന്നതിന് പഞ്ചായത്തുസമിതി ശ്രദ്ധിക്കുകയും ചെയ്യണം.

23. സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന കുട്ടികളെകണ്ടെത്തുകയും സാമ്പത്തികത്തിൻെറപേരിൽ സ്കൂളുകളിൽനിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികൾക്ക് സ്റ്റൈഫൻറ്കൊടുക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടാക്കണം.

24. ബോധവൽക്കരണത്തിൻെറ ഭാഗമായി കോളനികളിൽ ടി.വി. കിയോസ്കുകൾ സ്ഥാപിക്കണം.

25. S.S.L.C. യ്ക്ക്ശേഷം പഠനംതുടങ്ങുന്നതിന് നിർധനരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഉറപ്പാക്കുക.

26. വ്യവസായ പരിശീലനം നൽകുകയും വായ്പ അനുവദിക്കുകയും അതു ശരിയായി ഉപയോഗിക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യുന്നതിനുളള അധികാരം പഞ്ചായത്തിൽ നിയമപൂർവ്വമാക്കുകയും ചെയ്യുക.

27. പട്ടികജാതിക്കാരുടെ വീടുകൾപുതുക്കിപ്പണിയുന്നതിന് പലിശരഹിതമായ വായ്പാസംവിധാനം ഏർപ്പെടുത്തുകയും ലളിതമാക്കുകയും വേണം.

28. പട്ടികജാതി പട്ടികവർഗ്ഗത്തിലുള്ള കലാകാരൻമാരെ പ്രോൽസാഹിപ്പിക്കുന്നതിന് പരിപാടികളുണ്ടാക്കണം.

29. ഉന്നതവിദ്യാഭ്യാസരംഗത്തുള്ള നിർധനരായ പട്ടികജാതി കുടുംബങ്ങളെ പഞ്ചായത്ത് ദത്തെടുക്കുന്നതിനുള്ള പരിപാടികളുണ്ടാക്കണം.

# വിഭവസമാഹരണം

ആത്യന്തികമായി ചിന്തിച്ചാൽ മൗലികമായ വിഭവങ്ങൾ മണ്ണും, മനുഷ്യനുമാണ് അതിശയോക്തിലേശമില്ലാതെ പറയാം. അനുഗ്രഹിതമായ പ്രകൃതിയും ഫലപുയിഷ്ടമായ ഭൂമിയും അധ്വാനശേഷിയുള്ള മനുഷ്യനും അനുക്രമമായ കാലാവസ്ഥയും ഒരു പ്രദേശത്തിൻെറ സമൃദ്ധിയിലും വികസനത്തിലും ഗണ്യമായ പങ്കുവഹിക്കുന്നു. കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ചരിഞ്ഞ് കൊച്ച് കൊച്ച് കുന്നുകളും താഴ്‌വരകളും അവയ്ക്കിടയിലെ നെൽപ്പാടങ്ങളും ജലസ്രോതസ്സുകളും കൊണ്ട് സമ്പന്നവും മനോഹരവുമായ മാണിക്കൽ പഞ്ചായത്തിന് 33 ച: കി: മീ: വിസ്തീർണ്ണം ഉണ്ട്. 1905-ലെ കണ്ടെഴുത്ത് സെറ്റിൽമെൻറ് രേഖ അനുസരിച്ച് 4036 ഏക്കർ 54 സെൻറ് 750 ച:ലി: വരുന്ന ആകെ ഭൂമിയിൽ 517 എാക്കർ 10 സെൻറ് 350 ച:ലി: നെൽപാടങ്ങളായിരുന്നു. അന്നുണ്ടായിരുന്ന 12.8% പാടങ്ങൾ ഇപ്പോൾ 5.3% ചരുങ്ങിയിരിക്കുന്നു. സാമൂഹ്യഘടനയിലും കാതലായ മാറ്റം വന്നിട്ടുണ്ട്. പൂർണ്ണമായും കാർഷികമേഖലയായ ഈ ഗ്രാമപ്രദേശത്ത് ഒരിക്കലും വ്യവസായങ്ങളുടെ വിരൽപാടുകൾ ഉണ്ടായിട്ടില്ല. മണ്ണിനോട് മല്ലടിക്കുന്ന മനുഷ്യശേഷി ഭക്ഷ്യോൽപാദന രംഗത്ത് മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു

പാരമ്പര്യകൃഷി പലകാരണങ്ങളാലും പരാജയമടഞ്ഞിടത്ത് നാണ്യവിളകളുടെ കടന്നുകയറ്റം 1970 കളോടെ ആരംഭിച്ചു. ഗ്രാമീണവികസന രംഗത്തും ശ്രദ്ധേയമായ പുരോഗതി കണ്ടുതുടങ്ങിയത് ഇക്കാലഘട്ടങ്ങളിലാണ് പഴയവില്ലേജുയൂണിയനുകളുടെ നടപ്പാതവെട്ടിവയ്ക്കൽ എന്ന . ന.മമാത്രമായ വികസനസംരഭത്തിൽനിന്നും നാനാമുഖമായ രംഗങ്ങളിൽ വിഭവശേഷി വിനിയോഗിക്കുന്ന നിലയിലേക്ക് ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം വിപുലീകരിക്കപ്പെട്ടു എന്നാൽ വിഭവസമാഹരണരംഗത്ത് ഈ പഞ്ചായത്ത് ഇന്നും ഏറെ പിന്നിലാണ്. കാര്യമായ തനതു വരുമാനമാർഗ്ഗം ഇവിടെ ഇല്ല. നികുതിയിനത്തിലും രണ്ട് പബ്ളിക്ക് മാർക്കറ്റ്-ൽ നിന്നുമായി കിട്ടുന്ന. തുശ്ചമായ വരുമാനം നിത്യനിദാന ചിലവുകൾക്ക്തന്നെ തികയാത്തതുകൊണ്ട് സർക്കാരിൽനിന്നുള്ള ധനലഭ്യതയെ ആശ്രയിച്ച് മാത്രമേ വികസന പ്രവർത്തനങ്ങൾ നടന്നിട്ടുള്ളു. താരതമ്യേന സന്നദ്ധ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം കുറവാണ്. വികേന്ദ്രീകൃത ആസൂത്രണപ്രക്രിയയുടെ ഭാഗമായി സന്നദ്ധപ്രവർത്തനങ്ങളിൽ ജനങ്ങളുടെ താത്പര്യം വർദ്ധിച്ചുവരുന്നത് ശുഭോദർക്കമാണ്.

## അവലോകനം

കാലകാലങ്ങളിൽ ഉണ്ടാകുന്ന നിസാരമായ നികുതിവർദധനയുടെ ഫലമായി പഞ്ചായത്തിൻെറ തനതു വരുമാനത്തിൽ ചെറിയ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. എന്നാൽ എസ്റ്റാബ്ളിഷ്മെൻറ് ചിലവിൽ ഭീമമായ വർദ്ധനവ് സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു.

പട്ടിക 1 1995 - 96

| വരവ് | യഥാർഥ വരവ് | | | ചെലവ് | | |
|---|---|---|---|---|---|---|
| ഇനം | ലക്ഷ്യം | Rs. | Ps. | ഇനം | Rs. | Ps. |
| കെട്ടിടനികുതി | 300000 | 172510 | 00 | ഭരണം | 503903 | - |
| വിനോദനികുതി | 75000 | 14063 | 40 | പൊതുമരാമത്ത് | 5751387 | - |
| ലൈസൻസ് | 10,000 | 5947 | - | വിദ്യാഭ്യാസം | 78217 | - |
| ചന്ത | 100000 | 95050 | - | ജലസേചനം, ശുചീകരണം | 7085 | - |
| തിയേറ്റർ | 5000 | 1908 | - | തെരുവ് വിളക്കുകൾ | 67199 | - |
| തൊഴിൽ നികുതി | 150000 | 103578 | | മറ്റിനം | 293948 | 50 |
| പ്രദർശനം | 5000 | 1908 | | | | |
| സർചാർജ്ജ് | 1000 | 458 | | JRY ആകെ | 311476 | - |
| അഡീ: വിനോദനികുതി | 5000 | 8642 | 50 | | | |
| വസ്തുകൈമാറ്റനികുതി | 400000 | 213134 | - | | | |
| ഡിപ്പോസിറ്റ് | 60000 | 95958 | | | | |
| സർക്കാർ ഗ്രാൻൻറാഴികെ | 1000000 | 847149 | | | | |
| സംഭാവന | 4000 | 14743 | | | | |

ഒന്നാംപട്ടികഅനുസരിച്ച് ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിൻെറ 60% മാത്രമേ വരവ് ഉണ്ടായിട്ടുള്ളു എന്ന് കാണാം. ചിലവാകട്ടെ മുൻവർഷത്തെ അപേക്ഷിച്ച് വളരെ വർദ്ധിച്ചിരിക്കുന്നു. ത്രിതല പഞ്ചായത്ത്സംവിധാനം നിലവിൽ വന്നശേഷം കഴിഞ്ഞ ഒരുവർഷക്കാലത്തിനിടയ്ക്ക് സർക്കാരിൽനിന്നും യാതൊരുവിധ സഹായവും ഉണ്ടായിട്ടില്ല. 9-ാം പദ്ധതി ജനകീയപദ്ധതി ആയതോടെ 5 കോടിയോളംരൂപ പഞ്ചായത്തിന് പദ്ധതി വിഹിതമായി ലഭിക്കാൻ സാദ്ധ്യതയുണ്ടെന്നാണ് അറിവ്. എന്നാൽ വർദ്ധിച്ചുവരുന്ന ചിലവ് നേരിടുന്നതിലേക്ക് പഞ്ചായത്തിൻെറ തനത്വരുമാനം കൂട്ടുവാനുള്ള വഴികൾ കണ്ടെത്തണം.

ജനങ്ങൾക്ക് താങ്ങാനാവുന്നതരത്തിലും ഇതര പഞ്ചായത്തകളുമായി സാരൂപ്യമുള്ളവിധത്തിലും മാത്രമേ നികുതിഘടന പരിഷ്ക്കരിക്കാനാവൂ. ഇതിന് ഒരു പൊതുമാനദണ്ഡം ആവശ്യമാണ്. വരുംകാല ബഡ്ജറ്റിന് രൂപം കൊടുക്കുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിരാജ് നിയമമനുസരിച്ച്തന്നെ പുതുതായി നികുതി ഏർപ്പെടുത്താവുന്ന ചില മേഖലകൾകൂടി ഉണ്ട്. സ്വകാര്യ ആശുപത്രികൾ സ്വകാര്യ ക്ളിനിക്കുകൾ, സമാന്തര കോളേജുകൾ അൺഎയിഡഡ് സ്കൂളുകൾ തുടങ്ങിയവയ്ക്ക് എകവർഷ രജിസ്ട്രേഷൻ ഏർപ്പെടുത്താവുന്നതാണ് പ്ളാന്റേഷൻ റിയൽ എസ്റ്റേറ്റ് എന്നിവയ്ക്ക് പുതുതായ നികുതി ഏർപ്പെടുത്താവുന്നതാണ്.

നികുതിഇതര വരുമാനം മെച്ചപ്പെടുത്തുവാനും പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തണം. പഞ്ചായത്തിൻെറ ഭരണപരമായ കാര്യങ്ങൾക്കായി തനതുവരുമാനത്തിൻെറ 51% ചെലവായിക്കൊണ്ടിരിക്കുന്നു. ഈ ചെലവ് കുറയ്ക്കാൻ കഴിയില്ല എന്നുമാത്രമല്ല ശമ്പളപരിഷ്കരമുണ്ടാവുകയാണങ്കിൽ ഇനിയും വർദ്ധിക്കാനാണു സാദ്ധ്യത. 1995-96 ൽ എസ്റ്റാബ്ളിഷ്മെൻറ് ഗ്രാൻറായി 100554 രൂപ ലഭിച്ചിട്ടുണ്ട്. മുൻകൊല്ലങ്ങളെ അപേക്ഷിച്ച് ഇത് കൂടുതലാണ്. എന്നിട്ടും മെമ്പർമാരുടെ ശമ്പള വർദ്ധനവ് താൽക്കാലിക ജീവനക്കാരുടെ ശമ്പളം അതിഥി ചെലവ്, പുതിയസ്ഥാപനങ്ങൾക്കുള്ള കെട്ടിടവാടക യോഗങ്ങൾ, സെമിനാറുകൾ എന്നിവയുടെ ചെലവ് തുടങ്ങിയവ ഒന്നും കണക്കിലെടുത്തതായി സൂചനയില്ല. അതുപോലെതന്നെ യാത്രപ്പടി ഇനത്തിലും മുൻകൊല്ലങ്ങളെ അപേക്ഷിച്ച് കൂടുതൽ തുക ചെലവഴിക്കാൻ പഞ്ചായത്ത് നിർബന്ധിതമായിരിക്കുന്നു.

പഞ്ചായത്തു നേരിടുന്ന മറ്റൊരു പ്രതിസന്ധി ഭരണനിർവഹണത്തിന് ആവശ്യമുള്ളത്ര ഉദ്യോഗസ്ഥർ ഇല്ല എന്നുള്ളതാണ്. പുതുതായി ഇപ്പോൾ 29 വകുപ്പുകൾകൂടി പഞ്ചായത്തിനെ ഏൽപിച്ചിട്ടുണ്ട്. ഇതിൽ ജനങ്ങൾ നിരന്തരംബന്ധപ്പെടുന്ന തരത്തിൽ വിവിധ സർട്ടിഫിക്കറ്റു വിതരണം, വിവധ പെൻഷനുകൾ എന്നിവയും ഉൾപ്പെടുന്നു. തൊഴിലില്ലായ്മ വേതനവും പഞ്ചായത്തുവഴി നൽകുവാനാണ് പുതിയ തീരുമാനം. പുതിയ ചുമതലകൾ ഏൽപിച്ചതനുസരിച്ച് അവ നിർവ്വഹിക്കുവാനുള്ള ഉദ്യോഗസ്ഥരെ കൂടുതലായി നിയമിച്ചിട്ടില്ലാത്തതിനാൽ ദൈനംദിന കാര്യനിർവഹണം തടസ്സപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കി അടിയന്തിരമായി കൂടുതൽ ഉദ്യോഗസ്ഥരെ പഞ്ചായത്തിൽ നിയമിക്കുവാൻ സർക്കാർ നടപടി ഉണ്ടാകേണ്ടതാണ്. ജോലിഭാരം കുറവുള്ള ഇതര ഓഫീസുകളിൽ നിന്ന് ഉദ്യോഗസ്ഥരെ മാറ്റി ഇവിടെ നിയമിക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ മനുഷ്യവിഭവശേഷി മൊത്തത്തിൽ വിലയിരുത്തിവേണം സന്നദ്ധപ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം നിർണ്ണയിക്കാൻ.

<u>പട്ടിക 2</u>

| | | |
|---|---|---|
| ആകെ ജനസംഖ്യ | (1991) | 34347 |
| സർക്കാർ ജീവനക്കാർ | | 2858 |
| നിർമാണതൊഴിലാളികൾ | | 1042 |
| കർഷകതൊഴിലാളികൾ | | 585 |
| ഇതരതൊഴിലാളികൾ | | 8600 |
| വിദ്യാർത്ഥികൾ | | 6600 |

തൊഴിൽമേഖലയിൽ കർഷകത്തൊഴിലാളികളുടെ എണ്ണം വളരെ കുറഞ്ഞിട്ടുണ്ട്. ഈ പരിതസ്ഥിതിയിൽ കാർഷകരംഗത്ത് യന്ത്രവൽക്കരണം ആവശ്യമായിത്തീർന്നിരിക്കുന്നു. മണ്ണിൽ അധ്വാനിക്കുന്നവരുടെ എണ്ണത്തിലുള്ള കുറവ് സന്നദ്ധപ്രവർത്തനരംഗത്തേയും സാരമായി ബാധിക്കുന്നുണ്ട്. ഇതിനു പരിഹാരമായി വ്യാപകമായ ബോധവൽക്കരണം ആവശ്യമാണ്.

ആശംസകളോടെ

**ഹോട്ടൽ ജാഫർ**
വെഞ്ഞാറമൂട്

With the Best Compliments from:

**ARAFA RUBBER MARKETING**
VELAVOOR - PIRAPPANCODE
TRIVANDRUM-695607

## നിർദ്ദേശങ്ങൾ

1. പാറയുടയ്ക്കൽ, പ്ളാന്റേഷൻ, റിയൽ എസ്റ്റേറ്റ് എന്നിവയ്ക്ക് പുതുക്കി നികുതി നിശ്ചയിക്കുക.

2. സ്വകാര്യ ആശുപത്രികൾ സ്വകാര്യ ക്ളിനിക്കുകൾ, പാരലൽ കോളേജുകൾ, കേബിൾ ടി.വി. സംരംഭങ്ങൾ തുടങ്ങിയവയ്ക്ക് പുതുതായി ഏകവർഷ രജിസ്ട്രേഷൻ ഏർപ്പെടുത്തുക.

3. അതാതു പഞ്ചായത്തിലെ വാഹനരജിസ്ട്രേഷനിലെ വിഹിതം വർദ്ധിപ്പിക്കുക.

മുഴുവൻ പുറമ്പോക്കു ഭൂമിയും ഏറ്റെടുത്ത് ഫലവൃക്ഷങ്ങളുടെ ആദായം ലേലം ചെയ്യുക.

5. ഗതാഗതത്തിനു തടസ്സമില്ലാത്ത ഉചിതമായ പുറമ്പോക്കു ഭൂമിയിൽ പഞ്ചായത്തുവക ബങ്കുകൾ സ്ഥാപിച്ച് ലേലം ചെയ്തു കൊടുക്കുക.

6. യൂറോപ്യൻ എക്കണോമിക് കൗൺസിൽ ലോകബാങ്ക്, ഇതരവികസന അതോറിട്ടികൾ എന്നിവയുടെ സാമ്പത്തിക സഹായത്തോടെ പ്രധാന കവലകളിൽ ഷോപ്പിംഗ് കോംപ്ളക്സുകൾ നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കുക.

7. കൂട്ടുപങ്കാളിത്തത്തോടെ ആരംഭിക്കുന്ന ചെറുകിട തൊഴിൽ സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഏർപ്പെടുത്തണം

8. പഞ്ചായത്തതിർത്തിക്കകത്ത് നടത്തപ്പെടുന്ന ജില്ലാതലത്തിലോ, സംസ്ഥാനതലത്തിലോ, ദേശീയതലത്തിലോ ഉള്ള പരിശീലനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഏർപ്പെടുത്തതുക.

9. അൺടൈഡ് ഫണ്ട് മുഖേനയുള്ള റോഡ്, തോട് പണികൾക്ക് 30% ജനപങ്കാളിത്തം ഉറപ്പുവരുത്തുക.

10. പഞ്ചായത്തുതലത്തിൽ വർഷത്തിൽ ഒരു തവണമാത്രം കലാകായികമത്സരം ഉൾപ്പെടെയുള്ള ഉത്സവാഘോഷം നടത്തുകയും പണച്ചിലവുളള മറ്റ് ആഘോഷങ്ങൾ നിർത്തൽ ചെയ്യുകയും ചെയ്യുക.

11. പഞ്ചായത്തിന് സ്വന്തമായി ഒരു ജീപ്പുവാങ്ങുവാൻ ഫണ്ട് അനുവദിച്ചുകൊണ്ട് യാത്രപ്പടിഇനത്തിലുള്ള ചെലവുകുറയ്ക്കുക.

12. താൽക്കാലിക ജീവനക്കാർക്ക് പകരം PSC വഴി സ്ഥിരം ജീവനക്കാരെ നിയമിക്കുക.

13. പഞ്ചായത്തിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പേരെ നിയമിക്കുക.

14. പഞ്ചായത്തുചെലവിൽ ഇനങ്ങളിൽ നിന്ന്സംഭാവന സ്വരൂപിച്ചുകൊണ്ട് ഒരു ദുരിതാശ്വാസനിധി രൂപികരിക്കുക.

15. പഞ്ചായത്ത് ഓഫീസിലെ സ്ഥലപരിമിതിയും വിദ്യുദൗർബല്യവും കണക്കിലെടുത്ത് നിലവിലുള്ള ഓഫീസിനോട് ചേർന്ന് കൂടുതൽ മുറികൾ പണിയുകയും അവ ഫർണിഷ് ചെയ്യുകയും ചെയ്യുക.

16. വിദേശ ഇൻഡ്യാക്കാരെക്കൊണ്ട് വ്യവസായം തുടങ്ങുക.

17. പഞ്ചായത്തിലെ പടിഞ്ഞാറൻമേഖലയിലെ ഇനങ്ങുടെവിഭവങ്ങൾ നമുക്ക് നഷ്ടമാകുന്നു. വാണിജ്യ വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തി ഗതാഗതസൗകര്യമുള്ള റോഡു നിർമ്മിച്ചു. ആലിയാട്, മൂളയം, പാറയ്ക്കൽ, വെള്ളാണിയ്ക്കൽ ഭാഗങ്ങളെ തൈക്കാടുമായി ബന്ധിപ്പിക്കുക.

18. പാറമുകൾ ഒരു വിനോദസഞ്ചാരകേന്ദ്രമായി ഉയർത്തുക. അവിടെ ഭക്ഷണ താമസ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

19. ഓരോവാർഡിലും 2 ഹെക്ടർ ഭൂമി അക്വയർ ചെയ്ത് വ്യവസായസംരംഭകർക്ക് പാട്ടത്തിനുനൽകുക.

20. പ്ളാന്റേഷൻ ടാക്സ് ഏർപ്പെടുത്തുക.

21. നിർമ്മാണ ചെലവിന് അനുസരിച്ച് നികുതി ഈടാക്കുക.

അധികാരം ജനങ്ങളിലേക്ക്

അധികാരം ജനങ്ങളിലേക്ക്

# ജനകീയാസൂത്രണ പ്രസ്ഥാനം



എന്റെ ജീവിതമാണ്
എന്റെ സന്ദേശം

*Published by Manickal Panchayath*

Printed at Swift Offset Printers, Phone: 65842